

കുട്ടികളുടെ ദീപിക

VOL. 2 - ജനുവരി '59, NO. 1

വാർഷിക പതിപ്പ്

നിങ്ങളുടെ അഭിരുചിക്കൊത്ത തുണിത്തരങ്ങൾ,
ഞങ്ങളുടെ കളിർമ്മയേറിയ എയർകണ്ടീഷൻഡ്
ഷോറൂമിൽ നിന്നും തെരഞ്ഞെടുക്കുക

രാധാസ്

(എയർകണ്ടീഷൻഡ്)

ജൗളിവ്യാപാരികൾ

കൊല്ലം.

നിങ്ങളുടെ അഭിരുചിക്കൊത്ത സ്വർണ്ണാഭരണങ്ങൾ ഉത്തരവാദിത്വത്തോടെ
വാങ്ങാവുന്ന, കൊല്ലം പട്ടണത്തിലെ മികച്ച സ്ഥാപനം.

ഫാഷൻ ജൂവലറീസ്

[ഫാഷൻ സിൽക്കു് സ്റ്റോഴ്സിനു തൊട്ടടുത്തു്]

മെയിൻ റോഡ് – കൊല്ലം

Prop: A. GOPALA PILLAI.

കുട്ടികളുടെ ദീപിക

പുസ്തകം 2 ജനുവരി 1959 ലക്കം 1

കൊച്ചേട്ടന്റെ കത്ത്

"നാം ഒരു കുടുംബം"

പ്രിയപ്പെട്ട അനിയത്തിമാരെ അനിയന്മാരെ,

വെയിലിന്റേതും, മഞ്ഞിന്റേതും, കാറ്റിന്റേതുമായ ബാലാരിഷ്ടതകളെയെല്ലാം തരണം ചെയ്ത് നമ്മുടെ ബാലജനസഖ്യപ്പച്ച വെട്ടി നിത്യവസന്തത്തുവിലെത്തുകയും തഴച്ചു വളരുകയും, പുതിയ പുതിയ ശിഖരങ്ങൾ തളിരിട്ടുകയും, ആയിരമായിരം പൂക്കൾ അവയിൽ മൊട്ടിട്ടു വികസിക്കുകയും ചെയ്തു. നാം ഒരു കുടുംബം എന്ന മോഹനാദശ്രുതി അനവരതമാക്കിക്കൊണ്ട് അതു കേരളനാടൊട്ടുക്ക് പടർന്നു പന്തലിച്ചു പുന്തണൽ വിരിച്ചു പൂമണം പരത്തുകയും അതിൽ നൂതനങ്ങളായ കുഡുമളങ്ങൾ എന്നുമെന്നും പ്രഫുല്ലങ്ങളാവുകയും ചെയ്യുന്നു. അതിന്റെ ശീതളഛായയിൽ ബാല കേരളത്തിന്റെ മഞ്ഞുളങ്ങളായ കാൽചിലമ്പുകൾ പ്രതിധ്വനിക്കുകയും, അതിന്റെ മരതക ശിഖരങ്ങളിൽ നിന്നു കലകളുടെ പുന്നാരക്കാകളികൾ ഉയരുകയും ചെയ്യുന്നു. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സമഞ്ജസമായ ഓണനിലാവു്, ഒരിക്കലും അസ്തമിക്കാത്ത ഓണനിലാവു്, ആ പൂക്കളായ പൂക്കളെ എല്ലാം പരിവേഷം അണിയിക്കുകയും, നിഷ്കളങ്കമായ സ്നേഹത്തിന്റെ കുഞ്ഞിക്കാറ്റു് ആ കുസുമ സഞ്ചയത്തെ കിക്കിളിയിട്ടുകയും ചെയ്യുന്നു.

ജനുവരി-1- നമ്മുടെ മാസികയുടെ വാഷികമാണു്. മായാത്ത കനകക്കിനാവുമാതിരി ആ മംഗളദിനം നമ്മുടെ പക്കലേയ്ക്കു പുഞ്ചിരിച്ചുംകൊണ്ടു എഴുന്നള്ളി വരികയാണു്. കൈകൾ നീട്ടി നമുക്കാ സുദിനത്തെ സ്വാഗതം ചെയ്യുക.

ബാലജനസഖ്യമാകുന്ന പൂമരത്തിൽ നിന്നു് പുഞ്ചിരികൾ വിരിച്ചു് മാസം മാസം നിങ്ങളുടെ കൈകളിലേയ്ക്കു പറന്നെത്തുന്ന പൊന്നരിപ്രാവാകുന്ന മാസികയ്ക്കു് ക്ഷേമം തന്നെ. അതിനോടു നിങ്ങൾ പ്രദർശിപ്പിക്കുന്ന സ്നേഹാദരങ്ങൾ കൊച്ചേട്ടനെ അഭിമാനം കൊള്ളിക്കുന്നു. മാസത്തിൽ രണ്ടു പ്രാവശ്യമെങ്കിലും അതിനെ അണിയിച്ചൊരുക്കി നിങ്ങളുടെ പക്കലേയ്ക്കു അയയ്ക്കാൻ കൊച്ചേട്ടൻ ഉറ്റു ശ്രമിക്കുകയാണു്. പുതുവത്സരം മുതൽ അങ്ങനെ അതിനു് പ്രതിമാസം രണ്ടു ജൈത്രയാത്ര ഉദ്ദേശിച്ചിരുന്നു. പക്ഷെ അതിനെ അലങ്കരിക്കുന്നതിനുള്ള കവർ കടലാസു് ലഭിക്കാൻ വളരെ ബുദ്ധിമുട്ടായിരിക്കുന്നു. ഇതു കേൾക്കുമ്പോൾ നിങ്ങളുടെ മുഖം മ്ലാനമാകുന്നുണ്ടു് എന്നെനിക്കറിയാം. വിഷമിക്കണ്ടാ, ഒന്നു രണ്ടു മാസം കൊണ്ടു് ഈ പരാധീനത നീങ്ങും. നിങ്ങളുടെ പ്രതീക്ഷകളെയും പ്രത്യാശകളെയും സഫലമാക്കിക്കൊണ്ടു് ആ ഓമനപ്രാവു് പക്ഷം തോറും പക്ഷങ്ങൾ വിരിച്ചു നിങ്ങളുടെ പക്കൽ പറന്നെത്തും. നിങ്ങൾ ആഹ്ലാദിക്കും. നോക്കിക്കോ.

നിങ്ങളുടെ മാസികയുടെ പുരോഗതി വിസ്മയാവഹവും അഭൂതപൂർവ്വവുമാണു്. മാസംതോറും അതിന്റെ പ്രതികൾക്കു ഡിമാൻഡു് വർദ്ധിച്ചുവരികയാണു്. അതിന്റെ വിജയത്തിനു് കാരണക്കാർ നിങ്ങളും നിങ്ങളുടെ സ്നേഹമുള്ള മാതാപിതാക്കളുമാണു്; കേരളത്തിലെ എല്ലാ നല്ല ജനങ്ങളുമാണു്. എല്ലാവർക്കും കൃതജ്ഞത പ്രകടിപ്പിക്കാനും, എല്ലാവരെയും അഭിനന്ദിക്കുവാനും ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ, ഈ മാസിക കൂടുതൽ കൂടുതൽ പ്രചരിക്കുന്നതിനും പുരോഗമിക്കുന്നതിനും, നിങ്ങൾ പൂർവ്വാധികം ഉത്സാഹിക്കുമെന്നും എനിക്കു വിശ്വാസമുണ്ടു്.

പഴമയുടെ ചാമ്പലിൽ നിന്നു് ഒരു പുതിയവർഷം ഇതാ വന്നെത്തിയിരിക്കുന്നു പ്രിയപ്പെട്ട വിരുന്നുകാരനെ കൂട്ടു്. ഈ വർഷം നിങ്ങൾക്കു് മുന്നേക്കാൾ ഏറെ ആനന്ദസന്ദായകമായിരിക്കട്ടെ എന്നു ഞാൻ നേരുകയാണു്. ഹേമന്തത്തിന്റെ കൂളിരണിഞ്ഞ പുത്തൻ വത്സരത്തിനു നമോവാകം!

ദീപികാബാലസഖ്യം സിന്ദാബാദ്

നിങ്ങളുടെ കൊച്ചേട്ടൻ



ഈ ലക്കത്തിൽ

1 കൊച്ചേട്ടന്റെ കത്ത്
2 മധുമാസക്കാലം (കവിത) സി. രാജഗോപാലൻ– പാവറട്ടി 4
3 കഴിഞ്ഞുപോയ 1958 – എൻ. വി. ചെറിയാൻ – നെല്ലിക്കുന്നേൽ 5
4 അമേരിക്കയിൽ ഒരു പര്യടനം – (ടോംജോനസ്) 6
5 പന്ത്രണ്ടണയുടെ പത്തു് (ചെറുകഥ) അന്നമ്മ മാത്യു– പായിക്കാട്ടു് 8
6 എന്റെ തിരുവനന്തപുരം യാത്ര (ചെറുകഥ) – വത്സമ്മജോസഫ് പാറേൽ 9
7 മുൻലക്കത്തെപ്പറ്റി – തങ്കമ്മച്ചേച്ചി 10
8 തങ്കമ്മച്ചേച്ചിയെപ്പറ്റി രണ്ടുവാക്കു് – അന്നമ്മജോസഫ് പൊടിപ്പാറ 13
9 ചേച്ചിയോടു്–എം. ജെ. മാത്യു,അന്ത്രപ്പേർ ചേത്തല 13
10 ചേച്ചി ഒരാവശ്യം – ഒരു കത്തു് 13
11 അറിയത്തിക്കും പറയാനുണ്ടു് –വി. ജെ. ചിന്നമ്മ തൃശ്ശൂർ 14
12 മറുനാട്ടിലെ പുതുമകൾ (യാത്രാവിവരണം) – ജസ്സിയമ്മ ഒറത്തെത്തുൽ 15
13 ഒരു ശാസ്ത്രജ്ഞനുമായി പരിചയപ്പെടാം– (ശാസ്ത്രപംക്തി) ആർ. കെ. കുറുപ്പ് കണ്ടിപ്പാടം 17
14 രണ്ടാം വയസ്സിലേയ്ക്കു്–കെ. സി. ജോസഫ് – കൊച്ചുപുരയ്ക്കൽ 18
15 കണ്ണുകൾ നിറഞ്ഞു (ചെറുകഥ) വി. ജി. മാത്യു– വൈക്കം 19
16 മാന്ത്രികനായ കബീർ– ലൂസി 20
17 ആ ഓറഞ്ചല്ലികൾ കണ്ണീർ പൊഴിച്ച (ചെറുകഥ)– ബ്ലമൻസി ആൻറണി മരട്ടു് 24
18 ഇതെന്റെ തലേവരയാ (ഹാസ്യകഥ) മേരിഫിലിപ്പ്– പായിക്കാട്ടു് 25
19 അമ്പിളിയുടെ കരുണ (ധാരികഥ) – കെ. രാധാ കുറുത്തേടത്തു മന കടമാളൂർ 26
20 ഓനതു മറക്കേല(ചെറുകഥ) ആർ. സി. കടമാളൂർ 27
21 കുപ്പിട്ടന്നേൻ (കവിത) കെ. ഒ. ഡോമിനിക്കു് – പൊൻകുന്നം 28
22 കുമ്പിപ്പെണ്ണു് (ചെറുകഥ) എൻ. ജെ. മേരിക്കുട്ടി – നരിപ്പാറ, വെച്ചൂച്ചിറ 29
23 പുതിയതും പഴയതും(കവിത) ബ്രഹ്മമംഗലം – മാധവൻ 29
24 വ്യക്തി പ്രസ്ഥാനം – ബാലൻ കുറിച്ചിത്താനം 30
25 കാറേറ കാറേറ പോകല്ലേ (കുട്ടിക്കവിത) – എബ്രാഹം കുഴിമറ്റം, കോട്ടയം 30
26 പ്രേമഗായകൻ (യവനകഥകൾ) – ജോർജ്ജ് ആലക്കാപ്പള്ളി ബി. എ. എൽ. റ്റി 31
27 അണയാത്ത ദീപങ്ങൾ – 1 വാൾട്ടർ വിറ്റ്മാൻ – ആലപ്പുഴ സോളമൻ 33
28 സ്വപ്നം സത്യമല്ല (ചെറുകഥ) കുഞ്ഞാക്കോസു് ഇ. വി. ഇലഞ്ഞേടത്തു്, കോതമംഗലം 35
29 നമ്മുടെ നിത്യപ്രണ സാഹിത്യം–ദേവസ്യാ മണിമല 36
30 പതിനായിരങ്ങൾ എന്തുപറയുന്നു? – ജോസ് അരയത്തിനാൽ പാതാമ്പുഴ 37
31 ഓടക്കുഴൽ (കവിത) പി. ജെ. മാത്യു മുണ്ടക്കയം 39
32 ഈശ്വരോ രക്ഷിതു (വിനോദഭാവന) – മേരിജേക്കബ് തത്തമ്പള്ളി 40
33 വികസിച്ചുവന്ന ബാലപംക്തി(കവിത) – കുമാരി റോസിലിൻ ആൻറണി മരട്ടു് 40
34 കൊലക്കേസു് (കൊച്ചുകഥ) തങ്കമ്മജോസഫ്– പനയത്തിൽ 42
35 ശേഷം പിന്നാലെ – അമ്മാവൻ 43
36 നാളെ വരുമോ? (ചെറുകഥ) തോമസ്– പനയ്ക്കൽ ഏറണാകുളം 44
37 ദേശ സഞ്ചാരം – തങ്കമ്മജോൺ തത്തമ്പള്ളി 45
38 പൂവും തുമ്പിയും (കവിത) എൻ. ജെ.– സെബാസ്റ്റ്യൻ തലയോലപ്പറമ്പു് 46
39 വിഫലമായ ആഗ്രഹം (ചെറുകഥ) ശേഷൻ മൂന്നാർ 47
40 കുട്ടനാടിന്റെ കവർച്ച (വിനോദഭാവന)– തോമസ് വി. കെ. വടക്കേൽ പൂഞ്ഞാർ 48
41 ബാലലോകം 48

കവിത

മധുമാസക്കാലം

സി. രാജഗോപാലൻ പാവറട്ടി

(മലരണി ,..... , ...)

മധുരപ്രതീക്ഷകൾ വീണ മീട്ടും
മധുമാസക്കാലവും വന്നണഞ്ഞു,
മരതകത്താലം വഹിച്ചുമെല്ലെ
മലർച്ചൂടം കാനനം പുഞ്ചിരിച്ചു;
പരശതം സൂനങ്ങൾ ചാത്തിട്ടന്ന
പലപല വല്ലികൾ കൺതുറന്നു;
പച്ചക്കുടകൾനിവത്തിമെല്ലെ
പച്ചച്ച കന്നുകൾ നിന്നിട്ടന്നു;
ചാരത്തു ചാലെയൊലിച്ചുപോകും
ചോലകൾ മൂളുന്ന പാട്ടകളും,
ചാഞ്ചാടിയാടുന്ന കേകികളും,
ചേലഞ്ചും കോകില ഗീതികളും,
മന്ദാനിലനിൽ മദിച്ചുനില്പും
മന്ദാരപ്പൂവിന്റെ സൗരഭ്യവും,
മന്ദമൊഴുകുന്ന ചോലവക്കിൽ
മെല്ലെ വിരിയുന്ന സൂനങ്ങളും,
കഷ്ടകഷ്ടത്തിൽ നിറഞ്ഞുനില്പും
കരിനിഴലെല്ലാമകറ്റിടുന്ന,
കനകക്കതിരലച്ചാത്തണിഞ്ഞ
കനകം വിളയുന്ന പാടങ്ങളും,
ഒന്നിച്ചു ചേർന്നലസിച്ചിടുന്ന
മന്നിലെ സുന്ദര സ്വപ്നകാലം!

മുഖചിത്രം


"ഈ മണിമുറ്റത്തു ഞാൻകാത്തുനില്പു—
യാണെന്റെ
ഓമനക്കുഞ്ഞുപോയിവരൂ നീ—
കുളിത്തേരിൽ"

ഓരോപ്രതി വില 20 ന. പൈസാ.



കഴിഞ്ഞുപോയ 1958

എൻ.വി. ചെറിയാൻ, നെടുങ്കണ്ടം-1070



15475

അന്താരാഷ്ട്രീയവുമായ കാര്യങ്ങളിൽ കുട്ടികൾ അത്ര താല്പര്യം പ്രകടിപ്പിക്കാറില്ലല്ലോ. കേരളത്തിലെ വളരുന്ന തലമുറയെ സംബന്ധിച്ചിടത്തോളം അതിപ്രധാനങ്ങളായ പല സംഭവങ്ങൾക്കും സാക്ഷി ആയിരുന്നു, കഴിഞ്ഞുപോയ 1958.

കൊച്ചുകുട്ടികൾ, അവർ ജാതിമത ചിന്തകൾക്കതീതരാണ്. പണ്ഡിറ്റ്ജി പറയുന്നതുപോലെ മുറിഞ്ഞവരാണ് മതം കൊണ്ടും ജാതികൊണ്ടും നിറംകൊണ്ടും കാരാഗൃഹങ്ങൾ നിർമ്മിച്ച് അതിനുള്ളിൽ കഴിഞ്ഞുകൂടുന്നതു്. എന്നാൽ കുട്ടികൾ ജാതിയോ മതമോ നോക്കാതെ എല്ലാവരും ഒരുമിച്ചു പഠിക്കുകയും ഒരുമിച്ചു കളിക്കുകയും ചെയ്യുന്നു. വർഗ്ഗീയ കലാപങ്ങൾക്കോ, ജാതിക്കൂട്ടുകൾക്കോ, വർണ്ണവിവേചനത്തിനോ അവരുടെയിടയിൽ സ്ഥാനമില്ല.

മലയാളക്കരയിലെ കൊച്ചുകുട്ടികളുടെ ഏറ്റവും പ്രിയംകരമായ സംഘടനയാണ് ദീപികാബാലസഖ്യം. കഴിഞ്ഞ വർഷം ഈ സംഘടനയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളതായിരുന്നു. ഈ ഒരു വർഷംകൊണ്ട് അതു് അത്ഭുതാവഹമായ വിധത്തിൽ പുരോഗമിച്ചു. അനേകായിരം 'പുതിയപൂക്കൾ' ഒരു കൊല്ലംകൊണ്ട് ആ മലർവാടിയിൽ വിടർന്നിട്ടുണ്ട്. അതുപോലെതന്നെ കരുത്തേറിയ പലശതം ശാഖകൾ വളർന്നിട്ടുണ്ട്. ജനാധിപത്യ രീതിയിൽ പ്രവർത്തിക്കുന്ന ശാഖകൾ. ഇവയോരോന്നും വായനശാലകളും കലാസമിതികളും നടത്തുന്നുണ്ടെന്നു കേൾക്കുമ്പോൾ പലരും അത്ഭുതപ്പെട്ടേക്കാം.

1958 ജനുവരിമാസത്തിൽ ആരംഭിച്ച ഒരു പ്രസിദ്ധീകരണമാണ് 'കുട്ടികളുടെ ദീപിക''. കുട്ടികൾക്കുവേണ്ടിയുള്ള ഒരു പ്രസിദ്ധീകരണം. ഭൂരിഭാഗവും കുട്ടികളുടെ ലേഖനങ്ങളും കവിതകളും കൊണ്ട് നിറഞ്ഞ മനോഹരമായ ഒരു മാസിക. പിഞ്ചു തൂലികകളുടെ കഴിവുകൾ വികസിപ്പിക്കുവാൻ ഏറ്റവും ഉപകരിക്കുന്ന ഒരു സംരംഭം. അതേകം കൊച്ചു കൊച്ചു കലാകാരന്മാരേയും കലാകാരികളേയും നമുക്ക് ഈ മാസികയിൽ കാണാൻകഴിയും. അവരുടെ കഴിവുകൾ അങ്ങേ അറ്റം പ്രോത്സാഹിപ്പിക്കപ്പെട്ടുന്നുണ്ട്. ഭാവി തലമുറയ്ക്കുവേണ്ടി ഇങ്ങനെ ഒരു പ്രസിദ്ധീകരണം മലയാളഭാഷയുടെ ചരിത്രത്തിൽ ഇതാദ്യമാണ്.

1958 ഓഗസ്റ്റുമാസം 3-ാംതീയതി ഒരു മഹാസംഭവം നടന്നു. കേരളത്തിന്റെ നാനാഭാഗത്തുനിന്നും കോട്ടയത്തു സമ്മേളിച്ച യുവജന പ്രതിനിധികൾ കേരളത്തിനു് ഒരു യുവജന സംഘടന രൂപീകരിച്ചു. ഈ നാടിന്റെ ചരിത്രത്തിൽ പുതിയൊരദ്ധ്യായം ആരംഭിച്ചു. അങ്ങനെ ചോരത്തിളപ്പുള്ള യുവജനങ്ങൾക്കു് ഒരു സംഘടനയും സമർത്ഥമായ ഒരു നേതൃത്വവും ഉണ്ടായി. ഇവിടത്തെ യുവജനങ്ങളുടെ ഒരു ചിരകാലാഭിലാഷം സാക്ഷാത്കരിക്കപ്പെട്ടു. ബാലസഖ്യത്തിൽ അംഗങ്ങളായിരിക്കാൻ പ്രായപരിധി അനുവദിക്കാത്തവരുടെ നിരന്തരമായ പ്രയത്നത്തിന്റേയും അഭ്യർത്ഥനയുടേയും ഫലമായിട്ടാണു് ഈ സംഘടന രൂപമെടുത്തതു്. വിദൂരമല്ലാത്ത ഭാവിയിൽ കേരളത്തിലെ ദൈവവിശ്വാസികളായ യുവാക്കൾ എല്ലാം ഈ സംഘടനയുടെ കീഴിൽ അണിനിരക്കുമെന്നുള്ളതു നിശ്ചയമാണു്. മഹത്തായ യുവജനശക്തിയെ ഏകോപിപ്പിച്ചു് നല്ലകാര്യങ്ങൾക്കു് പ്രയോജനപ്പെടുത്താൻ ഈ സംഘടന ഒരു ഉപാധി ആയിത്തീരുമെന്നുള്ളതിൽ സംശയത്തിനവകാശമില്ല.

ദീപികാ ബാലസഖ്യത്തിന്റേയും അതിന്റെ ശാഖകളുടേയും ആഭിമുഖ്യത്തിൽ കഴിഞ്ഞ വർഷംമുതൽ ടൂർണ്ണമെന്റുകളും മത്സരക്കളികളും നടത്തിവരുന്നു. കുട്ടികളുടെ കായികവും മാനസികവുമായ അഭ്യുന്നതിയാണിതിന്റെ ലക്ഷ്യം. ക്ലാസ്സുമുറികളെക്കാൾ കുട്ടികളുടെ സ്വഭാവസംസ്കരണം സാധിക്കുന്നതു് കളിസ്ഥലങ്ങളാണല്ലോ. അതിനാൽ ഈ പരിപാടികൾ കുട്ടികളെ സംസ്കാര സമ്പന്നരാക്കാൻ സഹായിക്കാതിരിക്കുകയില്ല. അതുപോലെതന്നെ കാർഷികവൃത്തിയിൽ തല്പരരായവരെ പ്രോത്സാഹിപ്പിക്കാനായി മത്സരാടിസ്ഥാനത്തിൽ കൃഷികൾ നടത്തുന്നു. ഏറ്റവും കൂടുതൽ ഫലം ഉല്പാദിപ്പിക്കുന്നവർക്ക് സമ്മാനങ്ങളും നൽകപ്പെടുന്നു.


ഭൂഗോളം ഒരു പ്രാവശ്യം കൂടി സൂര്യനെ ചുറ്റിക്കഴിഞ്ഞു. അങ്ങനെ 1958 അവസാനിച്ചു. 1959 പിറന്നുകഴിഞ്ഞു. ഈ അവസരത്തിൽ നാം കഴിഞ്ഞുപോയ വർഷത്തിലേയ്ക്കൊന്നു തിരിഞ്ഞുനോക്കുക. പല നല്ല കാര്യങ്ങളും നാം ചെയ്തിട്ടുണ്ട്. അതിൽ നമുക്ക് കൃതാർത്ഥതയുണ്ട്. നമുക്ക് അബദ്ധങ്ങൾ വന്നുപോയിട്ടുണ്ടാവും. അവ തിരുത്തുന്നതിനും കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യുന്നതിനും ഈ തിരിഞ്ഞുനോട്ടം നമ്മെ സഹായിക്കാതിരിക്കുകയില്ല.


കഴിഞ്ഞ വർഷത്തിൽ പല പ്രധാന സംഭവങ്ങളും നടന്നു. മനുഷ്യനിർമ്മിതമായ ഉപഗ്രഹങ്ങൾ ഭൂഭ്രമണമാരംഭിച്ചതും ഭൂമിയുടെ ആകർഷണപരിധിയേയും അതിലംഘിച്ച് ഒരു റോക്കറ്റ് ബഹിരാകാശത്തിലേയ്ക്കയച്ചതും കഴിഞ്ഞ വർഷത്തെ പ്രധാന സംഭവങ്ങളായിരുന്നു. ഭാരതത്തിന്റെ ചില അയൽരാജ്യങ്ങളിൽ ജനകീയ ഭരണത്തെ തകിടംമറിച്ച് പട്ടാള ഭരണമേർപ്പെടുത്തിയതും, നാലാം ഫ്രഞ്ചു റിപ്പബ്ലിക്കിന്റെ അവസാനവും അഞ്ചാം ഫ്രഞ്ചു റിപ്പബ്ലിക്കിന്റെ ഉദയവും നാം കണ്ടുകഴിഞ്ഞു. ഈ നൂറാണ്ടിലെ ഏറ്റവും വലിയ മഹാനും ശാന്തിയുടെ ദൗത്യവാഹകനുമായിരുന്ന 12-ാം പീയൂസ് മാർപ്പാപ്പാ ദിവംഗതനായതും, ലോകരാഷ്ട്രങ്ങൾക്ക് സമാധാനത്തിന്റെ സന്ദേശം നൽകിക്കൊണ്ട് 23-ാം ജോൺ മാർപ്പാപ്പാ സ്ഥാനാരോഹണം ചെയ്തതും കഴിഞ്ഞ വർഷത്തിലായിരുന്നു.


ഇവയെല്ലാം ആഗോള പ്രാധാന്യമർഹിക്കുന്ന സംഭവങ്ങളാണ്. രാഷ്ട്രീയവും

അമേരിക്കയിൽ ഒരു പര്യടനം-15

അമേരിക്കയിൽ പര്യടനം നടത്തുന്ന ഒരു വിദേശസന്ദർശകനെ ആകർഷിക്കുന്ന ചിലകാര്യങ്ങളാണ് ഈ പംക്തിയിൽ ചിത്രീകരിക്കുന്നത് (ടോംജോനസ്)







"വൈറ്റ് ഹൗസ്! മനോമോഹനമായ ആ മഹാസൗധമാണ് അമേരിക്കൻ ഐക്യനാട്ടുകളുടെ പ്രസിഡണ്ടിന്റെ വാസഗേഹം" മിസ് പാറ്റി ആ മനോഹരമന്ദിരം ചൂണ്ടിക്കാണിച്ചുകൊണ്ട് മോഹനോട് പറഞ്ഞു. പാറ്റി തുടർന്നു

"ജോർജ്ജ് വാഷിങ്ടൺ തിരഞ്ഞെടുത്ത സ്ഥലത്താണ് ഇതു പണിതീർത്തിരിക്കുന്നത്. ആദ്യമായി അതിൽ താമസമാരംഭിച്ചത് ഐക്യനാട്ടുകളുടെ രണ്ടാമത്തെ പ്രസിഡണ്ടായിരുന്ന ജോൺ ആഡംസ് ആയിരുന്നു; 1800-ൽ."

"ഓഹോ. അപ്പോൾ ഈ കെട്ടിടത്തിനു കുറെ പഴക്കമുണ്ടല്ലോ" മോഹൻ പറഞ്ഞു.

"ശരിതന്നെ" പാറ്റി വിശദീകരിച്ചു. "പക്ഷേ അന്നു പണിതീർത്ത മന്ദിരത്തിനു പിൽക്കാലത്തു പല പരിഷ്കാരങ്ങളും വരുത്തിയിട്ടുണ്ട്. 1952-ൽ അതു പരിപൂർണ്ണമായി നവീകരിക്കുകയുണ്ടായി. 132 മുറികളാണ് ഈ കെട്ടിടത്തിനുള്ളത്. അതിന്റെ താഴത്തെനില മുഴുവൻ പൊതുജനങ്ങൾക്കും സന്ദർശകർക്കും വേണ്ടി തുറന്നിട്ടിരിക്കുകയാണ്. പ്രതിദിനം ആയിരത്തിലധികം സന്ദർശകർ ഇവിടെ വരുന്നുണ്ടെന്നാണ കണക്കാക്കപ്പെട്ടിരിക്കുന്നത്."

മോഹനും സ്നേഹിതരും ആ മന്ദിരത്തിനകത്തേയ്ക്കു പ്രവേശിച്ചു. പുറം പോലെ തന്നെ അതിന്റെ ഉള്ളും മനോഹരമാണ്. പ്രസിഡണ്ടു ഒരു പ്രസ് കോൺഫ്രൻസു നടത്തുകയായിരുന്നു. അവിടുത്തെ പ്രവർത്തനങ്ങളെക്കുറിച്ചറിയുവാൻ മോഹൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ടോം പറഞ്ഞു.

"ഐക്യനാട്ടുകളിൽ പ്രസിഡണ്ടാണ് ഭരണനേതൃത്വം വഹിക്കുന്നത്. കോൺഗ്രസ് നിർമ്മിക്കുന്ന നിയമങ്ങളൊക്കെ പ്രാവർത്തികമാക്കുന്നതു പ്രസിഡണ്ടിന്റെ കീഴിലുള്ള ഭരണനിർവ്വഹണവിഭാഗമാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡണ്ടിന്റെ അധികാരകാലാവധി നാലു വർഷമാണ്. കൂടെക്കൂടെ പത്രപ്രവർത്തകർക്കും, റേഡിയോയുടെയും ടെലവിഷന്റെയും പ്രതിനിധികൾക്കുമായി ഇതുപോലെയുള്ള പത്രസമ്മേളനങ്ങൾ നടത്താറുണ്ട്. അതാ നോക്കൂ അനേകം ക്യാമറാകൾ പ്രവർത്തിപ്പിക്കുന്നത്. അവയൊക്കെ ടെലവിഷനും വാർത്താചലച്ചിത്രത്തിനും വേണ്ടിയുള്ളതാണ്."


അവർ അടുത്തതായി സുപ്രീം കോടതി സന്ദർശിച്ചു. ഐക്യനാട്ടുകളിലെ ഫെഡറൽ കോടതി സമ്പ്രദായം വാഷിങ്ടൺ ആസ്ഥാനമായുള്ള സുപ്രീം കോടതിയും, അപ്പീലുകൾ കേൾക്കാനുള്ള പത്തു സർക്കീട്ട് കോടതികളും, രാജ്യത്താകമാനമായി 88 ഡിസ്ട്രിക്ട് കോടതികളും ഉൾക്കൊള്ളുന്നതാണ്. സുപ്രീം കോടതിയിൽ ആകെ ഒൻപതു ജഡ്ജിമാരുണ്ട്. കോൺഗ്രസ്സോ ഏതെങ്കിലും സംസ്ഥാനനിയമസഭയോ പാസ്സാക്കുന്ന ഏതുനിയമത്തെയും ഭരണഘടനാവിരുദ്ധമാണെന്നു കണ്ടാൽ നിരാകരിക്കുന്നതിനുള്ള അധികാരം സുപ്രീം കോടതിക്കുണ്ട്.

സുപ്രീം കോടതിയും സർക്കീട്ട് കോടതികളും ഡിസ്ട്രിക്ട് കോടതികളും ഉൾപ്പെട്ട ഈ ഫെഡറൽ കോടതി സമ്പ്രദായത്തിനും പുറമേ സംസ്ഥാന കോടതികളും, മുനിസിപ്പൽ കോടതികളും വേറെയുമുണ്ട്.

(ശേഷം അടുത്തപേജിൽ)

വഴിക്കവലകളിലും ചായക്കടകളിലും ഇരുന്ന് സ്വയും വിദ്വേഷവും പരത്തുന്ന ചില മനുഷ്യത്വമില്ലാത്ത മനുഷ്യരുണ്ട്! ഇവർ ഇതൊരു തൊഴിലാക്കിയിരിക്കുകയാണ്. ഇക്കൂട്ടരുടെ ദുഷ്പ്രചരണംമൂലം എത്രയെത്ര യുവഹൃദയങ്ങളാണു നിരാശയിൽ നീന്തിത്തുടിക്കുന്നത്! ഈ വൃത്തികെട്ട സമ്പ്രദായത്തിനെതിരെ കേരളത്തിലെ യുവജനശക്തി ഒരു സന്ധി

അമേരിക്കയിൽ ഒരു പര്യടനം–16







മോഹൻ സ്നേഹിതരോടുകൂടി യാത്ര തുടർന്നു് ഒരു ദേവാലയത്തിന്റെ പുരോഭാഗത്തെത്തി. ആ ദേവാലയം ചൂണ്ടിക്കാണിച്ചുകൊണ്ടു പാറ്റി പറഞ്ഞു ‘‘ഭരണഘടന അമേരിക്കൻ ജനതയ്ക്കു് അനേകം മൗലികാവകാശങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ടു്. ആരാധനാ സ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം പത്രപ്രവർത്തനസ്വാതന്ത്ര്യം മുതലായവയൊക്കെ അതിൽ ഉൾപ്പെടുന്നു.’’

അവരെല്ലാവരുംകൂടി ആ ദേവാലയത്തിനുള്ളിൽക്കടന്നു് കണ്ടശേഷം വീണ്ടും പുറത്തുവന്നു യാത്ര തുടർന്നു. അനേകമനേകം കാഴ്ചകൾ കാണുവാനുണ്ടായിരുന്നു. അവർ മനോഹരമായ ആ രംഗങ്ങളൊക്കെ കണ്ടു കണ്ടു് ഉയരംറിയ ഒരു സ്മാരകത്തിന്റെ സമീപത്തെത്തി.

‘‘അതാരാണു്? അതാരുടെ സ്മാരകം?’’ ടോം ചോദിച്ചു. മോഹൻ ആ സ്മാരകത്തിലേയ്ക്കു സൂക്ഷിച്ചു നോക്കി.

‘‘അതാണു് വാഷിങ്ടൺ സ്മാരകം’’ ടോം തുടർന്നു. 555 അടി പൊക്കമുണ്ടാസ്മാരകത്തിനു്. 1885–ൽ ആണു് അതിന്റെ പണി പൂർത്തിയാക്കിയതു്. 75 സെക്കൻഡും സമയം കൊണ്ടു് നമുക്കതിന്റെ മുകൾത്തട്ടിലെത്താൻ കഴിയും. സന്ദർശകർക്കായി അതിനുള്ളിൽ ലിഫ്റ്റ് യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്. അതിനുമുകളിൽ കയറിനിന്നാൽ നഗരത്തിലേയും സമീപസ്ഥലങ്ങളിലേയും കാഴ്ചകളൊക്കെ കാണുവാൻ സാധിക്കും. പ്രതിവർഷം പത്തുലക്ഷത്തോളം സന്ദർശകർ ഈ സ്മാരകം സന്ദർശിക്കുന്നുണ്ടെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്.’’

‘‘വാഷിങ്ടണു് അനുയോജ്യമായ സ്മാരകംതന്നെ!’’ മോഹൻ സ്വയം പറഞ്ഞു.

‘‘ജോർജ്ജുവാഷിങ്ടൺ രാജ്യത്തിന്റെ പിതാവായിട്ടാണറിയപ്പെടുന്നതു്’’ അഭിമാനം തുളുമ്പുന്ന സ്വരത്തിൽ പാറ്റി പറഞ്ഞു.

1732–ൽ വിർജീനിയായിലെ ഒരു കർഷക കുടുംബത്തിലാണദ്ദേഹം ജനിച്ചതു്. ചെറുപ്പകാലത്തു് അദ്ദേഹം ഒരു സർവ്വേയറായിരുന്നു. 1759–ൽ അദ്ദേഹം വിവാഹം കഴിച്ചു. വിർജീനിയായിലെ മൗണ്ടു് വെർനോൺ എന്നസ്ഥലത്തു കുടുംബജീവിതമാരംഭിച്ചു. ഫ്രഞ്ചുയുദ്ധത്തിലും ഇന്ത്യൻയുദ്ധത്തിലും അദ്ദേഹം പ്രശസ്തമായനിലയിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. 1775–ൽ ബ്രിട്ടനെതിരായി നടത്തിയ മഹത്തായ സ്വാതന്ത്ര്യസമരത്തിൽ നേതൃത്വം നൽകുന്നതിനായി അദ്ദേഹം തിരഞ്ഞെടുക്കപ്പെടുകയാണുണ്ടായതു്.’’

സ്ത്രീസഹജമായ വാചാലതയോടുകൂടി ഒറ്റശ്വാസത്തിൽ പാറ്റി ഇത്രയും വിവരങ്ങൾ പറഞ്ഞു കഴിഞ്ഞു.

തുടരും

യില്ലാസമരം ആരംഭിച്ചുകഴിഞ്ഞു. അപവാദത്തിന്റെ കുരുന്പുകൾ ഏറ്റു് മണ്ണിട്ടുക്കാതെ, ഈ നാരകീയ ശക്തികളെ വിഷ്പ്രഭമാക്കിയേ അടങ്ങൂ എന്ന ദൃഢതരത്തോടുകൂടി ഇന്നാട്ടിലെ യുവജനങ്ങൾ മുന്നേറുകയാണിന്നു്. പേപ്പട്ടിയേക്കാൾ ഭീകൃഷ്ണന്മാരായ ഇത്തരക്കാർ അവരുടെ അപവാദ വ്യവസായമുപേക്ഷിച്ചു് പിൻമാറിയുന്ന കാലം അത്ര വിദൂരത്തല്ലതന്നെ.

വളരുന്ന തലമുറയുടെ ആശാകേന്ദ്രമായ ഈ സംഘടനകൾ ഇനിയും വരണം. തഴച്ചു വളരണം. ആസന്നഭാവിയിലെ കഴിവുറ്റ കലാകാരന്മാരെ ഈ സംഘടന വാഗ്ദാനം ചെയ്യുന്നു. കുട്ടികളുടെ എല്ലാത്തരം കലാസനകളും പ്രോത്സാഹിപ്പിക്കപ്പെടണം. ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ കലാഭ്യസനത്തിനുള്ള ഒരു സ്ഥാപനം ആരംഭിക്കുന്നതു് വളരെയധികം അഭികാമ്യമാണു്. മലയാളസാഹിത്യം ചീഞ്ഞുനാറിത്തുടങ്ങി എന്നു് ഇന്നു പലരും മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ടു്. ഇന്നു് നമ്മുടെ സാഹിത്യം തരിതഗമനം ചെയ്യുന്നതു് അധഃപതനത്തിന്റെ അഗാധ ഗർത്തത്തിലേയ്ക്കാണു്. ഈ നില തുടർന്നാൽ ഭാവി അന്ധകാരപൂരിതമായിരിക്കും. അതായതു് മനുഷ്യത്വത്തെ മാനിക്കാത്ത, മൂഗത്തിൽക്കവിഞ്ഞ യാതൊരു പ്രാധാന്യവും അവനു കല്പിക്കാത്ത ‘‘സുപ്രസിദ്ധ സാഹിത്യകാരന്മാരേ!’’ അന്നു നമ്മുടെ നാട്ടിൽ ഉണ്ടായിരിക്കും. പരിതാപകരമായ ഈ സ്ഥിതിവിശേഷം ഉണ്ടാകാതിരിക്കണമെങ്കിൽ, സാന്താർക്കിക നിഷ്കളങ്കതയും ധാർമ്മിക മൂല്യങ്ങളേയും അങ്ങേയറ്റം വിലമതിക്കുന്ന കലാകാരന്മാർ നമുക്കുണ്ടാകണമെങ്കിൽ ഇന്നത്തെ കൊച്ചു കൊച്ചു കലാകാരന്മാർ പ്രോത്സാഹിപ്പിക്കപ്പെടണം. ഈ പുതുവത്സരാരംഭത്തിൽ കേരളത്തിലെ മതവിശ്വാസികളായ എല്ലാ മനുഷ്യരും ഈ കാര്യത്തിൽ ഒരു പ്രതിജ്ഞ എടുക്കട്ടെ.

ചെറുകഥ

പന്ത്രണ്ടണയുടെ പന്ത്

(അന്നമ്മമാത്യു പായിയ്ക്കാട്ട്)

"അമ്മച്ചീ നമ്മക്ക് നാളെ പെരുന്നാളുകൂടാൻ പോകണ്ടേ?" കേവലം പന്ത്രണ്ടു വയസ്സു തികയാത്ത ജോയി അമ്മയുടെ അടുത്തിരുന്നുകൊണ്ടു ചോദിച്ചു.

നേരം സായാഹ്നത്തോടടുക്കുകയായിരുന്നു. അടുത്തുള്ള ദേവാലയത്തിൽനിന്നു വെടികൾ മുഴങ്ങിക്കൊണ്ടിരുന്നു,

"മോനേ! നാം പാവപ്പെട്ടവരല്ലേ" നിറഞ്ഞ കണ്ണുകളോടുകൂടി ആ മാതാവു് മറുപടി പറഞ്ഞു. "വയറു നിറച്ചു് ആഹാരം കഴിക്കാൻ നമുക്കില്ല. നാണം മറച്ചു നടക്കാൻ വസ്ത്രം പോലുമില്ല. പിന്നെ നാം എങ്ങനെയാണു് പെരുന്നാളിനു പോകുന്നതു്"

ഏറെനേരത്തേയ്ക്കു് ആ വീട്ടിൽ ഒരു നിസ്തബ്ദത വ്യാപിച്ചു. വിവിധ വികാരങ്ങളാൽ ആ തള്ളയുടെ ഹൃദയം നീറിക്കൊണ്ടിരുന്നു.

ജോയി നമ്രമുഖനായി തിണ്ണയുടെ തെക്കേമൂലയിൽ പോയിരുന്നു ചിന്തിച്ചു. സണ്ണിയുടെ പന്തു് എത്ര നല്ലതാണു്. അവനും അതുപോലെ ഒന്നു മേടിക്കണം. സണ്ണി പറഞ്ഞു അതിനു് പന്ത്രണ്ടണയാണെന്നു്. ചുമ്മാ പറഞ്ഞതാ. വല്ലതും രണ്ടോ മൂന്നോ നയാപൈസാ ആയിക്കാണും.

സണ്ണിയും ജോയിയും ഒരേ പ്രായക്കാരാണു്. കൂട്ടുകാരാണു്. അയൽക്കാരുമാണു്.

ജോയി വീണ്ടും അമ്മയുടെ അടുക്കലേയ്ക്കു വന്നു.

"എന്തമ്മേ, സണ്ണിയുടെ അച്ഛനു് ഇത്രേം സമ്പത്തു് എവിടെ കിട്ടി. സണ്ണിയുടെ അച്ഛൻ ഒന്നും പണിയുന്നില്ലല്ലോ. അയാളു് കണ്ടേരേ കേറി ഇരുന്നവരുന്നവരോടു് വർത്തമാനം പറയും. അത്രമാത്രം. എന്റെ അച്ഛനാണെൽ എന്നും പണിയും. എന്നിട്ടു് നാം സമ്പന്നകാരല്ലല്ലോ"

"സണ്ണിയുടെ അച്ഛൻ മില്ലിലെ മാനേജരും നിന്റെ അച്ഛൻ മില്ലിലെ ജോലിക്കാരനും ആണു്. മാനേജർക്കു് പണ്ടുനാലായിരം രൂപ വരുവുണ്ടു്" സ്നേഹനിധിയായ ആ അമ്മ അവനെ ആശ്വസിപ്പിച്ചു.

"ഈ പണ്ടുനാലായിരം രൂപാസ്സു് എന്തൂരെ മുഴപ്പുണ്ടു്? ഒത്തിരി ഉണ്ടോ?"

"ഒത്തിരി ഉണ്ടു്"

ജോയി തിണ്ണയിൽ ഒരു പായിൽ കിടന്നു. പടിഞ്ഞാറു നിന്നും വന്ന ഒരു ഇളംകാറ്റു് അവനെ തഴുകിത്തലോടി. അവൻ ഉറങ്ങിപ്പോയി.

തന്റെ ഓമനയ്ക്കു് വേണ്ടുന്നതെല്ലാം കൊടുക്കുവാൻ സാധിക്കുന്നില്ലല്ലോ എന്നുള്ള വിചാരത്താൽ ആ അമ്മയുടെ ഹൃദയം നീറുകയായിരുന്നു. വീട്ടിലെ വിഷമങ്ങൾ അവനെ അറിയിക്കാതിരിക്കുവാൻ ആ മാതാപിതാക്കന്മാർ കഴിയുന്നത്ര ശ്രമിച്ചു. പക്ഷേ അതൊന്നും സാധിക്കുന്നില്ല.

ജോയിയുടെ പിതാവു് മില്ലിൽ നിന്നും വന്നു. അദ്ദേഹം കയ്യും മുഖവും കഴുകി, ആഹാരം കഴിക്കുവാൻ തുടങ്ങി. ജോയിയുടെ ആഗ്രഹമെല്ലാം അമ്മ ഭർത്താവിനെ അറിയിച്ചു. ആ വത്സല പിതാവിന്റെ ഹൃദയവും നീറിപ്പുകഞ്ഞു.

Z Z Z Z

ജോയി അതിരാവിലെ എഴുന്നേറ്റു. അവൻ അമ്മയോടു് കുറെ കഞ്ഞിവാങ്ങിത്തിന്നു. അതിനിടയിൽ അവൻ അമ്മയോടു് ചോദിച്ചു.

"അമ്മേ ഇന്നു ഞാൻ അച്ഛന്റെകൂടെ സണ്ണിയുടെ വീട്ടിൽ പൊയ്ക്കോട്ടെ?"

"വേണ്ട മോനെ ഇന്നു പോകണ്ട"

"ഞാൻ പോയേച്ചു് പെട്ടെന്നു വരാം"

അച്ഛന്റെ മുമ്പിലായി അവൻ നടന്നു. സണ്ണിയുടെ വീട്ടിൽ എത്തിയപ്പോൾ സണ്ണി മുറിയിലിരുന്നു് ഭക്ഷണം കഴിക്കുകയായിരുന്നു. ജോയി വാതുക്കൽ നിന്നുകൊണ്ടു് സണ്ണിയെ വെളിയിലേയ്ക്കു് വിളിച്ചു. സണ്ണി അവനെ അകത്തേയ്ക്കും വിളിച്ചു. ജോയി അന്നു് പതിവിലേറെ ലജ്ജിതനായി കാണപ്പെട്ടു. സണ്ണിയുടെ അമ്മ ചോദിച്ചു.

"എന്താ ജോയി ഇന്നു് ഇത്ര നാണം? കേറിവാ. കാപ്പി കുടിക്കാം"

എന്നാൽ ജോയി പോയില്ല. കാപ്പികുടികഴിഞ്ഞു് സണ്ണി വെളിയിലേയ്ക്കു് വന്നു. ജോയി സണ്ണിയുടെ കൈയ്ക്കു് പിടിച്ചു് പറമ്പിൽ ഒരിടത്തു് കൊണ്ടുപോയി നിറുത്തി. ജോയിക്കു് എന്തോ പറയുവാനുണ്ടു്. പക്ഷേ വാക്കുകൾ കിട്ടുന്നില്ല. ഒടുവിൽ അവൻ പറഞ്ഞു.

"നിങ്ങളുടെ വീട്ടിൽ ആടിനെ തിറ്റാൻ ഞാൻ നിന്നുകൊള്ളാം. എന്തെങ്കിലും കൂലി തന്നാൽ മതി"

കേട്ട പാതി കേൾക്കാത്ത പാതി സണ്ണി വീട്ടിലേയ്ക്കു് ഓടി അമ്മയെ വിവരം ധരിപ്പിച്ചു. അവൻ സന്തോഷം കൊണ്ടു് തുള്ളിച്ചാടി. കാരണം അവർക്കു് ഒരുമിച്ചു കളിക്കാം.

രണ്ടുപേരും കൂടി ആടിനേയും കൊണ്ടു് പറമ്പിലേയ്ക്കു് ഇറങ്ങി. ആടിനെ അവിടെ ഒരിടത്തു വിട്ടു. അവർ രണ്ടുപേരും കൂടി കുട്ടിയും കോലും കളിച്ചു.

നാലുമണി കഴിഞ്ഞപ്പോൾ അവർ വീട്ടിൽ എത്തി. ജോയി സണ്ണിയുടെ അമ്മയോടു് പറഞ്ഞു.

"നാളെ ഞാൻ ജോലിക്കു വരികയില്ല. പെരുന്നാളുകൂടാൻ പോകും" സണ്ണിയുടെ അമ്മ ഒരു നാലണ അവനു കൊടുത്തു. "പെരുന്നാളു കൂടാൻ" എന്നു പറഞ്ഞു് ഒരു നാലണ കൂടി.

ജോയി എട്ടണ അമ്മയെ കാണിച്ചു. ഇതു കണ്ട മാതാവു് ഭയവിഹ്വലയായി. "നീ ഇതു് കട്ടെടുത്തതല്ലേ?" അമ്മ അവനെ ശകാരിച്ചു.

ജോയി വിവരം മുഴുവൻ അമ്മയെ ധരിപ്പിച്ചു. അരിഷ്ടനായ ആ മാതാവു് ഇതുകേട്ടു് വളരെ വിഷമിച്ചു. അന്നത്തെ രാത്രിയും വളരെ വേഗം കടന്നുപോയി.

V V V V V

കിരിത്തയിച്ച നിക്കറിന്റെ പോക്കറ്റിൽ അവൻ എട്ടണ ഇട്ടു. പുത്രനെ ശാഠ്യം മൂലം ഒരു വിധത്തിൽ മാതാപിതാക്കന്മാരും കൂടപ്പോയി. വിവി

വിദ്യാർത്ഥിമിത്രം
ഒന്നാംപാഠപുസ്തകം

വീടുകളിൽവച്ചു് പഠനം ആരംഭിക്കേണ്ട ശിശുക്കളെ ഉദ്ദേശിച്ചു് ദ്വിവർണ്ണത്തിലുള്ള അച്ചടിയോടു ചിത്രങ്ങളോടും, കമനീയമായ പുറംകവറോടുംകൂടി നിർമ്മിച്ചിട്ടുള്ളതാണു് ഈ പുസ്തകം. വില എട്ടണ. വി. പി: ചെലവു പുറമെ. 2% കമ്മീഷൻ.

ക്രിസ്തീയവേദോപദേശ സംക്ഷേപം
പുത്രൻപാ
വ്യാകുലപ്രപഞ്ചം
എന്നീ പുസ്തകങ്ങൾ മൊത്തവിലയ്ക്കു കൊടുപ്പാനുണ്ടു്.

വിദ്യാർത്ഥിമിത്രം ബുക്ഡിപ്പോ,
കോട്ടയം

ചെറുകഥ

എന്റെ തിരുവനന്തപുരം യാത്ര

വത്സമ്മ ജോസഫ് പാറേൽ 3054

നേരം നന്നേ പുലർന്നു വരുന്നു. ഞാൻ രാത്രി മുഴുവൻ കരച്ചിലായിരുന്നു. കാരണം നാളെ ദീപികാ ബാലസഖ്യാംഗളെല്ലാവരും തിരുവനന്തപുരത്തിനു പോവുകയാണ്. യാത്രച്ചെലവിനു പത്തു രൂപാ വേണം. അതു ഞാനമ്മയോടു ചോദിച്ചു. പക്ഷേ തൽക്കാലം അമ്മയുടെ കയ്യിൽ അതുയും രൂപാ ഒരുമിച്ചുട്ടുക്കാനില്ലായിരുന്നു. മറ്റു കുട്ടികളെല്ലാം തിരുവനന്തപുരത്തുനിന്നും വന്നു കഴിയുമ്പോൾ അവിടത്തെ വിശേഷങ്ങൾ ഓരോന്നോരോന്നായി എണ്ണിപ്പറയും. അതു കേൾക്കുമ്പോൾ ഞാൻ മിണ്ടാതിരിക്കണം. അതാണ് എനിക്കു വലിയ പ്രയാസം. നേരം വെളുത്തു. ഞാൻ പള്ളിയിൽ പോയി തിരികെ വന്നു. അങ്ങേ വീട്ടിലെ അച്ചാമ്മ തിരുവനന്തപുരത്തിനു പോകുന്നതിനുവേണ്ടി പാവാടയും ബ്ലൗസ്സും നനയ്ക്കുന്നു. അതു കണ്ടപ്പോൾ ഞാൻ അമ്മയെ സമീപിച്ചു.

"അമ്മേ ഞാൻ തിരുവനന്തപുരത്തിനു പൊയ്ക്കോട്ടെ."

"എടീ നിന്നോടു ഞാൻ പറഞ്ഞതല്ലേ വേണ്ടെന്നു? പോയി വല്ലതും പഠിക്കുന്നുണ്ടോ," തവിക്കണയുമായി അമ്മ എന്നെ സമീപിച്ചു.

ഞാൻ പോയി മുറിയിലിരുന്നു മലയാള പുസ്തകം നിവർത്തു. അതിൽ തിരുവനന്തപുരത്തെ കാഴ്ചബംഗ്ലാവ്, റേഡിയോ സ്റ്റേഷൻ, വിമാനത്താവളം ഇവയെപ്പറ്റി നന്നായി വർണ്ണിച്ചിരിക്കുന്നു. ഇതു കണ്ടപ്പോൾ എന്റെ ആഗ്രഹം ഇരട്ടിയായി, വായിച്ചിട്ടു നിൽക്കുന്നില്ല. ഞാൻ വീണ്ടും അമ്മയെ സമീപിച്ചു. അടുക്കളജോലിയിൽ വ്യാപൃതയായിരുന്ന അമ്മയെ എന്റെ ആഗ്രഹം ഞാൻ അറിയിക്കുവാൻ ബദ്ധപ്പെടുകയാണ്. ഒടുവിൽ ഞാൻ അമ്മയെവിളിച്ചു. "അമ്മേ" ഞാൻ മുഴുമിപ്പിക്കുന്നതിനു മുൻപേ അമ്മ പറഞ്ഞു "എടീ നിന്നോടു ഞാൻ മലയാളമല്ലേ പറയുന്നതു? പെണ്ണു പഠിച്ചു പഠിച്ചിപ്പം മലയാളം പറഞ്ഞാ മനസ്സിലാകില്ല. എന്റെ കയ്യിൽ പത്തും പതിനഞ്ചും ഒന്നുമില്ലെന്നു പറഞ്ഞിട്ടില്ലേ? വേണോൽ ഒരു അഞ്ചുരൂപാ തരാം."

അഞ്ചു രൂപാ അതുകൊണ്ടു ഏതായാലും തിരുവനന്തപുരത്തിനു പോകാൻ പറ്റില്ല. അങ്ങനെ ചിന്തിച്ചിരിക്കുമ്പോൾ ഞാനൊരു ഉപായം കണ്ടുപിടിച്ചു. അഞ്ചു രൂപാ അമ്മയുടെ കയ്യിൽ നിന്നും വാങ്ങിക്കുക തന്നെ, ഞങ്ങടെ പള്ളിക്കൂടത്തിലെ പിള്ളേരുപറയുന്നതു കേട്ടിട്ടുണ്ട് 'നൈലോൺ' എന്നു പറഞ്ഞ ഒരു തരം നല്ല മിനുമിനുപ്പുള്ള തുണി ഉണ്ടെന്നു്. അതിനു വാരുന്നു് മുന്നൂറോ നാലൂറോ രൂപാ വരും. ഏതായാലും തിരുവനന്തപുരത്തിനു പോകാൻ സാധിക്കുകയില്ല. അതിനാൽ ആ തുണിവാങ്ങിച്ചു് ഒരു ബ്ലൗസ്സു തയ്യിക്കാൻ ഞാൻ തീരുമാനിച്ചു. ഞാനമ്മയുടെ അടുത്തുചെന്നു. "അമ്മേ എന്നാൽ എനിക്കാ അഞ്ചുരൂപാ ഇങ്ങുതന്നേക്കു, ഞാൻ ഒരു ബ്ലൗസ്സു തയ്യിച്ചു കൊള്ളാം."

"അങ്ങനെ വല്ലോം നോക്കു. ചുമ്മാ അവിടെപ്പോണം എന്നും പറഞ്ഞു നടപ്പാ. വല്ല ബ്ലൗസ്സും തയ്യിച്ചാൽ ഒന്നിടുകയെങ്കിലും ചെയ്യാം."

അമ്മ സന്തോഷപൂർവ്വം എനിക്കു രൂപാ തന്നു.

രൂപയും കൊണ്ടു് ഞാനടുത്ത കടയിൽ ചെന്നു് നൈലോൺ തുണി ആവശ്യപ്പെട്ടു. കണ്ണഞ്ചിക്കുന്ന പല നിറങ്ങൾ. ഞാൻ നല്ലപച്ചയൊരു തുണിയും വാങ്ങി അവിടെത്തന്നെ കൊടുത്തു് തയ്പിച്ചു. പിറ്റേദിവസം ഞാൻ ആ ബ്ലൗസ്സും ഇട്ടുകൊണ്ടു് സ്കൂളിൽപ്പോയി. കൂട്ടികളാരും ഓർത്തിരുന്നില്ല ഞാനിതുനല്ല ബ്ലൗസ്സിട്ടുമെന്നു്. എല്ലാവരും എന്റെ കുറുംകുടി, വിലയും ഉറവിടവും തരവും എല്ലാം ചോദിച്ചു. ഞാൻ അങ്ങനെയൊരു പ്രദർശനവസ്തുവായി. ബല്ലുടിച്ചു. എല്ലാവരും ക്ലാസ്സിൽക്കയറി. എന്റെ പിറകിലിരുന്ന സുശീല ആ ബ്ലൗസ്സിൽ എന്തെങ്കിലും ഒരു ചെളി പിടിപ്പിക്കുവാൻ ശ്രമിക്കുന്നതായി എനിക്കു മനസ്സിലായി. പക്ഷേ ഞാൻ അതുമ്മു ചിന്തിച്ചില്ല. വൈകുന്നേരം സ്കൂൾവിട്ടു് ഞങ്ങൾ വീട്ടിലെത്തി. വീട്ടിൽച്ചെന്നു് ഞാൻ ബ്ലൗസ്സും

ധതരക്കാരായ ആളുകളെക്കൊണ്ടു് ആ ദേവാലയ പരിസരം നിറഞ്ഞുകഴിഞ്ഞിരുന്നു. പലതരത്തിലുള്ള കച്ചവടസാധനങ്ങൾ അവിടെ നിരത്തിവച്ചിരുന്നു. ഒരു പന്തുമാത്രം അവന്റെ ശ്രദ്ധയെ ആകർഷിച്ചു. ഒരു പന്തു് എടുത്തു് ജോയി അതിന്റെ വില ചോദിച്ചു.

"പന്ത്രണ്ടണ" കച്ചവടക്കാരൻ പറഞ്ഞു. പോക്കറ്റിൽ കയ്യിട്ടു് എട്ടണ എടുത്തു് അയാളുടെ മടിയിലേക്കു് ഇട്ടിട്ടു് ജോയി പന്തുംകൊണ്ടു് നടന്നുതുടങ്ങി.

കച്ചവടക്കാരൻ വിട്ടില്ല. അയാൾ പറഞ്ഞു. "പന്ത്രണ്ടണയുടെ പന്തിനു് എട്ടണ! എട്ടണയ്ക്കു പന്തു് തരില്ല. പന്തു് ഇവിടെ ഇട്ടേ. ഇന്നാ കൊച്ചിന്റെ കാശു്. കാശില്ലാത്തവരു് പന്തു് വാങ്ങിക്കണ്ട"

ജോയി പന്തു് താഴെ ഇട്ടു. അവന്റെ മുഖം വിളറി. "കാശില്ലാത്തവർ പന്തു വാങ്ങിക്കേണ്ട" കച്ചവടക്കാരന്റെ ആ വാക്കിൽ തന്നെ അവൻ ആശ്വാസം കണ്ടു.

5000 കൊല്ലംമുൻപും വണ്ടിച്ചക്രങ്ങൾ



മനുഷ്യന്റെ ഒരു മഹത്തായ യാന്ത്രിക കണ്ടുപിടുത്തമായി വളരെക്കാലത്തേക്കു കരുതപ്പെട്ടിരുന്ന ചക്രങ്ങൾ ഏകദേശം 5,000 കൊല്ലങ്ങൾക്കു മുൻപു കണ്ടുപിടിച്ചതാണെന്നു് പുരാണ വസ്തുഗവേഷകർ വിശ്വസിക്കുന്നു.

പ്രതീക്ഷിക്കുക

കുട്ടികളുടെ ദീപിക ഫെബ്രുവരി ലക്കം മുതൽ,
കാട്ടിലും നാട്ടിലുമുള്ള വിവിധജാതി ജന്തുക്കളെപ്പറ്റി ടി. എം. എ. ജലീലിന്റെ വിജ്ഞാനപ്രദമായ ഒരു
ലേഖനപരമ്പര

പത്രാധിപർ

പൂൽമുകത്തെഷ്ടി



നക്കുയുഷ്ടി

പ്ലാവിൽ കമ്പ ഉങ്ങാ കിടക്കുന്നതു് കണ്ടപ്പോൾ ‘‘വാനവശില്പിതൻ കൈവി രുതോഞ്ഞനമിച്ചുപോകുന്ന’’ കവിയുടെ കൈവിരുതോഞ്ഞു നാമും നമിച്ചുപോകും. രണ്ടു നമിച്ചുപോകലിനും കാരണം രണ്ടാണെന്നേയുള്ള. ആകെ പതിനാറു വരിയുള്ള ഇക്കവിതയുടെ ഒടുവിലത്തെ രണ്ടു വരി മാത്രമേ നാം വായിക്കുന്നുള്ളുവെന്നിരിക്കട്ടെ. ബാക്കി പതിനാലു വരികൂടി വായിക്കുന്ന ആളിനു് എന്തെങ്കിലും കൂടുതൽ കിട്ടുമെന്നും നമുക്കതു നഷ്ടപ്പെട്ടുമെന്നും ചേച്ചി വിചാരിക്കുന്നില്ല. പ്രകൃതിവിലാസം കണ്ടാൽ പോര, ഹൃദയം വികാരതരളിതമാവണം. കവിഹൃദയത്തിലില്ലാത്ത വികാരം വായനക്കാരിലേയ്ക്കു് എങ്ങനെ പകരും? പി. എൻ. നായരുടെ ഹൃദയം വികാരതരളിതമായില്ല എന്നാണു് ചേച്ചി പറഞ്ഞുവച്ചതിന്റെ മുതക്കം. ഗദ്യത്തെക്കാൾ ശ്രേഷ്ഠമായ പദ്യം ഉടലെടുക്കുന്ന സാഹചര്യമാണിതു്.

തങ്കച്ചന്റെ ‘‘കണ്ണീരും പുഞ്ചിരിയും’’ മേൽപ്പറഞ്ഞ ദോഷത്തിന്റെ വലവട്ടത്തിനു് പുറത്തു ചാടിട്ടില്ലെങ്കിലും, അതിനു് ഒരു ഉണമുണ്ടു്. എല്ലാവക്കും നഷ്ടമുണ്ടാവാറുണ്ടു്, എന്നാൽ സ്വാർത്ഥതൽപ്പരന്റെ നഷ്ടത്തിൽ ലോകം പുഞ്ചിരിക്കുമെന്നൊരു തത്വം സാമാന്യം ഭംഗിയാംവണ്ണം ആവിഷ്കരിക്കുന്ന ഇപ്പദ്യം. കുറെയൊക്കെ പദ്യമെഴുതി ശീലിച്ചയാളിന്റെ കൈയ്യൊട്ടവും സ്പഷ്ടമാണു്. ഒഴുക്കുള്ളൊരു ഭാഷയാണല്ലൊ കവിതയ്ക്കു് മറെറാന്നുമില്ലെങ്കിലും അവശ്യമുണ്ടായിരിക്കേണ്ടതു്.

നവംബർലക്കത്തിൽ വാദ്ധാനം ചെയ്ത സൈറൻ പ്രവർത്തനം ഞങ്ങൾ ന്യായമായി പ്രതീക്ഷിച്ചതു് ഈ ലക്കത്തിലായിരുന്നു. ആ വാദ്ധാനം പാലിക്കും മുമ്പു് കുറുപ്പുസാറെന്തേ സിനിമയിൽ ഭ്രമിച്ചുവശായതു്? സിനിമയുടെ രഹസ്യം വിസ്തരിച്ചുപോയ രീതിയാണെങ്കിൽ അല്പം വാചാലമായിട്ടുണ്ടെന്നാണു് ചേച്ചിയുടെവിശ്വാസം. കുട്ടികൾക്കുവേണ്ടിയുള്ളതായതുകൊണ്ടു് കൂടിയാൽ ഇതിന്റെ പകുതിവണ്ണം കൊണ്ടു് ലേഖനത്തിനു് ഇപ്പോഴുള്ള ഘനം കിട്ടിപ്പോയേനെ. ഇതൊരു വ്യക്തിഗതമായ രുചിഭേദമായി വിചാരിച്ചാൽ മതി: വണ്ണംകുറഞ്ഞു് ഭാരം കൂട്ടുന്നതാണു് ചേച്ചിക്കിഷ്ടം. കായ്ങ്ങൾ പറയാൻ ഒരു ചരനും കേൾക്കാനൊരു രാജനും വേണ്ടിയിരുന്നോ എന്നും ചേച്ചിക്കു സംശയമുണ്ടു്. കുറുപ്പുസാർ അച്ചരനായിട്ടു പറഞ്ഞാൽ, ഞങ്ങളെല്ലാം രാജനേപ്പോലെ കേട്ടോളാം. അപ്പറച്ചിലിനാണു ജീവൻ, അക്കേൾവിക്കാണു കൗതുകം.

27 ന്റെ– ‘ഒരു പ്രസ്ഥാനം വിജയിക്കണമെങ്കിൽ’ എന്ന കൊച്ചു ലേഖനം ദീപിക ബാലസഖ്യംഗങ്ങളെല്ലാം ശ്രദ്ധയോടെ വായിക്കുമെന്നു വിശ്വസിക്കുന്നു. ആളാകാൻവേണ്ടിമാത്രം സഖ്യംഗങ്ങളായിക്കൂടീട്ടുള്ളവരുണ്ടെങ്കിൽ അത്തരക്കാർ ഈ ലേഖനം വായിച്ചു നാണിക്കുകയും അത്തരത്തിനു കുറെയേറെ പുളിശ്ശേരി കാച്ചുവാൻ അമ്മയോടപേക്ഷിക്കയും ചെയ്യും. ഒരു പത്തുപേക്കുള്ള പുളിശ്ശേരി ചേച്ചി കാച്ചിവച്ചേക്കാം; കൂടിക്കേണ്ടവർ മുമ്പ് ഒരനിയൻ ചെയ്തപോലെ കോട്ടയം ബസ്സ്റ്റാന്റിലിറങ്ങി ചേച്ചിയുടെ വീട്ടതെരക്കി എത്തിക്കൊണ്ടാൽമതി.

റോസിലിയാമ്മയുടെ ‘‘എന്റെ ചെറുകഥ’’ പല കുട്ടികളുടേയും കണ്ണു ഉറപ്പിക്കാൻ പോരുന്നതാണു്. എങ്ങനെയെങ്കിലും മാസികയിൽ പേരു വരാൻ വേണ്ടി ക്ലാസ്സിലിരുന്ന പോലും മനോരാജ്യത്തിൽ ടിക്കറെറടുക്കാതെ സഞ്ചരിക്കുന്ന കുട്ടികാർ ധാരാളമുണ്ടാവും റോസിലിക്കു്.

സി. ജെ. എബ്രാഹം ചേച്ചിയോടു് അല്പം വാശിയിലാണു്. ചേച്ചി അതുമ്മെ ളിയേണ്ടെന്നു് അനിയനു നിർബന്ധമാണെങ്കിൽ ഞെളിയാതിരുന്നേക്കാം, എങ്കിലും തെറെറന്നു തോന്നുന്നതു് തെറ്റെന്നു വിളിച്ചു പറയുകതന്നെ ചെയ്യും ചേച്ചി, ഞെളിഞ്ഞുകൊണ്ടല്ല കുനിഞ്ഞുകൊണ്ടുതന്നെ. അനിയൻ ചാക്യാന്മാരെ അറിയുമൊ? കൂത്തു പറയുന്നതിനിടയ്ക്കു് ചാക്യാർക്ക് ആരെയും– രാജാവിനെപ്പോലും– കളിയാക്കാൻ സ്വാതന്ത്ര്യമുണ്ടു്. ഒരിക്കൽ പൂച്ചക്കണ്ണനായ ഒരു രാജാവു് ചാക്യാരുടെ കളിയാക്കൽ കേട്ടു കേട്ടു ക്ഷമ വിട്ടു. ഏതു കഥ പറയുമ്പോഴും ചാക്യാർ പൂച്ചക്കണ്ണന്മാരെ കളിയാക്കുപതിവായി. ഒടുവിൽ ‘‘ചാക്യാരിത്ര ഞെളിയേണ്ട, ഞാൻ രാജാവാണു്’’ എന്നു് അദ്ദേഹം വാശിപൂണ്ടു. കൂത്തുകഴിഞ്ഞു പുറത്തു വന്നപ്പോൾ രാജാവു് വാളയത്തിക്കൊണ്ടു് ചാക്യാരോടു് ചോദിച്ചു: ‘‘എന്താ ചാക്യാരേ, ഇപ്പോൾ തന്റെ മിടുക്കെവിടെപ്പോയി? ഈ വാളിന്റെ മുമ്പിൽ തനിക്കെന്തുപറയാനുണ്ടു്?’’ ചാക്യാർ പേടിച്ചുവിറച്ചു. എങ്കിലും മറുപടി ഇതായിരുന്നു: ‘‘ഇപ്പോൾ അടിയൻ വിടകൊണ്ടു് പൂച്ചയെക്കണ്ട എലിയെപ്പോലെയായി.’’ ആരെല്ലാം വാളയത്തിയാലും ചേച്ചി നിരുപകസ്വാതന്ത്ര്യം ഉപയോഗിക്കും. ഒരു കായ്ത്തിലെങ്കിലും എബ്രാഹം എന്നോടുയോജിച്ചല്ലൊ. മരണകഥയുടെ കായ്ത്തിൽ അനിയൻ ചേച്ചിയോടു യോജിച്ചതെന്തുകൊണ്ടാണെന്നറിയാമോ? ചേച്ചിയുടെ അഭിപ്രായം അനിയൻ ശരിക്കു മനസ്സിലാക്കിയതുകൊണ്ടു്. മറുകായ്ങ്ങളും ശരിക്കു് മനസ്സിലാകുമ്പോൾ അനിയൻ ചേച്ചിയോടു് കൂടുതലടുക്കുമെന്നു വിശ്വസിക്കുന്നു.

എബ്രാഹത്തിന്റെ പിടിയിൽ നിന്നു് പണിപ്പെട്ടൊന്നു തെറിമാറിയപ്പോൾ ഇതാ സിസിലിയുടെ മുതുകിയ മുഷ്ടിക്കു മുമ്പിൽ അകപ്പെട്ടിരിക്കുന്നു ചേച്ചി. ‘ചേച്ചി ഒന്നു മയപ്പെടുമോ?’ മയപ്പെട്ടേക്കാം അനിയത്തി, മേലിൽ നന്നാമയപ്പെട്ടേക്കാം. എത്ര കഥ വേണമെങ്കിലും എഴുതി അയച്ചോളൂ, എല്ലാം ചക്കര, കരിമ്പിൻ നീരു്, നറുന്തേൻ, കല, ഒന്നാം തരം കല എന്നെല്ലാം ചേച്ചി പറഞ്ഞേക്കാം, സത്യം. ഇത്തവണ രക്ഷിക്കണം.

അല്ലെങ്കിൽ വേണ്ട, ചേച്ചി വെറുതേ സത്യം ചെയ്തതാണേ സിസിലി, സഹായത്തിനാരുമില്ലെന്നു വിചാരിച്ചു്. ഇതാ ചേച്ചിയെ രക്ഷിക്കാൻ പതിനായിരം സി

സിലിമാതൃടെ കയ്യുംകോട്ടകൂടി നില്ക്കുന്ന അന്നമ്മ വക്കീസ്. ചേച്ചിയുടെ അഭിപ്രായം മനസ്സിലാകാത്തവക്ക് ചേച്ചിയോട് വിരോധവും, മനസ്സിലാകുന്നവക്ക് സ്നേഹവുമാണെന്നതൊഴിച്ചാൽ ഇതിൻറെയൊക്കെ അർത്ഥം. ചേച്ചിയുടെ അഭിപ്രായം സ്ഥാപിക്കാൻ ഒരു സമരം വേണ്ടിവരുമെന്നു തോന്നുന്നു. അന്നമ്മ വക്കീസ് ഒരാൾമതി ചേച്ചിയുടെ കൂടെ, ചേച്ചി ധൈര്യം കൈവെടിയുകയില്ല.

സെബാസ്റ്റ്യൻറെ 'പിരിയാണി' ഗ്രാമീണരുടെ മണ്ടത്തരത്തെ കളിയാക്കുന്നൊരു വിനോദമാണല്ലൊ. ലളിതമായ ഭാഷയിൽ ചിരിപ്പിക്കാനുള്ള വിരുത് കൈക്കലാക്കീട്ടുണ്ട് സെബാസ്റ്റ്യൻ. എങ്കിലും പിലേടത്ത് വിശ്വാസ്യത പോരാ, അതിശയോക്തി എറുകയുംചെയ്തു. മുള്ളിൻറെ കാര്യം പോകട്ടെ, സ്പൂൺ ഒരു ഭക്ഷണ സാധനമാണെന്നു വിചാരിക്കത്തക്കവണ്ണം മണ്ടനാണോ, ഹോട്ടൽ വേലക്കാരൻ 'സാർ' എന്നു സംബോധന ചെയ്യുന്ന കാഴികൻ?


''കഴിഞ്ഞകൊല്ലം തോറ്റപ്പം ഓണമാരുന്നു'' എന്ന വിനോദഭാവന ചെറുതെങ്കിലും ഗ്രാമീണരുടെ ഒരു വലിയ പോരായ്മയെപ്പരിഹസിക്കുന്നതാണ്, കുട്ടികൾ പള്ളിക്കൂടത്തിൽ പോകുന്നതും രക്ഷാകർത്താക്കൾ അവരെ അയയ്ക്കുന്നതും ശുദ്ധമായ അബോധാവസ്ഥയിലാണ്. പണം വേണ്ടിവരുമ്പോൾ മാത്രമേ രണ്ടുകൂട്ടർക്കും അല്പം ബോധം വീഴുന്നുള്ളു. ''എന്നാൽ നീ ഇനി സ്കൂളിൽ പോകേണ്ട'' എന്നു രക്ഷാകർത്താവും ''കഴിഞ്ഞാണ്ടിലേ അങ്ങനെ തോന്നണമായിരുന്നു'' എന്നു വിദ്യാർത്ഥിയും അഭിപ്രായപ്പെട്ടതും. ഇതുകൊണ്ടുകൂടി രണ്ടുപേരുടേയും വിദ്യാഭ്യാസവിഷയത്തിലുള്ള ജാഗ്രത.

ജസ്സിയമ്മ കഴിഞ്ഞ ലക്കത്തിൽ നടക്കടലിലായിരുന്നതിനാലാണ് ചേച്ചി ഒറ്റ വാചകത്തിൽ അഭിപ്രായം ചുരുക്കിയതു്. ഇപ്പോൾ അനിയത്തി, ആവൂ, കരയട്ടത്തല്ലൊ. അതിനാൽ ചേച്ചിക്കു പറയാനും ജസ്സിയമ്മയ്ക്കു കേൾക്കാനും സാവകാശമുണ്ട്. ലളിതമായും രസകരമായും യാത്രാവിവരണമെഴുതുന്ന അനിയത്തി ഈ വിഷയത്തിൽ വലിയ കൊലകൊമ്പന്മാരെന്നു് അവകാശപ്പെട്ടുന്നവരുടെ പുറകിലൊന്നുമല്ല. ചേച്ചിയുടെ അഭിനന്ദനങ്ങൾ.

'ഒരു വയസ്സൻകൂടി ഊളനായി.' അപ്പോൾ ഇങ്ങനെ വേറെ എത്ര പേർകൂടി ഊളരായിട്ടുണ്ട് 2006 ന്റെ നാട്ടിൽ? ഏതായാലും രസകരമായി കഥ പറഞ്ഞുപോകാനറിയാം കയ്യാക്കോസിനു്. എങ്കിലും ചേച്ചി സാധാരണ സൂചിപ്പിക്കാറുള്ള അതിശയോക്തിദോഷം ഈ വിനോദഭാവനയിലും കാണുന്നുണ്ടെന്നു പറയാതെ വയ്യ.

പുച്ചക്കേസ്സുംകൊണ്ടുചെന്ന നമ്പൂരിയ്ക്കു ഇങ്ങനെ വിടകൊണ്ട് കളിയാക്കുതന്നെ വേണം തോമസ്.

'വിജയനുപരിയ അമളി' എന്ന മനോഹരമായ കുഞ്ഞിക്കഥ ചേച്ചി ആഹ്ലാദത്തോടെയാണു വായിച്ചുപോയതു്.



നീലക്കരയിലെ കുട്ടികൾ പൂക്കളുണ്ടാക്കി പഠിക്കുന്നു.

ജോയിയുടെ കഥയ്ക്ക് ചേച്ചി കാണുന്ന ഒരു പ്രാധാന്യം അതു് ഞങ്ങളുടെ–മാസികയുമായി ബന്ധമുള്ള മുതിർന്നവരുടെ–ജോലി വളരെ ലഘൂകരിക്കുന്നു എന്നു സംഗതിയാണ്. തങ്ങളെഴുതുന്നതുവല്ലതും മോശമാകുമോ? കൊച്ചുട്ടന്റെ മനഃപൂർവ്വ വിരോധം കൊണ്ടല്ലേ പ്രസിദ്ധീകരിക്കാത്തത്?– എന്നെല്ലാം വിചാരിക്കുന്ന കുട്ടികളുണ്ട്. അവരുടെ കണ്ണുതുറപ്പിക്കുവാൻ കഴിയും ഇക്കഥയ്ക്ക്. വലിയ സാഹിത്യകാരന്മാർ പോലും ആയിരമെഴുതിയതിനുശേഷമാണ് ആയിരത്തൊന്നാമത്തേതു പുറത്തുകാട്ടുന്നതു്. കുട്ടികളിൽ ചിലക്ക് തങ്ങളെഴുതുന്ന ഓരോ ഷീറ്റും പത്രാധിപർ ചൂടോടെ ഏറ്റുവാങ്ങി മാസികയിൽ ചേർത്തുകൊള്ളണമെന്നാണു ധിഷണം. അതൊക്കാതെ വന്നപ്പോൾ ''വേറെ ലൈനിൽ പേനാചലിപ്പിക്കും'' എന്നവരെ ഒരനിയൻ വാശിപറഞ്ഞുപോലും.

എബ്രഹാം ചിറക്കടവിൻറെ 'ഗായകൻ'' എന്ന കവിത മനോഹരമായ വാക് പ്രസരത്താൽ നമ്മെ ആനന്ദിപ്പിക്കുന്നതോടൊപ്പം ശീതളമായ സാന്ത്വനോക്തിയാൽ ആശ്വസിപ്പിക്കുകയും ചെയ്യുന്നു. പലദുഃഖങ്ങളാലും കത്തിത്തുടങ്ങുന്ന നമ്മുടെ ഹൃദയം ഈശ്വരന്റെ കോലക്കുഴലിൽ നിന്നുള്ള സുധാവർഷത്താൽ ശീതളമാക്കപ്പെടണമെന്ന പ്രാർത്ഥനയാണല്ലൊ ഈ പ്രതീകാത്മക കവിതയുടെ ഉള്ളടക്കം.

പ്രകൃതിഭംഗികണ്ട് വികസിക്കുന്ന ഹൃദയത്തിൽ കവിത നിറയാറുണ്ട്. സെബാസ്റ്റ്യൻറെ ഹൃദയം വസന്തഭംഗിയിൽ ആഹ്ലാദിക്കുന്നു. അതിലേയ്ക്ക് ഇനി കവിത പകർത്തണം.

ദേവസ്യാച്ചൻറെ കുഞ്ഞിക്കഥ വളരെ സ്വാഭാവികമായൊരു സംഭവം ശൈശവലാളിത്യത്തോടെ വർണ്ണിക്കുന്നു. മനോഹരമായിട്ടുണ്ട്.

കുട്ടികളുടെ ദീപിക വായിച്ചുതുടങ്ങിയതിൽപ്പിന്നെ ചേച്ചിയുടെ മനസ്സിൽ പുതിയൊരഭിപ്രായം ഉടലെടുത്തുവരികയാണ്. അതായത് ലളിതമായും സുന്ദരമായും വിനോദം കലർത്തിയും എഴുതാൻ ആൺകുട്ടികളെക്കാൾവശം പെൺകുട്ടികൾക്കല്ലേ? ആണെന്നുള്ളതിനൊരുദാഹരണം കൂടിക്കിട്ടുന്നു മേഴ്സിയുടെ വിനോദഭാവനയിൽ. ഇത്ര ലളിതമായി വിനോദം വിളയിക്കാൻ കഴിവുള്ള മേഴ്സി ഇങ്ങോട്ടൊന്നു കൈനീട്ടട്ടെ. ദൂരം വകവയ്ക്കാതെ ചേച്ചി ഇംഗ്ലീഷ് മട്ടിൽ ഒരു ഷെയ്ക്ക്ഹാൻഡ് തരാം.

ഹൗസ്സിസ്റ്റം എന്ന പേരുകണ്ടു ചേച്ചി സന്തോഷിച്ചു. കാരണമെന്തെന്നോ? ഇതൊരുപന്യാസമാണ്, എഴുതിയൊപ്പിക്കാൻ ആരും പ്രയാസപ്പെടുന്നതരം ലേഖനം. കുറേ പറയാനെന്തെങ്കിലും കാണും. എന്നാൽ ചേച്ചി നാണിച്ചുപോയി. രെക്കുടിപ്പിഴ പോലുമില്ല. മധുരിക്കുന്ന ചെറുകഥയെക്കാൾ മധുരമായി വായിച്ചുപോകാം. ഒരു വിദ്യാർത്ഥിനിയു

ന്നെ എഴുതിയതാണോ എന്നായി ഒടുവിൽ ചേച്ചിക്കു സംശയം. എന്തിനു സംശയിക്കുന്നു? ചേച്ചി വിദ്യാർത്ഥിനിയായിരുന്നപ്പോൾ രണ്ടക്ഷരം ഒരുമിച്ചു കൂട്ടിയെഴുതാനറിയില്ലായിരുന്ന എന്നെവച്ച് ഇപ്പോഴത്തെ വിദ്യാർത്ഥിനികളും അങ്ങനെയാവണമെന്നുണ്ടോ? മേരിക്കു് ചേച്ചിയുടെ അഭിനന്ദനങ്ങൾ.

സിസിലി പോത്തന്റെ ഉപന്യാസത്തെപ്പറ്റിയും ചേച്ചിയുടെ അഭിപ്രായം മേൽപ്പറഞ്ഞതുതന്നെ. ആവത്തിച്ചെഴുതി സ്ഥലം നഷ്ടപ്പെടുത്തണമെന്നുണ്ടോ? എങ്കിലും ബാലലോകത്തെ വഴിപിഴപ്പിക്കുന്ന നമ്മുടെ നാട്ടിലെ കച്ചവടസ്ഥിനിമാകളെ വേണ്ടതു ശകാരിക്കാത്തതിൽ സിസിലിയോടു് ചേച്ചിക്കു് അല്പം പരിഭവമുണ്ടു്.

അപ്പോൾ പെൺകുട്ടികൾക്കുമാത്രമല്ല, ആൺകുട്ടികൾക്കുമറിയാം ഉപന്യാസമെഴുതാൻ. എം. ജെ. മാത്യു അതാണല്ലോ തെളിയിക്കുന്നതു്. മാത്യു ചേച്ചിയെ നിരുപണം ചെയ്തേടത്തുമാത്രം കുറച്ചൊരമളി പറ്റി. പ്രസംഗത്തെക്കുറിച്ചു് ചേച്ചി മുമ്പൊരു ലക്കത്തിൽ പറഞ്ഞിരുന്ന അഭിപ്രായം അനിയൻ ശരിക്കല്ല ധരിച്ചിരിക്കുന്നതു്. ‘‘ഇതൊരു നല്ലശീലമാണെന്നഭിമാനിക്കുന്നില്ല’’ എന്നു ചേച്ചി പറഞ്ഞതു് പ്രസംഗശീലത്തെക്കുറിച്ചല്ല ചേച്ചിക്കു പ്രസംഗകരോടുള്ള അവജ്ഞയെക്കുറിച്ചാണു്. അവജ്ഞ നല്ലൊരു ശീലമല്ലല്ലൊ. ആ ഭാഗം ഒന്നുകൂടി വായിച്ചുനോക്കി മാത്യു തന്റെ റിമാക്കു് പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

ജോസഫ് കുന്നശ്ശേരിയുടെ ‘‘വാപ്പാടെ ഭാഗ്യമുള്ള മോൻ’’ എന്ന ചെറുകഥ നന്നായിട്ടു — ‘‘ണ്ടു്’’ എന്ന പൂരിപ്പിക്കുവാൻ ചേച്ചി അല്പം മടിക്കുന്നു. എന്തെന്നാൽ കഥയ്ക്കു് ആവശ്യത്തിലധികം പരപ്പു വച്ചുപോയി കുറച്ചുകൂടി ചുരുക്കി പിരിമുറുക്കം വരുത്തിയിരുന്നെങ്കിൽ ചേച്ചി പത്തിൽ പത്തുമാർക്കും തരുമായിരുന്നു.

എം. ജി. തമ്പിയുടെ പത്രാധിപക്കുള്ള കത്തിലെ വിനോദവും കണിപറമ്പിലിന്റെ ‘പതിനായിരം പൂക്കളിൽ’ അലയടിക്കുന്ന ആനന്ദവും ചേച്ചി ആസ്വദിച്ചു.

മാത്യു വടക്കേലിന്റെ ഹാസ്യഭാവനയെപ്പറ്റി ഈ മാസികയിൽ ഇതിനുമുമ്പും പറയപ്പെട്ടിട്ടുള്ള അഭിപ്രായം വളരെ മാറേണ്ടതായിട്ടില്ല. ഏതൊരു സംഗതിയാണോ പരിഹാസത്തിനു വിഷയമായിട്ടുള്ളതു് അതിനെ പ്രധാന കേന്ദ്രമാക്കിയുറപ്പിക്കാൻ മാത്യു കുറെക്കൂടെ ശ്രമിക്കണമായിരുന്നു. ലേഖനത്തിനു് ഏകാഗ്രത പോരാ എന്നതാൽപ്പര്യം. കുറെയൊക്കെ ഉപദേശത്തിനു വഴങ്ങി തനിക്കു സുലഭമായിരിക്കുന്ന വിനോദഭാവന സംസ്കരിച്ചെടുക്കാൻ മാത്യു അഭ്യസിക്കണം.

34-ാംപേജിലെ ഫോട്ടോ അസ്സലായി.

ഇനി ഞാൻ ‘ഒളിച്ചുപോകത്തില്ല’— പുത്രനെശിക്ഷിച്ച അമ്മയുടെയും, ഒളിച്ചുപോകാൻ പ്ലാൻ ചെയ്ത മകന്റെയും മനോവ്യാപാരങ്ങളെ സമർത്ഥമായി ചിത്രീകരിക്കുന്ന ഈ കഥ കുട്ടികളുടെ മാസികയ്ക്കു പറ്റിയതുതന്നെ.

ജീവിക്കുന്ന മത്സ്യച്ചൂണ്ടകൾ



ലോകത്തിലെല്ലായിടത്തുംതന്നെ കാണപ്പെടുന്ന ‘‘റിമോറ’’ മത്സ്യങ്ങൾ ജീവനുള്ള മത്സ്യങ്ങളെന്നു് അറിയപ്പെടുന്നു. ആ വക മത്സ്യങ്ങൾ മറ്റു മത്സ്യങ്ങളുടെമേൽ ചെന്നു പറ്റിപ്പിടിക്കുന്നതുകൊണ്ടു് വാലിൽ ഒരു ചരടു ബന്ധിച്ചു് ‘‘റിമോറാ’’കളെ വെള്ളത്തിലേയ്ക്കു വിട്ടു ചില ആളുകൾ വലിയ മീനുകളെ കൂടെയും പിടിക്കാറുണ്ടത്രെ. പലപ്പോഴും അവ മുങ്ങിച്ചെന്നു് ശ്രാവുകളുടെമേൽ പറ്റിച്ചേരാറുമുണ്ടു്.

പള്ളിത്താഴത്തിന്റെ വിനോദഭാവനയിൽ അവിശ്വാസ്യത കടന്നുകൂടുന്നകാര്യം ചേച്ചി ഒന്നുകൂടി ഓർമ്മിപ്പിക്കട്ടെ. കള്ളുഷാപ്പിലെ കറിക്കാരൻ കുടലെടുക്കണോ എന്നു ചോദിക്കുമ്പോഴേക്കും എഴുന്നേറ്റോടുന്ന ഭ്രാന്തന്മാരാണു് മിക്കപ്പോഴും മാത്യുവിന്റെ കഥാനായകന്മാർ. വിനോദമെഴുതാൻ നല്ല വശമുള്ള മാത്യു ചേച്ചിപറഞ്ഞാലും അമ്മാവൻ പറഞ്ഞാലും കേൾക്കയില്ലെങ്കിൽ, കേൾപ്പിക്കാൻ വേറെ ആളെ ആക്കും ഞങ്ങൾ, എന്നാലും മാത്യു സ്വാഭാവികതയിലേയ്ക്കു കടന്നുവരുമോ എന്നൊന്നറിയണം.

ഏലിക്കുട്ടിയുടെ ‘മറിയക്കുട്ടി’ തരക്കേടില്ല. അവരാൻ പുഴുക്കുതിനുമുമ്പു് ഒരോമ്മപുളിശ്ശേരി കൂടിച്ചതും നല്ലൊരു ചിരിക്കുവക നല്കുന്നു.

‘ചിരിക്കാൻ’ എന്ന വിഭാഗത്തെപ്പറ്റി ചേച്ചി മൗനമവലംബിക്കുന്നതു് അവയിലേതെല്ലാം എവിടെനിന്നു തപ്പിയെടുത്തു എന്നു പരിശോധിക്കാൻ നേരമില്ലാഞ്ഞിട്ടാണു്. ചേച്ചി ഒരു പരിഷ്കാരിണിയാണെന്നായിരിക്കാം നിങ്ങൾ ധരിച്ചുവച്ചിരിക്കുന്നതു്, എങ്കിലും വസ്തുവത്തിൽ ചേച്ചിക്കു് അടുക്കളയിൽ എട്ടുപത്തു ജോലിയുണ്ടു്.

അമ്മാവനെപ്പറ്റി ചേച്ചി ഒന്നും മിണ്ടാത്തതെന്തെന്നു ചോദിച്ചുകൊണ്ടു് ചിലരെനിക്കെഴുതിയിരുന്നു. കൊള്ളാം, കുട്ടികളെപ്പറ്റി വല്ലകുറവും പറഞ്ഞാൽ അവക്കു തൽക്കാലത്തെ ദേഷ്യമേയുള്ളു. ആ സ്നേഹക്കുരുന്നുകൾ ക്ഷമിക്കുമെന്നു ചേച്ചിക്കു വിശ്വാസമുണ്ടു്. എന്നാൽ ഈ പ്രായമുള്ളവരങ്ങനെയല്ല, സർവ്വജ്ഞന്മാരാണെന്നാണു് അവരുടെ ഭാവം. കുറെപറഞ്ഞാൽ ചന്ദ്രഹാസമിളക്കുന്നവരുടെ കായ്ത്തിൽ മൗനമല്ലേ നല്ലനയം എന്നുവിചാരിച്ചാണു് അമ്മാവനെപ്പറ്റിയും മറ്റും ചേച്ചി ഒന്നും പറയാത്തതു്. എങ്കിലും അമ്മാവൻ ഒരു നീഗ്രോ ആണോ എന്നു ചിലർ ചോദിച്ച ചോദ്യം ചേച്ചിയും ആവത്തിക്കട്ടെ. അമ്മാവനെ ചേച്ചി അറിയും. ഞങ്ങൾ എം. എ. ക്ലാസ്സിൽ ഒരുമിച്ചു പഠിച്ചവരാണു്. മാസികയിൽ കാണുന്നവിധം അദ്ദേഹം നീഗ്രോവല്ലെന്നു് ചേച്ചിക്കുറപ്പുണ്ടു്. പിന്നെ, അമ്മാവനു് പ്രതിഷേധമില്ലെങ്കിൽ ചേച്ചിയെന്തിനു് പടംവരച്ചയാളെക്കുറ്റപ്പെടുത്തണം? എങ്കിലും പ്രിയപ്പെട്ട അമ്മാവാ, പത്തിരുപതുകൊല്ലം മുമ്പു് ഈ പടംപുറത്തു വിട്ടിരുന്നെങ്കിൽ ഇപ്പോഴത്തെ ആ സുന്ദരിയായ അമ്മാവിയെ സ്വപ്നംകാണാൻ കിട്ടില്ലായിരുന്നു.

ഈയിടെയായി ഈ പംക്തി വായിക്കുന്നവരുടെ വിചാരത്തിലൊരംശം ചേച്ചി ഊഹിച്ചു വച്ചിട്ടുണ്ടു്. ‘‘അങ്ങനെവരട്ടെ, ചേച്ചിക്കു പേടിയായിത്തുടങ്ങി. കണ്ടില്ലേ വിമർശനമൊക്കെ മയപ്പെട്ട മയപ്പെട്ട വരുന്നതു്? അങ്ങനെയിരിക്കും ചേച്ചി പിള്ളേരോടു കളിച്ചാൽ!’’ — എന്നെല്ലാം നിങ്ങൾ വിചാരിക്കുന്നില്ലേ? ഉണ്ടെങ്കിൽ അതിലല്പമേയുള്ളു പരമാർത്ഥം. വിമർശനം മയപ്പെട്ടുന്നതു് ചേച്ചിയുടെ പേടികൊണ്ടുമാത്രമല്ല — പേടിയുമുണ്ടു്, എന്തിനുപറയാൻ മടിക്കണം?— പിന്നെയോ മാസികയുടെ ആദ്യലക്കങ്ങളും ഈയിടെയിലത്തെ ലക്കങ്ങളും തമ്മിൽ അജഗജാന്തരം വന്നുപോയി. ചേച്ചിയുടെ കൃത്യതിപിടിച്ച നിരൂപണദൃഷ്ടിക്കു് വലിയ ഇരയൊന്നും കാണാൻകിട്ടുന്നില്ല. അച്ചടിപ്പിഴപോലും ബഹുദുർല്ലഭമായി. മരണക്കഥകൾ ഓടിയൊളിച്ചു. നന്നായിട്ടെഴുതണമെന്നും ചേച്ചിയെത്തോല്പിക്കണമെന്നും കുട്ടികൾക്കു വാശിയായി. വാശിയിൽ കുട്ടികൾ തന്നെയാണു ജയിക്കുന്നതു്. ചേച്ചിക്കു് അതിൽ സന്തോഷമേയുള്ളു.

തങ്കമ്മച്ചേച്ചിയെപ്പറ്റി രണ്ടുവാക്ക്

അന്നമ്മ ജോസഫ് പൊടിപാറ 6541

നമ്മുടെ കുട്ടികളുടെ ദീപികയിൽ സഹൃദയരായ രണ്ട് വ്യക്തികൾ കൈവച്ചിട്ടുണ്ടല്ലോ? ''തങ്കമ്മച്ചേച്ചിയും'' ''അമ്മാവനും''. ലോകരുടെ മുഖസ്തുതി കാംക്ഷിക്കാതെ വളർന്നുവരുന്ന തലമുറയെ കലാക്ഷേത്രത്തിന്റെ ഉന്നത പടിയിൽ എത്തിക്കുവാൻ കുട്ടിപ്പുലികളുടെ കുറവുകൾ കണ്ടുപിടിച്ച് തിരുത്തുവാൻ സമയമുണ്ടാക്കി വന്നിരിക്കുന്ന ആ മഹാവ്യക്തികളെ എത്രമാത്രം പുകഴ്ത്തിയാലും അധികമാവുകയില്ല. ലേഖനങ്ങളോ, കഥകളോ, വിനോദങ്ങളോ എഴുതുന്നതിനു തെല്പം ആഗ്രഹമില്ലാതിരുന്ന എനിക്ക് തങ്കമ്മച്ചേച്ചിയുടെ തെറ്റുതിരുത്തലും അമ്മാവന്റെ വിമർശനവും വായിച്ചുവായിച്ച് ഏതോ ചിലതു് ഒക്കെ കുത്തിക്കുറിക്കുന്നതിനു് ആഗ്രഹം ജനിച്ചിരിക്കയാണു്. ഒരാൾ ഒരു വിനോദഭാവന എഴുതിയാൽ ഏതു വിധത്തിൽ എങ്കിലും അതു മാസികയിൽ കയറുവാൻ കൊള്ളുമോ എന്നു് അമ്മാവൻ നോക്കും. അങ്ങനെ അതു മാസികയിൽ പ്രസിദ്ധീകരിക്കുമ്പോൾ തങ്കമ്മച്ചേച്ചി അതിന്റെ കുറവുകളെ പറഞ്ഞു മനസ്സിലാക്കും, പിന്നീടു് എഴുതുമ്പോൾ ആ തെറ്റു് ആവർത്തിക്കാതെ ഒരോ അംഗങ്ങളും ശ്രമിക്കും. അങ്ങനെ കുഞ്ഞു തൂലികകൾ വളരണം എന്നാണു് ചേച്ചിയുടെ ആഗ്രഹം. എന്നാൽ അതിനെ തെറ്റിദ്ധരിച്ചു് അപവാദങ്ങൾ പറഞ്ഞു് നമ്മുടെ നല്ല ചേച്ചിയെ ചീത്തയാക്കുന്ന സഖ്യാംഗങ്ങളോടു് ഒരു ബാലജനസഖ്യാംഗം എന്ന നിലയിൽ എനിക്കു് ഒന്നു ചോദിക്കുവാനുണ്ടു്. തെറ്റുകളെ തിരുത്തി ദുഷ്പന്ഥാവിൽനിന്നും സൽപന്ഥാവിലേയ്ക്കു് നയിക്കുന്ന നമ്മുടെ നല്ല ചേച്ചിയെ ഇങ്ങനെ കളിയാക്കുന്നതു് നല്ലതാണോ? നമ്മുടെ കടമ അതാണോ? തെറ്റു കണ്ടുപിടിച്ചു് തിരുത്തി നന്നാക്കുകയല്ലേ ചേച്ചി ചെയ്യുന്നതു്? രണ്ടു മൂന്നു ലേഖനങ്ങൾ വായിച്ചു് സഹികെടുത്തുന്ന സങ്കടം തോന്നിയിട്ടാണു് ഞാൻ ഇതു് എഴുതുന്നതു്. വന്നുപോയ തെറ്റിനു് നമുക്കു് തങ്കമ്മച്ചേച്ചിയോടു് മാപ്പു ചോദിക്കാം.

ഞാൻ തങ്കമ്മച്ചേച്ചിയെ പുകഴ്ത്തുന്നതിനു വേണ്ടിയല്ല ഇതെഴുതുകയും കുത്തിക്കുറിച്ചതു്. എനിക്കു് ഒരുത്തരേയും വെറുതേ പുകഴ്ത്തുന്നതു് ഇഷ്ടമില്ല. പക്ഷേ ഉള്ളതു് ഉള്ളതുപോലെ പറയുന്നതിനു് ഞാൻ ആരുടേയും മുഖം നോക്കാറില്ല. ആരായാലും തെറ്റു, തെറ്റു് എന്നു പറയുന്നതിനു് എനിക്കു് മടിയില്ല. എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഞാൻ തങ്കമ്മച്ചേച്ചിയെപ്പറ്റി ഇതെഴുതിയതാണു്. ''ഒരു ഹൃദയം പലവിധം'' എന്നാണല്ലോ ആപ്തവാക്യം.

ചേച്ചിയോടു്

എം. ജെ. മാത്യു അന്ത്രപ്പേർ
ചേത്തല

കുറച്ചു നാളുകൾക്കു മുൻപു് എന്റെ വീടിനടുത്തുള്ള ഒരു കളരിയിൽ നിന്നു് പിള്ളേർ ഉച്ചത്തിൽ എന്തോ വിളിച്ചുപറഞ്ഞുകൊണ്ടു് പോകുന്നതുകേട്ടു. 'പരക്കഴിയാശാന്റെ മുട്ടു് വെട്ടണം' എന്നായിരുന്നു അവർ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നതു്. കാര്യമെന്തെന്നു് ഞാൻ അവരോടു് ചോദിച്ചപ്പോൾ അവരുടെ നേതാവു് പറയുകയാണു് ''ഞങ്ങളുടെ ആശാൻ മഹാപരക്കഴിയാണു്. ആ ആശാനെ ഞങ്ങളുടെ കളരിയിൽ നിന്നു് നീക്കണം നീക്കിയേ ഞങ്ങളടങ്ങൂ'' ഇതു കേട്ടപ്പോഴാണു് മുട്ടുവെട്ടുക എന്ന ശൈലിയും അതിന്റെ അർത്ഥവും ഞാൻ മനസ്സിലാക്കിയതു്. പിന്നെ മണിമല ജയിംസ് സാർ കുട്ടികളുടെ ദീപികയിലൂടെ ശൈലികൾ കൂട്ടത്തൽ ഉപയോഗിക്കണമെന്നു് ഞങ്ങളെ ഉപദേശിച്ചിരുന്നതിനാൽ ആ ശൈലി ഞാൻ പ്രയോഗിക്കയും ചെയ്തു. അല്ലാതെ തങ്കമ്മച്ചേച്ചി മനസ്സിലാക്കിയതുപോലുള്ള കായികമായ മുട്ടുവെട്ടൽ അല്ല ഞാൻ ഉദ്ദേശിച്ചതു്.

ഹാർഡ്വിയുടെ അവസാനകാലത്തെ നോവലുകളിൽ വിഷാദാത്മകതപം വ്യാപിച്ചിരിക്കുന്നതിന്റെ കാരണം 'ടെസ്സി'ന്റെ മലയാള പരിഭാഷയിൽ ശ്രീമതി ആനി ജോസഫ് വിശദമാക്കിയിട്ടുണ്ടു്

ഈ പംക്തി അമ്മാവനു് വീട്ടുകൊടുക്കണമെന്നു് ഞാൻ എഴുതിയിട്ടില്ല. അമ്മാവന്റെ വിമർശനം കുട്ടികളെ വിമർശിക്കേണ്ട രീതിയിൽ തന്നെയാണു് എന്നാണു് ഞാൻ എഴുതിയിട്ടുള്ളതു്.

വിമർശനത്തിനുള്ള അവകാശം എല്ലാവർക്കുമുണ്ടു്. പക്ഷേ ഞങ്ങളുടെ തെറ്റും കുറവും ചൂണ്ടിക്കാട്ടുക എന്നതാണു് അതിന്റെ ഉദ്ദേശമെങ്കിൽ ശരിയായി അതു് വായിച്ചു് തെറ്റുകൾ ചൂണ്ടിക്കാണിച്ചു് അതു് തിരുത്തുവാൻ പ്രോൽസാഹിപ്പിക്കണം. അല്ലാതെ 'ഈ കവിതയെത്തു് അങ്ങു് നിർത്തിയേരു്' എന്നും മറ്റും പറഞ്ഞു് കുട്ടികളെ നിരുൽസാഹപ്പെടുത്തുകയല്ല വേണ്ടതു്.

അവസാനമായി മറിയക്കുട്ടി പതുനാനിയെപ്പോലെ ചേച്ചിക്കു് മംഗളം ത്രം എഴുതിത്തരാനും മറ്റും എന്നാൽ സാദ്ധ്യമല്ല എന്നകൂടി അറിയിച്ചുകൊള്ളട്ടെ.

ചേച്ചിക്കൊരാവശ്യം

മീനച്ചിൽ

പ്രിയപ്പെട്ട കൊച്ചേട്ടാ.

കുട്ടികളുടെ ദീപികയിൽ ജെ. വി. കൂട്ടുകാണി, തങ്കമ്മച്ചേച്ചിയെപ്പറ്റി എഴുതിയിട്ടുണ്ടല്ലോ ഈ ജെ. വി. കൂട്ടുകാണി തങ്കമ്മച്ചേച്ചിയെപ്പറ്റി എഴുതിയിരിക്കുന്നതു് ഒട്ടും ഭംഗിയായില്ല. ചേച്ചി കുട്ടികൾക്കു വേണ്ടി എത്രമാത്രം ബുദ്ധിമുട്ടുന്നുണ്ടു്. തെറ്റു തെറ്റായും ശരി ശരിയായുമാത്രമേ വിമർശിക്കുന്നുള്ളൂ. ഇതിലെന്താണു് കൊച്ചേട്ടാ തെറ്റിരിക്കുന്നതു്? കുട്ടികളുടെ നന്മയ്ക്കു വേണ്ടി മാത്രമേ ചേച്ചി വിമർശിക്കുന്നുള്ളൂ. ചേച്ചിയെപ്പോലെയുള്ളവരുണ്ടെങ്കിലേ കല ശരിയായ പന്ഥാവിൽകൂടി വളരുകയുള്ളൂ. ചിലർ ഈ വിമർശനത്തിൻ കീഴിൽ മുരടിച്ചുപോകും. ഇതുപോലെയുള്ളവർ നമുക്കു് യോജിച്ചതാണോ കൊച്ചേട്ടാ? ഈ കൂട്ടരെ ആവശ്യമില്ലെന്നാണു് എനിക്കു തോന്നുന്നതു്. ഇങ്ങനെയുള്ളവർ അധികം വളരാതിരിക്കുകയാണു നന്നു്? പേരുകേട്ട കവിക്കു് തെറ്റുപറയുവാൻ പാടില്ലെന്നുണ്ടോ!? ഒരിക്കലും ഇല്ല. കലകൾക്കു് ജീവനും ഉണർവ്വും വേണമെങ്കിൽ തങ്കമ്മച്ചേച്ചിയെപ്പോലെയുള്ളവരെ ആവശ്യമാണു്. അല്ലെങ്കിൽ അവ മുളയിലേ കരിഞ്ഞുപോകുവാൻ ഇടയുണ്ടു്. ചേച്ചിക്കു് ചില ചില്ലറ തെറ്റുകളൊക്കെ വന്നേക്കും. അതിൽ പരിഭവമോ, ആവലാതിയോ, വെറുപ്പോ, സങ്കടമോ ഉണ്ടാകേണ്ട ആവശ്യമില്ല. അതിനെയെല്ലാം തള്ളിമാറ്റി മുന്നേറുവാൻ നമുക്കു് സാധിക്കും. തങ്കമ്മച്ചേച്ചിയെ കുട്ടികളുടെ ദീപികയിൽനിന്നും മാറ്റണമെന്നു് ഞാൻ ഒരിക്കലും ഒരിക്കലും പറയുകയില്ല. എനിക്കു തങ്കമ്മച്ചേച്ചിയെ വലിയ പ്രിയമാണു്

മോനിക്കുട്ടി ജോസഫ്
പടിഞ്ഞാറേമുറിയിൽ
7

അനിയത്തിക്കുംപറയാനുണ്ട്

(വി. ജെ. ചിന്നമ്മ തൃശ്ശൂർ 2508)

'കുട്ടികളുടെ ദീപിക' കയ്യിലെടുത്താ
ൽ കൊച്ചേട്ടന്റെ കത്തു് ഞാൻ ആദ്യം
പായിക്കും. പിന്നെ തങ്കമ്മച്ചേച്ചിയുടെ
അഭിപ്രായങ്ങൾ നോക്കും. കാരണം പ
ഴയതാണു്. കുട്ടികളുടെ ദീപികയെന്ന വി
വ സമൃദ്ധമായ സദ്യയിലെ വിഭവങ്ങ
ളെല്ലാം ഞാൻ ഭക്ഷിക്കാറില്ല. ചേച്ചിയ
പ്പെയ്പ്പററി പറഞ്ഞിട്ടുള്ളതെന്താണെ
ന്നു നോക്കി മനസ്സിലാക്കും. പിന്നെ നമ്മു
ടെ വയസ്സനായ അമ്മാവനുണ്ടല്ലോ. മരു
മക്കളെയെടുത്തുവച്ചാലിംഗനം ചെയ്യു ത
ന്നിച്ച ആ മടിയിൽ കയറി വെള്ളിനൂ
ൽ പാകിത്തുടങ്ങിയ ആ പരുക്കൻ താടി
യിൽ പിടിച്ചുകൊണ്ടു് പരുപരുത്ത കഠിന
ശിരം കൊള്ളിച്ചുള്ള അങ്ങേരുടെ ചുംബ
നങ്ങൾ സ്വീകരിക്കും. ഉപദേശങ്ങൾ
കൊട്ടിഘോഷിച്ച ആ വായിൽനിന്നു
വീഴുന്ന സ്നേഹാർദ്രമൊഴികൾ ശ്രവി
ക്കും.

എല്ലാവരും പറയുന്നതുപോലെ ഞാ
നും പറയുകയാണെന്നു് ചേച്ചി വിചാ
രിക്കരുതു്. ചേച്ചിയുടെ പ്രായമല്ലല്ലോ
അമ്മാവനു്, ചേച്ചിക്കു നല്ല ചോറയും നീ
രും, ചൂണയും ചുറുചുറുക്കും ധൈര്യവും
തുല്യാം ഉള്ള കാലം. അമ്മാവനോ? അ
ദ്ദേഹത്തിന്റെ ജീവിതത്തിന്റെ വസന്ത
കാലം കഴിഞ്ഞു. പഴമയുടെ സ്മരണയി
ൽ മരുമക്കളെ പുണരുന്നതിലും സദുപ
ദേശങ്ങൾ നൽകുന്നതിലുമാണങ്ങേക്കു പ്രി
യപ്പെട്ടതു്. വിമർശനത്തിനുള്ള കാലം ക
ഴിഞ്ഞില്ലേ? ജീവിതത്തിന്റെ മദ്ധ്യാഹ്ന
ം കടന്നു. എങ്കിലും അസ്തമനവേളയി
ൽ എല്ലാററിലും കാണുന്ന മുറുമുറുപ്പും
വെറുപ്പും നമ്മുടെ അമ്മാവനില്ല. പി
ള്ളേരുടെ കൊഞ്ചലും കളിയും കുസൃതി
യും എല്ലാം മൂപ്പിലേക്കിഷ്ടമാണു്. അ
തുകൊണ്ടാവാൻ മരുമക്കളെയാരെയും കരയിപ്പി
ക്കുകയില്ല.

പക്ഷേ ചേച്ചിയുടെ നിലയതല്ല.
'സമരമെങ്കിൽ സമരം തന്നെ'' --- എ
ന്ന മുദ്രാവാക്യവുമായി സകല എതിർപ്പു
കളേയും തൃണവൽഗണിച്ചു് തൂലിക
യാകുന്ന പടവാളുമേന്തി ഒരുങ്ങിയിറങ്ങിയി
രിക്കയാണു്. കൊള്ളാം ചേച്ചീ. ചേച്ചി
യുടെ ധൈര്യത്തിൽ ഞാനഭിമാനംകൊ
ള്ളുന്നു. പ്രതിബന്ധങ്ങളെ വീരോടെചെ
റുക്കുന്ന ധൈര്യവതിയായ ഒരു ചേച്ചി
യുണ്ടായാണു് ഞങ്ങൾക്കാവശ്യം.


'നാം ഒരു കുടുംബം.' ആ കുടുംബത്തിൽ
അപ്പനും ചേച്ചിയും, അമ്മാവനും മരുമ
ക്കളും, ഒക്കെയില്ലേ.? അടുക്കളപ്പണിയു
ടെ ആധിക്യത്താൽ പുറത്തിറങ്ങാത്തതു
കൊണ്ടു് അമ്മയെ ആരും അറിയുന്നില്ല.
പിള്ളേരെന്തു വികൃതികാണിച്ചാലും, അ
വരെ ശകാരിക്കാൻ അടുക്കളപ്പണിയൊ
ഴിഞ്ഞിട്ടൊരുനേരവുമില്ല. കൊച്ചേട്ടനാ
ണെങ്കിൽ ജോലി പലതാണു്. ഈ പ
തിനായിരക്കണക്കിനു കുഞ്ഞു സഹോദര
ങ്ങളെ ഇനിയും അലയാതെ പോറ്റേണ്ട
തു് അദ്ദേഹമാണു്. അതുകൊണ്ടു് അവ
ർ ചെയ്യുന്ന വികൃതിയെല്ലാം കണ്ടുപിടി
ച്ചു് അവയ്ക്കു ശിക്ഷയുമായി നടക്കാൻ അ
ദ്ദേഹത്തിനു സമയമുണ്ടോ? അമ്മാവനാ
ണെങ്കിൽ പിള്ളേരെ കരയിപ്പിക്കുന്ന
തൊട്ടും ഇഷ്ടമില്ല. തല്ലാതെയും കരയാ
തെയും, ജഗവില്ലന്മാരായ മുട്ടാളത്തല
യാളരെ നിലയ്ക്കു നിറുത്തുവാനും സാധിക്ക
യില്ല. പിന്നെ എല്ലാം കൊണ്ടും പിള്ളേ
രെ നിലയ്ക്കുനിറുത്തി വളർത്തേണ്ടചുമതല
ചേച്ചിയ്ക്കുതന്നെ.

ചേച്ചിയുടെ മൂട്ടവെട്ടണമെന്നു പ
റഞ്ഞമാത്യുവിനോടും ചേച്ചിയെ പുരാ
ണത്തിലെ 'പൂതനരാക്ഷസി'യായിക്കണ്ട
'ജെ. വി. കൂട്ടുകാണിയോടും' ഈ സഹോ
ദരിയൊന്നു ചോദിച്ചുകൊള്ളട്ടെ. ഇത്ര മ
ഹാപരാധം ചേച്ചിയെന്തു ചെയ്തു? കണ്ണി
ൽ കാണുന്ന മരത്തിലെല്ലാം ചെന്നരുണ്ട
കയറുകയും വീട്ടിൽക്കാണുന്ന സാധനങ്ങ
ളെല്ലാം നാശമാക്കുകയും ചെയ്യുന്ന പട്ടവി
കൃതിയായ ഒരു നാലു വയസ്സുകാരനോടു്
നിങ്ങൾ എന്തുചെയ്യും? ഉപദേശം എ
പ്പോഴും വിലപ്പോകുമെന്നു തോന്നുന്നില്ല.
നല്ല മുള്ളിവടികളുടെ വിളയാട്ടം തന്നെ
നടക്കണം. കുറേനേരത്തേക്കു് കുറിക്കാട്ട
കളിലുള്ള കുറുനരികളെ മുഴുവൻ ദൂരത്ത
ത്തക്കവിധം, ദിഗന്തങ്ങൾ പൊട്ടുമാറു്
കിടന്നലറുമായിരിക്കാം. എന്നാലും ഇ
പ്പോഴത്തെ ചെയ്തിപ്പെകിൽ അവരുടെ വി
കൃതികളെല്ലാം വളർന്നവരുമ്പോഴത്തെ
സ്ഥിതിയെന്തെന്നു ചിന്തിച്ചാൽ മതി. ക
രച്ചിൽകേട്ടു് അടുക്കളയിൽനിന്നു പാഞ്ഞ
ടുക്കുന്ന അമ്മച്ചി ഓമനക്കുട്ടന്റെ തുടയി
ൽ തലോടി ചുംബിക്കുമായിരിക്കാം. കൊ
ച്ചേട്ടനെക്കൊണ്ടു് ചേച്ചിയെ മുതിരുപോ
ലെ തല്ലിച്ചേക്കാമെന്നുപറഞ്ഞേക്കാം.
കുഞ്ഞനിയന്റെ ഗുണകാം
ക്ഷിയായ കൊച്ചേട്ടന്റെ മനോഭാ
വമെന്തെന്നൂഹിച്ചാൽമതി.

അനുസരണമില്ലാതെ ആയുധപ്രയോ
ഗത്തിൽ മുറിവേല്ക്കയോ, വീഴുകയോ ചെ
യ്താലും, ഓടിച്ചെന്നെടുക്കുവാനും. കൂളിപ്പി
ക്കാനും കുഞ്ഞനിയനേയും കൊണ്ടു് സ്കൂ
ട്ടിനും, പള്ളിക്കൂടത്തിലും ഒക്കെ പോകു
വാനുമൊക്കുന്നതു് ഈ ചേച്ചിയാണു്.
'രാക്ഷസി'യെന്നു് സ്നേഹമതിയായ ചേ
ച്ചിയെ എങ്ങിനെ വിളിക്കുവാൻ തോ
ന്നും? അതു് ഒരു പ്രത്യേക മുൻവിധി
യോടുകൂടിയ അഭിപ്രായമായിപ്പോയി.
ചേച്ചിയുടെ സ്വഭാവം എന്തെന്നിനിയും
മനസ്സിലാക്കാത്തതുതന്നെ.

അതുപോലെതന്നെ 'ചേച്ചിയുടെ മൂ
ട്ടവെട്ടണ'മെന്നു് ഇത്ര പരസ്യമായിപ്പറ
ഞ്ഞതത്ര ശരിയായില്ല. സമാധാനം പറ
ഞ്ഞില്ലെങ്കിൽ തീച്ചയായും കൊച്ചേട്ടന്റെ
കോടതിയിൽ ഞങ്ങൾ കേസ്സുകൊടുക്കും.
ചേച്ചിയല്ല, ഞാനുൾപ്പെടെയുള്ള ചേച്ചി
യുടെ സഹോദരങ്ങളായിരിക്കും വാദികൾ.
ചേച്ചിക്കുവേണ്ടി ഞാൻ പറയുകയാ
ണെന്നാരും വിചാരിക്കരുതു്. ഈ ചേ
ച്ചി മരണക്കഥയെപ്പറ്റി എന്നെയും നു
ള്ളുപോലെ ശകാരിച്ചിട്ടുണ്ടു്. പക്ഷേ
അതുകൊണ്ടു് കൂടുതൽ ശ്രദ്ധിച്ചു് എഴുതു
വാനാണു് ഞാൻ ശ്രമിക്കുന്നതു്.

ചേച്ചി ഇങ്ങനെയൊരാൾ സ്നേഹസ
ത്രുമായ ഹൃദയത്തോടെ ഘനഗംഭീരത്വം
നടിച്ചിരുന്നുകൊണ്ടു് ശകാരിക്കാനും തെ
റ്റുകൾ തിരുത്താനും ഇല്ലായിരുന്നെങ്കിൽ
തോന്നുന്നതെല്ലാം എഴുതാമായിരുന്നു, അ
ല്ലേ? അതുനടപ്പില്ല. ഈ വീട്ടിൽ ചേച്ചി
ക്കും അധികാരമുണ്ടു്. അതുകൊണ്ടു് ദയ
വായി ചേച്ചിയുടെ ഈ ജോലി സമയ
മില്ലാത്ത കൊച്ചേട്ടനോ വയസ്സനായ അ
മ്മാവനോ ഏറെറടുക്കരുതെന്നപേക്ഷിക്കു
ന്നു. ചേച്ചിയുടെ അധികാരമെടുത്തുകള
ഞ്ഞാൽ, പരമൻകേസും' 'കോരുതുകേസും'
പോലെയാകയില്ല. സമരപാരമ്പര്യമുള്ള
ഞങ്ങൾ സന്ധിയില്ലാസമരം നടത്തും. അ
തിനാൽ വെറും തല്ലരക്ഷികൾ ചേച്ചി
യെ ഓടിച്ചിട്ടു് കുട്ടികളുടെ ദീപികയിൽ
വ്യാഴമെന്നോ യഥേഷ്ടം വിഹരിക്കാമെ
ന്നോ വ്യാമോഹിക്കേണ്ടാ. ചേച്ചിയുടെ
അടിയുടെ വേദനയുടെ പിന്നാലെവരുന്ന
സുഖമൊന്നു വിഭാവനചെയ്യുക: ശ്രോതേ



ഞാൻപേടിപ്പിക്കും

മറുനാട്ടിലെ പൂതുമകൾ -5-

നേഷിൽസിൽ



ജൂഷ്യമ്മ, ഒറ്റത്തെങ്ങൽ - 60 -

(കുറിപ്പ് :- റോമിലെ മെഡിക്കൽ കോളെജിൽ പഠിച്ചുകൊണ്ടിരുന്ന ജസ്സിയമ്മ വിശ്രമാർത്ഥം സ്വദേശമായ ചിങ്ങവനത്തുവന്ന് താമസിച്ചുകൊണ്ടിരിക്കുമ്പോഴാണ ഈ യാത്രാവിവരണം എഴുതിത്തുടങ്ങിയതു്. പഠനം തുടരുന്നതിനായി ഡിസംബർ 9-ാംനു ലേഖിക കൊച്ചിയിൽ നിന്നു കപ്പൽ കയറി. ദീപിക യുവജനസഖ്യാംഗമായ ജസ്സിയമ്മയ്ക്കു ദീപികാ ബാലസഖ്യം കോട്ടയംശാഖ ഏ

മായ ഒരു ഭാവി അതിന്റെ പിന്നിലുണ്ടു്. എന്തായാലും ഞങ്ങൾക്കു 'തങ്കമ്മച്ചേച്ചി'യെ വേണമെന്നുള്ളതു നിർബ്ബന്ധമാണു്.

ദ്യമായ ഒരു യാത്രയയപ്പുനല്കുകയുണ്ടായി. മറുനാട്ടിലെ പുതുമകൾ അങ്ങനെതന്നെ തുടർന്നു് എഴുതുമെന്നും, കൊച്ചിയിൽ നിന്നുള്ള യാത്രയുടെ വിവരണം ഞായറാഴ്ചത്തെ ദീപികാബാലപംക്തിയിൽ പ്രസിദ്ധീകരിക്കത്തക്കവിധം അയച്ചു് [തരുമെന്നുമാണു് ലേഖിക എഴുതിയിരിക്കുന്നതു്. കൊച്ചേട്ടൻ)]

കപ്പൽ മന്ദം മന്ദം സൂയസ് തോട്ടിൽ കൂടി മുൻപോട്ടു നീങ്ങി. ഇരുകരകളേയും തലോടി തിരിച്ചെത്തിയ കൊച്ചോളങ്ങൾ ഞങ്ങൾക്കു് സ്വാഗതമരുളി. അങ്ങനെ എട്ടുപത്തു മൈൽ മുൻപോട്ടു ചെന്നപ്പോൾ ആകാശത്തിൽ ഒരസാധാരണ കാഴ്ച. വെളുത്ത പുകയിൽ കട്ടിയായ രേഖകൾ വരച്ചുകൊണ്ടു മൂന്നു് ജറർ വിമാനങ്ങൾ അങ്ങുമിങ്ങും വട്ടമിട്ടു് പറന്നുനടക്കുകയാണു്. ഞങ്ങളെല്ലാം ഉൽക്കണ്ഠയോടുകൂടി റേഡിയോയുടെ ചുറ്റുംവന്നുകൂടി, ന്യൂസറിയുവാൻ. പക്ഷേ എന്താണെന്നൊരു പിടിയും കിട്ടിയില്ല.

രാത്രി എട്ടുമണിയോടുകൂടി ഞങ്ങൾ "ഇസ്മാലിയാ" എന്ന പോർട്ടിലടുത്തു. വളരെ ചെറിയ ഒരു പോർട്ടാണിതു്. അധികം താമസിയാതെതന്നെ ഞങ്ങൾ അവിടം വിടുകയും ചെയ്തു. മുപ്പത്തൊന്നാം തിയതി നേരം വെളുത്തപ്പോഴേയ്ക്കും ഞങ്ങൾ പോർട്ടു് സെയിദിലെത്തി. വളരെ വലിയ ഒരു തുറമുഖം. ഹാർബറിലുള്ള കപ്പലുകളുടെ തിരക്കു മൂലം ഞങ്ങളുടെ കപ്പൽ കുറച്ചകലെയാണു് നങ്കൂരമിട്ടതു്. അവിടെ അന്നു് ഒരു റഷ്യൻ എണ്ണക്കപ്പലുണ്ടായിരുന്നു.

സൂയസ്സിലെപ്പോലെ കൈത്തറിസാധനങ്ങൾ വിറ്റഴിക്കുന്നതിനു് കച്ചവടക്കാർ മച്ചുപായിൽ കപ്പലിനു ചുറ്റും ഓടിനടന്നിരുന്നതു ഞങ്ങൾക്കു നേരംപോക്കിനു വക നൽകി. വലിയ മത്സ്യങ്ങൾ അങ്ങനെ കുതിച്ചു മറിയുന്നതു കണ്ടു നില്ക്കാൻ രസമായിരുന്നു. തുവെള്ള നിറത്തിലുള്ള നീർപക്ഷികൾ പകുതി കുറുത്തു

ണ്ടുകളുമായി കപ്പലി
ന്റെ ചുറ്റും വട്ടമിട്ടു പ
റന്നിരുന്നു.

പോർട്ടു് സെയിദ
ൽ നിന്നും മറ്റേതാനു
യാത്രക്കാരും കപ്പലിൽ
കയറി. അവിടെവച്ചു ഞ
ങ്ങൾക്കൊരു ന്യൂസ് കി
ട്ടി. സൂയസ് കനാലിൽ
ഞങ്ങളുടെ കപ്പൽ കയറ
മൂന്നു മണിക്കൂർ കഴിഞ്ഞ
പ്പോൾ ഞങ്ങളുടെ പു
കിലായി സൂയസ്സിൽ
ബോംബുവീണു എന്നു്.

ഏകദേശം മുപ്പതു് വർഷങ്ങൾക്കു
മുൻപു് ആ വഴിവന്നു് ചരിത്ര പ്രസിദ്ധ
മായ ഊർശലേമിലേയ്ക്കു പോയ എന്റെ
വാത്സല്യനിധിയായ പള്ളീലപ്പച്ചനെ
എന്റെ പിതൃസഹോദരനായ മാർ ദിയ
സ്കോറോസ് മെത്രാപ്പോലീത്തായെ
അന്നു ഞാൻ അനുസ്മരിച്ചു. ക്നാനായ യാ
ക്കോബായ സഭയിലെ മെത്രാപ്പോലീ
ത്താ പദം സ്വീകരിക്കുന്നതിനായി ഊർ
ശലേമിലേയ്ക്കുപോയി ഉദ്ദേശം ഒരു കൊല്ല
ക്കാലത്തോളം അവിടെ താമസിച്ചു. അ
യിടയ്ക്കു് എന്റെ പപ്പാ പള്ളീലപ്പച്ചനു
ഒരെഴുത്തയച്ചു. മതപരമായും സഭാസം
ബന്ധമായും കൂടുതൽ അറിവു സമ്പാദി
ക്കുന്നതിനു് കുറഞ്ഞപക്ഷം രണ്ടുമുന്നു സം
വത്സരമെങ്കിലും ആ ദേശത്തു് താമസി
ക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു
കത്തായിരുന്നു അതു്. അതിന്റെ മറുപ
ടി ഇപ്രകാരമായിരുന്നു. "അങ്ങനെ നി
എന്നെ നിർബന്ധിച്ചാൽ എന്റെ തു
ൽ ഈ ഊർശലേം ചരിതയിൽ വിറ്റു പേ
കത്തേ ഉള്ളൂ" അത്രയ്ക്കു ചൂടേറിയ ആ മ
ണലാരണ്യം കണ്ടപ്പോൾ മുൻപു് പള്ളീ
ലപ്പച്ചൻ പറഞ്ഞതോർത്തു് ഞാൻ തനി
ത്താൻ ചിരിച്ചുപോയി. യാക്കോബായ
സഭയിൽ മെത്രാപ്പോലീത്തായായി പന്ത്ര
ണ്ടു് സംവത്സരത്തോളം പ്രശസ്ത ഭരണം
നടത്തിയശേഷം, പണ്ടേതന്നെ കത്തോ
ലിക്കാസഭയെ ആശ്ലേഷിച്ചു കഴിഞ്ഞിരു
ന്ന എന്റെ പപ്പായുമായി നടത്തിയ നീ
ണ്ട വാദപ്രതിവാദങ്ങളുടെ ഫലമായി ഒ
ടുവിൽ ആ പുണ്യപുരുഷനും കത്തോലി
ക്കാ സഭയിൽ ചേരുകയുണ്ടായി.

ഞങ്ങളുടെ കപ്പൽ 31-ാം തിയതി
പകൽ പത്തുമണിയോടുകൂടി പോ
ർട്ടസെയിദു വിട്ടു. ഇനി മദ്ധ്യധരണ്യാഴിയിലേയ്ക്കാണു് ഞങ്ങൾ കടക്കുന്നതു്. പറവകളും മത്സ്യങ്ങളുമെല്ലാം ഓരോന്നോരോന്നായി ഞങ്ങളെ വിട്ടുപിരിഞ്ഞു. കടൽ കോപിച്ചു തുടങ്ങി. അന്നു വൈകിട്ടായിരുന്ന ഞങ്ങൾ ദീപാവലി ആഘോഷിച്ചതു്. കൽക്കട്ടാക്കാരായ കു
റെ ആൺകുട്ടികൾ ഞങ്ങളുടെ കപ്പലിൽ
യാത്ര ചെയ്യുന്നുണ്ടായിരുന്നു. അവരിലൊ
രാൾ മട്ടുള്ളം, ഹർമോണിയം തുടങ്ങിയ
മ്യൂസിക്കൽ ഇൻസ്ട്രുമെൻറു
കൾ കൊണ്ടുവന്നിരുന്നു. ദീ
പാവലി എന്താണെന്നും അതിന്റെ പൊ

നിഹ്യ പർമായ കഥയെപ്പറ്റിയുമെല്ലാം അതിലൊരാൾ ഞങ്ങൾക്കു് പറഞ്ഞു തന്നു. ക്യാപ്റ്റൻ കെയിക്കു് മുറിച്ചു. അതിനുശേഷം വിഭവസമൃദ്ധമായ പാർട്ടിയും ഉണ്ടായിരുന്നു.

മദ്ധ്യധരണിക്കടലിൽ ഞങ്ങളുടെ കപ്പൽ ഓളങ്ങളിൽപ്പെട്ടു് വല്ലാതെ ഉലഞ്ഞുകൊണ്ടിരുന്നു. ആദ്യത്തെ രണ്ടുദിവസങ്ങളിൽ കപ്പലിന്റെ കുലുക്കം വളരെ ശക്തിയായിത്തോന്നി. മിക്കവർക്കും കപ്പൽച്ചൊരുക്കു് അനുഭവപ്പെട്ടു. കപ്പലിന്റെ ഇളക്കം മൂലം കട്ടിലിൽ നിന്നും എഴുന്നേൽക്കുവാൻ പോലും സാധിച്ചിരുന്നില്ല. എഴുന്നേറ്റാൽ തന്നെയും നടക്കാനാകുമോ? കടിച്ചു മണ്ണുപിടിച്ചവരെപ്പോലെ ആടിയാടി രണ്ടു ഭിത്തികളിലും ചെന്നടിച്ചു് ചിലരെല്ലാം വരാന്തയിൽക്കൂടി നടന്നു പോകുന്നതു കാണാമായിരുന്നു.

മൂന്നാം ദിവസം കടൽ ശാന്തമായി. കടൽ തനി നീലനിറമായി മാറി. പല നിറത്തിലുള്ള മത്സ്യങ്ങൾ അങ്ങുമിങ്ങും നീന്തിക്കളിച്ചിരുന്നു. അന്നു് സന്ധ്യയോടുകൂടി ഞങ്ങൾ സിസിലി ദ്വീപിന്റെ സമീപത്തെത്തി. സിസിലിയിലെ "റോപിൻ ഹുഡ്" എന്നു വിളിച്ചു വരുന്ന ജൂലിയാനോവിനെപ്പറ്റി അപ്പോൾ എനിക്കോർമ്മവന്നു. അതിന്റെ യഥാർത്ഥ കഥ പിന്നീടൊരിക്കൽ എന്റെ കൂട്ടുകാരി പറഞ്ഞു തന്നതു് ഇപ്രകാരമാണു്.

ഉദ്ദേശം 27 വയസ്സു പ്രായം വരുന്ന ഒരു യുവകോമളനായിരുന്നു ജൂലിയാനോ. ധനികരുടെ കയ്യിലെല്ലാം കൊള്ള ചെയ്തു് സാധുക്കാരിണർക്കു് വീതിച്ചുകൊടുക്കുകയായിരുന്നു അയാളുടെ ഏറ്റവും വലിയ വിനോദം. ഇറ്റലിയിലേയും സിസിലിയിലേയും ഗവണ്മെന്റുകൾ പലപ്പോഴും അയാൾക്കെതിരായിത്തീർന്നു. ഈ കൊള്ളയടിക്കാരനെ തടവുകാരനാക്കുന്നതിനായി അവർ ആവുംവിധം പരിശ്രമിച്ചിട്ടും ഫലമുണ്ടായില്ല. ഒടുവിൽ അവർ ജൂലിയാനോവിന്റെ വൃദ്ധമാതാവിനെ, തന്റെ അക്രമങ്ങൾക്കു് കൂട്ടുനിന്നു എന്നാരോപിച്ചു ജയിലിലടച്ചു. ജൂലിയാനോവിനെ പിടിക്കുന്നതിനായി രണ്ടായിരത്തോളം ഭടന്മാരെ സിസിലിയിലേയ്ക്കയക്കുകയും ചെയ്തു.

തന്റെ പ്രിയ മാതാവിനെ തടവിലാക്കിയ വിവരം ജൂലിയാനോവിനെ വളരെ വേദനിപ്പിച്ചു. "ഈ ലോകത്തിൽ എനിക്കു് സ്നേഹിക്കുവാനുള്ള ഏറ്റവും മഹത്തായ വസ്തു" എന്നാണു് അയാൾ തന്റെ മാതാവിനെപ്പറ്റി കരുതിയിരുന്നതു്. തന്റെ അമ്മയെ കാരാഗൃഹത്തിൽനിന്നും മോചിക്കുന്ന പക്ഷം താൻ തന്റെ അക്രമപ്രവൃത്തികളിൽ നിന്നും പിൻതിരിയുന്നതാണെന്നു് ഗവണ്മെണ്ടിനെ അറിയിച്ചു. പക്ഷെ ഗവണ്മെന്റ് വകവെച്ചില്ല. ജൂലിയാനോവിനു് വാശി മുഴുത്തു, അതിനുടങ്ങി ശക്തിയോടെ അയാൾ അക്രമങ്ങൾ പ്രവർത്തിച്ചുതുടങ്ങി.

അങ്ങനെയിരിക്കെ റോമിലെ ഒരു പ്രശസ്ത ഫോട്ടോഗ്രാഫറായിരുന്ന ഐവോ മെൽദോലസി ജയിലിൽ ചെന്നു ജൂലിയാനോവിന്റെ അമ്മയുടെ ഒരു ഫോട്ടോ എടുത്തു. അതിനുശേഷം ഇറ്റലിയിലെ ഏറ്റവും പ്രചാരമുള്ള പ്രതികയായ ഓജി (Oggi)യുടെ പത്രാധിപർ എദിലിയോ റെസ്സോണിയെ ചെന്നുകണ്ടു് ജൂലിയാനോ തന്നെ ഒരു കൂടിക്കാഴ്ചയ്ക്കു് ക്ഷണിച്ചിട്ടുണ്ടെന്നു് അറിയിച്ചു. കൂടിക്കാഴ്ചയുടെ ഒരു വിവരണവും ജൂലിയാനോവിന്റെ ഒരു ഫോട്ടോയും കൊടുക്കുന്ന പക്ഷം എട്ടു ലക്ഷം ലീരാ നൽകുന്നതാണെന്നു് പത്രാധിപർ വാഗ്ദാനം ചെയ്തു.

മെൽദോലസി ഉടനെ സിസിലിയിലേയ്ക്കു പോയി. കണ്ടുമുട്ടിയവർക്കെല്ലാം ജൂലിയാനോവിന്റെ അമ്മയുടെ ഫോട്ടോ അദ്ദേഹം വിതരണം ചെയ്തു. അങ്ങനെ ഒരിക്കൽ ജൂലിയാനോവിനു തന്നെ ആ പടം കൊടുക്കുവാൻ തരപ്പെട്ടുമെന്നായിരുന്ന അദ്ദേഹത്തിന്റെ പ്രതീക്ഷ. ഒരു ദിവസം രണ്ടു മൂന്നു് ആയുധധാരികൾ മെൽദോലസിയെ പിടിച്ചു് ഒരു കതിരായത്തിൽ ഇട്ടടച്ചു. പിറേറന്നു രാവിലെ ജൂലിയാനോ തന്നെ അവിടെ പ്രത്യക്ഷപ്പെട്ടു് തന്റെ അമ്മയുടെ പടം കരസ്ഥമാക്കി. എന്നിട്ടു് കൊള്ളക്കാരന്റെ വേഷത്തിൽത്തന്നെ നിന്നുകൊണ്ടു് പടം എടുത്തുകൊള്ളുവാൻ അനുവാദം കൊടുക്കുകയും ചെയ്തു. അയാളുടെ അരയിൽ കെട്ടിയിരുന്ന ബെൽറ്റിൽ മൂന്നു് ചിഹ്നങ്ങൾ ഉണ്ടായിരുന്നു. അതു് ചൂണ്ടിക്കാണിച്ചുകൊണ്ടു് ജൂലിയാനോ പറഞ്ഞു. "ഈ നക്ഷത്രം ഭാഗ്യത്തേയും, സിംഹം ശക്തിയേയും, രാജാളി വേഗത്തേയുമാണു" സൂചിപ്പിക്കുന്നതു്."

ഇതിനുശേഷം മെൽദോലസി കൂടിക്കാഴ്ചയെപ്പറ്റിയുള്ള വിവരണവും. ജൂലിയാനോവിന്റെ ഫോട്ടോയുംകൂടി 'ഓജി'യിൽ പ്രസിദ്ധീകരിച്ചു. അതിന്റെ 12,00,000 പ്രതികൾ ഇറ്റലിയിൽത്തന്നെ വിറ്റഴിഞ്ഞു. ജനങ്ങൾ ജൂലിയാനോവിനെ കാണുവാൻ അത്യുത്സുകരായിരുന്നു.

ഒടുവിൽ ജൂലിയാനോവിനെ പോലീസിനു പിടികിട്ടി. അതു് ഒരു ചതിപ്രയോഗത്തിൽ കൂടിയായിരുന്നു. 'ഒരു കവർച്ചക്കാരന്റെ ജീവിതം' എന്ന പേരോടുകൂടിയ ഒരു ചലച്ചിത്രം നിർമ്മിക്കുണമെന്ന വ്യാജേന ഒരു പോലീസുകാരുടെ വേഷത്തിൽ കുറെ പോലീസുകാർ സിസിലിയിലെ മലഞ്ചെരുവുകളിൽച്ചുറ്റി നടന്നു. ജൂലിയാനോവിനെ കൂടി കിട്ടുവാൻ ആശിക്കുന്നതായി അവർ പലരോടും പറഞ്ഞു. പാവം! ജൂലിയാനോ. പ്രശസ്തിയാഗ്രഹിക്കുന്നതിനുള്ള ആവേശത്തിൽ അവർക്കു് സ്വയം വെളിപ്പെട്ടത്തി. നിഷ്ഫലമെന്നു വെടിയുണ്ടകൾ വർഷിച്ചു് അവർ അയാളെ മുതിർപ്പെടുത്തുകയും ചെയ്തു. ഏകദേശം എട്ടുവർഷങ്ങളായി ജൂലിയാനോവു് മൃതിയടഞ്ഞിട്ടു്. ഇന്നും പെരുകിടജൂലിയാനോവുകൾ സിസിലിയിൽ ധാരാളമുണ്ടു്.

അങ്ങകലെയായി ഞങ്ങൾ ഗസീരിയാ ദ്വീപസമൂഹത്തിന്റെ പ്രകാശം കണ്ടു. ആ മലമുകളിലെല്ലാം നക്ഷത്രങ്ങൾ തൂക്കിയിട്ടിരിക്കുന്നതുപോലെ അനവധി ആലക്തിക ദീപങ്ങൾ മിന്നി പ്രകാശിച്ചുകൊണ്ടിരുന്ന കാഴ്ച ഞാൻ ഡക്കിൽ കയറി നിന്നു നോക്കി രസിച്ചു. അവിടവിടെ കടൽ കരയിലുള്ള മുനമ്പുകളിൽ വിളക്കുമാടങ്ങളും കാണാമായിരുന്നു. കടലിടുക്കു കടക്കുവാനായി ധാരാളം കപ്പലുകൾ അവിടെ കാത്തുനിന്നിരുന്നു. ഇങ്ങനെ കപ്പലിൽ നിന്നും വിളക്കുമാടങ്ങളിൽ നിന്നും മലഞ്ചെരുവുകളിൽ നിന്നും പ്രകാശങ്ങൾ ഒന്നിച്ചു കാണുന്നതു കാഴ്ച ദൂരെ നിന്നു തന്നെ വളരെ മനോഹരമായി തോന്നി.

കടലിടുക്കിനു് എതിരെയായിട്ടാണു് മെസ്സിന തുറമുഖവും നഗരവും. അതും രാത്രിയിൽ വളരെ വമ്പോജ്ജ്വലമായി പ്രകാശിച്ചിരുന്നു.

നവംബർമാസം 3-ാം തീയതി അതിരാവിലെ ഞങ്ങൾ നേപ്പിൾസ് ഉൾക്കടലിൽ പ്രവേശിച്ചു. ഇടതുഭാഗത്തായി വിശ്വവിഖ്യാതമായ കാപ്രി ദ്വീപാണുള്ളതു്. കാപ്രി ദ്വീപിനു് 5 കി. ചതുരശ്ര മൈലെ വീസ്താരമുള്ളൂ. എന്നാൽ അവിടെ തടിച്ചുകൂടുന്ന കാഴ്ചക്കാരുടെ സംഖ്യ ശരാശരി ഒരു കൊല്ലത്തിൽ 75,000 ത്തിലധികം വരും. അവിടത്തെ ജനസംഖ്യ 10,000 ആണു്. മിക്കവരും മുക്കുവരുമാണു്. നേപ്പിൾസിൽനിന്നും ചെറുതരം വിനോദക്കപ്പലുകളിലാണു് കാപ്രിയിലേയ്ക്കു പോകുന്നതു്. നേപ്പിൾസിന്റെ തെക്കുപടിഞ്ഞാറായിക്കിടക്കുന്ന ഈ ദ്വീപിലേയ്ക്കു് കപ്പലിൽ ഒന്നര മണിക്കൂർ യാത്രചെയ്യേണ്ടിവരുമെന്നു് കപ്പിത്താൻ പറകയുണ്ടായി. കാപ്രിയിലാണു് ലോകപ്രസിദ്ധമായ നീല ഗ്രോട്ടോകൾ (നീലഗുഹകൾ)ഉള്ളതും.

അങ്ങകലെയായി പുതിയ പോംപൈ നഗരവും പാറക്കുന്നുകളും കാണാം. പഴയ പോംപൈ നഗരം പത്തൊൻപതു് നൂറ്റാണ്ടുകൾക്കു മുൻപു് വിസൂവിയസ്സ് അഗ്നിപർവ്വതം പൊട്ടിയൊഴുകി ലാവായുടെ അടിയിൽ പെട്ടു നശിച്ചുപോയി. പുരാതന പോംപൈ റോമിലെ ധനികരായ പ്രഭുക്കളുടെയും വ്യവസായ പ്രമാണികളുടെയും ഉദ്യോഗസ്ഥന്മാരുടെയും വിനോദത്തിനും വിശ്രമത്തിനുമായി ഉപയോഗിച്ചിരുന്ന സ്ഥലമായിരുന്നു. മനുഷ്യരുടെ ഭൂഗീയമായ പ്രവൃത്തികൾക്കു ദൈവം നൽകിയ ശിക്ഷയാണു് വെസൂവിയസ്സ് എന്നു് പറഞ്ഞുവരുന്നു. പഴയ പോംപൈ നഗരം 20 അടി കനത്തിൽ ലാവായിൽ ഇങ്ങനെ മുഴുകി നശിച്ചുപോയെങ്കിലും പിന്നീടു് ഖനനം ചെയ്തു് 1763-ാമാണ്ടിൽ നഗരത്തിന്റെ പല ഭാഗങ്ങളും കാണാറായി. പോംപൈയിലാണു് ലോകത്തിലെങ്ങും അറിയപ്പെടുന്ന 'ആംഫി തീയേറർ' ഉള്ളതു്. ഇതിനു് 460 അടി നീളവും 345 അടി വീതിയും 20,000 ആളു

ഒരു ശാസ്ത്രജ്ഞനെ പരിചയപ്പെടാം

ആർ. കെ. കുറുപ്പ് കഞ്ഞിപ്പാടം

സിനിമയിലെ പടങ്ങൾ ചലിക്കുന്നതെങ്ങനെയെന്ന മനസ്സിലായിരിക്കുമല്ലോ. തിരശ്ശീലയ്ക്കു പുറത്തുള്ള സ്ക്രീക്കറിന്റെ പ്രവർത്തനത്തെപ്പറ്റിയാണ് ഇനി അറിയേണ്ടതു്. അറിയാൻ ആഗ്രഹമില്ലാത്ത കുട്ടികൾക്കു് അല്പം കഷ്ടം തോന്നിക്കുന്ന ഒരു വിഷയവുമായിട്ടാണു ഞാൻ മുന്നോട്ടുവരുന്നതു്. കയ്പേറിയ മരുന്നു ശർക്കരയിൽ പൊതിഞ്ഞു കുഞ്ഞുങ്ങൾക്കു കൊടുക്കാറുണ്ടു്. എന്നാൽ ചില മരുന്നു ശർക്കരയുണ്ടെങ്കിലും കഷ്ടം. അത്തരത്തിലൊന്നാണു് ഇനി കഴിക്കാനുള്ളതു്. കഴിച്ചാൽ ദഹിക്കും. അല്പം കയ്പുണ്ടെങ്കിലെന്നു മാത്രം. ലളിതമായിപ്പോകുന്നെന്ന പരാതിയും ഇല്ലാതാകും. ശാസ്ത്രയുഗത്തിലാണു നാമിന്നു ജീവിക്കുന്നതു്. വിദ്യുച്ഛക്തിയുടെ ആഞ്ഞുപിടിത്തത്തോടുകൂടിയാണു് ശാസ്ത്രം ഇത്രമാത്രം അഭിവൃദ്ധിപ്രാപിച്ചിട്ടുള്ളതു്. സിനിമാ മെഷീൻ കറുങ്ങുന്നതും ഉച്ചഭാഷിണി പ്രവർത്തിക്കുന്നതും എല്ലാം വിദ്യുച്ഛക്തികൊണ്ടാണു്. നിങ്ങൾ വായിക്കുന്ന ഈ മാസിക അച്ചടിക്കുന്നതും വിദ്യുച്ഛക്തിയുപയോഗിച്ചു പ്രവർത്തിപ്പിക്കുന്ന യന്ത്രം കൊണ്ടാണു്. ആകയാൽ സൈറൺ, സ്ക്രീക്കർ, മുതലായ ഉപകരണങ്ങളെക്കുറിച്ചു് അറിയണമെങ്കിൽ വിദ്യുച്ഛക്തിയെപ്പറ്റിയുള്ള സാമാന്യജ്ഞാനമെങ്കിലുമുണ്ടാകണം.

വിദ്യുച്ഛക്തിയും കാന്തശക്തിയും പരസ്പരം ബന്ധപ്പെട്ടതാണു്. വൻപിച്ചതോതിൽ വിദ്യുച്ഛക്തിയുല്പാദിപ്പിക്കുന്നതു് കാന്തശക്തിയിൽ നിന്നാണു്. മൈക്കൽ ഫാരഡേ എന്ന മഹാനാണു് ഈ തത്വം കണ്ടുപിടിച്ചിട്ടുള്ളതു്. വിദ്യുച്ഛക്തിയെപ്പറ്റിപ്പറയുമ്പോൾ അദ്ദേഹത്തെക്കുറിച്ചു് അല്പം അറിഞ്ഞിരിക്കുന്നതു നന്നായിരിക്കും.

മൈക്കൽ ഫാരഡേ:

ഇദ്ദേഹം 1791-ൽ ലണ്ടനിൽ സറേ' എന്ന സ്ഥലത്താണു് ജനിച്ചതു്. അച്ഛൻ ഒരു കൊല്ലപ്പണിക്കനായിരുന്നു. ഈ വേലയിൽ നിന്നും ലഭിച്ചിരുന്ന തുച്ഛമായ ആദായം കൊണ്ടു് മകനെ പള്ളിക്കൂടത്തിൽ അയയ്ക്കാൻ കൂടി അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. ഫാരഡേ സ്വന്തം പരിശ്രമത്താൽ എഴുത്തും വായനയും പഠിച്ചു. ജീവിതമാർഗ്ഗം അന്വേഷിക്കേണ്ടിവന്ന ആ ബാലനു് 13-ാം മത്തെ വയസ്സിൽ ഒരു പുസ്തകക്കച്ചവടക്കാരന്റെ വേലക്കാരനായി ജോലികിട്ടി. ഏകദേശം ഒരു വർഷക്കാലം കൊണ്ടു് ഫാരഡേ പുസ്തകം ബയൻറു ചെയ്യാൻ പഠിച്ചു. ബയൻറു ചെയ്യാൻ കിട്ടുന്ന പുസ്തകങ്ങൾ മിക്കതും അദ്ദേഹം വായിക്കുകയും അതിൽ നിന്നും നോട്ടുകുറിച്ചെടുത്തു ബയൻറു ചെയ്തു സൂക്ഷിക്കയും ചെയ്തിരുന്നു. ബാല്യത്തിൽ ബയൻറു ചെയ്തു സൂക്ഷിച്ചിരുന്ന ഈ നോട്ടു ബുക്കുകൾ ലണ്ടനിലെ റോയൽ ഇൻസ്റ്റിട്ട്യൂട്ടിൽ ഇന്നും സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്. ഇക്കൂട്ടത്തിൽ ശാസ്ത്രസംബന്ധങ്ങളായ പുസ്തകങ്ങൾ അദ്ദേഹം അധികം താല്പര്യത്തോടെ വായിക്കയും പഠിക്കയും ചെയ്തിരുന്നു. ഇതിനിടയിൽ ശാസ്ത്രപണ്ഡിതന്മാരുടെ പ്രസംഗങ്ങൾ കേൾക്കാനും നോട്ടുകുറിച്ചെടുത്തു ശ്രദ്ധയോടെ പഠിക്കാനും അദ്ദേഹം ജാഗ്രത കാണിച്ചു. കൂടാതെ, വിശ്രമം ലഭിക്കുമ്പോഴെല്ലാം ശാസ്ത്രീയമായ ചില്ലറ പരീക്ഷണങ്ങൾ നടത്തുകയും അദ്ദേഹത്തിന്റെ ഒരു പതിവായിരുന്നു.

സർ ഹംഫ്റീഡേവിയുമായുള്ള സമ്പർക്കം.

ഇങ്ങനെയിരിക്കെ ഒരിക്കൽ പുസ്തകം ബയൻറുചെയ്യിക്കാൻവന്ന ഒരാൾ ഈ ബാലന്റെ ശാസ്ത്രസംബന്ധമായ വാസനകണ്ടു അദ്ദേഹത്തെ സർ ഹംഫ്റീഡേവിഎന്ന ശാസ്ത്രജ്ഞന്റെ പ്രസംഗങ്ങൾ കേൾക്കാൻ കൂട്ടിക്കൊണ്ടുപോയി. ഈ പ്രസംഗങ്ങളെല്ലാം ഫാരഡേ വളരെ ശ്രദ്ധയോടെ കുറിച്ചെടുത്തു. കുറിപ്പുകളെല്ലാം ഭംഗിയായി പകർത്തി ശാസ്ത്രവിഷയങ്ങളിൽ തനിക്കുള്ള അഭിനിവേശം തെളിയിക്കുന്ന ഒരു കുറിപ്പും ചേർത്തു്, അദ്ദേഹത്തിനയച്ചുകൊടുത്തു. ഇതു കണ്ടു സന്തുഷ്ടനായ ഡേവി ഫാരഡേയ്ക്കു് ശാസ്ത്രീയരാജകീയ സ്ഥാപനത്തിൽ ഒരു ജോലികൊടുത്തു.

ഇപ്രകാരം ഇരുപത്തിയൊന്നാമത്തെ വയസ്സിൽ ഫാരഡേ ഹംഫ്റീഡേവിയുടെ പരീക്ഷണശാലയിൽ ഒരുദ്യോഗസ്ഥനായിത്തീർന്നു. 1813-ൽ ആ ഗവേഷണശാലയിൽ തന്നെ ഒരു ഉയർന്ന ഉദ്യോഗത്തിൽ അദ്ദേഹം നിയമിതനായി. ഇവിടെ വച്ചു ചെയ്ത നിരന്തരപരിശ്രമഫലമാണു്. ഫാരഡേയുടെ പുതിയ കണ്ടുപിടുത്തം- കാന്തികശക്തിയിൽ നിന്നും വിദ്യുച്ഛക്തിയുല്പാദിപ്പിക്കാമെന്നുള്ള ആ മഹത്തായ ശാസ്ത്രതത്വം. ഇന്നത്തെ ഉയർന്തോതിലുള്ള വിദ്യുച്ഛക്തിയുല്പാദനംഈ തത്വത്തിൽ അധിഷ്ഠിതമായിട്ടുള്ളതാണു്. ഇതിനു് കാന്തിക നിർവേശനംകൊണ്ടുള്ള വിദ്യുച്ഛക്തി എന്നു പറയുന്നു.

യൂറോപ്പു പര്യടനം.

റോയൽ ഇൻസ്റ്റിട്ട്യൂട്ടിൽ ജോലിയിലിരുന്നകാലത്തു് സർ ഹംഫ്റീഡേവി ഒരു യൂറോപ്പു പര്യടനം നടത്തി. അക്കൂട്ടത്തിൽ സഹപ്രവർത്തകനായിരുന്ന ഫാരഡേയെക്കൂടെ ഡേവി കൊണ്ടുപോയിരുന്നു. ഈ യാത്രയ്ക്കിടയിൽ ഫാരഡേയ്ക്കു് അന്നത്തെ ശാസ്ത്രജ്ഞലോകവുമായി ഉറ്റ സമ്പർക്കം പുലർത്താൻ സാധിച്ചു. ഈ അവസരത്തിലാണു് ഇറ്റലിയിലെ ഏറ്റവും പ്രഗൽഭനായിരുന്ന അലസ്സാന്ദ്രോ വോൾട്ടായെ പരിചയപ്പെടാൻ ഇടയായതു്. ഇദ്ദേഹമാണു് 1799-ൽ ബാറ്ററികണ്ടുപിടിച്ചതു്. വിദ്യുച്ഛക്തിസംബന്ധമായി കൂടുതൽ അറിവു ലഭിക്കാൻ ഈ കൂടിക്കാഴ്ച ഉപയോഗപ്രദമായിരുന്നു. വോൾട്ടായിൽ നിന്നും ഫാരഡേയ്ക്കു ലഭിച്ച അറിവു് അദ്ദേഹത്തിനു പിൽക്കാലത്തു് വളരെ സഹായകമായിത്തീർന്നിരുന്നു. ഈ യാത്രയ്ക്കിടയിൽ തന്നെയാണു് അദ്ദേഹംഫ്രഞ്ചു ശാസ്ത്രജ്ഞനായ ആംപിയറുമായി കണ്ടുമുട്ടിയതും. അയൊഡിൻ എന്ന

കൾക്കു് ഇരിക്കാനുള്ള സൗകര്യവും ഉണ്ടു്.

ഞങ്ങളുടെ കപ്പൽ നേപ്പിൾസിൽ വന്നു നങ്കൂരമിട്ടു.

(തുടരും)

ഒന്നാം സമ്മാനം

1958 ഡിസംബർ ലക്കം മാസികയിൽ ഒന്നാം സമ്മാനത്തിനർഹമായ സംഭാവനകൾ

1 ഹൗസ് സിസ്റ്റം – മേരി അന്ത്രപ്പേർ

2 ഗായകൻ – എബ്രാഹം ചിറക്കടവു്

അടുത്തുവരുന്നവ

1 ഞാനൊരാണായിരുന്നെങ്കിൽ – മേഴ്സി ജോസഫ് ചാഴിക്കാട്ടു്

2 വാപ്പാടെ ഭാഗ്യമുള്ളമോൻ കുഞ്ഞുറോസി

3 വിദ്യാഭ്യാസത്തിൽ സിനിമാസ്സിനുള്ള സ്ഥാനം സി.ഡി.ലിപോത്തൻ

4 വിജയനു പറ്റിയ അമളി രാധാമണിയമ്മ എന്നു്

ജഡ്ജ്മെന്റു്

രണ്ടാംവയസ്സിലേയ്ക്ക്

കെ. സി. ജോസഫ് കൊച്ചുപുരയ്ക്കൽ 761



ബല്ലൂണിപ്പം പൊട്ടുമേ

അന്നത്തെ നവീനൗഷധം കണ്ടുപിടിച്ച ആളാണ് ആംപിയർ. വോൾട്ടോയും ആംപിയറും മറ്റും ഇനിയും നമുക്കു പരിചയപ്പെടേണ്ടവരായതുകൊണ്ടാണ് ഇവരെ എടുത്തുപറയാൻ ഇടയായതു്. മറ്റനവധി ശാസ്ത്രജ്ഞന്മാരുമായി ഫാരഡേ ഈ യാത്രയിൽ വിജ്ഞാനങ്ങൾ കൈമാറിയിട്ടുണ്ട്. 1815-ൽ യൂറോപ്പു പര്യടനം കഴിഞ്ഞു് അദ്ദേഹം ഇംഗ്ലണ്ടിൽ തിരിച്ചെത്തി. പഴയപടി റോയൽ ഇൻസ്റ്റിട്യൂട്ടിൽ പരീക്ഷണ നിരീക്ഷണങ്ങളുമായി കഴിഞ്ഞുകൂടി. 1820- മുതൽ ചെയ്ത പ്രസംഗപരമ്പരകൾ വിശ്വശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയെ ആകർഷിക്കത്തക്കവയായിരുന്നു. അങ്ങനെ 1824-ൽ റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയിലെ മെംബറായതോടെ 33-ാ മത്തെ വയസ്സിൽ ഫാരഡേ ഇംഗ്ലണ്ടിലെ ഏറ്റവും ഉയർന്ന ഒരു ശാസ്ത്രജ്ഞനായിത്തീർന്നു.

കാന്തികനിവേശനതത്വം.


കാന്തികമണ്ഡലത്തിൽ ചലിപ്പിക്കുന്ന ഒരു കമ്പിയിൽ വിദ്യുച്ഛക്തിയുണ്ടാകുമെന്നാണ് ഈ തത്വത്തിന്റെ സാരം. 1831-ലാണ് അദ്ദേഹം ഈ തത്വമുപയോഗിച്ചു വിദ്യുച്ഛക്തിയുല്പാദിപ്പിച്ചതു്. വിദ്യുച്ഛക്തിയ്ക്ക് കാന്തശക്തിയുണ്ടാക്കാൻ കഴിവുണ്ടെന്നു് അദ്ദേഹത്തെ മനസ്സിലാക്കിയതു് ഓഴ്സ്റ്റഡ് എന്ന ഡച്ചു ശാസ്ത്രജ്ഞനാണു്. വിദ്യുച്ഛക്തിക്ക് കാന്തശക്തിയുണ്ടാക്കാൻ കഴിവുണ്ടെങ്കിൽ കാന്തശക്തിയ്ക്ക് വിദ്യുച്ഛക്തിയുണ്ടാക്കാനും കഴിവുണ്ടാകണമെന്നു അദ്ദേഹം തീർച്ചപ്പെടുത്തി. ഈ അഭ്യൂഹത്തെത്തുടർന്നുണ്ടായ നിരന്തരപരിശ്രമഫലമായിട്ടാണ് അദ്ദേഹത്തിനു് ഈ തത്വം കണ്ടുപിടിക്കാൻ സാധിച്ചതു്. അദ്ദേഹം കണ്ടുപിടിച്ചതു് ഒരത്യത്ഭുതമായ നൂതനശക്തി തന്നെയാണു്. അതിനാൽ ആ ശക്തിയുണ്ടാക്കുന്ന യന്ത്രത്തിനു് 'ശക്തി' എന്നർത്ഥമുള്ള ഗ്രീക്കുപദമായ ഡയനാമോ, എന്നു പേർകൊടുത്തു. ഈ യന്ത്രമാണ് ഇന്നു നമുക്കു വിദ്യുച്ഛക്തി നൽകുന്നതു്! ഡയനാമോ എങ്ങിനെ വിദ്യുച്ഛക്തിനൽകുന്നു, സ്റ്റിക്കർ എങ്ങിനെപ്രവർത്തിക്കുന്നു എന്നു് അടുത്തലക്കത്തിൽ പ്രതിപാദിക്കാം. ഈ വൻപിച്ച ശക്തി നമുക്കു പ്രദാനം ചെയ്ത മഹാനായ ആ മനുഷ്യസ്നേഹി 1867-ൽ 76-ാ മത്തെവയസ്സിൽ കാലഗതിപ്രാപിച്ചെങ്കിലും വിദ്യുച്ഛക്തിയുള്ളിടത്തോളം കാലം അദ്ദേഹത്തിന്റെനാമം സ്മരിക്കപ്പെടും.

ഞങ്ങളുടെ പൊൻകിനാക്കളുടെ സാക്ഷാൽക്കാരമായ മാസികാവല്ലരി, പൂർവ്വാധികം ചാരിതാർത്ഥ്യത്തോടെ വീണ്ടുമൊരു പുതുവർഷത്തെ സ്വാഗതം ചെയ്യുകയാണു്; തികഞ്ഞ സന്തോഷത്തോടും, നിറഞ്ഞ ആഹ്ലാദത്തോടുംകൂടി. മധുരിയ്ക്കുന്ന സ്മരണകളുടെ കലവറയായിരുന്ന അതിന്റെ ഓരോ ലക്കവും. അതു കേരളത്തിലങ്ങോളമിങ്ങോളമുള്ള കുരുന്നു ഹൃദയങ്ങളിൽ, മോഹന പ്രതീക്ഷകളുടെ മായാത്ത മുദ്ര പതിച്ചിട്ടുണ്ട്. ബാലസഖ്യത്തിന്റെ വസന്തകാലത്തേയാണു് അതു് വിളിച്ചറിയിച്ചതു്.

അതിലെ ഓരോ സാഹിത്യ വിഭവവും പുതുമയേറിയതും, വളരെ മനോഹരവുമായിരുന്നു. മധുരിക്കുന്ന ചെറുകഥകളും, പൊട്ടിച്ചിരിപ്പിയ്ക്കുന്ന ഫലിതങ്ങളും, വിനോദഭാവനകളും, ഈടുറ്റ ലേഖനങ്ങളും, ആദർശപുരുഷന്മാരുടെ ജീവചരിത്രങ്ങളും, പുഞ്ചിരിക്കുന്ന കവിതകളും, കോരിത്തരിപ്പിയ്ക്കുന്ന ചിത്രങ്ങളുംകൊണ്ടു് അതു് ഒന്നിനൊന്നിനു് മനോഹരമായിരുന്നു. കൊച്ചേട്ടൻ, തങ്കമ്മച്ചേച്ചി, അമ്മാവൻ എന്നീ തൃമൂർത്തികളുടെ മേൽനോട്ടത്തിൽ കൊച്ചു കൊച്ചു കലാകാരന്മാർ ഉയരുകയായിരുന്നു.

ബാലജനങ്ങളുടെ കലാപരമായ കഴിവുകളെ അങ്ങേയറ്റം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, ദീപികാമാതാവിന്റെ സ്നേഹസ്വരൂപമായ തലോടലേറ്റു് ഉത്തരോത്തരം വളർന്നുവരുന്ന "കുട്ടികളുടെ ദീപിക"യ്ക്ക് കേരളത്തിലെ വിദ്യാർത്ഥിലോകം അസൂയാർഹമായ പ്രോത്സാഹനമാണു് നൽകിയതു്. കാരണം അതവരുടെ പ്രിയംകരമായ മാസികയായിരുന്നു. അക്ഷരത്തെറ്റുള്ളതും, അക്ഷരവടിവില്ലാത്തതുമായ ഞങ്ങളുടെ സാഹിത്യപരിശ്രമങ്ങൾക്കു് ഭാവവും, രൂപവും നൽകി സാഹിത്യവേദിയിലേയ്ക്കു് കൈകൊട്ടിയുയർത്തുകയാണു് ഇന്നു് ദീപികാധികൃതർ ചെയ്യുന്നതു്. തൻമൂലം എത്രയെത്ര പേരാണു് സംസ്കാരപുഷ്കലമായ സാഹിത്യത്തിന്റെ സീമയിലേയ്ക്കു് പ്രവേശിച്ചിരിക്കുന്നതു്. അങ്ങനെ, വിടരാൻവെമ്പുന്ന പൂമൊട്ടുകളുടെ അരങ്ങേറ്റം ദർശിക്കുവാൻ ഒരു പ്രത്യേക ചേലുണ്ടായിരുന്നു.

വളരുന്ന തലമുറയിൽ ഒളിഞ്ഞുകിടക്കുന്ന സുന്ദരഭാവനകളെ തട്ടിയുണർത്തി, അവയ്ക്കു് വെളിച്ചം നൽകുന്ന കേരളത്തിലെ ഏക പ്രസിദ്ധീകരണമെന്നനിലയിൽ "കുട്ടികളുടെ ദീപിക"യ്ക്കു് തികച്ചും ആത്മവിശ്വാസത്തോടെ അഭിമാനിയ്ക്കുവാനുള്ള വകയുണ്ട്. ആയിരമായിരം ബാലഹൃദയങ്ങളിൽ സ്നേഹത്തിന്റെ കൈത്തിരി കൊളുത്തിയ പൂജാരി കൊച്ചേട്ടൻ ഇത്തരുണത്തിൽ സുസ്മരണീയനാണു്. പുതുവർഷത്തിന്റെ എല്ലാവിധ മംഗളങ്ങളോടുംകൂടി അല്പയോ മാസികാസൂനമേ നീ വിടർന്നു വികസിച്ചാലും.



ജോളി ജോസഫ്
പൗളി ജോസഫ്
(തുരുത്തിയിൽ)

ചെറുകഥ

കണ്ണുകൾ നിറഞ്ഞു

വി.ജി.മാത്യു വൈക്കം

—467—



നിരവധി ബസ്സുകൾ ദിവസേന വന്നും പോയുമിരിക്കുന്ന ഒരു സ്റ്റാൻറാണതു്. അവിടെയുള്ള കൂലിപ്പണിക്കാരുടെയൂണിയനിൽ പപ്പുവും ഒരംഗമാണു്. പപ്പു ആ ബസ്സ്റ്റാൻറിൽ വന്നിട്ടു് കുറച്ചു് നാളുകളേ ആയിട്ടുള്ളൂ. മറ്റുള്ളവരെപ്പോലെതന്നെ അവൻറെ പൂർവ്വചരിത്രവും ചോദിച്ചാൽ അതിനുത്തരമില്ല. എല്ലാക്കവലകളും ബസ്സ്റ്റാൻറുകളും അവൻറെ വീടായിരുന്നിട്ടുണ്ടു്. ബസ്സുകൾ വരുമ്പോൾ അവനും പാഞ്ഞോടാറുണ്ടു് മറ്റുള്ളവരെപ്പോലെ മുകളിൽ കയറി സാമാനങ്ങളെടുക്കുവാൻ. പക്ഷെ പലപ്പോഴും പരാജയമാണനുഭവം. കാരണം അവനേക്കാൾ കരുത്തും ബസ്സുനില്ക്കുന്നതിനുമുൻപു് ചാടി മുകളിൽ കയറാൻ പരിചയവുമുള്ളവർ ധാരാളമുണ്ടവിടെ. അങ്ങനെ ഹോട്ടലിൻറെ പിന്നിലുള്ള എച്ചിൽത്തൊട്ടിയുടെ സഹായം കൊണ്ടു് അരപ്പട്ടിണിയിലും മുഴപ്പട്ടിണിയിലുമായി പപ്പു ദിവസങ്ങൾ തള്ളിനീക്കും.

അന്നും പതിവുപോലെ ബസ്സു വന്നു നില്ക്കുന്നതിനു് അര ഫർലോംഗ് അപ്പുറത്തു വച്ചുതന്നെ ഇരുവശവും തോരണങ്ങൾ തൂക്കിയിട്ടമാതിരി കൂലിപ്പണിക്കാർ തൂങ്ങിക്കിടപ്പുണ്ടായിരുന്നു. ബസ്സു് വന്നുനിന്നപ്പോൾ ഇരുവശവും തൂങ്ങിക്കിടന്നവർ മുകളിലെത്തിക്കഴിഞ്ഞു. ബസ്സ്റ്റാൻറിൽ നിന്ന മറ്റുള്ളവരോടൊപ്പം പപ്പുവും ബസ്സു് നിന്നിടത്തേയ്ക്കു് ഓടി. എല്ലാവരും മുകളിൽ ചാടിക്കയറിക്കഴിഞ്ഞിരുന്നു. ആ വശ്യത്തിലധികം ആളുകൾ മുകളിലുള്ളപ്പോൾ താൻകൂടെ മുകളിൽ കയറിയാൽ രക്ഷയില്ലെന്നു് മനസ്സിലാക്കിയ പപ്പു ബസ്സിനകത്തേയ്ക്കു പാഞ്ഞു. മുകളിലാണെങ്കിൽ കുറേ ചാക്കുകളും വാഴക്കുലകളുംകൊണ്ടു് നിറഞ്ഞിരിക്കുന്നു. ബസ്സിനകത്തു് ഒരു പെട്ടിഇരിക്കുന്നു. പപ്പു അതു് സീററിൻറെ അടിയിൽനിന്നും വലിച്ചിറക്കി. "എടോപയ്യൻ, പെട്ടിവലിക്കാതെ മാറിനില്ലു" ഗൗരവത്തോടുകൂടി ഒരു മീശക്കാരൻ പെട്ടിയുടെ ഉടമസ്ഥാവകാശം വെളിപ്പെടുത്തി.

"സാർ, പെട്ടി ഞാനെടുത്തോളാം" പപ്പുഅതു തലയിലേററാനുള്ള ഭാവമായി. മുകളിൽ കയറിയിട്ടും നിരാശരായ അഞ്ചാറുപേരുണ്ടായിരുന്നു. പപ്പു താഴെ പെട്ടിയുടെ അടുത്തു നിൽക്കുന്നതു് അവർ കണ്ടു. ഒറച്ചാട്ടം. അവരെല്ലാംതാഴെ വന്നു കഴിഞ്ഞു. "സാർ ഞാൻ" "സാർ ഞാൻ" എല്ലാവരും കൂടെ പെട്ടിയിൽ കയറിപ്പിടിച്ചു.

"ഞാനാണുസാർ ആദ്യം വന്നതു്. നിങ്ങൾ മാറിനില്ലു". പപ്പു മറുള്ളവരോടു് പറഞ്ഞു. പക്ഷെ അവരാരും അതു് ചെവിക്കൊണ്ടില്ല. "എല്ലാവരും മാറി നില്ലു" ഉടമസ്ഥൻ ആജ്ഞാപിച്ചു. എല്ലാവരും മാറി. എങ്കിലും "ഞാൻ സാർ" "ഞാൻ" എന്നുള്ളവിളികൾ ഉയർന്നുകൊണ്ടേയിരുന്നു. "ഇവിടെനിന്നു ഒരു മൈൽ പോകുന്നതിനെത്രതരണം?" ഉടമസ്ഥൻ ആരാഞ്ഞു. "എട്ടണസാർ" ഒരുവൻ പറഞ്ഞു. "ഏഴണസ്സുവരാം സാർ" വേറൊരുവൻ. "ആറണതന്നാമതി സാറെ" മൂന്നാമതൊരുവൻ. "ഞാനല്ലെസാറേആദ്യം വന്നതു്. ആറണഎനിക്കു തന്നേരുസാറെ" പപ്പുവിൻറെ സ്വരമായിരുന്നു അതു്. അതിൽ യാചനയുടേയും ദയനീയതയുടേയും ഛവി കലർന്നിരുന്നു. യാതൊരു ഐകമത്യവുമില്ലാത്ത ആ തെണ്ടിപ്പിള്ളേരെ കുറഞ്ഞ കൂലികൊണ്ടു് സമ്മതിപ്പിക്കാമെന്നു് ആ മീശക്കാരൻ മനസ്സിലാക്കി.

"മൂന്നണ തരാം" അയാൾ പറഞ്ഞു. അവരെല്ലാം മടിച്ചു. "സാർ നാലണ" വയററിൽക്കിടന്നു കാളുന്ന അഗ്നി പപ്പുവിനെ അതിനുപ്രേരിപ്പിച്ചു. കുറച്ചാലോചിച്ചശേഷം ഉടമസ്ഥൻ പറഞ്ഞു "മൂന്നര അണ തരാം. മനസ്സുണ്ടെങ്കിൽ വന്നാൽമതി" പപ്പുകുറച്ചുനേരം ആലോചിച്ചു നിന്നു. അവൻ സമ്മതിച്ചു. "പപ്പൂ, നീ പെട്ടിയെടുക്കരുതു" മറുള്ളവർ അവനെ വിലക്കി. പക്ഷെ വിശപ്പു്! ഒരു മൈലും, രണ്ടു ഫർലോംഗും നടന്നാണു് ഉടമസ്ഥൻറെ വീട്ടിലെത്തിയതു്.

"ഇന്നാ കൂലി" മൂന്നര അണ അയാൾ പപ്പുവിനു് വച്ചു നീട്ടി. "സാർ അരയണ കൂടി." വിയത്തൊലിച്ച പപ്പുവിനെ കണ്ടപ്പോൾ അയാൾക്കു ദയതോന്നി. അയാൾ അരയണ കൂടിക്കൊടുത്തു. അങ്ങനെ നാലണ.

പപ്പു ദീർഘമായി ഒന്നു നിശ്വസിച്ചു. പട്ടണത്തിലേയ്ക്കു പോകുന്ന വഴിഅവൻ തീരുമാനിച്ചു, നാളെ ഈ പണംകൊടുത്തു് ഹോട്ടലിൽ നിന്നു് ചോറു വാങ്ങി ഉണ്ണണം. ഇത്രയുംനാൾ എച്ചിൽ തൊട്ടിയുടെ അടുത്തു് നിൽക്കുമ്പോൾ ഹോട്ടലിൽ നിന്നുവരുന്ന വെണ്മലർന്ന ചോറിൻറേയും സാമ്പാറിൻറേയും മണം അവനാവോളം ആസ്വദിച്ചു് വെള്ളമിറക്കിയിട്ടുണ്ടു്. എന്നാൽനാളെ അവനതു് അനുഭവിക്കുവാൻ പോകുകയാണു്. അതോർത്തപ്പോൾ പപ്പുവിൻറെ വായിൽവെള്ളം നിറഞ്ഞു.

പക്ഷെ അന്നവൻറെ കൂട്ടുകാർ ഒരൊറ്റ എച്ചിലിലപോലും അവനു കൊടുത്തില്ല. അവർ അവനോടൊന്നും മിണ്ടിയില്ല. പപ്പുവിൻറെ മുണ്ടിൻറെ മടിയിൽ ഒരുനാണയം തെറുത്തു വച്ചിരിക്കുന്നതു് അവർ കണ്ടു. കുറച്ചു പച്ചവെള്ളവും കുടിച്ചു് പപ്പു പതിവുള്ള സ്ഥാനത്തു് പോയിക്കിടന്നു. അവൻ മടിയിൽ തപ്പിനോക്കി. അതവിടെയുണ്ടു് അവനു സമാധാനമായി. പതിവില്ലാതെ രണ്ടുപേർ അവൻറെ അല്പം ദൂരെ വന്നുകിടന്നു. പപ്പു അതു ശ്രദ്ധിച്ചില്ല. അവൻഉറങ്ങി. രാത്രിയുടെ നീണ്ടയാമങ്ങൾ അതിവേഗം കടന്നുപോയി.

നേരം വെളുത്തു. പപ്പു ഉണർന്നുനോക്കി. അവൻറെ കൂട്ടുകാർ നേരത്തെപോയിരുന്നു. അവൻ മടിയിൽ തപ്പിനോക്കി. അതവിടെയില്ല. ആനാലണ; കിടന്നസ്ഥലമാകെ പരിശോധിച്ചു. കണ്ടില്ല. അവൻറെ കൂട്ടുകാർ തലേദിവസം പറഞ്ഞവാ



അദ്ധ്യായം 20–21

കുഴിയാന

പ്രൊഫസറും ദിലീപും ലതയുടെ ശബ്ദം കേട്ടപ്പോൾ ഞെട്ടിയുണർന്നു... ലതയെ ജീവനോടെ കണ്ടപ്പോൾ ദിലീപു സന്തോഷംകൊണ്ടു് നൃത്തംവെച്ചു. സന്ധ്യാസമയത്തിലെ ഇളം വെളിച്ചത്തിൽ അവൾ ഒരു കൊച്ചു ദേവകന്യകപോലെ നിന്നു.

"സന്ധ്യാസമയത്തു് ആകാശത്തുനിന്നും ഇറങ്ങിവന്ന ഒരു ദേവദൂതിപോലെയാണു നിയിപ്പോൾ." ദിലീപു് പ്രശംസിച്ചു.

"ശരിതന്നെ" പ്രൊഫസർ തല കുലുക്കി. ഏതെങ്കിലും ഒരു പത്രലേഖകൻ ഇവിടെയുണ്ടായിരുന്നെങ്കിൽ, പവയി തടാകത്തീരത്തിനടുത്തു ഒരു ഗന്ധർവ്വ കന്യകയെ കണ്ടെന്നു അയാൾ എഴുതുമായിരുന്നു.

ലത കുലുങ്ങിക്കുലുങ്ങി ചിരിച്ചു. അതിനിടയ്ക്കു് അവൾ പറഞ്ഞു.

"നിങ്ങളെന്നെ കളിയാക്കുന്നുണ്ടല്ലൊ. എന്തൊരു വിശപ്പാണെനിക്കു്. അതിനു വല്ലതും തിന്നാൻ തരോ?"

"നിനക്കു എന്തു വേണം തിന്നാൻ?"

"എന്തെങ്കിലും."

"ലഡ്ഡു മതിയോ, ലഡ്ഡു"

"ലഡ്ഡു. ചേട്ടൻ പിന്നെം കളിയാക്കാണോ?"

"അല്ലേയല്ല. നിന്റെ വയറുനിറച്ചു ഞാൻ ലഡ്ഡു തരാം. നിനക്കു എത്തു വേണം?"

"എനിക്കു ഒരു നൂറു ലഡ്ഡുവേണം. അതുമുഴുവൻ ഞാനിപ്പോ തിന്നും!" അവൾ ഒറ്റശ്വാസത്തിൽ പറഞ്ഞു.

പ്രൊഫസർ ചിരിച്ചു. "വിശന്നിരിക്കുമ്പോൾ എത്രയും തിന്നാമെന്നു പറയും. വിശപ്പു തീർന്നാൽ. . ."

അവൾ മതിയാവോളം ലഡ്ഡുതിന്നു. അതിനിടയ്ക്കു പ്രൊഫസർ ചോദിച്ചു.

"നീ എങ്ങിനെ അതിൽ പെട്ടു."

"ഞാനൊരു കുറിക്കാട്ടിൽക്കയറി." ലത പറഞ്ഞു തുടങ്ങി. "അവിടെ പൂക്കൾ തലയാട്ടി നിന്നിരുന്നു. നല്ല വാസനയുണ്ടു്. തേനും കണ്ടു. എനിക്കു വിശന്നു. ഞാനതിൽ കയറി. ആ സമയത്തു പൂവു് സാവധാനം കൂമ്പിപ്പോയി. ഞാൻ ഉറക്കെ കരഞ്ഞു. പുറത്തുവരാൻ ശ്രമിച്ചു. സാധിച്ചില്ല. ഞാനങ്ങിനെ ക്ഷീണംകൊണ്ടു് ഉറങ്ങിപ്പോയി. ഞാനുണർന്നപ്പോൾ പൂ വിരിഞ്ഞു കഴിഞ്ഞിരുന്നു."

ദിലീപു അവളെ ശാസിച്ചു. "നീ ഇനി ഒറ്റയ്ക്കു ഒരു സ്ഥലത്തും പോകയില്ലെന്നു ഇപ്പോ വാക്കു തരണം."

വിശേഷസംഭവങ്ങളൊന്നുമില്ലാതെ അടുത്ത ദിവസം കഴിഞ്ഞു കൂടി. അവർ ഒരു മൈതാനത്തിൽക്കൂടി സാവധാനം നീങ്ങുകയായിരുന്നു. ഉത്സാഹത്തോടെ കുട്ടികൾ മുമ്പേ ഓടുന്നുണ്ടു്.

കബീർ പാപ്പൻ ഉറക്കെ വിളിച്ചു പറഞ്ഞു. "ഒറ്റയ്ക്കു ഓടിപ്പോകരുതു്."

പക്ഷെ അതാരുകേൾക്കാനാണു്. ആരാണതു് അനുസരിക്കുന്നതു്. പലകുട്ടികളുടേയും പതിവാണിതു്. ആദ്യം മുതിർന്നവരുടെ വാക്കു് അനുസരിക്കുകയില്ല. അവർ ആപത്തിൽ അകപ്പെട്ടുകയും ചെയ്യും. "മുതിർന്നവർ വാക്കും മുതുനെല്ലിക്കയും" എന്നു പറയാറില്ലെ? ആ, അതുപോലെ. ഇപ്പോഴും അതുതന്നെ സംഭവിച്ചു. മുമ്പിൽ കണ്ട ഒരു ചെറിയ കുന്നിൽ കയറി അവർ താഴോട്ടിറങ്ങി, അദൃശ്യരായി. പ്രൊഫസർ അവരെ ഉറക്കെ വിളിച്ചുകൊണ്ടിരുന്നു. അവർ മറുപടി കൊടുത്തില്ല. എന്തെങ്കിലും ആപത്തുണ്ടാവുമെന്നു കരുതി പ്രൊഫസർ അവരുടെ പിന്നാലെ പാഞ്ഞു. കുന്നിന്റെ നെറുകയിൽ പ്രൊഫസറെ കണ്ടപ്പോൾ ലത ഉറക്കെ വിളിച്ചു പറഞ്ഞു.

"പാപ്പാ! പാപ്പാ! ഓടിവരൂ! ഓടിവാ! ചേട്ടനെ ആരോ പിടിക്കുന്നു! ഓടിവാ! വേഗംവാ"

ശക്തി മുഴുവനും ഉപയോഗിച്ചു് പ്രൊഫസർ ഓടി. അയാൾ ഒരു ഉയർന്ന സ്ഥലത്തുനിന്നു നോക്കി. ഒരു കുഴിയിൽ ശരീരത്തിന്റെ പകുതി ഭാഗം മറച്ചുവെച്ചു് ഒരു ജീവി ദിലീപിനെ ആക്രമിച്ചു കഴിഞ്ഞിട്ടുണ്ടു്. കുഴിയുടെ വക്കിൽ തന്നെ ദിലീപു വീണു കിടന്നിരുന്നു. ആ ഭയങ്കര ജീവി, കല്ലും, മണ്ണും, പൊടിയും ഇടവിടാതെ ദിലീപിന്റെ നേർക്കു എറിയുന്നുണ്ടു്. അവൻ താഴെ വീണു കഴിഞ്ഞു. താമസമില്ല; ഇനി ആ രാക്ഷസൻ അവനെ അപ്പടി വിഴുങ്ങിക്കൊള്ളും.

ആ രംഗം കണ്ടപ്പോൾ പ്രൊഫസർ പരിഭ്രമിച്ചു. ജീവൻ പണയപ്പെടുത്തിയും ദിലീപിന്റെ ജീവൻ രക്ഷിക്കണം. കല്ലും മണ്ണും ഇപ്പോഴും തുടർച്ചയായി വീഴുന്നുണ്ടു്. അവൻ ഇപ്പോഴും ക്ഷീണാവസ്ഥയിലാണു്. ധാരാളം മുറിവേറ്റിട്ടുണ്ടു്. ആ ജന്തുവിന്റെ തലയിലുള്ള, നീണ്ടു കൊടിൽ പോലുള്ള രണ്ടു കൊമ്പുകൾ നിട്ടിപ്പിടിച്ചു അതു മുന്നോട്ടാഞ്ഞു. തീർച്ചതന്നെ; അടുത്തനിമിഷത്തിൽ കുഴിയിൽ ദിലീപു അകപ്പെട്ടും. രാക്ഷസൻ അവനെ പിടിച്ചു . . .

പ്രൊഫസർ വേഗം തന്നെ താഴോട്ടു ചാടിയിറങ്ങി, ഓടിച്ചെന്നു ദിലീപു

ചകം അവനോടുത്തു. "പപ്പു നീ നോക്കിക്കോ" പപ്പുവിന്റെ കണ്ണുകളിൽ നിന്നും രണ്ടരുവികൾ പുറപ്പെട്ടു് ആ ഒട്ടിയ വയറിന്റെ മുകളിലൂടെ ഒഴുകി. അവന്റെ വയറു് നിറഞ്ഞില്ല. പകരം കണ്ണുകളാണു നിറഞ്ഞതു്.

ന്റെ കൈയ്യിൽ പിടിച്ചു. ദിലീപു ബോധം കെട്ട കിടക്കയാണെന്നു അയാൾക്കു ക്ഷണത്തിൽ മനസ്സിലായി. ആ ജന്തു ഇതിനിടയ്ക്കു പ്രൊഫസറുടെ നേർക്കും ആക്രമണം തുടങ്ങിക്കഴിഞ്ഞിരുന്നു. ഒറ്റയടിക്കു രണ്ടിര കിട്ടുമല്ലൊ? അതാണതിന്റെ വിചാരം. പ്രൊഫസർ ആ ഭയങ്കര ജന്തുവിന്റെ ആക്രമണം കായ്മാക്കാതെ ദിലീപിനെ മുകളിലേയ്ക്കു വലിക്കാൻ തുടങ്ങി. പിന്നീടു് ചുമലിലേറ്റി അയാൾ കുന്നിലേയ്ക്കോടിക്കയറി. അവന്റെ ശരീരത്തിൽ നിന്നും രക്തം ഒലിക്കുന്നുണ്ടു്. ലത കരഞ്ഞു തുടങ്ങി. പ്രൊഫസർ അവളെ സാന്ത്വനപ്പെടുത്തി.

“പേടിക്കേണ്ട കുട്ടി. ചേട്ടനിപ്പോൾ സുഖമാകും”

കബീർപാപ്പന്റെ പ്രഥമ ചികിത്സകൊണ്ടു് ദിലീപിനു വേഗം സുഖമായി. അവൻ കണ്ണുതുറന്നു്, ചുറ്റും നോക്കി ചോദിച്ചു.

“ആ രാക്ഷസൻ എവിടെ?”

“അവൻ ആ കുഴിയിലുണ്ടു്”

“അവിടെത്തന്നയോ? ഓടു്. . .”

“ഇനി ഓടേണ്ട ആവശ്യമില്ല. ആ ആനയ്ക്കു് അതിന്റെ കുഴിയിൽനിന്നും പുറത്തുവരാൻ സാധിക്കയില്ല.

“അതു് ആനയാണോ?”

“അതെ; അതിന്റെ പേർ കുഴിയാനയെന്നാണു്. ആനയെന്നുകേട്ടു് നിങ്ങൾ പേടിക്കരുതു്. അതൊരു ചെറിയ ജീവിയാണു്. യഥാർത്ഥരൂപത്തിന്റെ മറ്റൊരാകൃതി. അതു് അതിന്റെ അമ്മയച്ഛനമാരേക്കാൾ ഭയങ്കരനാണു്; ഈ അവസ്ഥയിൽ”

ലതയ്ക്കു് ഇതുകേട്ടപ്പോൾ ആശ്ചര്യം വർദ്ധിച്ചു. അവൾ അന്വേഷിച്ചു: “അപ്പോൾ അതിന്റെ അച്ഛനും അമ്മയും എങ്ങിനെയിരിക്കും”

“അവയുടെ അച്ഛനും അമ്മയും ഒരുതരം ആനയുമ്പിപോലെ ചിറകുള്ളവയാണു്. കീടശരീരത്തിലുള്ള ഇതിന്റെ കുട്ടികൾക്കു് ചിറകില്ല. ആ കുട്ടികൾ പൊടിയിലോ മണലിലോ ചെറിയ കുഴികുഴിച്ചു് അതിൽ താമസിക്കുന്നു. എപ്പോഴെങ്കിലും ഉറുമ്പോ, ഈച്ചയോ ആ വഴി കടന്നുപോകുമ്പോൾ കുഴിയുടെ വക്കിൽനിന്നുതെറ്റി അവിടെ വീഴുന്നു. അവ വീണില്ലെങ്കിൽ ഇതുപോലെ മണ്ണെറിയാനും തുടങ്ങും. പിന്നീടതിനെ കുഴിയിൽ വീഴിക്കും. അവസാനം . . .”


“അവസാനം അതിനെ പിടിച്ചു തിന്നും” ലത ഇടയിൽ കടന്നു പറഞ്ഞു.

“ഇല്ല, കടിച്ചുതിന്നാൻ അതിനു വായില്ല” പ്രൊഫസർ അവളുടെ തെറ്റുതിരുത്തി.

“ഏ! വായില്ലെന്നോ?” അവന്റെ വേദന മുഴുവൻ മാഞ്ഞതായിത്തോന്നി.

“ശരിയാണു്. അവയ്ക്കു വായില്ല. അതിന്റെ നെറ്റിയിൽ കുന്തങ്ങൾ പോലെ രണ്ടു കൊമ്പുകൾ കണ്ടില്ലെ? ആ കൊമ്പുകൾ കൊണ്ടു് ഇരയെ പിടിച്ചു് മുറിക്കുകയും അതേ കൊമ്പുകൾ വഴിതന്നെ

പസഫിക്കു് ദ്വീപുകളിലെ ജനത



പസഫിക്കു് ദ്വീപുനിവാസികളുടെ ജന്മനാടു് ഏതാണെന്നു് അവരുടെ രക്തം പരിശോധിച്ചു കണ്ടുപിടിക്കുവാൻ കഴിയുമെന്നു് ശാസ്ത്രജ്ഞന്മാർ പ്രതീക്ഷിക്കുന്നു. ചിലവിദ്വാന്മാർ വിശ്വസിക്കുന്നതു് പസഫിക്കു് ദ്വീപുകളിലെ ജനങ്ങൾ ഏഷ്യയിൽനിന്നു വന്നിട്ടുള്ളവരാണെന്നാണു്. എന്നാൽ മറ്റുചിലർ പറയുന്നതു് ദക്ഷിണ അമേരിക്കാക്കാരാണു് അവിടത്തെ ജനതയെന്നാണു്. അവരെ സംബന്ധിച്ചു എല്ലാവരും തന്നെ സമ്മതിക്കുന്ന ഒരു കാര്യമുണ്ടു്. ലോകത്തിലെ ഒന്നാംകിട സമുദ്ര സഞ്ചാരികളാണവരെന്നു്.

ഇരയുടെ ചോരകുടിക്കുകയും ചെയ്യുന്നു. അസ്ഥിപഞ്ജരം കൊമ്പിന്റെ ഇടയിൽ ച്ചേർത്തു് മുകളിലേയ്ക്കു് തട്ടും. അതു് കുഴിയുടെ പുറമെ വീണുകൊള്ളും”

“എന്തായാലും ഈ കുഴിയാന ഭയങ്കരനാണു്” ദിലീപു അവന്റെ അനുഭവത്തിൽനിന്നു മനസ്സിലാക്കി.

“അതു് ഈ കുഴിയിൽ എത്രവരെ കിടക്കും” ലത ചോദിച്ചു.

പ്രൊഫസർ പറഞ്ഞു: “അതിനു ദിവസവും എന്തെങ്കിലും ആഹാരത്തിനു കിട്ടാതിരിക്കയില്ല. ആഹാരം കിട്ടിയില്ലെങ്കിലും മാസങ്ങൾവരെ ഏകാശിനോറ്റുകൊള്ളും! എന്നാലും അതിന്റെ ഉശിരു് അവസാനിക്കാറില്ല. ഏതാണ്ടു് ഏഴെട്ടുമാസം ഉപവാസം അനുഷ്ഠിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ നിലയിൽ പോഷണാഹാരം ലഭിക്കുന്നതിരുന്നാൽ പൂർണ്ണരൂപത്തിലെത്താൻ രണ്ടുകൊല്ലത്തിലധികം വേണ്ടിവരും. സാധാരണ ശലഭങ്ങളേപ്പോലെ ഇവയ്ക്കു് ചിറകു് വന്നാലും പറക്കുവാൻ സാധിക്കയില്ല. അമ്മ പൊടിയിലോ മണലിലോ മുട്ടയിടുന്നു. മുട്ടവിരിഞ്ഞു് കുഞ്ഞു് പുറത്തുവരും. പിന്നീടു് കുഞ്ഞുങ്ങൾ ഈമാതിരി കുഴിയുണ്ടാക്കി അവിടെ സ്ഥിരവാസം തുടങ്ങുന്നു. നായാട്ടുകയും ചെയ്യും. അതിന്റെ ശരീരം വലുതാകുന്നതനുസരിച്ചു് കുഴിയും വലുതാകും. ദിലീപിനു് ഭാഗ്യമുണ്ടു്. അല്ലെങ്കിൽ കുഴിയിൽ വീണുകഴിഞ്ഞാൽ. . .

“വീണുകഴിഞ്ഞാൽ. . .?”

“വീണുകഴിഞ്ഞാൽ എനിക്കു രക്ഷിക്കുവാൻ പ്രയാസമാകുമായിരുന്നു. വിഷസഞ്ചികളുടെ പല്ലുപോലെതന്നെ കുഴിയാനകളുടെ കൊമ്പുകളും പൊള്ളയാണു്. ഇര പിടിയിലൊപ്പെട്ടാൽ ആ കൊമ്പുകളിൽ നിന്നു ഒരുതരം വിഷം പുറത്തുവരികയും ഇരയിൽ വ്യാപിക്കുകയും ചെയ്യും. അങ്ങിനെയാണു് അവ ഇര പിടിക്കുന്നതു്. നമുക്കു് വീട്ടുകളിൽ വെച്ചു ചെപ്പിൽ മണ്ണു നിറച്ചു കുഴിയാനകളെ വളർത്താൻ സാധിക്കും.”

“നേരോ?”

“അതെ; ഞാൻ വളരെത്തവണ അങ്ങിനെ ചെയ്തിട്ടുണ്ടു്. ദിവസവും അതിനെ നിരീക്ഷിക്കേണ്ട ആവശ്യമില്ല. മാസത്തിലൊരിക്കൽ ഒന്നോ രണ്ടോ ഉറുമ്പുകളെ പിടിച്ചു് കൊടുത്താൽ മതി; അവയ്ക്കു സുഖമായി. ഉറുമ്പുകൾക്കു പകരം കുഴിയിൽ ചെറിയ കല്ലുകളിട്ടാൽ ആനനെറ്റിയിൽ ചേർത്തുവെച്ചു പുറത്തെയ്ക്കു തട്ടും. കല്ലു കുറച്ചുകാലം ചെന്നു വീഴുകയും ചെയ്യും. ചിലപ്പോൾ നല്ല തമാശതോന്നാറുണ്ടു്. അതിന്റെ തലയ്ക്കു ചുറ്റും എഴുകണ്ണുകളുണ്ടത്രെ!

“പാപ്പാ പാപ്പനെന്തൊക്കെയാണു ഈ പറയുന്നതു്” ലത അത്ഭുതപ്പെട്ടു.

“ഞാൻ പറഞ്ഞതെല്ലാം ശരിയാണു. ദിലീപു് ഇതൊക്കെ വേണമെങ്കിൽ സമ്മതിക്കും. അവനിതിന്റെ അനുഭവ സാക്ഷിയാണല്ലോ.!”

“ഞാനിതെല്ലാം സമ്മതിക്കാം!”

“ഈ കാര്യങ്ങൾ സമ്മതിച്ചപോലെ ഞാൻ പറയുന്നതു് അനുസരിക്കുകയും വേണം. നിങ്ങൾ അതുതെറ്റിനടക്കുമ്പോഴെല്ലാം ഈ തരത്തിൽ ആപത്തിൽ അകപ്പെടുകയും ചെയ്യും. ഇതെപ്പോഴും ഓർത്തിരുന്നാൽ നന്നു്.”

മീനാമിനുങ്ങിനു മിന്നലിനേക്കാൾപ്രകാശമുണ്ടു്

ദിലീപിനെ അന്നു രാത്രി നന്നായി പനിച്ചു. പേടി, ക്ഷീണം, കുഴിയാനയിൽ നിന്നുള്ള ഉപദ്രവം ഇതെല്ലാം ആയിരിക്കാം പനിക്കുള്ള കാരണം. അവൻ ഞരങ്ങിക്കൊണ്ടിരുന്നു. കബീർ അവനെ പുതക്കെ ചാരിയിരുത്തി. അദ്ദേഹം അവനെ പലതും പറഞ്ഞാശ്വസിപ്പിച്ചു.

അടുത്ത ദിവസം അവർ പവയിതടാക തീരത്തെത്തി. പ്രൊഫസർ പെട്ടി സൂക്ഷിച്ചിരുന്ന സ്ഥലം തടാകത്തിന്റെ മുകരയിലാണു്. പുവന്ന കൊടി കാറ്റി



ശാന്ത, വിജയ, കുമാരി

ലാട്ടുന്നതു അവർ ശരിക്കു കണ്ടു.

ലത സന്തോഷം കൊണ്ടു മതിമറന്നു. ''അയ്യോ; ഇതാ കാണുന്ന നമ്മുടെ കൊടി''

''ശരിതന്നെ'' പ്രൊഫസർ സമ്മതിച്ചു. ''പക്ഷെ അവിടെയെത്താൻ ഇനിയും പതിനഞ്ചു ദിവസം വേണം.''

ലതയുടെ ഉത്സാഹം പറന്നുപോയി. ഒരു തടാകത്തിന്റെ മറുകരയിലെത്താൻ പതിനഞ്ചു ദിവസം!

''ചേട്ടനിപ്പം മരുന്നിനെന്തു ചെയ്യും! ഇവിടെ മരുന്നു കിട്ടോ?''

പ്രൊഫസർ പറഞ്ഞു. ''ഞാൻ ഒരു ഡോക്ടർകൂടിയാണു്. ഡോക്ടരുടെ പക്കലുള്ള മരുന്നെല്ലാം പ്രകൃതിയിൽ നിന്നു കിട്ടിയതാണു്. നോക്കൂ, ആ കാണുന്നതു ആടലോടകമാണു്. അതിൽ കാണുന്ന വെളുത്ത പൂക്കളില്ലെ? നല്ല മധുരമുള്ള തേൻ അതിൽ നിന്നും കിട്ടും. രോഗവും സുഖമാകും. ഇതിനിടയിൽ നമുക്കു എവിടെയെങ്കിലും താമസിക്കണം. എന്നിട്ടു,പൂവിന്റെ രസം ദിലീപിനു കൊടുക്കണം. പനി കുറയും. മുറിവുണങ്ങും. ക്ഷീണമെല്ലാം തീരും. നമുക്കു തല്ക്കാലം ആ മരത്തിന്റെ കടുല്ലുള്ള മാളത്തിൽ താമസിക്കാം. അതോടൊന്നിച്ചു നമുക്കു ഒരു കപ്പലും ഉണ്ടാക്കണം..

''കപ്പലോ''

''അതെ, ഒരു യുദ്ധക്കപ്പൽ തന്നെ! തടാകത്തിൽ എത്ര ശത്രുക്കൾ ഉണ്ടെന്നു നിനക്കറിയാമോ?''

അവർ ആദ്യമായി ആ മാളം താമസത്തിനു പറ്റിയതാക്കി. പറന്നു പോകുന്നതുപ്പൻ താടി വാരി നിരത്തിയിട്ടു, പൂവിതൾ വിരിച്ചു ഒരൊന്നാന്തരം കിടക്കയുണ്ടാക്കി. ഇലകളെടുത്തു മേശയും കസേരയും നിർമ്മിച്ചു, രാത്രിയാവുന്നതിനു മുമ്പു തന്നെ ഇതെല്ലാം ചെയ്തു. ലതയുടെ സാമർത്ഥ്യം കണ്ടു പ്രൊഫസർ പ്രശംസിച്ചു. ദിലീപു ദിവസം മുഴുവനും അർത്ഥബോധാവസ്ഥയിൽ ഉറക്കത്തിൽ തന്നെ കഴിച്ചുകൂട്ടി.

ഇരുട്ടു പരക്കുന്നതിനു മുമ്പുതന്നെ പ്രൊഫസർ ഒരു കടന്നൽ കൂടു അന്വേഷിച്ചു ചുറ്റിത്തിരിഞ്ഞു. ഭക്ഷണത്തിന്റെ കാര്യം ശരിയാവണ്ടേ! കടന്നൽ മെഴുകിന്റെ കൂടുണ്ടാക്കുകയും അതിൽ തേൻ ശേഖരിച്ചു വെയ്ക്കുകയും ചെയ്യുന്നു. ആഹാരത്തിനു കുറവു നേരിട്ടാൽ അവ കൂട്ടിൽ ശേഖരിച്ചുവെച്ച തേൻ ഉപയോഗിക്കും. പ്രൊഫസർ, ഒരു കടന്നൽ കൂട്ടിൽ നിന്നു കുറച്ചധികം മെഴുകുകൂടുകൾ ശേഖരിച്ചു കൊണ്ടുവന്നു. അതെല്ലാം തെക്കി ശരിയാക്കാൻ ലതയും സഹായിച്ചു. ഇതിനിടയിൽ ഒരു പൊട്ടിയതുകൊണ്ടു ലത തേനിൽ കൂളിച്ചുപോയി. അവൾ തടാക തീരത്തിൽച്ചാടിയിറങ്ങി. വിവരം അറിഞ്ഞപ്പോൾ പ്രൊഫസർ അവളെ രക്ഷിക്കാനോടിയെത്തി.

ലത വിളിച്ചു പറഞ്ഞു ''പാപ്പാ, ഞാൻ തേനിലാണു് ആദ്യം കൂളിച്ചതു''

''നിന്നെ സംബന്ധിച്ചിടത്തോളം കൂടുതൽ ഉപദ്രവമാണിതു്. നിന്നെപ്പോലെ ഒരു പെൺകുട്ടി, തേനിൽക്കൂളിച്ചാൽ എന്തു സംഭവിക്കുമെന്നറിയാമോ? എതെങ്കിലും ജന്തുക്കൾ നിന്നെക്കണ്ടാൽമതി; അതേക്ഷണത്തിൽ കഥ കഴിയും. ഇതു കാടാണു്. ഓരോ ചുവടിലും ഉപദ്രവമുണ്ടാകും. നല്ലപോലെ ശ്രദ്ധിച്ചില്ലെങ്കിൽ വീട്ടിൽ ജീവനോടെ ചെന്നെത്തുകയില്ല''

അന്നു സന്ധ്യയ്ക്കുതന്നെ കപ്പലുണ്ടാക്കാൻ പറ്റിയ സാധനങ്ങൾ അന്വേഷിച്ചു ലതയും പ്രൊഫസറും പുറപ്പെട്ടു. ഗുഹയിൽ ആരും പ്രവേശിക്കാതിരിക്കാൻ ഗുഹാമുഖം അവൾ ശ്രദ്ധിച്ചടച്ചു. ദിലീപു സുഖമായിക്കിടന്നുറങ്ങുകയാണു്.

ലത ഒരു വലിയ ഇല കണ്ടെത്തി. രണ്ടുപേർക്കുംകൂടി അതു് ഒരുമിച്ചിളക്കുവാൻപോലും സാധിച്ചില്ല.

''ഈ ഇലയുടെ താഴെ ഏതിന്റെയെങ്കിലും മുട്ട കാണും'' പ്രൊഫസർ പറഞ്ഞതു.

അവൾ കുനിഞ്ഞു നോക്കി. ശരിതന്നെ

പ്രൊഫസർ പറഞ്ഞു ''വളരെ അധികം ജീവികൾ ഇലകളിൽ മുട്ടയിടുന്നുണ്ടു്. ശലഭങ്ങൾ, പലതരത്തിലുള്ള കീടങ്ങൾ, ആയിരക്കണക്കിനുള്ള പുമ്പാറ്റകൾ ഇവയെല്ലാം ഇലകളിലാണു് മുട്ടയിടുന്നതു്. അത്തരം ഇലകൾ നമ്മുടെ ഉപയോഗത്തിനു പറ്റില്ല''

ഇരുട്ടായി. അവർ ഗുഹയിലേയ്ക്കു് മടങ്ങുകയും ചെയ്തു.

ദൂരെനിന്നുതന്നെ ഗുഹാമുഖം അവൾ കണ്ടു. ഗുഹാമുഖത്തിൽ തീനാളം! ലത അമ്പരന്നു. അവൾ നിലവിളിച്ചുകൊണ്ടു പറഞ്ഞു.

''തീ, തീ, പാപ്പാ! ഓടിവരൂ! ചേട്ടൻ തീയിലകപ്പെട്ടു''

ഗുഹാമുഖത്തിൽ തീയുടെ പ്രകാശം തെളിഞ്ഞു കാണുന്നുണ്ടു്. ചേട്ടൻ അതിൽപ്പെട്ടെന്നതന്നെ ലത തീർച്ചയാക്കി. അ

വൾ ഒരു ഭ്രാന്തിയെപ്പോലെ ചേട്ടനെ സഹായിക്കാനോടിയെത്തി. പ്രൊഫസർ വിളിച്ചു പറഞ്ഞു. ‘‘ലതേ പേടിക്കണ്ട’’

പക്ഷെ അതു അവൾ ശ്രദ്ധിച്ചില്ല. ലത അവിടെ എത്തിക്കഴിഞ്ഞു. അവൾ ഉറക്കെ അലറി.

‘‘ചേട്ടാ, ചേട്ടനു പൊള്ളുന്നുണ്ടോ?’’

അകത്തുനിന്നു ചേട്ടൻ പറഞ്ഞു. ‘‘ഒന്നുമില്ല ഇവിടെ തീയൊന്നുമില്ലല്ലോ’’

അപ്പോഴേയ്ക്കും കബീർ വന്നെത്തി. അയാൾ ലതയെ നോക്കി കൈകൊട്ടിച്ചിരിച്ചു.


‘‘നീയിത്ര മണ്ടിയാണോ? ചെറിയ കീടങ്ങൾക്കു കൂട്ടികളെ പറ്റിക്കാൻ സാധിക്കും’’

‘‘ഓ! എന്നെ ആരാണു് പറ്റിച്ചതു്’’ അവൾ ചൊടിച്ചു.

‘‘നീ തീയാണെന്നു വിചാരിച്ച സ്ഥലത്തു മിന്നാമിനുങ്ങിന്റെ കുഞ്ഞുങ്ങളാണു. അതിന്റെ പ്രകാശമാണു നീ കണ്ട തീ. ആ കുഞ്ഞുങ്ങൾ വെറും കീടരൂപത്തിൽ കിടക്കുകയാണിപ്പോൾ.’’

‘‘മിന്നാമിനുങ്ങിനു പ്രകാശമുണ്ടു്. പിന്നെ, എന്തിനാണു ഈ കൂട്ടികൾക്കു അതുള്ളതു്.’’

‘‘അതോ, അതിന്റെ രക്ഷയ്ക്കു്. പ്രകാശം കണ്ട ശത്രുക്കൾ പേടിച്ചു പൊയ്ക്കൊള്ളും. പൂർണ്ണരൂപത്തിലെത്തിയാൽ മിന്നാമിനുങ്ങു മിന്നിമിനുങ്ങി പ്രകാശിക്കും അതുകൊണ്ടു ശത്രുവിനു അതെവിടെയാണു് സ്ഥിരമായി നില്ക്കുന്നതെന്നു മനസ്സിലാവില്ല.’’



മദ്ധ്യപ്രദേശത്തെ ഒരു പ്രൈമറിസ്കൂളിൽ വിദ്യാർത്ഥികൾ കൂട്ടം കൂടിയിരുന്നു പ്രാർത്ഥിക്കുന്നു.

കൂട്ടികളുടെ ദീപിക

ഏജൻറന്മാരുടേയും പോസ്റ്റും വഴിക്കുള്ള വരിക്കാരുടെയും ശ്രദ്ധയ്ക്കു്.

(1) മാസികയെ സംബന്ധിച്ചു് ആഫീസിലേയ്ക്കയയ്ക്കുന്ന കത്തുകളിലും മണിയോർഡറുകളിലും അവരവരുടെ രജിസ്റ്റർ നമ്പർ (ബാലസഖ്യം നമ്പരല്ല) കൂടി കാണിച്ചിരിക്കേണ്ടതാണു്.

(2) കൂടുതൽ കോപ്പികൾ ആവശ്യമുള്ള ഏജൻറന്മാർ ആവിവരം തലേമാസം 12-ാംതീയതിക്കകം മാനേജരെ അറിയിച്ചിരിക്കേണ്ടതാണു്.

(3) മറുപടി ആവശ്യമുള്ളവർ അതിനുള്ള കാർഡോ സ്റ്റാമ്പോ അയച്ചു തരേണ്ടതാണു്.

(4) വരിസംഖ്യ എപ്പോഴും മുൻകൂർ

മാനേജർ
കൂട്ടികളുടെ ദീപിക

‘‘എടടാ! നല്ല സൂത്രമാണല്ലോ ഇതു’’’

പ്രൊഫസർ തുടർന്നു ‘‘ഒരു തരത്തിൽ മിന്നാമിനുങ്ങിനു സൂര്യനേക്കാളും മിന്നലിനേക്കാളും പ്രകാശമുണ്ടു്. എന്തുകൊണ്ടെന്നാൽ മിന്നലിന്റെ പത്തുശതമാനം ശക്തിമാത്രമേ, പ്രകാശത്തിനായി ചിലവാക്കുന്നുള്ളൂ. സൂര്യൻ ശക്തിയുടെ മുപ്പത്തഞ്ചു ശതമാനവും മിന്നാമിനുങ്ങിന്റെ പ്രകാശത്തിനാണെങ്കിൽ ശക്തിയുടെ നൂറു ശതമാനവും വെളിച്ചത്തിനു തന്നെ ചിലവാകും.’

ലത ഉറക്കെപ്പറഞ്ഞു ‘‘ഓഹോ! മിന്നാമിനുങ്ങുപോലുള്ള ചെറിയ പ്രാണികൾ സൂര്യനേക്കാളും മിന്നലിനേക്കാളും വലിയതാണു് അല്ലേ? മിന്നാമിനുങ്ങിന്റെ വെളിച്ചത്തിനു ചൂടുണ്ടോ?’’

‘‘ഇല്ലില്ല. തെക്കേ അമേരിക്കയിലെ കാടുകളിലുള്ള വലിയ മിന്നാമിനുങ്ങുകളെപ്പിടിച്ചു, ബ്രസീലിലുള്ളവർ രാത്രിസമയത്തു കാട്ടിൽ നടക്കുമ്പോൾ ടോർച്ചിനു പകരം ഉപയോഗിക്കാറുണ്ടത്രെ’’

‘‘ഇത്ര നല്ല ടോർച്ചു് ആരാണാ ഇപ്പോൾ പ്പെടാത്തതു്. മറ്റുവല്ലതുകൊണ്ടും ജീവികൾ ഇങ്ങിനെ മിന്നാറുണ്ടോ?’’ ദിലീപാണു അതു ചോദിച്ചതു്.

‘‘സൂര്യവെളിച്ചം കടക്കാത്ത ആഴക്കടലിലെ അന്ധകാരത്തിൽ സ്വയം പ്രകാശിക്കുന്ന മത്സ്യങ്ങളും മറ്റുജീവികളുമുണ്ടു്. പക്ഷെ ഭൂമിയിൽ മിന്നാമിനുങ്ങു മാത്രമേ സ്വയം പ്രകാശിക്കുന്ന ജീവിയായി അറിയപ്പെട്ടിട്ടുള്ളൂ. തേപ്പാമ്പിനേയും ഒരുപക്ഷേ ഈ ഇനത്തിൽപ്പെടുത്താമെന്നു തോന്നുന്നു. കൂടാതെ സ്വയം പ്രകാശിക്കുന്ന അണുക്കളുമുണ്ടു്.’’

‘‘അണുക്കളോ? അവയെ കാണാൻ സാധിക്കുമോ?’’

‘‘ഇല്ല. പക്ഷേ ഒട്ടവളരെ അണുക്കൾ ഒന്നിച്ചാൽ പ്രകാശം കാണാൻ സാധിക്കും. വർഷകാലത്തു ചീഞ്ഞുതുടങ്ങുന്ന മരത്തടിയിലോ മറ്റോ ഇത്തരം പ്രകാശം കാണാം.’’

ദിലീപു ഇടയിൽ കയറി ചോദിച്ചു. ‘‘അതെയതെ. കഴിഞ്ഞ മഴക്കാലത്തു ഞാനതു കണ്ടതായി ഓർക്കുന്നു. ഇളം നീലയോ പച്ചയോ ആയ ഒരു പ്രകാശം’’

‘‘ശരി! അതു തന്നെ സ്വയം പ്രകാശിക്കുന്ന കീടങ്ങൾ. മരിച്ച ജീവികളുടെ അവശിഷ്ടത്തിൽ നിന്നു രാത്രികാലങ്ങളിൽ ഇങ്ങനെ സ്വയം പ്രകാശിക്കുന്ന കീടങ്ങളെ കാണാൻ കഴിയും.’’

ലത പറഞ്ഞു ‘‘ഈശ്വരനു വല്ലാത്തൊരു പാരിയിട്ടുണ്ടു്. ഇത്ര നല്ല പ്രകാശം മനുഷ്യനു തരാതെ ഈ ജന്തുക്കൾക്കു കൊടുത്തിരിക്കുന്നു.’’

‘‘ഇല്ലില്ല.’’ പ്രൊഫസർ പറഞ്ഞു. ‘‘ഈശ്വരനു മാത്രം പാരിയിട്ടില്ല. മനുഷ്യനു സൽക്കർമ്മത്തിനും അറിവിനുമുള്ള സ്വയം പ്രകാശിക്കാൻ സാധിക്കും.’’

‘‘ദാനം ചെയ്യുന്നതു സൽക്കർമ്മമാണോ?’’ ദിലീപു പാപ്പനോടു ചോദിച്ചു.

‘‘അതെ’’

‘‘എന്നാൽ അന്നദാനം ചെയ്തു ഇപ്പോൾ തന്നെ നമുക്കു സ്വയം പ്രകാശിക്കണം’’ അവൻ ഒരു ഫലിതം പറയുകയായിരുന്നു.

‘‘അന്നദാനമോ? ആക്കു?’’

‘‘നമ്മുടെ വയറിനുതന്നെ’’

എല്ലാവരും പൊട്ടിച്ചിരിച്ചു.

ആ ഓറഞ്ചല്ലികൾ കണ്ണീർ പൊഴിച്ചു

(ക്ലമൻസി ആൻറണി മരട് 2')

കൊച്ചുപള്ളിയിലെ പെരുന്നാളാണ്. മണി രണ്ടുകൊട്ടി. അതോടൊപ്പം രണ്ടുവെടിയും. ആ ജീർണ്ണിച്ച കുടിലിലെ കട്ടിലിൽ കിടന്നുകൊണ്ട് ലൈസാ ഒന്നുണരുങ്ങി "ചേച്ചി, എനിച്ചൊരോറഞ്ച്" "ലൈസാക്കുട്ടീ ചേച്ചിരണ്ടോറഞ്ചു വാങ്ങിച്ചു കൊണ്ടുവരാം., എന്നുപറഞ്ഞു" ജെസ്സിമ്മ മുറ്റത്തേക്കിറങ്ങി.

ആദിത്യൻ കിഴക്കേചക്രവാളത്തിൽ നിന്നുകൊണ്ട്, തന്റെ നീണ്ടകരങ്ങൾനീട്ടി ആ ഗ്രാമത്തെ ആലിംഗനം ചെയ്തു. പതഞ്ഞൊഴുകുന്ന ആ കൊച്ചരുവിയുടെ ഉപരിഭാഗത്തുകൂടി പറവകൾ പാറിപ്പറക്കുന്നു. ആ നദീതീരത്തിൽക്കൂടി ജെസ്സിമ്മ മുന്നോട്ടുപോയി. എങ്കിലും അവളുടെ ചിന്തകൾ ഭൂതകാലത്തിലേക്കു തിരിഞ്ഞോടുകയാണു്.

അന്നാട്ടിലെ ധനികന്മാരിൽ ഒരാളായിരുന്ന തന്റെ അപ്പച്ചൻ. അന്നൊക്കെ പട്ടവസ്ത്രവുമണിഞ്ഞു് അവൾ കൊച്ചുപള്ളിയിൽ പെരുന്നാളിനു പോയിട്ടുണ്ട്. ഇന്നോ? ദാരിദ്ര്യത്തിന്റെ എരിതീയിൽക്കിടന്നുകൊണ്ട് ആ രണ്ടു ജീവിതങ്ങൾ എരിഞ്ഞു് എരിഞ്ഞു് മരിക്കുകയാണു്. അവിചാരിതമായുണ്ടായ വാതരോഗം അവരെ കെട്ടിയടിത്തറവരെ ആഴ്ത്തിക്കളഞ്ഞു. അപ്പച്ചന്റെ ചികിത്സയ്ക്കുവേണ്ടി പുരയിടംകൂടി വിറ്റു. അങ്ങനെ അവസാനം മഴ കോരിച്ചൊരിയുന്ന ഒരു പ്രഭാതത്തിൽ ആ അമ്മയേയും, രണ്ടു കുഞ്ഞോമനകളേയും വിട്ടുപിരിഞ്ഞു് അദ്ദേഹം എന്നന്നേക്കുമായി അവരിൽ നിന്നും അകന്നു. ആ മൃതദേഹത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു് റോസച്ചേടത്തി ഹൃദയം പൊട്ടിക്കരഞ്ഞു.

ദിവസങ്ങൾ വേഗത്തിൽ മുന്നോട്ടു നീങ്ങി. അതോടൊപ്പം റോസച്ചേടത്തി ഒരു ഭ്രാന്തിയായിത്തീർന്നിരുന്നു. കടത്തിണ്ണയിലും വഴിവിളക്കിന്റെ കീഴിലുമായി അവർ ഓടിനടക്കുകയാണു്. പ്രജ്ഞനശിച്ച അവർ പൊതുജനങ്ങൾക്കൊരു ശല്യമായി. അവസാനം ഭ്രാന്താലയത്തിന്റെ കനത്ത ഭിത്തികളിൽ ആ ജീവിതം തെരിഞ്ഞുമറിഞ്ഞു. ആ ഭിത്തികളിൽ തലയിട്ടടിച്ചുകൊണ്ടു് ദിഗന്തങ്ങൾ തകരുമാറു് അവർ നീട്ടിനീട്ടി വിളിക്കും.

"ലൈസേ.... ജെസ്സിമ്മേ....."

നീണ്ട രണ്ടു വർഷങ്ങൾ കടന്നുപോയി. അതോടുകൂടി വാതരോഗം ലൈസായുടെ, കോമളമായ കാലുകളേയും പിടികൂടി. ദിവസങ്ങൾ ഇഴഞ്ഞിഴഞ്ഞു മുന്നോട്ടുപോയി. ദാരിദ്ര്യപ്പിശാച് ജെസ്സിമ്മയെ, തെരുവിന്റെ മക്കളുടെ മുട്ടത്തിലേക്കു് വലിച്ചെറിഞ്ഞു. ആദിത്യബിംബം ആഴിയുടെ അടിത്തട്ടിലേക്കു് അന്തർദ്ധാനം ചെയ്യുമ്പോൾ ഭിക്ഷാന്നവുമായി ജെസ്സിമ്മ ആ ചെറുകുടിലിലേക്കു് വരും. അങ്ങനെ അവരും ജീവിച്ചു.

മണി മൂന്നുപ്രാവശ്യം മുഴങ്ങി. അതോടൊപ്പം മൂന്നു വെടിയും. പെട്ടെന്നു് പേടിച്ചരണ്ട് ഒരു പറ്റം മാടപ്പിറാക്കൾ കിഴക്കൻ മലയിലേക്കു് പറന്നുപോയി. ജെസ്സിമ്മ പള്ളിമുറ്റത്തെത്തി. കിളി, ബലൂൺ, തിരി മുതലായതെല്ലാംകൂകിവിളിച്ചുകൊണ്ടു് ജെസ്സിമ്മയെ കടന്നുപോയി.

തെല്ലുദൂരത്തിൽ നിന്നുകൊണ്ടു് അവളുടെ സഹപാഠിയായിരുന്ന ലില്ലിക്കുട്ടി, തിളങ്ങുന്ന റിബണിന്റെ വില ചോദിക്കുന്നു. സ്റ്റൈലുകാരത്തി അമ്മിണി കരയുന്ന ചെരുപ്പുമായി അവളുടെ മുൻപിൽച്ചെല്ലാടിക്കടന്നുപോയി. വലിയവീട്ടിലെ ലൈസാമ്മയും, മാളികപ്പുറത്തെ ഗ്രെയ്സും, പുതിയജാതി വളകൾ അന്വേഷിച്ചു പരക്കം പായുന്നു. വളക്കാരൻ പരീക്കുട്ടിയുടെ വളയിലേക്കു് ഉരലുപോലിരിക്കുന്ന കുറീനാച്ചേടത്തിയെ ആരോ തള്ളിയിട്ടെന്ന കാരണത്താൽത്തന്നെ പരീക്കുട്ടിയും, കുറീനാച്ചേടത്തിയുംകൂടി ഒരു വടം വലി നടക്കുകയാണു്.

പെട്ടെന്നു് താഴത്തെവീട്ടിലെ അനമ്മയുടെ അനുജത്തി, മെഴ്സിക്കുട്ടി, ഒരു വലിയ റബർ പാവയുമായി ജെസ്സിമ്മയുടെ മുൻപിൽച്ചാടി കടന്നുപോയി. ജെസ്സിമ്മയുടെ കണ്ണുകൾനിറഞ്ഞു. മൂടൽമഞ്ഞിന്റെ ആവരണമിട്ട ആ കണ്ണിണകൾ തെല്ലുദൂരത്തിലിരുന്ന ഓറഞ്ചിലേക്കു പറന്നെത്തി. യാന്ത്രികമായി അവൾ അങ്ങോട്ടു നടന്നടുത്തു. ഒരു ഓറഞ്ചുമായി അവൾ വീട്ടിലേക്കു് ഓടി, ആ ഓട്ടത്തിൽ വില്പനയ്ക്കുവച്ചിരിക്കുന്ന സാധനങ്ങൾ തലകീഴ്മറിയുന്നതുപോലെ അവൾക്കു തോന്നി. അവൾ ഒരു വിധത്തിൽ വീട്ടിൽ എത്തി. ആ ഓറഞ്ചിന്റെ ഒരു അല്ലി ലൈസായുടെ വിളറിയ ചുണ്ടുകളിലേക്കു് അവസാനമായി ആ ചേച്ചി വെച്ചുകൊടുത്തു.

ലൈസായുടെ കണ്ണുകൾ കൂടുതൽ വികസിച്ചു. ഏതോ പേടിപ്പെടുത്തുന്ന സ്വപ്നം കണ്ടിട്ടെന്നപോലെ ലൈസാ കൈകൾകൊണ്ടു് ചേച്ചിയെ മുറുകെപ്പിടിച്ചു. നിമിഷങ്ങൾ മിന്നൽ പിണർപോലെ പാഞ്ഞുപോയി. ആ കൈകൾ താനേ അയഞ്ഞു. ആ കണ്ണുകൾ എന്നന്നേക്കുമായി അടഞ്ഞു. കൊച്ചനുജത്തിയുടെ മൃതദേഹത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു് ആ ചേച്ചിയും അന്തപ്രജ്ഞയായി.

അന്നു സായാഹ്നത്തിൽ ദിനാന്ത ഭാസ്കരൻ നടന്നുക്ഷീണിച്ച ഒരു പഥികനെപ്പോലെ ആഴിയിലേക്കു് അന്തർദ്ധാനം ചെയ്തു. ആ നിതാന്ത മോഹനമായ സന്ധ്യയുടെ ചെഞ്ചുമപ്പിൽ അനാർഭാടമായി ഒരു മൃതദേഹം ആ ശ്മശാനത്തിലേക്കു നീങ്ങി. ആ കുഞ്ഞനുജത്തിയുടെ വിരഹത്തിൽ ചേച്ചിയോടൊപ്പം ആ ഓറഞ്ചല്ലികളും കണ്ണീർ പൊഴിച്ചു.

നാലുകണ്ണുള്ള മത്സ്യങ്ങൾ



മദ്ധ്യ അമേരിക്കൻ നദികളിലുള്ള ഒരിനം മത്സ്യത്തിനു് നാലു കണ്ണുകളുണ്ടത്രെ. ജലനിരപ്പിലൂടെ നീന്തിനടക്കുന്ന ആ മത്സ്യങ്ങൾ രണ്ടു കണ്ണുകൾകൊണ്ടു് വെള്ളത്തിനടിയിലേക്കു് സൂക്ഷിച്ചു നോക്കി ഇരയെ അന്വേഷിച്ചുകൊണ്ടിരിക്കും. അതേസമയം മറ്റു രണ്ടുകണ്ണുകൾ കൊണ്ടു് ജല നിരപ്പിനു മുകളിലുള്ള ഇര അന്വേഷിക്കയും ആ കാര്യത്തിൽ നിന്നുള്ള രക്ഷയ്ക്കു സൂക്ഷിച്ചുകൊണ്ടിരിക്കയും ചെയ്യും.

ചിരിയ്ക്കാൻ

സെബാസ്റ്റ്യൻ ഇളങ്ങോയി.

കണ്ടക്ടർ – എവിടെ പോകുവാനാണു്

യാത്രക്കാരൻ – കോട്ടയത്തിനു്.

കണ്ടക്ടർ – തേ. അവിടിരിക്കണം.

യാത്രക്കാരൻ – ഇരിക്കാൻ നേരമില്ല സാർ എനിക്കുവേഗം കോട്ടയത്തുചെല്ലണം.

ഹാസ്യകഥ

നമ്മുടെ തലവര

ഒരു ഫിലിപ്പ്, പായിക്കാട്ട്, 1816

അങ്ങനെ സംഭവിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ. ഞങ്ങൾ പള്ളിയിൽ ചെന്നു. പെരുന്നാളൊടുകിട്ടിയ തുക, ഒന്പതണ, ഒരു തുവാലയിൽകെട്ടി കയ്യിൽ മുറുകെപ്പിടിച്ചിരിക്കുകയാണു്. എന്റെ ജനനം ആദ്യമാണു് അതുയും വലിയതുക സ്വന്തമായിക്കിട്ടുന്നതു്.

വിഷമിച്ചെങ്കിലും ഒരുന മാതാവിനിട്ടശേഷം ബാക്കി വട്ടച്ചെലവും കൊണ്ടു് പെരുന്നാൾ കൂട്ടുകയാണു്. പെരുന്നാളല്ലേ, എന്തെങ്കിലും വാങ്ങാതെ പോരുമോ? അമ്മിണിയുടെ നിർബന്ധപ്രകാരം വള തന്നെ വാങ്ങുവാൻ തീരുമാനിച്ചു. വള കണ്ടിട്ടുള്ളതല്ലാതെ ഇട്ടു് അതിന്റെ സ്വാദു് അറിഞ്ഞിട്ടില്ലാത്തവളാണു് ഞാൻ. പണത്തിന്റെ അഭാവം കൊണ്ടല്ല, പരിതഃസ്ഥിതി അനുകൂലമല്ലാത്തതിനാൽ മാത്രം.

ഡസനു് ആറണവച്ചു് ഓരോഡസൻവള വാങ്ങിക്കഴിഞ്ഞു അമ്മണി. ഇനി എങ്ങനെയാണു് വേണ്ടെന്നു പറയുന്നതു്? മാത്രമോ, അവളുടെ മുമ്പിൽ എങ്ങനെയാണു് താഴ്ന്നതു്?

ആറണ; ദൈവമെ എന്റെ നെഞ്ചു് തുടിച്ചു. ആറണയുടെവള, വീട്ടിലറിഞ്ഞാൽ . . . വാങ്ങിച്ചുപോയി. ഇനിയും കയ്യേലാക്കണമല്ലോ. ലില്ലിയുടേയും അമ്മിണിയുടേയും സഹായത്താൽ ഒരെണ്ണം വിരലുകൾക്കപ്പുറത്തായി. ഞാനറിയാതെ ഈശോ മറിയൗസേപ്പിനേ വിളിച്ചുപോയി.

ദൈവമേ വളഇട്ടന്നവരെല്ലാം ഈ വേദന എങ്ങനെ സഹിക്കും?

"ലില്ലീ, മതി, ഞാനിനി ഇടത്തില്ല, എന്റെ കൊതിതീർന്നു."

ഇല്ല മറിയക്കുട്ടി, നീ ഇത്രമണ്ടിയാണോ? എല്ലാവരും ഇങ്ങനെയാ വളഇടുന്നതു്. നീ കണ്ണുടച്ചോ. ഇങ്ങോട്ടു നോക്കണ്ടാ. ഞങ്ങൾ എങ്ങനെ എങ്കിലും ഇട്ടുതരാം."

കുട്ടിയാന പോലിരിക്കുന്ന എന്റെ കയ്യിൽ എങ്ങനെ കടത്താനാണു് ഇത്രചെറിയ വള?

രണ്ടുപേരും കൂടി കമ്പും കോലും ഇട്ടുതള്ളുകയാണു്. അവരുടെ നിർദ്ദേശപ്രകാരം ഞാൻ കണ്ണുറുക്കി അടച്ചു.

"അയ്യോ! എന്റെ പാറേമാതാവേ, എന്റെ കയ്യേ. എന്റെ അമ്മച്ചിയെ കാണണേ' ഞാൻ വിളിച്ചുകൂവി. വള അങ്ങോട്ടമില്ല, ഇങ്ങോട്ടമില്ല. എന്റെ ജീവൻ കയ്യേൽക്കൂടി പോകുന്നതുപോലെതോന്നി.

അണ പോയതുപോട്ടെ. ദൈവമേ ഈ വേദന തിന്നാനും എനിക്കിടയായല്ലോ. രണ്ടുപേരുടെ ഒരു മണിക്കൂർ സമയത്തെ പ്രയത്നഫലമായി വള മുഴുവൻ കയ്യേലായി. അങ്ങനെ തൊലിപോയി നീരുവന്ന വീർത്ത കയ്യുമായി ഞാൻ വീട്ടിലേയ്ക്കുതിരിച്ചു.

"മറിയക്കുട്ടി, നിന്റെ കയ്യേലെന്തു പറ്റി?"

"അമ്മേ, കടന്തൽ കുത്തിയതാ."

"അല്ല; നിന്റെ കൈയ്യേൽ കിടക്കുന്നതെന്നതാ"?

"വളയാ."

"അതേടി വളയാണെന്നു മനസ്സിലായി. കാലുമുഴുവൻ നീ പൊടിച്ചു ഇല്ലേ?"

"ലില്ലി വാങ്ങിത്തന്നതാ."

അങ്ങനെ അവിടെ നിന്നും രക്ഷപെട്ടു.

ആറണ, ദൈവമേ ബാക്കികൂടി ഉണ്ടായിരുന്നെങ്കിൽ ഒരു ബ്ളൗസിനുതുണിയായി. ഇനി പറഞ്ഞിട്ടെന്തുഫലം?

വള കൈത്തണ്ടേൽ നിന്നു് അങ്ങോട്ടും, ഇങ്ങോട്ടും തിരിയുന്നില്ല. കുറുത്തതും, വെളുത്തതുമായ പാണ്ടുകൾ തമ്മിൽ മത്സരിക്കുന്ന ഒരു തരം വള.

അന്നു്, പെരുന്നാൾ കഴിഞ്ഞതിന്റെ മൂന്നാം ദിവസം, ഞാൻ സ്കൂളിൽ പോകയാണു്. ഒരു കോളേജു കുമാരിയുടെ മുച്ചോട്ടുകൂടി. അന്തരാളം നീറിപ്പുകയുകയാണു്. ഇംഗ്ലീഷിനു് കുറെ ഇമ്പൊസിഷനുണ്ടു്. പെരുന്നാളിന്റെ ഇടസ്സുണ്ടോ അതോക്കുന്നു? ആദ്യത്തെ പീരിയേഡു് ഇംഗ്ലീഷാണതാനും. എന്റെ ഡിയർ ഫ്രണ്ടാണു് ഇംഗ്ലീഷും. അതുകൊണ്ടു് ഞാനും ഇംഗ്ലീഷും പഠിപ്പിക്കുന്ന ടീച്ചറും തമ്മിൽ വലിയ പഥ്യമാണു്. ഇംഗ്ലീഷു പീരിയഡിൽ ഞാൻ സുകൃതജപം ചൊല്ലും, അതുയും ആകട്ടെന്നുകരുതി വിറച്ചു. വിറച്ചു ക്ലാസ്സിൽ കയറി. കയ്യേൽ വളയുണ്ടു്. തമ്പുരാനേ ഇന്നെന്നെ ജീവനോടെ വീട്ടിൽ വിട്ടാൽ മതിയായിരുന്നു. ബെല്ലടിച്ചു. എന്നെ നിറുത്തിപ്പൊരിക്കുന്ന നിമിഷങ്ങൾ സമാഗതമായി. എന്റെ ഇടതുകൈയ്യു് ഡസ്കിനടിയിലാണു്.

"അമ്പൊ, ചന്തപ്പെണ്ണുങ്ങടെ തൊണ്ണു. ഓൾ സ്റ്റാർ അപ്."

എൻറീശോ, എന്നെ രക്ഷിക്കണേ. കൈ ഡസ്കിനടിയിൽ താഴെങ്കിലും; തുള്ളൽപ്പനിക്കാരെപ്പോലെ എന്നെ വിറയ്ക്കുകയാണു്. രക്തമയം ഇല്ല എന്റെ മുഖത്തു്.

"ഓൾ സിറ്റു്."

റോസമ്മയുടെ ഇടയ്ക്കു് ഞാൻ പതുങ്ങിയിരുന്ന ഒടേതമ്പുരാനും ബഞ്ചും അറിയാതെ. എങ്കിലും വരാനൊള്ളതു വഴിയിൽ തങ്ങുമോ? വന്നപാടെ ടീച്ചർ ഒറ്റച്ചോദ്യം നമ്മുടെ നേരെ.

സ്വർഗ്ഗത്തിലുള്ള സകല പുണ്യവാന്മാക്കും എന്റെ തലയിൽക്കൂടി കയറി ഇറങ്ങുവാൻ അനുവാദം കൊടുത്തു. തലകുനിഞ്ഞു താഴെ വീണേക്കുമോ എന്നു ഞാൻ പരിഭ്രമിച്ചു. ഏതായാലും, ഡസ്കിന്മേൽ മുറുകെ പിടിച്ചിരുന്നതു ഭാഗ്യമായി.

"അല്ലാ, കയ്യേൽ പൂട്ടകറവി കയറിയല്ലോ. അതിന്റെ കുറവുകൂടിയേ ഉണ്ടായിരുന്നുള്ളു. ഒന്നും പഠിച്ചില്ലെങ്കിലെന്നാ ചമയാനറിയാമല്ലോ. കഴിഞ്ഞകൊല്ലം, ഗവൺമെന്റു് എട്ടത്തിങ്ങോട്ടിട്ടു. ഇക്കൊല്ലവും അങ്ങനെ കയറാം കുഞ്ഞേ, ഏതായാലും ഇക്കുട്ടർക്കു് പറഞ്ഞ ഗവൺമെന്റു്."

ഞാൻ നില്ക്കുന്നിടം കുലുങ്കുകയാണു് രണ്ടു പ്രാവശ്യം വീഴാൻ പോയ എന്നെ റോസമ്മയാണു് താങ്ങിയതു്. മ

"എന്തുപറഞ്ഞാലെന്നാ, വേണ്ടെങ്കിൽ രണ്ടു തരമെന്നുള്ള മട്ടിലാണു നില്പു്. പോത്തിന്റെ ചെവിയിൽ അമരേശം ചൊല്ലിയാൽ വല്ല ഫലവും ഉണ്ടോ? റബറും കയ്യേൽ കെട്ടിത്തുക്കി നടക്കുന്നു! ഒറ്റ അടിക്കു് എല്ലാം തകർക്കണം."

ഞാൻ മനസ്സുരുകി പ്രാർത്ഥിച്ചു. "എന്റെ പാറേമാതാവെ ബല്ലടിക്കണേ. ഞാൻ മൂന്നു കൊന്ത ചൊല്ലിയേക്കാവെ,, നാല്പത്തിച്ചു മിനിട്ടു് പൂട്ടകറവിയെക്കുറിച്ചു് സരസഗംഭീരമായൊരു തൊലിയുരിക്കും പ്രസംഗം നടത്തി ടീച്ചർ.

പ്രാണിന്റെ കാരുണ്യത്താൽ ബല്ലടിച്ചു. സൊല്ല ഒഴിഞ്ഞല്ലോ, എന്നു് ആശ്വസനമായി. എന്നാൽ എവിടെ, ഈ പ്രസംഗത്തിനിടയിലുണ്ടോ ടീച്ചർ ബല്ലടി കേൾക്കുന്നു?

റോസമ്മയെ ഞാൻ കാൽകൊണ്ടു ചിരണ്ടി വിളിച്ചു് കാൽ ചൊറിയുവാണെന്ന ഭാവത്തിൽ കുനിഞ്ഞു പറഞ്ഞു. "റോസമ്മേ, ബല്ലടിച്ചു, മലയാളം സാർ ഇപ്പോൾ വരുമെന്നു പറ."

യാതൊന്നും അറിയാത്തമട്ടിൽ ഞാൻ നിവന്നുനിന്നു.

അവൾ അപ്രകാരം ചെയ്തു.

ബാക്കി അടുത്തദിവസത്തേയ്ക്കു മാറ്റിവച്ചിട്ടു് ടീച്ചർ രണ്ടു മൂന്നു പുസ്തകവുമായി ക്ലാസ്സിൽ നിന്നിറങ്ങിപ്പോയി.

"എന്റെ മറിയക്കുട്ടീ; പിന്നെ നീ അല്ലാതെ വല്ലവരും ടീച്ചറിന്റെ മുൻപിൽ വളയുമിട്ടു നില്ക്കുമോ?"

"എന്റെ റോസമ്മേ ഇതെന്റെ തലേവരയാണു്"

അമ്പിളിയുടെകരുണ

(കെ. രാധ, കറത്തേടത്തുമന, കുടമാളൂർ)

പണ്ടൊരിക്കൽ ഒരു ഗ്രാമത്തിൽ അടുത്തടുത്തു് രണ്ടു വീട്ടുകളുണ്ടായിരുന്നു. ഒന്നു് ഒരു ബ്രാഹ്മണഭവനവും മറ്റതു് ഒരു വെള്ളത്തേടന്റെ വീടും. വെള്ളത്തേടത്തു് വലുതായി സ്വത്തുണ്ടായിരുന്നു; എന്നാൽ ഇല്ലത്തു് നേരേ മറിച്ചും. അവക്കു് നിത്യവൃത്തികഴിക്കാൻ പോലും വകയില്ലായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം വെള്ളത്തേടന്റെ വീട്ടിൽ ഒരു കല്യാണം നടന്നു. കരയടക്കം ക്ഷണിച്ചിട്ടുണ്ടു്. പക്ഷേ ബ്രാഹ്മണരായതിനാൽ ആ ഇല്ലത്തു് മാത്രം ക്ഷണിച്ചില്ല. കല്യാണത്തിന്റെ തലേദിവസം രാത്രി ആ വീട്ടിൽ വലിയ ബഹളമാണു്. ഇല്ലത്തുള്ളവർ അവരുടെ പറമ്പിൽ വന്നുനില്ക്കുകയാണു്. അരിവാത്തകഞ്ഞി ഓടയിൽക്കൂടി ഒഴുകുന്നു. അവർ അതുനോക്കി നില്ക്കുകയാണു്. ആ കഞ്ഞി എടുത്തു കുടിച്ചാലെന്തെന്നു് അവർ വിചാരിച്ചു. പക്ഷേ,നമ്മൾ ബ്രാഹ്മണരാണല്ലോ' എന്നുകരുതി അവർ അതുചെയ്തില്ല. ആ കുട്ടികളും അമ്മയും അച്ഛനും വിശന്നു പൊരിഞ്ഞു നില്ക്കുകയാണു്. അന്നു വെളുത്തവാവാണു്. പൂർണ്ണചന്ദ്രൻ എല്ലായിടത്തും പ്രകാശം പരത്തിക്കൊണ്ടു് ആകാശത്തിൽ ഉദിച്ചുയർന്നു നില്ക്കുന്നു. ആ അച്ഛൻ ചന്ദ്രനോടു പ്രാർത്ഥിച്ചു. എന്റെ ചന്ദ്രഭഗവാനേ, ഞങ്ങൾക്കു് എന്തെങ്കിലും ഉണ്ടാക്കിത്തരണേ. ചന്ദ്രൻ അവരുടെ ദയനീയസ്ഥിതികണ്ടു് സങ്കടപ്പെട്ടു. അവർ സങ്കടത്തോടുകൂടി പുരയിലേയ്ക്കു് കയറിപ്പോയി.

എന്തത്ഭുതം! അവരുടെ മുറിയിൽ ഒരു സ്വർണ്ണത്തളിക പട്ടിൽ പൊതിഞ്ഞു് വച്ചിരിക്കുന്നു. അവർ അതു് ഓടിച്ചെന്നെടുത്തു. അതു് വിറ്റു് ജീവിതം കഴിക്കാമെന്നു് അവർ തീരുമാനിച്ചു. ആ രാത്രിയിൽ തന്നെ തളിക വെള്ളത്തേടനു് കൊണ്ടു വിറ്റു. വെള്ളത്തേടൻ അതു കണ്ടു് സന്തോഷിച്ചു് അവർക്കു് പവന്റെ വിലകണക്കാക്കി തുപാ കൊടുത്തു. വെള്ളത്തേടൻ അതു് ഒരു പെട്ടിയിൽ വച്ചു് പൂട്ടി. അവർ തുപയും കൊണ്ടു് ഇല്ലത്തേയ്ക്കുപോയി. പിറെറ ദിവസം കല്യാണസമയമായപ്പോൾ വെള്ളത്തേടൻ തളിക എടുക്കാൻ വേണ്ടി പെട്ടിതുറന്നു. അയ്യോ, അതിൽ തളികയും ഇല്ല, പട്ടും ഇല്ല. അവൻ വളരെ സങ്കടപ്പെട്ടു. തനിക്കു പറ്റിയ അമളി ആരോടും പറഞ്ഞില്ല.

എന്നാൽ ഇല്ലത്തുള്ളവർ രാവിലെ പീടികയിൽ പോയി കുറച്ചു സാമാനങ്ങൾ മേടിച്ചു. അങ്ങനെ അവർ ദിവസവും നിത്യവൃത്തികഴിച്ചു. കുറെദിവസം കഴിഞ്ഞു് അവർ കുറച്ചുനിലം വാങ്ങിച്ചു.അതിൽ കൃഷിചെയ്തു കിട്ടിയനെല്ലു് അവർ ഭദ്രമായി സൂക്ഷിച്ചുവച്ചു. അങ്ങനെ അവർ ഒരു വിധം സുഖമായി കഴിഞ്ഞുകൂടി. പാവം വെള്ളത്തേടൻ! ചന്ദ്രൻ ഇല്ലത്തുള്ളവരുടെ ദയനീയസ്ഥിതികണ്ടു് ഒരു തളികയായി അവിടെ വന്നതായിരുന്നു. ചന്ദ്രൻ പെട്ടിയിൽ പൂട്ടിവച്ചാൽ ഇരിക്കുമോ? അമ്പിളിത്തളികയുടെ കഥ വെള്ളത്തേടനു് ഊഹിക്കുവാൻ പോലും സാദ്ധ്യമല്ലായിരുന്നു. മനുഷ്യന്റെ ദയനീയതകണ്ടു് അമ്പിളി അലിയുമെന്നു് എങ്ങനെ ഊഹിക്കും?



നളിനി

ചിരിക്കുവാൻ.

മേരിക്കുട്ടി സെബാസ്റ്റ്യൻ 3418

സാർ:- ജോസേ നിനക്കു മോക്ഷത്തിൽ പോകുവാൻ ഇഷ്ടമാണോ?

ജോസു് - അല്ലസാർ, അപ്പച്ചൻ എന്നോടു പറഞ്ഞു സ്കൂൾ വിട്ടാലുടൻ വീട്ടിൽ വരണമെന്നു്.

മേരി മാത്യു, പുവത്തിങ്കൽ

ഹോട്ടൽക്കാരൻ:- ഉപ്പും ആണെന്നു്, തോന്നുന്നല്ലോ. ഫാൻ ഇടട്ടെ?.

യാത്രക്കാരൻ:- എന്നാൽ അതിന്റെ കുറച്ചു് ചാറു് ഒഴിച്ചേരു്.

-0-

ചെറുകഥ

"ഓനതുമറക്കേല"

ആർ. സി. കടമാളൂർ

ഞാൻ കോഴഞ്ചേരിയിലുള്ള ഒരു കടയിൽ ജോലിനോക്കുകയാണു്. രാവിലെ മുതൽ വൈകുന്നേരം വരെയുള്ള അവിശ്രമമായ പണിയെടുപ്പിനു ശേഷം മുരുങ്ങിയ സമയം മാത്രമേ സന്തോഷപൂർണ്ണമായി ചെലവഴിക്കുവാൻ കിട്ടാറുള്ളൂ. ആ സമയം വിനിയോഗിക്കുവാൻ ഞാനും എന്റെ ഒരു മുസ്ലീം സുഹൃത്തായ മജീദുംകൂടി പമ്പാനദിതീരത്തേയ്ക്കാണു് പോകാറു്.

പഞ്ചസാരപോലുള്ള മണൽ. ആക്കും തോന്നിപ്പോവും അല്പം വാരി വായിലാക്കാൻ. ആ മണൽത്തരികളെ നക്കിനനച്ചുകൊണ്ടു് കൊച്ചോളങ്ങൾ എപ്പോഴും അലയടിക്കുന്നുണ്ടാകും. കാറിന്റെ കരസ്പർശത്തിൽ അവ ചാഞ്ചാടുകയാണു്. തെങ്ങിൻ നിരകളുടെ നിഴലുകൾ അന്തിവെളിച്ചത്തിൽ നിഴൽച്ചിത്രംപോലെ ചലിച്ചുകൊണ്ടിരിക്കുന്നു. അന്തരീക്ഷത്തിലാകെ ഗാനതരംഗങ്ങൾ ചലനങ്ങളുണ്ടാക്കുന്നുണ്ടു്. സരസമായ സംഭാഷണത്തിന്റെ താരാട്ടും ഇളം കാറ്റിന്റെ തലോടലും ഒത്തുചേന്ന ഒരു നവാനുഭൂതി നാമ്പെടുത്തുകൊണ്ടിരുന്ന ആ സന്ദർഭത്തിലാണു് ആ തേങ്ങൽ ഞങ്ങൾ കേട്ടതു്. പെട്ടെന്നു ഞങ്ങൾ തിരിഞ്ഞുനോക്കി.

ഏതാണ്ടൊരു പത്തു വയസ്സു പ്രായം വരുന്ന ഒരു പെൺകുട്ടി.

തലയിൽ ഒരു നേന്ത്രയുള്ള വസ്ത്രം വഴുതി വീഴാൻ വെമ്പൽക്കൊണ്ട കിടപ്പുണ്ടു്. മധുമാസ രജനിയിലെ മധുചന്ദ്രികപോലെ നീണ്ട മിഴികൾ. അവയിൽ അടർന്നു വീഴാൻ വെമ്പൽക്കൊണ്ടു് രണ്ടു ഉള്ളി കണ്ണുനീർ നിലയുറപ്പിച്ചിരിക്കുന്നു. നെറ്റിത്തടത്തിലേയ്ക്കു വീണ കിടക്കുന്ന കുറുനിരകൾ. അല്പം കീറിയ ബ്ലൗസ്സു്. കൊച്ചു കരയുള്ള ഒരു മുണ്ടാണു് ഉടുത്തിരിക്കുന്നതു്. കാലിൽ പൊട്ടിച്ചിരിക്കുന്ന ചിലമ്പുകൾ.

അവൾ തേങ്ങിക്കരയുന്നുണ്ടു്. ഞാനെഴുന്നേറ്റവളുടെ അടുത്തു ചെന്നു.

"എന്തിനാ നീ കരയുന്നതു്?"

അവളുടെ മുഖത്തേയ്ക്കു് നോക്കിക്കൊണ്ടു് ഞാൻ ചോദിച്ചു.

മുത്തുകൾ പോലെ പ്രകാശം പരത്തുന്ന ആ മിഴികളിൽ വേദനയും അതിലേറെ സംഭ്രമവും കതിരിട്ടു നില്ക്കുകയാണു്. ഏങ്ങലിന്റെ തിരകളിൽ ആ മാറു് ഉയന്നു താഴുന്നതു കാണാം. ചോദ്യത്തിനു മറുപടി പറയുവാനുള്ള ഭാവമില്ല. വീണ്ടും ഞാൻ ചോദിച്ചു.

"എന്താ കരയുന്നതു്?"

"അമ്പടാ! കേസുതെളിക്കുന്ന പോലീസ്സുദ്യോഗസ്ഥന്റെ ഗൗരവമുണ്ടല്ലോ നിന്റെ ചോദ്യത്തിനു് വല്ല ഉമ്മയോ മറ്റോ ആയിരിക്കും നീ-വാ". . .

മജീദാണതു പറഞ്ഞതു്. മെല്ലെ അവൾ മുഖമുയർത്തി വിക്കി വിക്കി പറഞ്ഞു.

"ഹേ . . . . ല്ല . . . ."

"പിന്നെന്താ ഒന്നും പറയാത്തതു്?"

അവൾ വീണ്ടും മുകയാവുകയാണു്.

"കുട്ടിയുടെ പേരെന്താ?"

"സെ ലീ നാ ന്നു"

"അമ്മ വിളിക്കുന്നതോ?" ആ ചോദ്യത്തിന്റെ ആവശ്യമില്ലെന്നെനിക്കറിയാമായിരുന്നു.

"കുഞ്ഞു് . . . . മോളെന്നു"

വീണക്കമ്പിയിൽ വിരലോടിക്കുന്നതുപോലെയുള്ള ശബ്ദം.

"സെലീനാ കരയുന്നതെന്തിനാ?"

"ഹെ. ന്നെ ഉമ്മ വഴക്കു പറേം"

"എന്തിനു്?"

"ഹെന്റെ കയ്യീന്നു് അണ പോയ"

"എത്ര അണയാണു പോയതു്?"

"എയ്. സാരമില്ല ഞാൻ തരാം അണ അതു പോരെ?"

ആ കണ്ണുകളിൽ പ്രകാശം പരക്കുന്നതു് ഞാൻ വ്യക്തമായി കണ്ടു.

എന്റെ കയ്യിലുണ്ടായിരുന്നതും സുഹൃത്തിനോടു് കടം വാങ്ങിയതും ഉൾപ്പെടെ രണ്ടു നാലണ ഞാനവൾക്കു് കൊടുത്തു. അവൾ അതു വാങ്ങി.

"കുട്ടീ പൈസ്സോള. ബാക്കി ഒരണ കുട്ടിയും എടുക്ക!"

അവൾ തിരിഞ്ഞു നടന്നു, ആ ചിലമ്പൊലികളുടെ ശബ്ദം അവിടെയെല്ലാം മാറ്റൊലിക്കൊണ്ടു.

ആ സംഭവത്തിനുശേഷം പലപ്പോഴും ഞാനവളെ കാണാറുണ്ടു്. അപ്പോഴൊന്നുംതന്നെ നിഷ്കളങ്കമായ ആ പുഞ്ചിരി സമ്മാനിക്കാനവൾ മറക്കാറില്ല.

കാലം കടന്നു പോകുകയാണു്.

അപ്രതീക്ഷിതമായിട്ടാണതു സംഭവിച്ചതു്. സാരമില്ലാത്ത അസുഖമായിരുന്നെങ്കിൽത്തന്നെയും ഞാൻ ആസ്പത്രിയിലായി. ആ സമയമൊക്കെയും ഞാനാഗ്രഹിച്ചു, ആ ചിലമ്പൊലിയൊന്നു കേട്ടിരുന്നെങ്കിൽ എന്നു്.

"ചേട്ടാ" . . .

ഒരു നീണ്ട വിളി. അതു കേട്ടാണു് ഞാൻ ഞെട്ടിയുണർന്നതു്. തളർന്നു കിടന്നിരുന്ന എന്നെ നോക്കി അവൾ പൊട്ടിക്കരഞ്ഞു. പാവം പെണ്ണു്! അവൾക്കു് കരയാനേ അറിഞ്ഞുകൂടൂ.

"ഞാൻ എവിടെയെല്ലാം അന്വേഷിച്ചു ചേട്ടനെ"

"എന്നിട്ടു്?"

"എന്നിട്ടൊള്ളതൊക്കെ അല്പം കഴിഞ്ഞു" മുറിയിലേയ്ക്കു സിറിഞ്ചും മരുന്നുമായിവന്ന നേഴ്സാണതു് പറഞ്ഞതു്. അവർ മരുന്നു് മേശപ്പുറത്തു വച്ചിട്ടു പറഞ്ഞു . . .


"കുട്ടീ, അല്പ സമയത്തേയ്ക്കു് പുറത്തു പോകൂ! ഈ മരുന്നൊന്നു് കുത്തിവയ്ക്കട്ടെ"

അവൾ മൗനമായി പുറത്തേയ്ക്കു പോയി. നേഴ്സിന്റെ അഭാവത്തിലാണവൾ വീണ്ടും വന്നതു്. വന്നയുടനെ അവൾ ചോദിക്കുകയാണു്.

"ചേട്ടനു വേദനിച്ചോ?"

"ഇല്ല"

"നൊണ പറയല്ലേ ... പിന്നെന്താ



ലിവർപൂളിലെ രണ്ടുകുട്ടികാർ

കൂപ്പിടുന്നേൻ

കെ ഒ ഡോമിനിക്ക്
പൊൻകുന്നം

(പൊന്നിലഞ്ഞി ... ... എന്നരീതി)

പാത്തലത്തെപ്പാൽക്കടലായ്
തീർത്തു തീർത്തു മന്ദമന്ദം
പൂർവ്വദിക്കിൽ നിന്നുയരുന്ന
പുണ്ണ്യചന്ദ്രനൊത്ത ശോഭേ
പുതുമോദം കൈവരുവോൾ –
പൂക്കളെല്ലാം പുഞ്ചിരിച്ചു;
പാരിനെഴും ഭംഗികാണ്മാൻ
താരകങ്ങൾ കൺതുറന്നു.
വല്ലികളുലച്ചു ചാടി –
പ്പാടി യോടി പൂംസമീരൻ;
ഉൾപ്പുളക മേകിഗാനം
പെയ്തിടുന്നു കോകിലങ്ങൾ..
നീലവിണ്ണും ചാരുമേട്ടിൽ
വെൺമുകിലാം മേഷജാലം
മേഞ്ഞു മേഞ്ഞു കൂട്ടമായി
മെല്ലെ മെല്ലെ സഞ്ചരിപ്പൂ!
ശാന്ത സുന്ദരാഭമാകു –
മീനിശയിലിപ്രകൃതി
തന്നരുളു മവ്യയാമ –
മുന്മതാനന്ദത്തിൻ മധു
അത്തലെല്ലാം വിസ്മരിച്ചെൻ –
ചിത്തഭംഗമാസ്വദിക്കെ,
ഇപ്രകൃതി യാമനർഘ –
ദൃശ്യനത്തിലൂടെ നന്നായ്.
അത്ഭുതമാമി പ്രപഞ്ച –
ശില്പിയെ ഹാ! സൗന്ദര്യത്തിൻ
മൂർത്തിയെ ഞാൻ കൺകുളുർക്കെ
പാർത്തു പാർത്തു കുമ്പിടുന്നേൻ,

-0-

നിമിഷം കഴിഞ്ഞു. സെലീന തേർഡ് ഫാറം പാസ്സായി. പ്രപഞ്ചത്തെത്തന്നെ തോല്പിച്ച ഒരു ജേതാവിന്റെ ആത്മാഭിമാനത്തോടെ, അവൾ മൊഴിഞ്ഞു.

"ഞാൻ ജയിച്ചു"

"നന്നായിവരട്ടെ" ഞാൻ പറഞ്ഞു. അവളതു കേട്ടകാണുകയില്ല. കാരണം തൊണ്ടയോളം വന്നു അതു തടഞ്ഞുപോയി.

V V V

വർഷങ്ങൾക്കുശേഷം ഞാനവളെ കണ്ടു. അവളൊരു യുവതിയായി കഴിഞ്ഞിരുന്നു.

എന്നെ കണ്ട ഉടനെ അവൾ 'ഉമ്മാ'യെ വിളിച്ചു.

"ഉമ്മാ ഇതാരാണെന്നു് നോക്കു"

"ഹൊ! മോനങ്ങ് ക്ഷീണിച്ചല്ലോ മോനെന്തേ ഒന്നും പറയാതെ പോയ്?"

"പെട്ടെന്നു പോകേണ്ടിവന്നു. സുഖംതന്നെയല്ലേ?"

"ങഹാ. സെലീനക്കു് ജോലിണ്ടു് സ്കൂളിലു് പ്യൂണായിട്ടു്.. "

അവളൊന്നു പുഞ്ചിരി തൂകി.

"ചേട്ടനു്.. ജോലി"

"ഒന്നുമില്ല" പറയണമെന്നു ഞാൻ വിചാരിച്ചു. "ഞാൻ പോണു" സെലീനയോടു ഞാൻ പറഞ്ഞു.

"കുറച്ചദ്യാവശ്യം ഉണ്ടു്." എന്റെ പെട്ടെന്നുള്ള മാറ്റം എന്തെല്ലാം വികാരങ്ങളാണവരിൽ ഉണ്ടാക്കിയതെന്നു ഞാൻ ശ്രദ്ധിച്ചില്ല. കാരണം ഞാൻ അബോധാവസ്ഥയിലായിരുന്നു.

"ദാ. ഇതു് ഇരിക്കട്ടെ"

അവളുടെ വിളികേട്ടാണു് ഞാൻ ചിന്തയിൽനിന്നുണർന്നതു്.

"ചേട്ടനെന്താ വിഷമം?"

"ഒന്നുമില്ല"

"ദാ"

അവൾ ഒരു പൊതി എന്റെ നേരെ നീട്ടി. "ഇരിക്കട്ടെ മോനെ" അമ്മയുടെ സ്വരം വ്യക്തമായി ഞാൻ കേട്ടു. ഞാൻ സെലീനയുടെ മുഖത്തേയ്ക്കു നോക്കി. കണ്ണീർ കരകവിഞ്ഞു നിൽക്കുകയാണു്."

"ഓനു് മർക്കുല"

വർഷങ്ങൾക്കപ്പുറത്തു നടന്ന ആ ചിത്രം എന്റെ മുന്നിൽ തെളിഞ്ഞുവന്നു. ആ ചിലമ്പൊലികൾ എന്നെ ഇപ്പോഴും പിൻതുടരുകയാണു്.

ചിരിക്കാൻ

ആർ. പി.

വിദ്യാർത്ഥിനി അദ്ധ്യാപകനോടു്: സാർ, അങ്ങേ ക്ലാസ്സിലെ ഒരു കുട്ടി എന്നെ കോക്രി കാണിക്കുന്നു.

വിദ്യാർത്ഥിനിയിരിക്കുന്ന സ്ഥാനത്തു ചെന്നു നിന്നു് നോക്കീട്ടു് അദ്ധ്യാപകൻ: എവിടെ? ഇവിടെ നിന്നാൽ അങ്ങേ ക്ലാസ്സിലേതൊന്നും കാണാൻ വയ്യല്ലോ.

വിദ്യാർത്ഥിനി: ഇതേ, ഈ സ്ക്രീനിൽക്കാണുന്ന സുഷിരത്തിൽകൂടി നോക്കണം.

V V V

(പി. മാത്യു, പള്ളിത്താഴത്തു്, മണ്ണുള്ള നാടു് 1848)

തിയേറ്ററിൽ നിന്നും ഇറങ്ങിവന്ന ആളിനോടു്

"എന്താഒരുതേ,നിന്റെ വായും, ചൊടിയും മുഴുവൻ മണ്ണു്?"

"എന്റെ ചാക്കോച്ചാ, ഒരു തമാശുള്ള നാടകം കാണാൻ പോയതാ."

ചെറുകഥ.

കുശുമ്പിപ്പെണ്ണ്

എൻ. ജെ. മേരിക്കുട്ടി, നരിപ്പാറ, വെച്ചൂച്ചിറ

മറിയാമ്മ വേച്ചു വേച്ചു് കട്ടിലിൽ ചെന്നുവീണു. അവൾ തലയിണയിൽ മുഖമമർത്തി വിങ്ങി വിങ്ങിക്കരഞ്ഞു. കണ്ണീർ പ്രവാഹത്തിൽ അവളുടെ തലയിണ മുഴുവൻ നനഞ്ഞു. അവളുടെ ശരീരവും മനസ്സും ഒരുപോലെ നീറുന്നുണ്ടായിരുന്നു. ''എന്റീശ്വരപ്പാ'' എന്നല്ലേ തന്നെ അപ്പൻ വിളിച്ചതു്? ''മോളേ'' എന്നല്ലാതെ ഇതുവരെ യാതൊരു പേരും അപ്പൻ തന്നെ വിളിച്ചിട്ടില്ല. എന്നാൽ ഇന്നോ?. അതോർത്തപ്പോൾ അവളുടെ ചങ്കു തകർന്നുപോയി. എന്തൊരടിയാണു് അപ്പൻ തന്നെ അടിച്ചതു്. ഹൊ! ചാട്ടവാറുപോലെ തന്നെ അടിച്ചതു്? എന്തു വല്ലാത്തതാണു് ഈ അപ്പൻ.

തന്നെ അപ്പനു് ജീവനാണു്. താൻ തെറ്റു ചെയ്തിട്ടല്ലേ അപ്പൻ തല്ലിയതു്? എന്നാൽ താൻ ചെയ്തതു തെറ്റാണോ? തെറ്റാണെന്നു് തനിക്കു് ബോദ്ധ്യമുണ്ടായിരുന്നെങ്കിൽ താനതു ചെയ്യുകയില്ലായിരുന്നു. ഒത്തിരിപ്പേരുകൂടിപ്പോയപ്പോൾ മഴപെയ്തു. കുടയില്ലാതിരുന്ന ഒരു കുട്ടിക്കു് കുട കൊടുത്തതു തെറ്റാണോ? തെറ്റാണെന്നു് തന്റെ മനസ്സാക്ഷി ഇപ്പോഴും പറയുന്നില്ല. എങ്കിലും ആ ആനി ഇത്ര വലിയ നുണച്ചിയായിപ്പോയല്ലോ. എന്തെല്ലാം അപവാദങ്ങൾആണു് അവൾ പറഞ്ഞുണ്ടാക്കിയതു്. അതും പോരാഞ്ഞിട്ടു് ചെന്നു് ഹെഡ്മാസ്റ്ററോടും പറഞ്ഞില്ലേ? ഇനി കൂട്ടുകാർക്കും സ്വന്തക്കാർക്കും തന്നെപ്പറ്റി എന്തഭിപ്രായമാണു തോന്നുക? അമ്പോ! ആനിയുണ്ടാക്കിയ ഭൂകമ്പം. അവളോടു് എല്ലാവർക്കും പിണക്കമാണു്. പോരാത്തതിനു് ഒരു പെൻസിൽ ചോദിച്ചിട്ടു് താൻ അവൾക്കു് കൊടുത്തില്ല. അതിന്റെ പക പോക്കലാണു് അവൾ ചെയ്തതു്. എങ്കിലും അവൾ ചെയ്തതു് കൊച്ചു കടന്നുപോയി. താൻ മനസ്സാ വാചാ കർമ്മണാ അറിയാത്ത കുറ്റങ്ങളല്ലേ അവൾ എല്ലാവരോടും പറഞ്ഞതു്. അപ്പൻ തല്ലിയതിനു് കുറ്റം പറയാനില്ല. തന്റെ മകൾ ഈ വിധമൊക്കെയാണെന്നു കേൾക്കുമ്പോൾ ഏതൊരപ്പനാണു് ദേഷ്യം വരാതിരിക്കുന്നതു്? ''ഇനി സ്കൂളിൽ പോകണ്ടാ'' എന്നല്ലേ അപ്പൻ പറഞ്ഞിരിക്കുന്നതു്. അതോർത്തപ്പോൾ അവൾ പൊട്ടിക്കരഞ്ഞുപോയി.

''മോളേ'' റോസമ്മച്ചേടത്തി–അവളുടെ അമ്മ അടുത്തുവന്നിരുന്ന അവളുടെ കണ്ണുനീർ തുടച്ചിട്ടു് പറഞ്ഞു. ''മോളു കരയാതിരി. മോളു് തെറ്റു ചെയ്തിട്ടല്ലേ അപ്പൻ തല്ലിയതു്? നീ എന്തിനാ വല്ല ആമ്പിള്ളേർക്കും കൂടി കൊടുത്തതു്?''

''അമ്മച്ചീ ഞങ്ങളു് പള്ളിക്കുടത്തിൽനിന്നു പോന്നപ്പോൾ വഴിക്കുവച്ചു് മഴപെയ്തു. ഞങ്ങൾക്കെല്ലാവർക്കും കൂടി ഉണ്ടായിരുന്നു. ആൺകുട്ടികളുടെ കൈയിൽ അധികം കുടയില്ലായിരുന്നു. ചാക്കോച്ചൻ എന്നോടു ചോദിച്ചു ''ഒരു കുടതരാമോ'' എന്നു. ഞാൻ എന്റെ കുട കൊടുക്കുകയും ചെയ്തു. അതിനു് ആ കുശുമ്പി ആനി പറഞ്ഞുണ്ടാക്കിയതാണിതെല്ലാം. അവൾ ക്കെന്നോടു് നേരത്തെ കെറുവായിരുന്നു. അതിനു പകരം വീട്ടിയതാണു്. അവൾ വിങ്ങി വിങ്ങിക്കരഞ്ഞുകൊണ്ടു് ഇതുമുഴുവൻ പറഞ്ഞു.

''എന്തു ചെയ്യാം മോളേ അപ്പച്ചനോടു് ഇതെല്ലാം ആരാണ്ടു പറഞ്ഞു. പെട്ടെന്നവന്ന അരിശത്തിനു മോളെപ്പിടിച്ചു തല്ലിയതാ. സാരമില്ലമോളെ''

''അമ്മച്ചീ ഇനിയെന്നെ പള്ളിക്കൂടത്തിൽ വിടുകയില്ലേ?''

''നാളെ അപ്പച്ചനോടു് പറഞ്ഞുനോക്കാം. ഇപ്പോൾ ദേഷ്യപ്പെട്ടിരിക്കുകയല്ലേ? മോളു് കരയാതെ കിടന്നുറങ്ങിക്കോ'' മറിയാമ്മ ആശ്വാസത്തോടെ കിടന്നുറങ്ങി.

അന്നു പതിവുപോലെ ഭാസ്കരഭഗവാൻ കിഴക്കേ ചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ടു. പൂവൻ കോഴികളുടെ കൂവൽ നിലച്ചിട്ടില്ല. സൂര്യകിരണങ്ങളേറ്റു് മഞ്ഞുതുള്ളികൾ വെട്ടിത്തിളങ്ങി. സുഗന്ധവാഹിയായ മന്ദമാരുതൻ ചെടികളിലെ ഇലകളെ ഇക്കിളിയിട്ടുകൊണ്ടു് കടന്നുപോയി.

മറിയാമ്മ സാവധാനം എഴുന്നേറ്റു് ഈശ്വരസ്തോത്രം കഴിഞ്ഞു് അമ്മയുടെ അടുക്കലേയ്ക്കു് പോയി. അപ്പൻ ഇതുവരെ ഉണർന്നിട്ടില്ല. മറിയാമ്മ അടുക്കളപ്പണിയിൽ അമ്മയെ സഹായിച്ചുകൊണ്ടിരിക്കയാണു്. എന്നും അപ്പൻ എഴുന്നേല്ക്കുന്നതിനുമുമ്പേ ചൂടുകാപ്പിയും കൊണ്ടു് മറിയാമ്മ അപ്പന്റെ അടുത്തു് ഹാജരാകുന്നതാണു്. എന്നാൽ ഇന്നു് അവൾ അതിനൊരുമ്പെട്ടില്ല. കാരണം ഇന്നലത്തെ അടിയുടെ വേദന ഇതുവരേയും മാറിയിട്ടില്ല. അടികൊണ്ടഭാഗം കരിവാളിച്ചു് നീരുവച്ചിരിക്കയാണു്.

''മറിയാമ്മേ, മറിയാമ്മേ'' മുറ്റത്തുനിന്നുകൊണ്ടു് ആരോ വിളിച്ചു. അവൾ മുറ്റത്തേയ്ക്കുചെന്നു. ആനിയുടെ അനിയത്തി ഒരെഴുത്തും പിടിച്ചുകൊണ്ടു് നില്ക്കുന്നതാണു് അവൾകണ്ടതു്. ''എന്താ?'' മറിയാമ്മ ഗൗരവത്തോടെ ചോദിച്ചു.

''ആനിച്ചേച്ചി തന്നുവിട്ടതാ ഈ എഴുത്തു് മറിയാമ്മയ്ക്കുതരാൻ'' ലീലാമ്മ പറഞ്ഞു.

''ആരാടീഅതു്'' അമ്മച്ചിയും അപ്പച്ചനും പുറത്തേയ്ക്കു വന്നു. ''ഇതേതാടീ ഈ പെണ്ണു്?'' അപ്പച്ചൻ ചോദിച്ചു. ''കല്ലിട്ടക്കിലേതാ'' ലീലാമ്മയാണു പറഞ്ഞതു്.

''നീയെന്താവന്നതു്?'' അപ്പച്ചൻ ചോദിച്ചു. അവൾ ആ എഴുത്തു് അപ്പച്ചന്റെ കയ്യിൽ കൊടുത്തു. അപ്പച്ചൻ എഴുത്തു പൊട്ടിച്ചു് ഇങ്ങനെ വായിച്ചു.

''പ്രിയപ്പെട്ട മറിയാമ്മേ;

ഞാൻ പല തെറ്റിദ്ധാരണകളും വച്ചു് നിന്നെപ്പറ്റി ചിലതെല്ലാം പറഞ്ഞു. അതിലും ഞാൻ ഹൃദയപൂർവ്വം പശ്ചാത്തപിക്കുന്നു. ഞാൻ എല്ലാവരോടും പ്രത്യേകിച്ചു് ഹെഡ്മാസ്റ്ററോടും നാളെ സത്യാവസ്ഥ വെളിപ്പെടുത്തുന്നതാണു്. ഞാൻ നിമിത്തം നീ വളരെ മനഃക്ലേശവും ശരീരപീഡയും അനുഭവിച്ചു എന്നു് എനിക്കറിയാം. അതെല്ലാം ഈ പാപിനിയോടു് നീ ക്ഷമിക്കുമെന്നു് വിശ്വസിക്കുന്നു. നിന്റെ മാതാപിതാക്കളോടും ഞാൻ ക്ഷമയാചിക്കുന്നു.

എന്നു് സ്വന്തം ആനിക്കുട്ടി.''

കവിത.

പുതിയതും പഴയതും

ഹൃദയമംഗലം മാധവൻ

വാർ മഴവില്ലിൻ തുമ്പിൽ തൂങ്ങിയ
കാർ മുകിലിൻ പുതു കൈലേസാൽ
വാനത്തിന്റെ വിയർപ്പുതുടച്ചു
നാണമെഴാത്തൊരു തെന്നലിനാൽ
ആ മുകിലന്തി പിഴിഞ്ഞു വിരിച്ചു
മാമല നിരയുടെ പൊക്കത്തിൽ.
പുലരി പിറന്നപ്പോഴതിലാരോ
പുതുസിന്ദൂരം പൂശുന്നു!
കരുവികളതുകണ്ടവിടേയ്ക്കെത്താൻ
കൊതിയുമിട്ടു പറക്കുന്നു!
മലരുകൾ കണ്ണു തുറന്നിതുനോക്കി–
ക്കലിത കുതൂഹലമാടുന്നു!
കവിത കരിഞ്ഞു വിശന്ന മയങ്ങിയ
കവിയിതു കണ്ടെഴുനേല്ക്കുന്നു!
വാടിത്തളരും കരളിൻ ചുണ്ടുക–
ളോടക്കുഴലു വിളിക്കുന്നു!
നവയുഗനാന്ദികുറിക്കും പുത്തൻ
കവിതകളങ്ങിനെയുതിരുന്നു!
കേട്ടവരൊക്കെയുണർന്പ്പുത്തൻ
പാട്ടിനെ വാഴ്ത്തിച്ചൊല്ലുന്നു!
പട്ടിണികൊണ്ടക്കവിയെന്നിട്ടും
പാടാനരുതാതഴലുന്നു!
കരളിലെയോമൽഭാവനയുടെപൂ–
ഞ്ചിറകുകളുന്നും തളരുന്നു!
നവയുഗഗാനതരംഗിണിവററിയ
ഹൃദയം മരുവനമാവുന്നു!
കവിയുടെകരളിൽ പൂത്തകിനാവുക–
ളിതുവിധമാകെയുതിർന്പ്പോൾ
പുതിയ വസന്തപ്പുലരി വെറുത്ത–
പ്പഴയ ദിനങ്ങളെയാശിപ്പൂ!!

–0–

സ്കൗട്ടുപ്രസ്ഥാനം

[ബാലൻ കുറിച്ചിത്താനം]

ഈ പ്രസ്ഥാനത്തിന്റെ ജനയിതാവ് സർ റോബർട്ട് ബേയ്ഡൻ പൗവ്വൽ എന്ന ഒരിംഗ്ലീഷുകാരനായിരുന്നു. ഒരു പട്ടാള ഉദ്യോഗസ്ഥനായിരുന്ന ഇദ്ദേഹത്തെക്കെ ആഫ്രിക്കയിലെ ബൂവർ യുദ്ധകാലത്ത് അങ്ങോട്ട് അയച്ചു. യുദ്ധത്തിനു ശേഷം തിരിച്ചു് ഇംഗ്ലണ്ടിൽ എത്തി അധികം താമസിയാതെതന്നെ സ്കൗട്ട് പ്രസ്ഥാനമാരംഭിച്ചു.

ലണ്ടനിലെ തെരുവു തെണ്ടികളായിനടന്ന കുട്ടികളിൽ കുറെപ്പേരെ കൂട്ടിച്ചേർത്തു അദ്ദേഹം ബ്രൗൺസീ ദ്വീപിൽ കൊണ്ടുപോയി താമസിപ്പിച്ചു് അവർക്കു് ആവശ്യമായ ആഹാരം, വസ്ത്രം ഇവനൽകി ഏറ്റവും ശുചിയായി ജീവിക്കാൻ അവരെ അഭ്യസിപ്പിച്ചു. ക്രമേണ അവർക്കു് ആഹാരം പാകം ചെയ്യുന്നതിനും സ്വന്തമായി വസ്ത്രം ശുചിയാക്കുന്നതിനുമുള്ള അറിവുണ്ടായി. ശാരീരികമായും മാനസികമായും വളർച്ച നൽകുന്നതിനും വ്യായാമങ്ങൾ ചെയ്യാനും അവർ ശീലിച്ചു ഇങ്ങിനെ ആഹാരം വസ്ത്രം ഇവയിൽ ശുചിതവും ശാരീരികമായും മാനസികമായും വളർച്ചയും സിദ്ധിച്ചതോടെ അവർ ഉന്മേഷചിത്തരും ധീരരുമായ സന്നദ്ധഭടന്മാരായിത്തീർന്നു. ഇങ്ങനെ ധീരന്മാരായിവരുന്ന ആ സംഘത്തെ ആവശ്യമായ പരിശീലനം നൽകി സ്കൗട്ട്സംഘമായി രൂപാന്തരപ്പെടുത്തിയെടുക്കാൻ അദ്ദേഹത്തിനു് വളരെ എളുപ്പത്തിൽ സാധിച്ചു.

1907 – ലാണ് ബേഡൻ പൗവ്വൽ വിവിധപരിത: സ്ഥിതികളിൽ വളർന്ന 20 കുട്ടികളെ ബ്രൗൺസീ ദ്വീപിൽ കൊണ്ടുപോയി ആദ്യത്തെ സ്കൗട്ട് സംഘമുണ്ടാക്കിയതു്. സ്കൗട്ട് ക്യാമ്പു് നടത്തിയിട്ട് ഫലം വളരെ തൃപ്തികരമായി അനുഭവപ്പെട്ടു. ഈ അനുഭവത്തിന്റെ വെളിച്ചത്തിൽ "സ്കൗട്ടിംഗ് ഫോർ ബോയിസ്" എന്ന ഗ്രന്ഥമെഴുതി അദ്ദേഹം പ്രസിദ്ധീകരിച്ചു ഈ പുസ്തകത്തിന്റെ പ്രചരണത്തോടുകൂടി പലസ്ഥലങ്ങളിലും കുട്ടികൾ താനേ സ്കൗട്ട് സംഘങ്ങൾ രൂപീകരിച്ചു് നടത്തിപ്പോരുന്നു. ഇങ്ങിനെയുള്ള പല സംഘങ്ങളെയും ചേർത്തു് ഐകരൂപ്യമുണ്ടാക്കി ക്രമീകരിക്കുന്നതിനു് അദ്ദേഹം ചില നിയമങ്ങളും നിർദ്ദേശങ്ങളും എഴുതി ഉണ്ടാക്കി സ്കൗട്ടിങ്ങ് എന്ന മഹാപ്രസ്ഥാനത്തെ വളർത്തി. ഇംഗ്ലണ്ടിലെ രാജാവുൾപ്പെടെ പല മഹാന്മാരുടെയും ഉപദേശപ്രകാരം ബേഡൻ പൗവ്വൽ പട്ടാളഉദ്യോഗത്തിൽ നിന്നും വിരമിച്ചു് മുഴുവൻ സമയവും സ്കൗട്ട് പ്രസ്ഥാനത്തിനായി വിനിയോഗിച്ചു.

-0-

കുട്ടിക്കവിത

കാറോകാറോ പോകല്ലേ

എബ്രഹാം കുഴിമറ്റംകോട്ടയം

കാറോ! കാറോ! പോകല്ലേ!
മൊട്ടിനകത്തൊരു തേനുണ്ടേ!
മൊട്ടുകൾ തല്ലി വിടർത്തിയാൽ
പൂവുകിടന്നു മടിച്ചീടും.
മൊട്ടിനകത്തൊരു പുഴുവുണ്ടോ?–
പൂവുകൾ തിന്നു മടിച്ചീടാൻ.
പൂവുകളൊട്ടും വിടരാഞ്ഞാൽ
മധുവും മണവും പോകില്ലേ?
കാറോ! കാറോ! പോകല്ലേ!
പൂവുകൾ തല്ലി വിടർത്താതെ
കാറും മണവും കിട്ടാഞ്ഞാൽ
തേങ്ങൾക്കൊട്ടും സുഖമില്ലേ!
പൂവേ! പൂവേ! നീതരുമോ?
നിന്നുടെ കയ്യിലെ! മണമല്പം
ഇല്ല തരില്ലീ മണമൊട്ടും
അയ്യോ,! കാറോ! പോകല്ലേ!

-0-



ആരുവാങ്ങുമിന്നാരു വാങ്ങുമീ–
യാരാമത്തിന്റെ രോമാഞ്ചം?

പ്രേമഗായകൻ

ജോജ്ജ് ആലയ്ക്കാപ്പള്ളി ബി. എ. എൽ. റ്റി.


പ്രാചീനയവനരുടെ കാവ്യദേവതയായ കലിയോപ്പയുടെ മകനാണ് ഓർഫിയസ്. സ്വരമാധുര്യംകൊണ്ട് സവിശേഷം അനുഗൃഹീതയായ മാതാവ് മകനെ സംഗീതത്തിലും, വീണവായനയിലും സുശിക്ഷിതനാക്കി. ഓർഫിയസ് അചിരേണ ഒരു ഗാനഗന്ധർവ്വനായിത്തീർന്നു. അയാളുടെ വിശ്വമോഹനമായ ഗാനനിർഝരി പക്ഷിമൃഗാദികളെപ്പോലും പുളകം കൊള്ളിച്ചു. അവ ആ ഗാനധാരയിൽ ലയിച്ച്, അയാളുടെ സമീപത്തു നിശ്ചലം നിന്നിരുന്നുപോലും.! വൃക്ഷങ്ങൾ പോലും വിശ്വമോഹനമായ ആ ഗാനാലാപ വേളയിൽ അനക്കമില്ലാതെ നിന്നിരുന്നുവെന്നൊരു പറയുന്നു.

മോഹനമായ ഒരു പ്രഭാതത്തിൽ, അയാൾ വനത്തിലൂടെ ഏകനായി സഞ്ചരിക്കുമ്പോൾ, മദ്ധ്യേ അതിസുന്ദരിയായ ഒരു തരുണിയെ കണ്ടുമുട്ടി. യൂരിഡിസ് എന്നായിരുന്നു അവളുടെ പേർ. അവർ പരസ്പരം പ്രണയബദ്ധരായിത്തീർന്നു. താമസംവിനാ വിവാഹനിശ്ചയവും ചെയ്തു. ആ യുഗ്മദമ്പതികൾ ആനന്ദമഗ്നരായി കഴിഞ്ഞുകൂടുമ്പോൾ, ഒരു ദിവസം യൂരിഡിസിന് ഒരു അത്യാപത്തു നേരിട്ടു. അവൾ സഞ്ചരിക്കുമ്പോൾ ഒരു പാമ്പ് കടിച്ചു. അവൾ നിമിഷനേരത്തിനുള്ളിൽ മരിച്ചു. ഓർഫിയസിനു തന്റെ പ്രേമഭാജനത്തെ രക്ഷിക്കാൻ കഴിഞ്ഞില്ല.

വിരഹവിധുരനായ ആ യുവഗായകൻ ദുഃസഹമായ ദുഃഖത്തിനധീനനായി. അയാളുടെ പതഞ്ഞൊഴുകിയിരുന്ന ആഹ്ലാദത്തിരമാലകളെല്ലാം പമ്പകടന്നു. ആരിലും സുന്ദരസ്വപ്നങ്ങളുതിർത്ത മോഹനരാഗങ്ങൾ ശോകസങ്കുലമായ വിലാപഗാനങ്ങളായിപ്പരിണമിച്ചു. ഒടുവിൽ ഗതിമുട്ടി അയാൾ യവനദേവതാധിനായകനായ സൂസിന്റെ പക്കലെത്തി സങ്കടമുണർത്തിച്ചു. ഹൃദയം തകർന്ന ആ യുവകാമുകൻ, തന്റെ പ്രേമമൂർത്തിയെ ഒരു നോക്കുകാണാൻ അവസരം നൽകണമെന്നു കേണപേക്ഷിച്ചു. തനിക്കു പാതാളലോകത്തിൽ പോകാൻ അനുമതിലഭിക്കണമെന്നൊരു അയാൾ യാചിച്ചതു്.

മരിച്ചുപോയവർ പാതാളലോകത്തു് പ്ലൂട്ടോയുടെ അധീനതയിൽ വസിക്കുന്നുവെന്നായിരുന്നു യവനരുടെ വിശ്വാസം. പ്ലൂട്ടോയുടെ രാജ്യത്തേക്കു് കടക്കുവാനുള്ള അനുമതിയെത്രേ നമ്മുടെ യുവകാമുകൻ ആവശ്യപ്പെട്ടതു്. ദേവാധിരാജൻ പല തടസ്സവാദങ്ങളും ഉന്നയിച്ചു. എന്നാൽ ഓർഫ്യസ് സ്ഥിരവൃതനായിത്തന്നെ നിലകൊണ്ടു.

ഒടുവിൽ സൂസിനു് ആ യുവാവിൽ അനുകമ്പ തോന്നി. സ്വകാമുകിയേത്തേടി പാതാളലോകത്തു് പോകാൻ അദ്ദേഹം അയാൾക്കു് അനുമതി നൽകി. അങ്ങിനെ അപകടകരമായ ആ യാത്രയ്ക്കു് ഓർഫ്യസ് പുറപ്പെട്ടു. യാതൊരു ക്ലേശവും കൂടാതെ അയാൾ പാതാളത്തിന്റെ പ്രധാന കവാടം കടന്നു. ഭയജനകമായ അവിടത്തെ പരിതഃസ്ഥിതികൾ അയാളെ തെല്ലും ചലിപ്പിച്ചില്ല. ചുറ്റും ഭയങ്കരമായ കൂരിരുട്ടു്. കീഴ്ക്കാംതൂക്കായ പർവ്വതങ്ങളിലൂടെ ഇരുളടഞ്ഞ ദുർഗ്ഗമപഥങ്ങൾ കടന്നു് കൂരിരുട്ടിൽ കൂളിച്ചുകിടക്കുന്ന ഒരു നിരത്തിൽ അയാൾ ചെന്നെത്തി. അതു് ചെന്നവസാനിച്ചതു് ഇഴഞ്ഞിഴഞ്ഞൊഴുകുന്ന പാതാളനീർച്ചോലയുടെ തീരത്താണു്. പാതാളദേശത്തെ ഒൻപതു പ്രാവശ്യം ചുറ്റി ഒഴുകുന്ന ആ നീർച്ചോലയെ എങ്ങിനെ കടക്കാൻ കഴിയുമെന്നു് അയാൾ ആലോചിച്ചുകയായി. ഒടുവിൽ 'ചാരൻ' എന്നപേരോടുകൂടിയ കടത്തുകാരനെ കണ്ടുമുട്ടി. ജീവനുള്ള ആരേയും അധോലോകത്തിലേയ്ക്കു് കടക്കാൻ അനുവദിച്ചുകൂടില്ലെന്നു് അയാൾ ഗ്രഹിച്ചു.



ആ വല്ലിയിൽ നിന്നു ചെമ്മേ – പൂക്കൾ
പോവുന്നിതാ പറന്നമ്മേ!
(ഫോട്ടോ – റോയൽസ്റ്റുഡിയോ)

ഓർഫ്യൂസ് തന്റെ വീണമീട്ടിത്തുടങ്ങി. ആ മോഹന ഗാനവീചികൾ ചാരന്റെ കാതുകളിൽ വന്നലച്ചു. വിസ്മയ ഭരിതനായ ആ കടത്തുകാരൻ വള്ളം കരയ്ക്കടുപ്പിച്ചു്, ഓർഫ്യൂസിനെ കയറ്റി. അങ്ങിനെ ആ വൈതരണിയും കടന്നു.

പാതാളത്തിന്റെ പ്രധാന കവാടത്തിൽ അയാൾ എത്തി. മൂന്നു തലയുള്ള ഭീകരനായ ഒരു പട്ടി ആ വാതിൽപ്പുറം കാവലുണ്ടു്. "സെറിബ്യൂസ്" എന്നാണതിന്റെ പേർ. ഓർഫ്യൂസിന്റെ നേർക്കു് ആ ഭീകരജന്തു കുതിച്ചു. എന്നാൽ അത്ഭുതമെന്നേ പറയേണ്ടു. വീണയുടെ മധുരസ്വരം ശ്രവിച്ചമാത്രയിൽ ആ ഭയങ്കര ജന്തു ശാന്തനായി ഓർഫ്യൂസ് നിർബാധം മുന്നോട്ടു നീങ്ങി.

പാതാളലോകത്തെ ഭൂതപ്രേതപിശാചുക്കളെല്ലാം അയാളുടെ ഗാനകല്ലോലിനിയിൽ ലയിച്ചു ചുറ്റും വന്നു് പകച്ചുനിന്നു. "ടാന്റലസ്" എന്ന വൃദ്ധന്റെ ക്രൂരകളായ പുത്രിമാരെയത്രെ അയാൾ അഭിമുഖമായി കണ്ടതു്. മധുവിധുവിന്റെ പ്രഥമരാത്രിയിൽത്തന്നെ സഭർത്താക്കന്മാരെ മണിയറയിൽവച്ചു കൊന്നതുനിമിത്തം അവർ കഠോരമായ ശിക്ഷയ്ക്കു് വിധേയരായി അവിടെ കഴിയുകയാണു്. മുടിപ്പാത്ത ഒരു വീപ്പയിൽ വെള്ളം നിറയ്ക്കുക എന്നതാണു് അവർക്കു് നൽകിയിരുന്നതു്. അവർക്കു് ഒരിക്കലും അതു നിറയ്ക്കാൻ കഴിയുകയില്ല. എന്നാൽ ഒരു മിനിട്ടുനേരം വിശ്രമിയ്ക്കാനുള്ള അവസരം അവർക്കില്ലതാനും. കുഞ്ഞി കൊണ്ടുള്ള അടിയാണു് നിന്നുപോയാൽ കിട്ടുന്നതു്. ഓർഫ്യൂസിന്റെ നിർവൃതികരമായ ഗാനമാധുരിയിൽ ലയിച്ചു് അവർ ക്ഷണനേരത്തേയ്ക്കെങ്കിലും അവരുടെ കഠോരയാതനകൾ വിസ്മരിച്ചു.

അടുത്തതായി അയാൾ ടാന്റലസിന്റെ സമീപത്തെത്തി. സൂസിന്റെ പുത്രനായ ടാന്റലസ് അമരന്റെ രഹസ്യം പരസ്യപ്പെടുത്തിയതു നിമിത്തം ഭയങ്കരമായ ഒരു ശിക്ഷയ്ക്കധീനനായി. താടിയെല്ലുവരെയുള്ള വെള്ളത്തിലാണു് അയാൾ നില്ക്കുന്നതു്. തലയ്ക്കു തൊട്ടുകളിൽ പഴുത്ത മുന്തിരിക്കുലകൾ തൂങ്ങിനില്ക്കുന്നു. അയാൾ എപ്പോഴും ക്ഷുൽപ്പിപാസാർദ്ദിതനാണു്. എന്നാൽ വെള്ളം കുടിയ്ക്കാനായി തല കുനിയ്ക്കുമ്പോൾ വെള്ളം അധരങ്ങളിൽനിന്നും നീങ്ങിനീങ്ങിപ്പോവുകയത്രെ ചെയ്യുന്നതു്. മുന്തിരിക്കുലകളുടെ നേർക്കു് കൈ നീട്ടുമ്പോൾ മുന്തിരിപ്പഴങ്ങൾ അകന്നകന്നു പോവുകയും ചെയ്യും. ഓർഫ്യൂസിന്റെ സജീവമായ ഗാനമാധുരിയിൽ ലയിച്ചു് അയാളും തന്റെ ക്ലേശങ്ങളെല്ലാം അല്പനേരത്തേയ്ക്കെങ്കിലും വിസ്മരിച്ചു. ഓർഫ്യൂസ് ഇവയൊന്നും ശ്രദ്ധിയ്ക്കാതെ തന്റെ പ്രേമസർവ്വസ്വത്തെ തേടിനടന്നു.

ക്രൂരനായ സിസിഫസ് രാജാവിന്റെ സമീപത്താണു് പിന്നീടു് ഓർഫ്യൂസ് വന്നുചേർന്നതു്. വിചിത്രമായ ഒരു

ലോകത്തിലേയ്ക്കും വലിയ ജീവി



ലോകത്തിലേയ്ക്കും വലിയ സസ്തനജീവി നീലത്തിമിംഗലമാണു്. 250,000 റാത്തൽ ഭാരമുള്ള ആ ഭീകര ജീവികളെ പലപ്പോഴും വേട്ടയാടിട്ടുണ്ടെങ്കിലും വളരെ അപൂർവ്വമായിട്ടേ കരയിൽ കൊണ്ടുവരാറുള്ളു. ചരിത്രാതീതകാലങ്ങളിൽ ഉണ്ടായിരുന്ന എന്നു വിശ്വസിക്കപ്പെടുന്ന പല്ലിയുടെ രൂപത്തിലുള്ള ഭീമാകാരമായ ജീവികളേക്കാളും വലുതാണത്രെ ഇവ. പൂണ്ണവളർച്ച പ്രാപിച്ച ഒരു ആനയ്ക്കു ഒരു നീലത്തിമിംഗലത്തിന്റെ നാവിൽ സുഖമായി നില്ക്കുവാൻ സാധിക്കും.

ശിക്ഷയാണു് ആ രാജാവിനേറ്റതു്. കിഴക്കുംമുക്കായ ഒരു കുന്നിന്റെ മുകളിലേയ്ക്കു് ഒരു വലിയ കല്ലു് ഉരുട്ടിക്കയറ്റുക. വളരെ ക്ലേശിച്ചു് കല്ലു് മുകളിൽ എത്തേണ്ട ക്ഷണംമതി അതു് അയാളുടെ കൈകളിൽ നിന്നു് വഴുതി കീഴ്പ്പോട്ടു് പതിയ്ക്കുകയായി. പാവം സിസിഫസിനു വീണ്ടും താഴെവന്നു് കല്ലു് കുന്നിന്റെ തലപ്പിലേയ്ക്കു് ഉരുട്ടിക്കയറ്റണം. ഓർഫ്യൂസിന്റെ വീണയിൽനിന്നും ഉതിർന്ന രാഗവീചികളിൽ ആമഗ്നനായി സിസിഫസും തന്റെ ക്ലേശങ്ങൾ താല്ക്കാലികമായി വിസ്മരിച്ചു.

ഒടുവിൽ നമ്മുടെ യുവാവു് പ്ലൂട്ടോയുടെ അരമനയിൽ എത്തി. "നീ ആരു്, എങ്ങിനെ ഇവിടെ വന്നു" രാജാവു് അത്ഭുതാധീനനായി ചോദിച്ചു. ജീവിച്ചിരിക്കുന്നവരാരും അവിടെ കടന്നു ചെന്നിട്ടില്ല. അതുകൊണ്ടാണു് രാജാവു് അത്ഭുതപ്പെട്ടതു്.

"ഞാൻ എന്റെ ഭാര്യയായ യൂരിഡിസ്സിനെ തേടിവന്നതാണു്." ഓർഫ്യൂസ് മറുപടിനൽകി "പ്രഭോ, അവളെ എന്റെ കൂടെ തിരിച്ചയയ്ക്കണമെന്നു് ഞാൻ കേണപേക്ഷിക്കുന്നു."

"മരിച്ചവളെ തിരിച്ചയയ്ക്കുകയോ? സാദ്ധ്യമല്ല." രാജാവു് തീർത്തുപറഞ്ഞു.

ഓർഫ്യൂസ് തന്റെ മണിവീണ മീട്ടിത്തുടങ്ങി. അതിന്റെ ഗാനതരംഗങ്ങൾ പാതാളവാസികളെ അത്ഭുതസ്തബ്ധരാക്കി പാതാളരാജാവിനും ഭാര്യയ്ക്കും ആ യുവാവിൽ അലിവുതോന്നി. രാജാവു് ഇപ്രകാരം കല്പിച്ചു. "വത്സ, നാം നിന്നിൽ പ്രസാദിച്ചിരിക്കുന്നു. നിന്റെ ഭാര്യയെ കൂട്ടിക്കൊണ്ടുപോകാൻ അനുവദിക്കുന്നു. എന്നാൽ ഒരു വ്യവസ്ഥയുണ്ടു്. പാതാളലോകത്തുവച്ചു് അവളെ നോക്കുന്നപക്ഷം അവൾ തിരിച്ചുപോരേണ്ടിവരും. പിന്നീടൊരിക്കലും നിനക്കവളെക്കാണാൻ തരപ്പെടുകയുമില്ല."

ഓർഫ്യൂസ് ആനന്ദനൃത്തം ചെയ്തു. വീണാലാപലോലനായി ലോകത്തേയ്ക്കു തിരിച്ചു. യൂരിഡിസ്സിന്റെ പദവിന്യാസങ്ങൾ അയാൾക്കു കേൾക്കാമായിരുന്നു. അയാൾ തിരിഞ്ഞു നോക്കിയില്ല. വൈതരണീനദിയും അവർ കടന്നു. അനന്തരം അവർ ഭൂലോകത്തേയ്ക്കുള്ള കയറ്റം കയറുകയായി.

പെട്ടെന്നു് അയാൾക്കൊരു ശങ്ക. യൂരിഡിസ്സിൽ വല്ലമാറ്റവും വന്നിട്ടുണ്ടോയെന്നറിയണം. പാതാളവാസം അവളുടെ സൗന്ദര്യത്തിനു കോട്ടമുണ്ടാക്കിയിരിയ്ക്കാം. ഒരുപക്ഷെ ഈ ദുർഗ്രഹമായ മാർഗ്ഗം അവൾക്കു് ക്ലേശകരമാവുകയില്ലെ! അവൾ തളർന്നു വീണെങ്കിലോ? അവളുടെ കാലടികളുടെ ശബ്ദവും കേൾക്കാനില്ല. ഓർഫ്യൂസ് ഭയഗ്രസ്തനായി. പാതാളരാജാവിനു് കൊടുത്ത ഉറപ്പു് അയാൾ മറന്നുപോയി. അവൾ പിന്നിലുണ്ടോയെന്നറിയാൻ അയാൾ തിരിഞ്ഞു നോക്കി.

കണ്ണഞ്ചിക്കുന്ന മിന്നലിനെത്തുടർന്നു് ഭയങ്കരമായ ഒരു ഇടിവെട്ടി. യൂരിഡീസ്സു് ദീനദീനം കേണു. "അയ്യോ ഓർഫ്യൂസ്, വിധി നമ്മെ ചതിച്ചു; അവിടുന്നു് തിരിഞ്ഞു നോക്കി. ഇതാ ഞാൻ പോവുകയായി."

ഓർഫ്യൂസിന്റെ സങ്കടം എത്രയെന്നു പറയാൻവയ്യാ. അവളെ പിൻതുടരാൻ അയാൾ ശ്രമിച്ചു. പക്ഷെ സാധ്യമായില്ല. സ്വന്തം ദുർവിധിയെ പഴിച്ചുകൊണ്ടു് അയാൾ ഭൂമിയിലേയ്ക്കു് കയറി.

ചിരിക്കാൻ

കെ. വി. ജോസു് കോതകുളം, 7046

കോളേജുവിദ്യാർത്ഥി:- "നിനക്കേതിസത്തോടാ താല്പര്യം"

കൂട്ടുകാരൻ:- പായിസത്തോടാ കൂട്ടൽ താല്പര്യം"

-0-

അണയാത്തദീപങ്ങൾ–1

വാൾട്ട് വിറ്റ്മാൻ–

ആലപ്പുഴസോളമൻ

വലിയോർ ചരിതം സ്വജീവകാലം
വലുതാക്കാമിതിനപ്പൊഴോതിടുന്നു !!

–എത്രയോ വാസ്തവമാണീ പദ്യശകലം നാമെല്ലാം നാളെത്തെ പൌരന്മാരാകാനണിഞ്ഞൊരുങ്ങുന്ന ചരാണ്. നാം കഴിവിന്റെ തൂലികയുമേന്തി മുന്നോട്ടു പോകുന്നതിനിടയ്ക്ക്, പിന്നിട്ടുപോയ ആ മഹാരഥന്മാരുടെ കാൽപ്പാടുകളിലേയ്ക്കൊന്നു തിരിഞ്ഞുനോക്കുന്നതു നന്നായിരിക്കും. അങ്ങനെയുള്ള മഹാന്മാരിലൊരാളാണ് വിറ്റ്മാൻ.

ജനനം:

ആധുനിക ജീവചരിത്രകാരന്മാരിൽ പലരും കഥാപുരുഷന്റെ പാരമ്പര്യശാസ്ത്രത്തിൽ നിന്ന് ആദ്ദേഹത്തിന്റെ വ്യക്തിത്വസ്വഭാവാദിഗുണഗണങ്ങൾക്കു ചായം കൊടുക്കുന്നവരാണ്. സാഹിത്യകാരന്റെ മകൻ സാഹിത്യകാരനാവുക, ചരിത്രകാരന്റെ മകൻ ചരിത്രകാരനാവുക, ശാസ്ത്രജ്ഞന്റെ മകൻ ശാസ്ത്രജ്ഞനാവുക, ഈ അന്ധവിശ്വാസ പ്രധാനമായ തത്വമാണ പാരമ്പര്യം എന്ന വാക്കുകൊണ്ടു വിവക്ഷിക്കുന്നതു്.

പക്ഷെ, ഇത്തരം യാതൊരു പാരമ്പര്യവുമില്ലാതെ തന്നെ വെറുമൊരു കന്നുകാലിച്ചെറുക്കനായ വാൾട്ട് വിറ്റ്മാൻ ഒരു വിശ്വമഹാകവിയായി! അമേരിക്ക സൃഷ്ടിച്ച ഏറ്റവും പ്രമുഖനായ കവി വിറ്റ്മാനാണെന്നുപോലും ലോകം കൊട്ടിഘോഷിച്ചു. നിങ്ങൾക്കത്ഭുതം തോന്നുന്നുണ്ടാകും. കുഗ്രാമങ്ങളിൽ ആട്ടമാടുകളും പുല്ലാങ്കുഴലുമായി ജീവിച്ച ദരിദ്ര ബാലൻ എങ്ങിനെ അമേരിക്കയുടെ പ്രശസ്ത കവിയായെന്നു്? ലോങ്ങ്ഐലണ്ടിൽ വെസ്റ്റ്ഹിൽസ് എന്ന താഴ്വാരത്തിലെ ഒരു കഷ്ക കുടുംബത്തിൽ 1819 മേയ്മാസം 31–ാംതിയതി വിറ്റ്മാൻ ഭൂജാതനായി. വിറ്റ്മാനു് അഞ്ചുവയസ്സുള്ളപ്പോൾ, ആ കുടുംബം ''ബ്രൂക്ക്ലിൻ'' എന്ന സ്ഥലത്തേയ്ക്കു താമസം മാറ്റി. ബ്രൂക്ക്ലിനിൽ വെച്ചാണ് വിറ്റ്മാൻ തന്റെ പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ചതും പൂർത്തിയാക്കിയതും. വിദ്യാഭ്യാസ ജീവിതത്തെപ്പറ്റി എടുത്തുപറയത്തക്കതായ വൈശിഷ്ട്യങ്ങളൊന്നും വിറ്റ്മാനില്ല. വീട്ടിലെ പട്ടിണിയും കഷ്ടപ്പാടും, പ്രായപൂർത്തിയെത്താത്ത വിറ്റ്മാനെ ഒരുദ്യോഗാർത്ഥിയാക്കിത്തീർക്കയാണുണ്ടായതു്. പതിനാലാം വയസ്സിൽ സ്കൂളിനോടും അദ്ധ്യാപകരോടും വിടവാങ്ങിപ്പോന്ന വിറ്റ്മാൻ, ആദ്യം ഒരു വക്കീൽഗുമസ്ഥനായും, അതിനുശേഷം ഒരു വൈദ്യശിഷ്യനായും ജോലി നോക്കുകയുണ്ടായി. ഇക്കാലത്തെല്ലാം കയ്യിൽ കിട്ടിയ ഗ്രന്ഥങ്ങളെല്ലാം അദ്ദേഹം ആർത്തിയോടെ വായിച്ചിരുന്നു. തനിക്കു മിച്ചംവെയ്ക്കുവാൻ കഴിഞ്ഞ ഓരോ ചില്ലിക്കാശും അദ്ദേഹം പുസ്തകങ്ങൾക്കായി ലോഭമെന്യേ ചിലവഴിച്ചു. ഊണും ഉറക്കവും മറന്നു് പുസ്തകവുമായി കഴിഞ്ഞുകൂടിയ ദിനരാത്രങ്ങളും അദ്ദേഹത്തിന്റെ ജീവിതത്തിൽ കുറവല്ല.

1838–ൽ സ്വപരിശ്രമംമൂലം ഒരു ഗ്രാമാദ്ധ്യാപകനായിത്തീർന്ന വിറ്റ്മാൻ ഒരു കൊല്ലത്തിനുശേഷം ഒരു പ്രസ്സുജോലിക്കാരനായി മാറി. ഉടൻതു് പത്രമാഫീസിലേയ്ക്കും അദ്ദേഹം കടന്നുകൂടി. 1848–ൽ പരിശ്രമശാലിയായ ആ യുവാവു് ബ്രൂക്ക്ലിനിൽനിന്നും ''ഡെയ്ലിഈഗിൾ'' എന്ന ഒരു പത്രം പ്രസിദ്ധീകരിക്കുവാൻതുടങ്ങി. 1849–ൽ അദ്ദേഹം ''ഡെയിലി ക്രൈസന്റ്'' എന്ന പത്രത്തിന്റെ പത്രാധിപസ്ഥാനത്തിയിലേയ്ക്കു് തെരഞ്ഞെടുക്കപ്പെട്ടകയും, അവരുടെ ക്ഷണമനുസരിച്ചു് ന്യൂഓർലിയൻസ് എന്ന പട്ടണത്തിലേയ്ക്കു താമസം മാറുകയും ചെയ്തു. അങ്ങിനെ, ആട്ടമാടുകളുമായി മേട്ടുകൾതോറും ചുറ്റിനടന്ന കന്നുകാലിച്ചെറുക്കൻ പ്രശസ്തനായ ഒരു പത്രാധിപരായിത്തീർന്നു.

ഒരു കവി ജനിക്കുന്നു

ഈ സന്ദർഭത്തിലാണ് വിറ്റ്മാൻ കവിതകളെഴുതിത്തുടങ്ങിയതു്. 1855 ൽ അദ്ദേഹം ''പുല്ലിന്റെ ഇലകൾ'' എന്ന മനോഹരമായ ഒരു കാവ്യസമാഹാരം പ്രസിദ്ധപ്പെടുത്തി. വിമർശകർ പരിഹാസത്തിന്റെ പടവാളുകളുമായി ആ ഗ്രന്ഥത്തിനുനേരെ ഒരു വെളിച്ചപ്പാടുതുള്ളൽ നടത്തിയെങ്കിലും, അന്നത്തെ പ്രശസ്ത സാഹിത്യകാരനായ വാൾഡോഎമേഴ്സൻ അത്തരം വിദ്വേഷ വിമർശകരെ തരം താഴ്ത്തിക്കൊണ്ടു് വിറ്റ്മാനിലെ വിശ്വകവിയെ പ്രശംസിക്കയാണുണ്ടായതു്.

1865–ൽ വിറ്റ്മാൻ തന്റെ രണ്ടാമത്തെ കവിതാഗ്രന്ഥം ''ഡ്രാംടാപ്സ്'' പ്രസിദ്ധീകരിച്ചു. ഉടൻതു്, ''ഇന്ത്യയിലേയ്ക്കുള്ള വഴി'' ''രാഷ്ട്രീയ തമാശകൾ'' എന്നീ കൃതികളും പുറത്തുവന്നു.

അക്കാലത്തു്, വിറ്റ്മാൻ ഒരു കുസൃതി കാണിച്ചു. കണ്ട പത്രമാസികകളിലെല്ലാം, പലേ കള്ളപ്പേരിൽ വിറ്റ്മാനെപ്പറ്റിയും, അദ്ദേഹത്തിന്റെ കവിതകളേപ്പറ്റിയും ഗംഭീരമായ രീതിയിൽ അദ്ദേഹം പ്രശംസിച്ചെഴുതി. വിറ്റ്മാനു്, തന്റെ സാഹിത്യ ജീവിതത്തിൽ സംഭവിച്ച ഏറ്റവും പ്രമാദമായ ഒരു തെറ്റുതന്നെയായിരുന്നു അതു്.

1873–ൽ വിറ്റ്മാനെ അത്യധികം ദുഃഖാകുലനാക്കിയ ഒരു സംഭവമുണ്ടായി– പ്രിയ മാതാവിന്റെ മരണം. ആ വേർപാടു് സഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അദ്ദേഹം ഒരു വാത രോഗിയായിത്തീർന്നു.

1875–ൽ ''യുദ്ധകാലത്തെ എന്റെ ഓർമ്മകൾ'', ''ഡ്രഡ്ബൈ'' ''മൈഫാൻസി'', ''നവമ്പർബോസ്'' എന്നീ കവിതാസമാഹാരങ്ങൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ഈ കൃതികൾ കൂടാതെ രണ്ടു കാവ്യഗ്രന്ഥങ്ങൾ കൂടി അദ്ദേഹം രചിച്ചിട്ടുണ്ടു്.

ചാട്ടവാറിന്റെ ചലനം



ആയിരമായിരം വർഷങ്ങൾക്കു മുൻപു മുതൽ തന്നെ മനുഷ്യൻ ശബ്ദവേഗതയെ കീഴടക്കിക്കൊണ്ടിരിക്കുന്നുവെന്നു് ഡോ. ഹോറൻസ് എം. ടർ തെളിയിച്ചിരിക്കുന്നു. അതു് ഒരു ചാട്ടവീശൽ കൊണ്ടാണത്രെ. ചാട്ട വായുവിൽ വീശുമ്പോൾ പടക്കം പൊട്ടുംപോലെ ഒരു സ്വരം കേൾക്കുന്നതു് ചാട്ടവാറിന്റെ അഗ്രം ശക്തിയായി വളഞ്ഞുകുത്തി മറുഭാഗത്തു കൊള്ളുന്നതുകൊണ്ടാണെന്നൊരു വിശ്വാസമുണ്ടു്. പക്ഷെ അതങ്ങനെയല്ല. ശബ്ദത്തിന്റെ വേഗതയെ കീഴടക്കുന്ന വേഗതയിൽ ചാട്ടവാറിന്റെ അഗ്രം വായുവിൽക്കൂടി സെക്കൻഡിൽ 1,400 അടി വേഗതയിൽ ചലിക്കുമത്രെ.

അമേരിക്കൻ സഹിത്യത്തിലെ അമൂല്യങ്ങളായ രണ്ടു വിലാപ കാവ്യങ്ങളായി കണക്കാക്കപ്പെടുന്ന ഇവ രണ്ടും മഹാനായ അബ്രാഹംലിങ്കന്റെ സംഭവ ബഹുലമായ ജീവിത ചിത്രീകരണമാണ്.



ശിവനൃത്തം

ചില പ്രത്യേകതകൾ

സമകാലീനരായ ഇതര കവികളെ അപേക്ഷിച്ച്– തികച്ചും പുരോഗമനവാദിയായ ഒരു കവിയായിരുന്നു വിറ്റ്മാൻ. കാലം വെട്ടിത്തെളിച്ച പാതയിലൂടെ, പരാജയങ്ങളെമാത്രം പ്രതീക്ഷിച്ചുകൊണ്ട് ആയിരമായിരമാണ്ടുകളായി ആധ്യ മേധാവിത്വം പുലർത്തുന്ന പഴഞ്ചൻ തത്വ സംഹിതകളെ അരിഞ്ഞരിഞ്ഞു്, ദൈവീകതയും, പരിശുദ്ധിയും നിറഞ്ഞുനില്ക്കുന്ന പുതിസാകൾ സൃഷ്ടിക്കുവാനുള്ള ആഹ്വാനമായിരുന്നു വിറ്റ്മാന്റെ സാഹിത്യ ജീവിതം.

ഈലോക ജീവികളെല്ലാം ദൈവദൃഷ്ടിയിൽ തുല്യരാണെന്നും, ഈ ലോകത്തിലുള്ള സന്തോഷ സന്താപങ്ങളിൽ അവക്കുണ്ടാകേണ്ട അവകാശം തുല്യമാണെന്നും വിശ്വസിച്ചിരുന്ന വിറ്റ്മാൻ സമുദായത്തിന്റെ ഘടകങ്ങളെ ധനവാനെന്നും ദരിദ്രനെന്നും ചേരിതിരിച്ചു കാണിക്കാൻ ഒരിക്കലും തുനിഞ്ഞിട്ടില്ല. വർത്തമാനകാലത്തെപ്പറ്റി മാത്രമേ അദ്ദേഹം കവിതയെഴുതിയിരുന്നുള്ളൂ. കഴിഞ്ഞ കാലത്തിന്റെ സങ്കല്പാനുഭവങ്ങൾ നുണഞ്ഞിറക്കുവാനോ, ഭാവിയിലെ അനുഭവങ്ങളെപ്പറ്റി സുന്ദര സ്വപ്നങ്ങൾ ചമയ്ക്കുവാനോ അദ്ദേഹം ഒരുമ്പെട്ടിരുന്നില്ല.

മരണത്തെപ്പറ്റി അദ്ദേഹമെഴുതിയിട്ടുള്ള കവിതകൾക്ക് ടാഗോറിന്റെ കവിതകളുമായി അസാമാന്യമായ സാമ്യമുണ്ട്.

അങ്ങിനെ, അമേരിക്ക ഉൽപ്പാദിപ്പിച്ച കവികളിൽ പ്രമുഖനായ ആ മഹാകവി 1892–മാർച്ച് 25–ാം തിയതി 73–ാമത്തെ വയസ്സിൽ "കാംഡനിൽ" വെച്ചു മൃതിയടഞ്ഞു. അനശ്വരമായ ആ കാവ്യ ഭാവനയ്ക്കു മുന്നിൽ നമുക്കഞ്ജലികളർപ്പിക്കാം.

ചിരിക്കാൻ

സി. വി. സാമുവൽ ബോംബെ.

ഒന്നാമൻ:– നിങ്ങൾ എത്രാണിത്ര ഉറക്കെ ഫോണിൽക്കൂടി സംസാരിക്കുന്നതു്."

രണ്ടാമൻ:– "കൊള്ളാം. ഇതവിടെ കേൾക്കണ്ടേ? കോഴഞ്ചേരിക്കാ വിളിക്കുന്നു"

V V V

ഓഫീസർ:– "നിങ്ങൾ എന്നാണു് ജോലിയിൽ പ്രവേശിച്ചതു്?"

"എന്റെ ഭാര്യയുടെ കല്യാണത്തിനു അഞ്ചുദിവസം മുമ്പാണ"!!

–0–

ചെറുകഥ

സ്വർഗം സ്വന്തമല്ല

കുര്യാക്കോസ് ഇ.വി.
ഇലഞ്ഞേടത്ത്, കോതമംഗലം
1686

കപ്പച്ചെടികളും നെൽപ്പാടങ്ങളും നിറഞ്ഞതാണ് ഞങ്ങളുടെ ഗ്രാമം. ജീവിതത്തിന്റെ ജീർണ്ണിച്ച കഷ്ടപ്പാടുകളെ വെട്ടിമുറിച്ച് ആനന്ദത്തിന്റെ കൊട്ടമുടിയിലേയ്ക്കുയരുകയാണ് ഗ്രാമീണകർഷകർ. പ്രകൃതിദേവിയുടെ കരളലിയിപ്പിക്കുന്നകഥകാണാൻ ഞാൻ ഒരു പാറപ്പുറത്ത് ഇരുന്നു. മനസ്സിൽ വിചാരിക്കുന്ന രൂപംകൊള്ളുകയാണ് വെണ്മുകിൽ. വാനിൽ വട്ടമിട്ടപറക്കുന്നവാനംപാടികൾ ക്രിസ്മസ്സ് ആഘോഷിക്കുകയാണ്. എങ്ങും ആഹ്ലാദം. നാളെ ക്രിസ്മസ്സാണ്. എനിക്ക് പാതിരാക്കുർബ്ബാനയ്ക്കുപോകണം. നേരംസന്ധ്യയോടു സമീപിച്ചു. പടിഞ്ഞാറെത്തു പാടലയവനിക വിരിക്കപ്പെട്ട അമ്മയോട് അനുവാദം വാങ്ങി നേരത്തെ ഞാൻ കിടന്നു. നേരം പാതിരായായി.

,അമ്മേ ഞാൻ പോകുകയാണ്''

'എടാമോനെ യക്ഷിയുണ്ട്. നേരം വെളുത്തിട്ടപോയാൽമതി,

'നേരമായി ഞാൻ പോകുകയാണ്.'

വാതിൽ തുറന്നു ഞാൻ പുറത്തിറങ്ങി. പിശാചിന്റെ ഭീകരരൂപം പൂണ്ടുനില്ക്കുകയാണ് വൃക്ഷങ്ങളെല്ലാം. കുറച്ചകലെ ഒരു വെളിച്ചം കാണാം. ആരോ ദേവാലയത്തിലേയ്ക്കു പോകുന്നതായിരിക്കും. ഞാനാ വെളിച്ചത്തെ അനുഗമിച്ചു, എന്തു''? അയാൾ വല്ല മാന്ത്രികനുമാണോ? നടന്നിട്ട് എത്തുന്നില്ല. ഓടി. എന്നിട്ടും ഫലമില്ല.


'വഴിപിശകി ഭയങ്കര കാന്താരത്തിലകപ്പെട്ടിരിക്കയാണ്. ഞാൻ ഉച്ചത്തിൽ കരയുവാൻ തുടങ്ങി. ശബ്ദം പുറത്തുവരുന്നില്ല.ആ വെളിച്ചം മറഞ്ഞു. ഭയത്തിന്റെ തീച്ചൂളയിൽക്കിടന്നു ദഹിക്കുകയാണ് ഞാൻ. പോകുവാൻ ഒരു വഴിയും കാണുന്നില്ല. കണ്ണിൽ തുളച്ചുകയറുകയാണ് കൂരിരുട്ട്. എവിടെനിന്നോ ഒരലർച്ച. ഒരു ഒരു മല പിളരുന്നു. അഗ്നി ആളിക്കത്തുകയാണ്. അതിൽനിന്നു ചില ജീവികൾ പുറത്തുവന്നു. ചിലതിനു മനുഷ്യന്റെ രൂപമുണ്ട്. മറുചിലതിനു കൊമ്പ്,വാല്, ചിറകു് ഇവയുണ്ട്. ഇരുണ്ടനിറം, നീണ്ടുവളഞ്ഞ പല്ലുകൾ,.

'ങ്ഹും നടക്കണം.' അവർ അടുത്തുവന്നു പറയുകയാണ്. നടക്കാതിരുന്നാൽ അവർ എന്നെ ഉപദ്രവിക്കും. അഗ്നി ആളിക്കത്തുന്ന പിളർപ്പിലേയ്ക്കു ഞാൻ നടന്നു. ദേഹം പൊള്ളിയില്ല. ഇതു് എന്തൊരതിശയം. ഗോവണിയിൽ കൂടിതാഴോട്ടിറങ്ങി.

അങ്ങനെ ഞാൻ ഒരു പുതിയ നാട്ടിലെത്തി. എന്നെ കൊണ്ടുവന്നവരേയും വന്നവഴിയും നോക്കിയിട്ട് കണ്ടില്ല. ആ നാട്ടുവിശേഷം കേൾക്കണ്ടെ? പറയാം. ആൾപ്പാർപ്പിടമില്ലാത്ത വെറും മൈതാനം. പളുങ്കുമണികൾ ചിതറുന്ന കാട്ടുപൂഞ്ചോലയൊന്നും അവിടെ ഇല്ല.

ഞാൻ നേരെ നടന്നു. അങ്ങനെ പോയപ്പോൾ ഒരു കുളം കാണുവാൻ കഴിഞ്ഞു. നാലുവശവും മാർബിൾ ശിലകൊണ്ടുകെട്ടിയ കുളത്തിൽ കുട്ടച്ചോരയല്ലാതെ ഒന്നുമില്ല. ഹൃദയം വേദനിച്ചു പൊട്ടുകയാണ്. തലചുറ്റുന്നു. കണ്ണിനു കാഴ്ചയില്ല.

അതാ ഒരു ബസ്സ്. അതിന്റെ സമീപത്തു് ഞാൻ എത്തി. ബസ്സിൽ ആരെയും കാണുന്നില്ല. വിശ്രമിക്കുവാൻ വേണ്ടി അതിൽ കയറി. ബസ്സ് നീങ്ങി. ഒരു കോട്ടവാതിൽക്കൽ ബസ്സ് നിന്നു. ഞാൻ താഴെ ഇറങ്ങി. ലോകത്തിലെ കോട്ടകൾ എല്ലാം ഒന്നിച്ചാൽ ഇതിന്റെ പത്തിൽ ഒന്നുകാണുകയില്ല. അകത്തുകടന്നു് കാണുവാൻ ആഗ്രഹമുണ്ട്. പക്ഷേ വാതിൽ അടച്ചിട്ടിരിക്കുകയാണ്. ഇടിവെട്ടു പോലൊരു ശബ്ദം. ഞാൻ ഞെട്ടിത്തിരിഞ്ഞുനോക്കി. വാതിൽ തുറന്നു. ഞാൻ അകത്തു് പ്രവേശിച്ചു. ചുറ്റും ഒന്നു കണ്ണോടിച്ചു. എല്ലാം നിശ്ശബ്ദത. മനോഹരമായ ഒരു പുന്തോട്ടം, അതിനപ്പുറം ഒരു കൊട്ടാരം. ഇതുപോലുള്ള മനോഹരവുമായ ഒരു കെട്ടിടത്തെപ്പറ്റി പറഞ്ഞു കേൾക്കുകയോ വായിച്ചറിയുകയോ ചെയ്തിട്ടില്ല. അവർണ്ണനീയമാംവിധം അലങ്കരിച്ച മുറികളിൽ ആരെയും കാണുന്നില്ല അത്ഭുതം തന്നെ. വല്ലദേവട്ടതയാരും രാജാവാക്കാൻ എന്നെ ഇവിടെ കൊണ്ടുവന്നതാണോ? എങ്കിൽ ആളില്ലാത്ത നാട്ടിലെ രാജാവു് ഞാൻ തന്നെ, ഒരു രാജ്യം കരസ്ഥമാക്കാൻ എത്ര കൊള്ളയും കൊലയും നടത്തണം? യാതൊരു കഷ്ടപ്പാടും നെട്ടവീർപ്പും കൂടാതെ ഒരു രാജാവാകാൻ എനിക്കു കഴിയും. അപ്പോൾ ഭരിക്കുന്നതാരേയാണ്? രാജാവും പ്രജയും



വാഴപ്പള്ളി ശാഖാംഗങ്ങൾ ഉപദേഷ്ടാവിനോടുകൂടി

ഞാൻതന്നെ.

എല്ലാമുറിയും കണ്ടു. ഒരു മുറിമാത്രം അടച്ചിട്ടിരിക്കുന്നു. "മുട്ടിയാൽ തുറക്കും. അങ്ങനെചെയ്യരുതു" എന്നൊരു ബോർഡുണ്ടു്. തുറക്കാനുള്ള ആശ ആളിക്കത്തുകയാണു്. വാതിൽ ഞാൻ തുറന്നു. മുമ്പോട്ടു വച്ചകാൽ പിമ്പോട്ടു വലിക്കേണ്ടതായിവന്നു, മഷിഭേദകമായ ആ കാഴ്ചകണ്ടാൽ ഏതുജീവിയും സ്തംഭിച്ചു പോകും. മനുഷ്യശിരസ്സു് നിലത്തിൽ കളിച്ചു കിടക്കുന്നു. പെട്ടെന്നു് എന്റെ കഴുത്തു് ഒരു തടിച്ചുകൈയിൽ അമർന്നു. ഞാൻ തിരിഞ്ഞു നോക്കി. രാക്ഷസൻ എന്നു് പറഞ്ഞുകേട്ടിട്ടേയുള്ളു. ഇന്നു് അതു കാണുവാൻ സാധിച്ചു. ശരീരം നിറയെ രോമം. മുറം കണക്കുള്ള ചെവികൾ. പൊട്ടക്കിണറുപോലെയുള്ള കണ്ണുകൾ. എന്തിനു പറയുന്നു, വിരൂപിയായ ഒരു തടിച്ചുകൊഴുത്ത മലപോലുള്ള മനുഷ്യൻ.

"ദ്രോഹി! നീ നശിക്കണം. നിന്റെ മാംസം തിന്നെങ്കിലേ എനിക്കു തൃപ്തിയാകുകയുള്ളു"

"ഛേ --- വിടണം." "ഹ ഹ ഹാ!! വിടണം"

ആ മനുഷ്യൻ എന്നെ ബലമായി ഒരു പലകയിൽ കിടത്തി. എന്റെ വാ പൊളിച്ചു് തീക്കട്ടപോലുള്ള ഒരു സാധനം വായിലിട്ടു.

'ഇ---ഹും' ഞാൻനീട്ടിയൊരു തുപ്പു് വീണ്ടും തുപ്പി. പിടച്ചെഴുന്നേറ്റു. കണ്ണാടിനുമുന്നിൽ നോക്കി. എന്റെ സമീപത്തു് അമ്മയും ഇളയസഹോദരി മോളിയും നില്പുണ്ടു്. അവർ പൊട്ടിച്ചിരിക്കുകയാണു്. ഞാൻഒന്നുകൂടിത്തുപ്പി. രണ്ടുമൂന്നു് ഉപ്പുകല്ലു് പുറത്തുചാടി അതുകണ്ടു് മോളി പുഞ്ചിരിതൂകി അമ്മ ശകാരവും.

"പാതിരാക്കുർബ്ബാനയ്ക്കു പോകുവാൻ കിടന്ന ചെറുക്കൻ പത്തുമണിയായിട്ടും എഴുന്നേല്ക്കുന്നില്ല.'

ചിരിക്കാൻ

തോമസ്സു് ടി. കെ. കടപ്ലാമറ്റം 11915

അച്ചൻ – ജോണീ ഇതെന്തുപറ്റി ഈ എലി വിഷം മുന്നാലു സ്ഥലത്തു വച്ചതു്.

ജോണി:– അച്ചാ എലി ഇറങ്ങിവരുന്ന മടയ്ക്കുള്ളിലു് എലിയ്ക്കു തിന്നാൻ.

അച്ചൻ:– പിന്നെ ഇതെന്തിനാടാ ചുറ്റിലും വച്ചതു്.

ജോണി:– നമ്മുടെ പന്നീം കോഴീം വന്നു തിന്നും. പിന്നെ എലിവന്നാവിഷം കാണത്തില്ല. പന്നീം കോഴീം വരുമ്പഴേ തിന്നാനാ ഈ ചുറ്റിലും വച്ചിരിക്കുന്ന വിഷം.

-0-

നമ്മുടെ നിരൂപണസാഹിത്യം

ദേവസ്യാ മണിമല

ആധുനിക സാഹിത്യത്തിലെ അഭിനവങ്ങളായ പ്രസ്ഥാനങ്ങളിൽ നിരൂപണ സാഹിത്യത്തിനു് അത്യന്തതമായ ഒരു സ്ഥാനമുണ്ടു്. ഗ്രന്ഥവിമർശനത്തെയാണു് നിരൂപണസാഹിത്യം കൊണ്ടു വിവക്ഷിക്കുന്നതു്. ഗ്രന്ഥകർത്താവിനും വായനക്കാരനും ഇടയിൽ നിന്നുകൊണ്ടു് പക്ഷപാതരഹിതമായി ഒരു ഗ്രന്ഥത്തെ പരിചയപ്പെടുത്തുകയാണു് നിരൂപകന്റെ കർത്തവ്യം.

ഉള്ളതു് തുറന്നുപറയുന്നതിനു് തന്റേടമുള്ളവനു മാത്രമേ നിരൂപകനായിരിക്കാനവകാശമുള്ളു. അഥവാ, വിമർശനം വസ്തുനിഷ്ഠമായിരിക്കണം. എന്നാൽ വിതണ്ഡാവാദങ്ങൾ ഉന്നയിച്ചു് വാദപ്രതിവാദം നടത്തുന്നതു് ശരിയായ നിരൂപണമല്ല. യഥാർത്ഥമായ അവലോകചാതുര്യവും. നിസ്സ്വാർത്ഥമായ പരിശ്രമവും നിരൂപകനു് ആവശ്യമാണു്. ഗ്രന്ഥത്തിന്റെ നാനാവശങ്ങളെപ്പറ്റിയും കൂലങ്കഷമായി പഠിച്ചതിനു ശേഷമായിരിക്കണം നിരൂപണം നടത്തുവാൻ. അല്ലാതെ ഉപരിപ്ലവമായ വീക്ഷണകോണത്തെ ഉപയോഗപ്പെടുത്തരുതു്.

എന്നാൽ കലാമൂല്യങ്ങളെ മറന്നുകൊണ്ടു് കാലക്ഷേപം ചെയ്യുവാനുള്ള ഒരു ഉപാധിയായി നമ്മുടെ മലയാള സാഹിത്യനിരൂപണം അധഃപതിച്ചിട്ടില്ലേ എന്ന സംശയിക്കേണ്ടിയിരിക്കുന്നു. നിഷ്പക്ഷതയുടെ നേരിയ കണിക പോലുമില്ലാത്ത അനേകം നിരൂപണങ്ങൾ ഇന്നത്തെ സാഹിത്യത്തിൽ കാണാൻ സാധിക്കും.

ഏതു മോശപ്പെട്ട കൃതിയാണെങ്കിലും അതിനെ വായനക്കാരന്റെ മുമ്പിൽ ഒന്നാം തരമാക്കിക്കാണിക്കാനുള്ള തിടുക്കവും അതുപോലെതന്നെ ഉത്തമ കൃതികളെ താറടിക്കുന്നതിനുള്ള വെമ്പലും ചില നിരൂപകന്മാരുടെ തൊഴിലായിത്തീർന്നിട്ടുണ്ടു്, വളഞ്ഞു ചുരുണ്ടചെമ്മീൻ കാണുമ്പോൾ അതു വലിയതിമിംഗലമാണെന്നും, ദ്വാരമുള്ള ഓടിവള്ളം കാണുമ്പോൾ ഘനമുള്ള കപ്പലാണെന്നും കൊട്ടിഘോഷിക്കുവാൻ മടിയില്ലാത്തവരും നമ്മുടെ നാട്ടിലുണ്ടു്.

ഇന്നു് ഒരുതരം ഓടസ്സാഹിത്യത്തിൽകൂടി പാർട്ടിസ്സാഹിത്യം മുന്നേറുന്നുണ്ടു്. ഈ മുന്നേറ്റത്തിനുള്ള പ്രധാനകാരണം നിരൂപകന്മാരാണു്. ഏതു വഷളത്തരം എഴുതിവിട്ടാലും, അതെല്ലാം ഭാഷയുടെ മുതൽക്കൂട്ടുകളാണെന്നും പുതിയ പ്രസ്ഥാനത്തിന്റെ വഴി വിളക്കുകളാണെന്നും, നല്ല നാളേയ്ക്കുവേണ്ടിയുള്ള കരുനീക്കമാണെന്നും, തട്ടിമൂളിക്കാൻ ഇക്കൂട്ടർക്കു യാതൊരു മടിയും ഇല്ല. തത്ഫലമായി വളരുന്ന തലമുറയെ ചിന്താക്കുഴപ്പത്തിലകപ്പെടുത്തുവാനും സ്വന്തം ചേരിയിലേയ്ക്കു് ആളിനെ വലയ്ക്കുടുക്കുവാനും സാഹിത്യം ഉപകരണമാക്കുവാൻ ചിലർക്കു സാധിക്കുന്നു. ഇങ്ങനെ നിരൂപണധർമ്മം ബലികഴിച്ചുകൊണ്ടു് പാർട്ടിസ്സാഹിത്യത്തിനു കൊടി പിടിക്കുന്ന നിരൂപകന്മാർ ഭാഷാദേവിയുടെ വഴി പിഴച്ച മക്കളാണു്.

ഇങ്ങനെയൊക്കെയാണെങ്കിലും അളന്നു തൂക്കി നിരൂപണം നടത്തുവാൻ കഴിവുള്ളവരും നമുക്കുണ്ടു്. അടർക്കളത്തിൽ പയറ്റിത്തെളിഞ്ഞപടനായകന്മാരെപ്പോലെ ചങ്കൂറ്റമുള്ള സാഹിത്യസേനാനികൾ കലയുടെ ധർമ്മവും, മർമ്മവും ഗ്രഹിച്ചുകൊണ്ടുതന്നെ നിരൂപണപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ടു്.

അനുകരണയോഗ്യമായ ആശയാവിഷ്കരണവും, സുന്ദരമായ ഭാഷാശൈലിയും ഉള്ള അനുഗൃഹീത സാഹിത്യകാരന്മാർ ഏതൊരു ഭാഷയ്ക്കും മണിദീപങ്ങൾ തന്നെയാണല്ലോ. അങ്ങനെ നോക്കുകയാണെങ്കിൽ നമ്മുടെ ഭാഷാ നിരൂപണരംഗത്തും വചോവിലാസം പ്രസരിക്കുന്ന ചുരുക്കം ചിലരെ കാണുവാൻ കഴിയും. ഏ ബാലകൃഷ്ണപിള്ള, കുട്ടികൃഷ്ണമാരാർ, എസ്സു്. ഗുപ്തൻനായർ, ഫാദർഎബ്രാഹം വടക്കേൽ, സുകുമാർ അഴീക്കോടു്, ടി. എം. ചുമ്മാർ തുടങ്ങിയവർ ഇക്കാലത്തു് മുൻപന്തിയിൽ നില്ക്കുന്നവർ തന്നെയാണു്. ഇവരുടെ അന്തസ്സുള്ള നിരൂപണം സാഹിത്യത്തിനൊരു നേട്ടം തന്നെയാണു്.

അപഗ്രഥനവൈഭവമുള്ള സംസ്കാരസമ്പന്നനായിരിക്കണം നിരൂപകൻ. അയാളുടെ സാഹിത്യസൃഷ്ടി, സഹൃദയർക്കു മാർഗ്ഗദർശകമായിരിക്കണം, സർവ്വോപരി സത്യസന്ധമായിരിക്കണം.

നിരൂപണം പ്രചരണോപാധിയായിരിക്കരുതു്. അതുപോലെ തന്നെ ഗ്രന്ഥങ്ങളെ നിരൂപണം ചെയ്യുമ്പോൾ ഗ്രന്ഥകർത്താവിനെ നിരൂപണം ചെയ്യുന്നതു് ഒരിക്കലും ക്ഷന്തവ്യമല്ല. കുറവുകളെ മാത്രം ചൂണ്ടിക്കാണിച്ചുകൊണ്ടു്, ഗുണങ്ങളെ ഉപേക്ഷിച്ചെടുത്തുകൊള്ളുവാൻ കല്പിക്കുന്നതും ഒരു നിരൂപകനും ഭൂഷണമല്ല. ഗ്രന്ഥകാരനു നിർദ്ദേശം കൊടുക്കുന്ന കൂട്ടത്തിൽ പരുഷമായ ശകാരം വർജ്ജ്യമാണു്.

ഇപ്രകാരം സാഹിത്യത്തിനു ജീവൻ കൊടുക്കുന്ന നിരൂപണം നടത്തുവാൻ കഴിവുള്ളയാളിനു് സഹൃദയരുടെ ഇടയിൽ സുനുതമായ ഒരു സ്ഥാനമുണ്ടു്. കള്ളക്കണക്കുകളും, കള്ളത്തൂക്കങ്ങളും കൊണ്ടു് വായനക്കാരെ കബളിപ്പിക്കാതെ കാര്യം പറയുന്ന നിരൂപകനു് ഭാരിച്ച ഉത്തരവാദിത്വവും ഉണ്ടു്. ഗ്രന്ഥകാരനും, വായനക്കാരനും സമചിത്തതയോടെവീക്ഷിക്കുന്നതുക്കു

പതിനായിരങ്ങൾ എന്തു പറയുന്നു?

ക്ലോസ് അയയ്ക്കുന്നതിനാവശ്യമായ
പാതാമ്പുഴ 4059

ജൂൺമാസത്തിലെ കുട്ടികളുടെ ദീപികയിൽ, ദേവസ്യാ മണിമല "ഹിന്ദിയെ തോല്പിച്ചു തുന്നം പാടിക്കുക" എന്ന ശീർഷകത്തിൽ ഒരു ലേഖനം ചേർത്തിരുന്നു. തങ്കമ്മച്ചേച്ചി പേടിപ്പെടുത്തിയേക്കും എന്ന സംശയം ഉണ്ടായിരുന്നെങ്കിലും അദ്ദേഹം തന്റെ കാര്യം വളരെ വ്യക്തമായി തുറന്നു പറഞ്ഞു. ലേഖനത്തിന്റെ ഉള്ളടക്കം, ഇൻഡ്യാക്കാരായ നാം നമ്മുടെ പുരോഗതിയെ ലക്ഷ്യമാക്കി വിവേകപൂർവ്വം ഇംഗ്ലീഷിനെ നമ്മുടെ രാഷ്ട്രഭാഷയാക്കണമെന്നും, അയോഗ്യരും അപ്രാപ്തരും യഥാകാലാനുവർത്തികളുമല്ലാത്ത, ഉറങ്ങിക്കിടക്കുന്ന ഹിന്ദിയെ വിളിച്ചുണർത്തി ഇംഗ്ലീഷിന്റെ ഗൗരവമേറിയ സ്ഥാനത്തു പ്രതിഷ്ഠിച്ച് അതിനെക്കൊണ്ട് ഉറക്കെപ്പിച്ചു പറയിക്കുന്നതു കഷ്ടമാണെന്നും കാര്യകാരണ സഹിതം അനുഭവത്തിന്റെ വെളിച്ചത്തിൽ സ്ഥാപിക്കുന്നതുമായ ലേഖനത്തിന്റെ അവസാനം. "ഭാവി പൗരന്മാരായ പതിനായിരങ്ങൾ എന്തു പറയുന്നു?" എന്നദ്ദേഹം ചിന്തിക്കുന്ന ചെറുപ്പക്കാരോടു ചോദിക്കുന്നു. നമ്മുടെ ഭാവിയെ സ്പർശിക്കുന്ന ഈ പ്രശ്നത്തിനു് എന്താണുത്തരം പറയുക.

പ്രശ്നത്തിന്റെ വിവിധവശങ്ങളെ സമഗ്രമായി അപഗ്രഥിച്ചതിനുശേഷം, അതിനു മതിയായ ഒരു പരിഹാരം കാണേണ്ടിയിരിക്കുന്നു. (ദയവായി, പ്രസ്തുത ലേഖനം കാണുക.)

ഇൻഡ്യാ ഇന്നൊരു റിപ്പബ്ലിക്കാണു്. നമ്മുടെ റിപ്പബ്ലിക്കിന്റെ അന്തസ്സിനും ആഡംബരത്തിനും വേണ്ടി, ഉപയോഗത്തിനും ഉന്നമനത്തിനുംവേണ്ടി, നിരവധി ആവശ്യങ്ങൾ നിറവേറാനുണ്ടു്. അവയിൽ അദ്വിതീയമായ ഒന്നാണു്, ഒരു രാഷ്ട്രഭാഷ ഉണ്ടായിരിക്കുക എന്നുള്ളതു്. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം, ഭൂരിപക്ഷസമ്മതത്തോടുകൂടി ഹിന്ദി ഇൻഡ്യയുടെ രാഷ്ട്രഭാഷയായിരിക്കുമെന്നു് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തു. വിചാരങ്ങളെക്കാൾ വികാരങ്ങൾക്കു് അടിമകളായിരുന്ന ഒരു സിംഹഭാഗം നേതാക്കൾ സ്വാതന്ത്ര്യ മന്ത്രങ്ങളായി അതിനെ അനുകൂലിച്ചു. തത്ഫലമായി, ഹിന്ദി, ഇൻഡ്യയുടെ രാഷ്ട്രഭാഷയായിരിക്കും എന്നൊരു മിഥ്യാബോധം ജനഹൃദയങ്ങളിൽ ഉദ്ഭവമായി. പക്ഷേ വത്സരങ്ങൾ കടന്നുപോയപ്പോൾ, ബാഹ്യലോകത്തോടൊപ്പം ഭാരതത്തിന്റെയും ആന്തരികമായ ചിന്താഗതിക്കും ലക്ഷ്യത്തിനും ബാഹ്യമായ പ്രവർത്തനപദ്ധതികൾക്കും രീതികൾക്കും അവഗണിക്കാനാവാത്ത മാറ്റങ്ങൾ വന്നപ്പോൾ ഹിന്ദിക്കു കല്പിച്ചുകൊടുത്ത മഹാസ്ഥാനം അർഹിക്കുന്നില്ലെന്നു് വ്യക്തമായി. ഭാരതത്തിന്റെ, ഇന്നത്തേയും ഭാവിയിലേയും ഭാരമേറിയ ചുമതലകൾ നിർവ്വഹിക്കുന്നതിനു് ഹിന്ദിക്കു കഴിവില്ലെന്നു് അനുഭവം സുവിദിതമാക്കി. എന്നാൽ പ്രസ്തുത കാര്യനിർവ്വഹണത്തിനു് ഇംഗ്ലീഷ് ഏറ്റവും ഉത്തമമാണെന്നും, ഭാരതത്തിന്റെ അന്തരീക്ഷത്തോടു് അതു് ഇണങ്ങിച്ചേർന്നിട്ടുണ്ടെന്നും നമുക്കറിയാം. എന്നാൽപ്പിന്നെ, എന്തുകൊണ്ടു് ഇംഗ്ലീഷിനെ ഔദ്യോഗിക ഭാഷയാക്കുന്നില്ല? മൂഢത്വം കൊണ്ടു് എന്നതാണുത്തരം.


ഇംഗ്ലീഷിനെതിരായി ഉന്നയിക്കാറുള്ള വാദമുഖങ്ങളിൽ പ്രധാനമായതു്, അതു് വിദേശഭാഷയാണെന്നാണു്. ഇൻഡ്യയിലുപയോഗിക്കുന്ന ഇംഗ്ലീഷ് ഒരു വിധത്തിലും വൈദേശ്യമല്ല. ഇൻഡ്യൻ ഇംഗ്ലീഷ് വിദേശിയാണെന്നു പറയുന്നതു് നൂറുശതമാനവും അബദ്ധജഡിലമായ പ്രസ്താവനയത്രെ. ഭാരതത്തിലെ ഇംഗ്ലീഷ് ഭാരതീയമാണു്, ആയ്മാർ കൊണ്ടുവന്ന സംസ്കൃതം ഭാരതീയമായതുപോലെ. ബ്രിട്ടീഷുകാർ ഇവിടെ ഉണ്ടാക്കിയ റെയിൽവേകളോ, വലിയ തുറമുഖങ്ങളോ, പാർലമെന്റു മന്ദിരമോ, വിദേശ്യമാണെങ്കിൽ ഇൻഡ്യയിലെ ഇംഗ്ലീഷും വിദേശ്യമാണു്. ഇംഗ്ലീഷ് വിദേശ്യമെന്നുള്ള ഹസിക്കുന്ന സങ്കുചിത മനഃസ്ഥിതിയുള്ള സ്വദേശഭക്തന്മാർ, നാളെമുതൽ ബ്രിട്ടീഷുകാർ നിർമ്മിച്ച പാർലമെന്റു മന്ദിരം തുടങ്ങി ഇംഗ്ലീഷ് ഭാഷ വരെ എല്ലാം നശിപ്പിച്ചിട്ട് ഭാരതത്തിനേറെന്നെ പറയാവുന്ന ഒരു ഉട്ടോപ്യ സൃഷ്ടിക്കട്ടെ! ഇംഗ്ലീഷുകൊണ്ട് ഭാരതത്തിനുണ്ടായ സർവ്വനേട്ടങ്ങളും ദൂരെ വലിച്ചെറിയട്ടെ! ഇവിടത്തെ എൻജിനീയറിംഗ് കോളജുകളും, മെഡിക്കൽ കോളജുകളും, ടെക്നൊളോജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകളും, ബാക്കി എല്ലാ വിദേശഛായയുള്ള ഗവേഷണ സ്ഥാപനങ്ങളും പദ്ധതികളും നിർമ്മൂലനം ചെയ്യട്ടെ. അതിനുശേഷമവക്കഭിമാനിക്കാം, ഇൻഡ്യയിൽ വിദേശ്യമായ യാതൊന്നുമില്ലെന്നു്.

ശാസ്ത്രീയനേട്ടങ്ങൾ ഒരു പ്രത്യേകരാജ്യത്തിന്റെ സ്വകായ്യ സ്വത്തല്ല. അതുപോലെ ഇംഗ്ലീഷിന്റെ നേട്ടങ്ങളും ബ്രിട്ടന്റെ സ്വകായ്യസ്വത്തല്ല. അതു ലോകത്തിലുള്ള അനേകമനേകം ജനങ്ങൾക്കും അവകാശപ്പെട്ടതാണു്. ഇംഗ്ലീഷിനെ വളർത്തി എടുത്തതിൽ ഇൻഡ്യാക്കാരനും പങ്കാളിത്തമുണ്ടു്. നെല്ലും വിനെയും സരോജനിനായിഡുവിനേയും പോലെ, ഇംഗ്ലീഷിനെ ധനവതിയാക്കിയ പലരും ഇവിടെ ഉണ്ടു്. ഈ വസ്തുത, ഇംഗ്ലീഷിൻറമേൽ നമുക്കുള്ള അവകാശത്തേയും, കൈകായ്യം ചെയ്യാനുള്ള നമ്മുടെ കഴിവിനേയും വ്യക്തമാക്കുന്നു. അതിനുപരിയായി, ഭാരതീയാന്തരീക്ഷത്തിൽ വളർന്നുവന്ന ഇൻഡ്യൻ ഇംഗ്ലീഷ് നമ്മുടേതാണെന്നു് സ്ഥാപിക്കപ്പെടട്ടെന്നു. അതുകൊണ്ടു്, നമ്മുടേതായ ഇംഗ്ലീഷിനെ ഔദ്യോഗിക ഭാഷയായി ഭരണഘടനയിൽ വ്യവസ്ഥചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കയാണു്. ഭരണഘടനയ്ക്കുവേണ്ടിയല്ല ഭാവി പൗരന്മാരായ ഞങ്ങൾ; ഞങ്ങൾക്കുവേണ്ടിയാണു് ഭരണഘടന. അതുകൊണ്ടു് ഞങ്ങളുടെ പുരോഗതിക്കുവേണ്ടി, ഭരണഘടനയിൽനിന്നും ഹിന്ദിയുടെ രാഷ്ട്രഭാഷാസ്ഥാനം ഉച്ചാടനം ചെയ്തിട്ടു്, അവിടെ ഇംഗ്ലീഷിനെ പ്രതിഷ്ഠിക്കണം.

ഭാരതീയ ജനഹൃദയത്തിൽ സ്വാതന്ത്ര്യത്തിന്റെ ജീവൻ നൽകിയതും, ആ സ്വാതന്ത്ര്യബോധത്തെ വളർത്തിയെടുത്തു് ആധുനിക രൂപം നൽകിയതും വിദേശിഎന്നുപഹസിക്കപ്പെടുന്ന ഇംഗ്ലീഷാണു്. ഇംഗ്ലീഷുവിദ്യാഭ്യാസത്തിനു ശേഷം മാ

രീതിയിൽ വസ്തുനിഷ്ഠമായി നിരൂപണം നടത്തുകയെന്നുള്ളതു് ക്ഷിപ്രസാദ്ധ്യമല്ലെന്നുള്ളതും പരമാർത്ഥമാണു്.

ഇങ്ങനെ വളരുന്നതും വളരേണ്ടതുമായ ഒരു പ്രസ്ഥാനമെന്ന നിലയിൽ നിരൂപണസാഹിത്യം ഭാഷയിൽ അനുപേക്ഷണീയമാണെന്നുള്ളതിൽ പക്ഷാന്തരമില്ല. സാഹിത്യത്തെ സൽപഥത്തിൽക്കൂടി നയിക്കുന്നതിനു് നിരൂപണമല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലതന്നെ. വളരെ സൂക്ഷിച്ചു കാൽവയ്ക്കേണ്ട ഒരു കലാരംഗവുമാണിതു്.



ജോജോ മേടയ്ക്കൽ

സംഗതിയുടെ വാസ്തവസ്ഥിതി നേരേ മറിച്ചാണ്. ഹിന്ദി സാധാരണമായി ഉപയോഗിക്കുന്നത് പ്രധാനമായി ഉത്തരപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ നാല്പ സ്റ്റേറ്റുകളിലാണ്. അവിടത്തെ അക്ഷരാഭ്യാസമുള്ള ജനങ്ങളെ കൂടാതെ, അഗണ്യമായ ഒരു ന്യൂനപക്ഷം മാത്രമേ ഹിന്ദി ഉപയോഗിക്കുന്നുള്ളൂ. ബാക്കിയുള്ള ഗ്രാമീണർ, അവികസിതവും, ഹിന്ദിയുടെ കൈകടത്തൽ നിമിത്തം അധോഗതിയെ പ്രാപിച്ചുകൊണ്ടിരിക്കുന്നതുമായ വിവിധ ഭാഷകളാണ് ഉപയോഗിക്കുന്നത്. അവക്ക് ഹിന്ദിയും അജ്ഞനവും മഞ്ഞത്തുപോലെ വെളുത്തിരിക്കും. അതാണ് ഹിന്ദിയുടെ ശക്തികേന്ദ്രത്തിലെ സ്ഥിതി എങ്കിൽ, ദക്ഷിണഭാരതത്തിലേയും, ബംഗാളിലേയും, ആസ്സാമിലേയും, പഞ്ചാബിലേയും, മഹാരാഷ്ട്ര പ്രദേശത്തിലേയും സാധാരണ ജനങ്ങൾക്ക് ഹിന്ദിയുമായുള്ള അടുപ്പം സ്പഷ്ടമാകുന്നുണ്ടല്ലോ. അതുകൊണ്ട്, അഖിലേന്ത്യാടിസ്ഥാനത്തിൽ ഹിന്ദി സാധാരണക്കാരന്റെ ഭാഷയല്ല. ഭരണഘടനയിൽ വ്യവസ്ഥചെയ്തിരിക്കുന്ന ഭാഷ – ഹിന്ദി– ഇന്ന് സാധാരണക്കാരന്റെ ഭാഷയല്ല. അധികാരമോഹികളായ ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രം ഭാഷയാണ്.

ഹിന്ദി ഭൂരിപക്ഷത്തിന്റെ ഭാഷയെന്നു പറയുന്നതും, അതു സാധാരണക്കാരന്റെ ഭാഷ എന്നു പറയുന്നതുപോലെ പച്ചക്കള്ളമാണ്. ഹിന്ദി ഭൂരിപക്ഷത്തിന്റെ ഭാഷയാണ്, അതു തനി ഭാരതീയ സംസ്കാരത്തിന്റെ പ്രതിബിംബനമാണ് എന്നൊക്കെ പറയുന്നതു കേൾക്കുമ്പോൾ തോന്നിപ്പോകുന്നതു, ബംഗാളികളും, പഞ്ചാബികളും, ഗുജറാത്തികളും ദക്ഷിണേന്ത്യരും; ഭാരതീയരല്ലെന്നാണ്. ഇൻഡ്യയിൽ അവകാശങ്ങളും അവസരങ്ങളും എല്ലാവക്കും ഒരുപോലെയാണെന്നാണ് വെയ്പ്. പക്ഷേ "ഹിന്ദിവാലാ"യ്ക്ക് ഏതോ പ്രത്യേകാനുകൂല്യങ്ങൾ ഉണ്ടെന്ന് അനുഭവം തെളിയിക്കുന്നു.

റഷ്യ, തന്റെ ഉപഗ്രഹ രാജ്യങ്ങളെ ആലിംഗനം ചെയ്യുന്നതുപോലെ, ഒരു ധ്രുതരാഷ്ട്രാലിംഗനം ചെയ്തുകൊണ്ട് ഉത്തരേന്ത്യയിലെ ഇതരഭാഷകളായ ഗുജറാത്തി, മറാത്തി, പഞ്ചാബി, ബംഗാളി, ഒറിയ, ആസ്സാമീസ്, സിന്ധി, ഉറുദു മുതലായ ഭാഷകളെ ഹിന്ദി കയ്യേറ്റം നടത്തുന്നുണ്ട്. അവയെ നിർമ്മൂലമാക്കാൻ ഹിന്ദി പ്രേമികളായ ഉത്തരേന്ത്യക്കാർ ശ്രദ്ധ പ്രവർത്തനത്തിലേപ്പെട്ടിരിക്കയാണ്. കുറച്ചു മാസങ്ങൾക്കു മുമ്പ് ഡൽഹിയിൽ നടന്ന ഉറുദുകോൺഫറൻസിൽ പ്രകടിതമായ ഭാവിയിലെ അപകടഭീതി അതിനു തെളിവാണ്. ഹിന്ദിപ്രേമികളെന്നു സ്വയം സംബോധനചെയ്യുന്ന ഉത്തരേന്ത്യയിലെ ഹിന്ദിഭ്രാന്തന്മാർ, 1957 അവസാനത്തിൽ പഞ്ചാബിൽ വരുത്തിവച്ച വിന അതിനു മകുടോദാഹരണമാണ്. അക്രമപ്രവർത്തകരായ ഹിന്ദിഭ്രാന്തന്മാർ പഞ്ചാബി സംസാരിക്കുന്ന ജനങ്ങളെ, അവരുടെ മാതൃഭാഷ പഞ്ചാബി ആണ് എന്ന കുറ്റത്താൽ

ത്രമാണ് ബാഹ്യലോകത്തിന്റെ പുരോഗതിയും, ജനായത്തഭരണത്തിന്റെ ആസ്വാദ്യതയും അനുകരണീയതയും, ശാസ്ത്രീയ നേട്ടങ്ങളും നാം കണ്ണുതുറന്നു കണ്ടതാണ്. ഇംഗ്ലീഷ് നമ്മുടെ ഹൃദയത്തിൽ പുരോഗതിക്കുവേണ്ടിയുള്ള തൃഷ്ണ വളർത്തി, അതിനായുള്ള പന്ഥാവു തുറന്നതണ്; ഇംഗ്ലീഷ്, നമ്മെ ബാഹ്യലോകവുമായി പരിചയപ്പെടുത്തി; ഇംഗ്ലീഷ്, തൊഴുത്തിൽ കുത്തി സ്വയം നശിച്ചിരുന്ന ഇൻഡ്യൻ ജനതയിൽ ഐക്യബോധംവളർത്തി ഒന്നിപ്പിച്ചു. ഇംഗ്ലീഷ്, ശാസ്ത്രത്തിന്റെ അത്ഭുതരഹസ്യം നമ്മെ പഠിപ്പിച്ചു; നമ്മെ സ്വതന്ത്രരാക്കി. നമ്മെ സേവിക്കുവാൻ ഇനിയും സന്നദ്ധരായോടെ അതു നമുക്കുവേണ്ടി കാത്തിരിക്കയാണ്. ഇന്ന് വടക്കേ ഇൻഡ്യയിലെ ഹിന്ദിഭ്രാന്തന്മാർ തങ്ങളുടെ ഏകാധിപത്യസ്ഥാപനാർത്ഥം ഹിന്ദി പഠിക്കണമെന്നു പറഞ്ഞു നമ്മെ ശ്വാസം മുട്ടിക്കുന്നതുപോലെ, ഇംഗ്ലീഷിന്റെ കാര്യത്തിൽ ആരും ഒന്നും ചെയ്യുന്നില്ല. നാം സ്വമനസ്സാലെ ഇംഗ്ലീഷും പഠിക്കുകയാണ്. അതൊരിക്കലും അടിമമനസ്ഥിതികൊണ്ടല്ല; മറിച്ച് സ്വാതന്ത്ര്യ സുബോധം കൊണ്ടാണ്, ഒരു ക്ഷേമ രാഷ്ട്രത്തെ ലക്ഷ്യമാക്കിക്കൊണ്ടാണ്. ഇംഗ്ലീഷ് ഇൻഡ്യയിലെ സാധാരണ ജനങ്ങളുടെ ഭാഷയല്ലെന്ന് ഒരധിക്ഷേപം പറയാറുണ്ട്. അതു ഹിന്ദിയുടെ ഒരു മേന്മയായിട്ടും, ഇംഗ്ലീഷിന്റെ ഒരു പോരായ്മയായിട്ടും ചൂണ്ടിക്കാണിക്കപ്പെടുന്നു. ഏറെക്കുറെ ശരിയാണെന്ന് പ്രഥമദൃഷ്ടിയിൽ തോന്നിപ്പോകും. പക്ഷേ

പലയിടത്തും മർദ്ദിച്ചതായി നമുക്കറിയാം. പക്ഷെ പഞ്ചാബികളുടെ അടുത്ത് അതു് വിലപ്പോയില്ല. അവർ ഹിന്ദി പ്രേമികളെ തൊട്ട കൈയ്ക്കു പിടിച്ചു മാതൃഭാഷാസ്നേഹത്തെ വ്രണപ്പെടുത്തി, മതവികാരത്തെ ക്ഷണം ചെയ്തു്, ഹിന്ദി പ്രേമികൾ അവിടെ വിപ്ലവം അഴിച്ചുവിട്ടു. രാജ്യത്തിന്റെ ഐക്യബോധത്തെ ഹിന്ദി ഭ്രാന്തന്മാർ തുരങ്കംവച്ചു. ഹിന്ദി അന്യരുടെ മേൽ അടിച്ചേല്പിച്ചു് അവരുടെമേൽ ആധിപത്യംസ്ഥാപിക്കുന്നതിനുവേണ്ടി അവർ വെമ്പൽ കൊണ്ടു. അതുകൊണ്ടു്, ''പഞ്ചാബു സംഭവവും'' അതർഹിക്കുന്ന ഗൗരവത്തോടെ നാം വീക്ഷിക്കേണ്ടിയിരിക്കുന്നു. നമുക്കു വരാൻപോകുന്ന വിനയുടെ നാന്ദിയാണിതു്.

നമ്മുടെ മലയാളത്തിനുള്ളതുപോലും സാഹിത്യസമ്പത്തോ, ശാസ്ത്രപഠനത്തിനുള്ള യോഗ്യതയോ, ഭരണകാര്യനിർവ്വഹണത്തിനുള്ള കഴിവോ, ഹിന്ദിക്കില്ല. ഹിന്ദിയിൽ നിന്നിച്ചിട്ടുള്ള ശാസ്ത്രഗണിതങ്ങളുടെ അടിസ്ഥാനപരമായ വൈകല്യങ്ങൾ ആ ഭാഷയുടെ കഴിവുകേടിനെ വിളിച്ചുപറയുകയാണു്. രാഷ്ട്രം അതിശീഘ്രം പുരോഗമിക്കുന്ന ഈ അവസരത്തിൽ, ഉപകാരമില്ലാത്തതും ഉപദ്രവകാരിയുമായ ഹിന്ദിക്കുവേണ്ടി നാം എന്തിനു് സമയവും പണവും പാഴാക്കിക്കളയുന്നു? കാര്യത്തിനു് ഏറ്റവും യോജിച്ച ഇംഗ്ലീഷ് നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, ഹിന്ദിക്കുവേണ്ടി നാം ദീപാളി കൂലിക്കുതു്.

ഹിന്ദിയേക്കാൾ ഭാഷാസമ്പത്തുള്ള ബംഗാളികളോ, മറാട്ടികളോ അന്യരുടെ അവകാശത്തിൽ കൈവയ്ക്കുന്നില്ല. അന്യരുടെമേൽ ഏകാധിപത്യം സ്ഥാപിക്കുന്നതിനു് ആഗ്രഹിക്കുന്നുമില്ല. പിന്നെന്തിനാണു് ഈ ''ഹിന്ദിവാലാമാർ'' ഇത്ര ചൊടിക്കുന്നതു്. ഹിന്ദി പുരാതനമാണെന്നു് ഒരു മുടന്തൻ ന്യായം ചിലർ പറയുന്നു. പാരമ്പര്യവും പൂർണ്ണതയുമുള്ള തമിൾ, ഹിന്ദിയുടെ ഉത്ഭവസ്ഥാനമായ സംസ്കൃതത്തെക്കാൾ പുരാതനമാണെന്നു് അറിവുള്ളവർക്കറിയാം.

പിന്നെ ഹിന്ദിയെ രാഷ്ട്രഭാഷയാക്കാനുള്ള യോഗ്യത എന്താണു്? ഒന്നുമില്ല; ഒട്ടുമില്ല. വിവിധ സംസ്കാരങ്ങളും ഭാഷകളും ഉള്ള ഭാരതീയരെ ഭിന്നിപ്പിക്കുവാൻ, രാജ്യത്തിന്റെ പുരോഗതിക്കു് വിലങ്ങുതടിയായിരിക്കുവാൻ, ശാസ്ത്രീയമായി നമുക്കുണ്ടാകാവുന്ന നേട്ടങ്ങളെ ഇല്ലാതാക്കുവാൻ; ഉത്തരേന്ത്യയിലെ ഹിന്ദിവാലാകളുടെ ധിക്കാരവും ഏകാധിപത്യവും കെട്ടിപ്പടുക്കുവാൻ, അങ്ങനെ ഒരു നൂറ്റാണ്ടിനു വരുത്തിവയ്ക്കുവാൻ ഉള്ള ദുർമ്മാഹാത്മ്യം ഹിന്ദിക്കുണ്ടു്. അതാണു് ഹിന്ദിയുടെ മാഹാത്മ്യം.

ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയാക്കണമെന്നുള്ള ഭാവി പൗരന്മാരായ ഞങ്ങളുടെ ഈ അതിപ്രധാനമായ ആവശ്യം കൊച്ചേട്ടൻ നെഹ്രുവിനെ ഒന്നറിയിക്കണം. അദ്ദേഹം കുട്ടികളെ ഇഷ്ടപ്പെടുന്ന ആളാണു്. അതുകൊണ്ടു്, അദ്ദേഹം ഞങ്ങളുടെ ഈ അത്യാവശ്യം നിറവേറ്റിത്തരും. ഞങ്ങളുടെ ഈ പ്രശ്നത്തിന്റെ ഗൗരവം അദ്ദേഹത്തിനറിയാം. ബാലലോകത്തിനുവേണ്ടി വളരെയധികം ബുദ്ധിമുട്ടും ത്യാഗവും സഹിക്കുന്ന കൊച്ചേട്ടൻ ഇക്കാര്യത്തിൽ ഞങ്ങളെ സഹായിക്കുമെന്നു വിശ്വസിക്കുന്നു.

''ഹിന്ദിയെ തോല്പിച്ചു തുന്നംപാടിക്കുക.'' എന്നിങ്ങനെയുള്ള പതിനായിരങ്ങൾക്കും പറയുവാനുള്ളതാണിതു്. ഇതാണു് ഞങ്ങളുടെ മുദ്രാവാക്യം.



ശാന്തമ്മ, വത്സമ്മ (വേലിയത്തു്)

കേരളാരാമം

ൻപതു രാഷ്ട്രീയഗാനങ്ങളടങ്ങിയ ഒരു ചെറുപുസ്തകം.
വില ഒരണ. 15 ന. പൈ.
അയച്ചാൽ ബുക്കുപോസ്റ്റായി അയച്ചുതരുന്നതാണു്.
ജോൺ മുണ്ടാത്തോട്ടം
കുമാരനെല്ലൂർ P. O.

ചിരിയ്ക്കാൻ

(പി. സി. തോമസ്, പാഴോനായിൽ)

3402

അദ്ധ്യാപകൻ:- (ബോർഡിൽ ഒരു കണക്കെഴുതിയശേഷം ഒരു കുട്ടിയോടു്.) താൻ ആണെങ്കിൽ ഇതെങ്ങിനെ ചെയ്യുമെടോ?

കുട്ടി:- സാറേ, ഞാൻ ഈ കുട്ടിയുടെ നോക്കിയെഴുതും.

v v v

തോമസ് ജെ. ചുങ്കപ്പുര 9968

ഗുരു:- ശത്രു, എന്ന വാക്കിന്റെ എതിർപദം പറയു കുട്ടി

കുട്ടി- ഗുരുനാഥൻ അരുൾചെയ്താൽ എതിർ വാക്കു പറകൊല്ലാ,

-0-

കവിത

ഓടക്കുഴൽ

പി. ജെ. മാത്യു മുണ്ടക്കയം 1727

ഒരൊറ്റ ഹൃത്തിനുംശം പോലെവെസ്നേഹം തന്നി-
ലൊന്നായി കഴിയുന്ന മോളിയും ബേബിക്കുഞ്ഞും.
ഒരു നല്ലോടക്കുഴൽ ബേബിതൻ കൈയ്യിൽ കാൺകെ-
യരുമപ്പൈതൽ മോളി കെഞ്ചിയാക്കുഴലിന്നായ്.
''ബേബിച്ചാ കൊയൽ തായേ, എനിച്ചാ കൊയൽ തായേ,
പഞ്ചാരയുമ്മ എത്ര വേണോലും തരാമേ ഞാൻ''.
''പോ, പെണ്ണേ, മനുഷ്യില്ല, മുരുളാ കൊയലിപ്പം,
പുത്തനിക്കൊയൽ കണ്ടോ, ആക്കും ഞാൻ കൊട്ടുള്ളാ''.
''ബേബിച്ചാ കൊയൽ തായേ, മോളിയാ ചോദിക്കുന്നെ,
തന്നില്ലേ പിണങ്ങിപ്പോം, ബേബിച്ചാ കൊയൽ തായേ''.
ഒപൊട്ടുവാൻ ആരംഭിക്കും വീണതൻ ഗാനം പോലെ
പൊഴിഞ്ഞു കേകാനദം, ഉതിർന്നു മുത്തുകണ്ണീർ.



"മെടിക്കു" അളവും തൂക്കവും ഇന്ന കേരളത്തിലെ മുന്ന ഡിസ്ട്രിക്ട്കളിൽ നടപ്പിലാക്കുന്ന. തല്ലാലം പൊതുജനങ്ങൾക്ക കുറച്ച് അസൗകര്യങ്ങൾ നേരിട്ടമെങ്കിലും മഹത്തായ നേട്ടമുണ്ടാകുമെന്ന മുഖ്യമന്ത്രി." ഞാനന്ന് പത്രത്തിൽക്കണ്ട ആദ്യത്തെ വാർത്തയായിരുന്ന അതു്. വാസ്തവത്തിൽ ഞാൻ മരവിച്ചു പോയെന്ന പറയാം. മുഖ്യമന്ത്രിക്കുടിപ്പറയുന്ന സ്വല്പം വിഷമമുണ്ടാകുമെന്ന്. അപ്പോൾ കണക്കിന്റെ എ, ബി, സി, ഡി, അറിഞ്ഞുകൂടാത്ത എന്റെ കാര്യം ചോദിക്കാനുണ്ടോ? മെടിക്കു സമ്പ്രദായം ഏർപ്പെടുത്തിയ മുന്ന ഡിസ്ട്രിക്ടുകളിൽ ആലപ്പുഴ ഡിസ്ട്രിക്ട്ടം ഉണ്ടെന്ന കേട്ടപ്പോൾ ആലപ്പുഴ ഒരു ഡിസ്ട്രിക്ട് ആകേണ്ടതില്ലായിരുന്ന എന്നെനിക്കു തോന്നിപ്പോയി. ഏപ്ലസ്സ് ബി കേൾക്കുമ്പോൾ തല കറുങ്ങാറുള്ള ഞാൻ ഈ മെടിക്കുസമ്പ്രദായം വല്ലതും പഠിക്കേണ്ടിവന്നാൽ ഒരു ഭ്രാന്തനായിപ്പോയെന്നവരും! കണക്കിന് കഴിഞ്ഞ ടേമിലുണ്ടായ ചില സംഭവങ്ങൾ ഓർത്തിട്ട് ഇപ്പോഴും പേടി തോന്നുന്നു.

"4 a പ്ലസ്സ് 2 a എത്ര?" ഞാൻ പുതിയതായി പഠിക്കാൻ തുടങ്ങിയ ഈ പ്ലസ്സിന്റെയും മൈനസ്സിന്റെയും ഉച്ചാരണം ആസ്വദിച്ചുകൊണ്ട് അതു പഠിക്കേണ്ടിവന്ന കാലക്കേടോർത്തുകൊണ്ടിരുന്നപ്പോൾ കുറുപ്പുസാർ എന്നോട് ചോദിച്ചു.

"4 a മൈനസ്സ് 2 a" ഞാനെണീറ്റു നിന്നു ചുണയോടെ പറഞ്ഞു. ക്ലാസ്സിൽ കൂട്ടച്ചിരിയുണ്ടായി. തേർഡ് ഫോറത്തിൽ നിന്നും ഫോർത്ത് ഫോമിലേക്കു കയറിയപ്പോഴാണ് ആദ്യമായി പ്ലസ്സും മൈനസ്സും പഠിക്കാൻ തുടങ്ങിയതു്.

"എടോ പ്ലസ്സിന്റെ അർത്ഥം എന്തൊവാ?" സാറെന്നോട് വീണ്ടും ചോദിച്ചു. "മൈനസ്സ്" ഞാൻ യാതൊരുസംശയവും കൂടാതെ പറഞ്ഞു. ക്ലാസ്സിൽ ആകപ്പാടെ ബഹളമായി. മിഡിൽ സ്കൂളിൽ പഠിച്ച ഈ അധികവും ന്യൂനവുമൊക്കെ പെട്ടെന്ന് പ്ലസ്സും മൈനസ്സും ആയപ്പോൾ എനിക്കൊന്നും തന്നെ മനസ്സിലായില്ല.

"സമയം കളയാതെ അവിടെ ഇരിക്കു്. തനിക്കൊക്കെ M·S·M എഴുതിനടക്കാം." കുറുപ്പുസാർ ദേഷ്യത്തോടെ പറഞ്ഞു. നിരാശയോടെ ഞാനിരുന്നു. എന്നിട്ട് അടുത്തിരുന്ന ബേബിയോട് ചോദിച്ചു "എടാ ഈ M·S·M എന്നു പറയുന്നതെന്തൊവാ?" കണക്കില്ലാതെയുള്ള വല്ല പരീക്ഷയുമെഴുതികിട്ടുന്ന ഡിഗ്രിയായിരിക്കും അതെന്നു ഞാൻ കരുതി "എടാ മാർച്ച് സെപ്റ്റംബർ എഴുതി വീണ്ടും മാർച്ച് വരുന്നതിനാ M·S·M എന്നു പറയുന്നതു്" സ്നേഹിതൻ അതിന്റെ ഫുൾഫോം വിശദമാക്കിയപ്പോൾ എനിക്കു ലജ്ജയുണ്ടായി.

കണക്കിന് 5 മാർക്കിട്ടിയാൽ ഞാൻ 50 കിട്ടിയവനെപ്പോലെ അഭിമാനിക്കും. കുട്ടികളുടെ ഭാഷയിൽ 'മൊട്ട' യെന്നു പറയുന്നമാക്കു കിട്ടാതിരിക്കാൻ ഞാൻ പെടുന്ന പാടോർത്താൽ പാസ്മാക്കു തരേണ്ടതാണു്. പക്ഷേ, എന്തു ചെയ്യും! ബ്രഹ്മാവു് എന്നെ സൃഷ്ടിച്ചപ്പോൾ എന്റെ രക്തത്തിൽ കണക്കിന്റെ അംശം ചേർക്കാൻ മറന്നു പോയി എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് കണക്കിനു് എപ്പോഴും പൂജ്യം മാർക്കുവാങ്ങുന്നതെന്നാണു് എന്റെ തലയിലെഴുതിയിരിക്കുന്നതു്. അല്ലെങ്കിൽപ്പിന്നെ പണ്ടൊരിക്കൽ കണക്കു പരീക്ഷയുടെ തലേദിവസം "കാച്ചെണ്ണ തേയ്ക്കുന്ന ഞാൻ 'പച്ചനല്ലെണ്ണ' വച്ചുകളിച്ചിട്ട്" കണക്കുകഴിഞ്ഞു് മലയാളം പരീക്ഷയുടെയന്നു് പനിവരുമായിരുന്നോ? ഫസ്റ്റ്ഫോമിൽ പഠിക്കുന്ന അനിയനു് കണക്കുപറഞ്ഞുകൊടുക്കാൻ അമ്മ പറയുമ്പോൾ ഹിന്ദി സാറിന്റെ ഭാഷയിൽ "ഹിന്ദി കിതാബു് തുറന്നുവച്ചു് എനിക്കു് പഠിക്കാനുള്ള വല്ല പരീക്ഷയുമെഴുതികിട്ടുന്ന ഡിഗ്രിയാ

കവിത.

വികസിച്ചുവന്ന ബാലപംക്തി

കുമാരി റോസിലിൻ ആൻറണി മരട്

കോട്ടേത്തക്കൊച്ചേട്ടൻ, ദീപികയി-
ലൊരുനാളൊരു ചെറുകായനട്ടു.
പുതുവെള്ളം വീണു നനഞ്ഞമണ്ണിൽ
ചെറുവിത്തു പൊട്ടി മുളയ്ക്കും പോലെ,
ആവിത്തു വേഗം മുളയെടുത്തു
ശാഖകൾ പൊട്ടിക്കിളിച്ചുവന്നു.
വേരുകൾ വേഗത്തിലോടിയോടി
നാടിന്റെ ചുറ്റും സ്ഥലംപിടിച്ചു.
"മൊട്ടകൾ വേഗം വിരിഞ്ഞിടേണം
ധാരാളം കാസ്സൽ വിളഞ്ഞിടേണം"
ആ മഹദ് ഭാവന തേരിലേറി-
യാവോളം ദൂരത്തു സഞ്ചരിച്ചു.
കാലങ്ങളങ്ങനെ പാഞ്ഞു പോയി
വാസന്ത സുന്ദരി വന്നണഞ്ഞു;
ആ മുദ്ദുഭാവന പൂത്തപോലെ
ആ മരം പൂക്കളണിഞ്ഞു നിന്നു.
പുതു പൂക്കൾ തിങ്ങിയ പൂമരമേ,
നില നിൽക്കു പാരിൽ നീ ശാശ്വതമായ്!
പൂമരച്ചോട്ടിലേയ്ക്കുഞ്ഞു വന്ന
കാലന്റെ തേരിന്റെ കാരടിച്ചു്.
ബോണമ്മ, റോസമ്മ, ഫ്രൈഡ്, ജോസഫ്
തൊട്ടാറു വീണുപോയ് പൂഴിമണ്ണിൽ.
ആ നാലുപൂക്കൾ ചിറകുവെച്ചി-
ട്ടാകാശം നോക്കിപ്പറന്നു പോയി,
വിണ്ണിലെപ്പൊന്നിൻ കവാടത്തിങ്കൽ
നമ്മെ പ്രതീക്ഷിച്ചിരിക്കയാവാം.

ണ്ടെന്നു'' ഞാൻ പറയും. ഫസ്റ്റു ഫോമിലേ കണക്കുപോലും എനിക്കു് പിടിയില്ലെന്നു ചുരുക്കം. അപ്പച്ചനും അമ്മച്ചിയും ഹിന്ദി ഭാഷയൊന്നും പഠിച്ചിട്ടില്ലാത്തതുകൊണ്ടു് ഹിന്ദിയാണു് പഠിക്കാനേറ്റവും വിഷമമുള്ള ഭാഷയെന്നാണു് അവരുടെ വിചാരം! ഹിന്ദിഭാഷയ്ക്കു നന്മവരട്ടെ!

''തലവേതനയാണെങ്കിൽ രണ്ടു് ആസ്പ്രോ മേടിച്ചു തിന്നോണ്ടു് വേഗം പരിക്ഷയ്ക്കു പോടാ'' കണക്കു പരീക്ഷയുടെയന്നു് തലവേദനയാണെന്നു ഭാവിച്ച എനിക്കു കിട്ടിയ അമ്മയുടെ വിലയേറിയ ഉപദേശമായിരുന്നു അതു്.

''തലവേദനയെടുക്കുമ്പോഴെങ്ങനെയാണമ്മേ കണക്കു ചെയ്യുന്നതു്?'' ഞാൻ വളരെ സാവധാനത്തിൽപ്പറഞ്ഞു.

''ഓ! അല്ലെങ്കിലും നീ എപ്പോഴും കണക്കിനു് ഏറെമാക്കു മേടിച്ചോണ്ടാടാ വരുന്നതു്'' അമ്മയ്ക്കു പെട്ടെന്നു കോപമുണ്ടായി. പിന്നെ അവിടെ നിൽക്കുന്നതു പിശകാണെന്നെനിക്കു തോന്നി.

അങ്ങിനെ ബോർഡിൽ കണക്കെഴുതിയിട്ടാൽ ചോദ്യമേതാ, ഉത്തരമേതാ, എന്നറിഞ്ഞുകൂടാത്ത എനിക്കും ഓണപ്പരീക്ഷ എഴുതേണ്ട ഗതികേടുണ്ടായി. കണക്കിനു് കോപ്പിയടിക്കുന്ന വിദ്യ, എനിക്കറിഞ്ഞുകൂടാ, ഞാൻ വിഷമിച്ചു. ഏപ്പിൾസ്സ് ഓയും, ഏ മൈനസ്സു് ഓയുമെല്ലാം എന്റെ മനസ്സിലൂടെ ഘോഷയാത്ര നടത്തി. ചിന്തയിൽ നീറുന്ന മനസ്സുമായി ഞാൻ പരീക്ഷാഹോളിൽ കയറി, ചോദ്യക്കടലാസ്സുകിട്ടി. കണക്കുകൾ ഓരോന്നും ഞാൻ വായിച്ചു. കൊച്ചുന്നാളിലൊക്കെ പടം വരച്ചുകളിക്കാറുള്ള സമചതുരവും, ത്രിഭുജവുമൊക്കെ ഇപ്പോൾ വരയ്ക്കുകയാണെങ്കിൽ അതിന്റെ കോണുകളും മൂലകളുമൊക്കെ തുല്യമാണെന്നു തെളിയിക്കണം'. അഥവാ തുല്യമല്ലെങ്കിൽത്തന്നെ എന്താണു്? നഷ്ടക്കച്ചവടത്തിന്റേയും, ലാഭക്കച്ചവടത്തിന്റേയുമൊക്കെ കണക്കു് a പ്ലസ്സു് b യിൽ എഴുതിയിരിക്കുന്നു! പിന്നെ ഒരച്ഛൻ തന്റെ സ്വന്തം വീതിച്ചകാര്യമൊക്കെ കണക്കിൽ കണ്ടപ്പോൾ അതൊരു കണക്കല്ല കഥയാണെന്നെനിക്കു തോന്നി. ഭാഗ്യത്തിനു് രണ്ടു കണക്കെനിക്കറിയാമായിരുന്നു. ഹൃദയത്തിൽ ഈശ്വരനെ മാത്രം ധ്യാനിച്ചുകൊണ്ടു് ഞാനതു ചെയ്തു. ഉത്തരം പൂജ്യം സംഖ്യയിൽ കിട്ടിയപ്പോൾ ആ പരീക്ഷാഹോളിലിരുന്നു് ഉള്ളിച്ചുടണമെന്നെനിക്കുതോന്നി. കാരണം അങ്ങനെ കിട്ടിയാൽ ആ കണക്കു ശരിയാണെന്നാണു് എന്റെ സങ്കല്പം. അപ്പോൾ കണക്കിനു 'സീറോ'കിട്ടിയില്ല,.. ഞാൻ സമാധാനിച്ചു. പക്ഷേ, പാസ്സു് മാർക്കിനോടടുത്തമാർക്കു വാങ്ങാൻ എന്താണു വഴി? ഞാൻ ചിന്തിച്ചിരുന്നു. പെട്ടെന്നു് എന്റെ ചിന്തയൊരു സൂത്രത്തിൽ ചെന്നു പതിഞ്ഞു. കണക്കിനു് ക്ലാസ്സിൽ സമർത്ഥനായ ബേബിക്കുട്ടി ചെയ്യാൻ വിഷമം തോന്നാവുന്ന കണക്കുകൂടി ഞാനങ്ങു 'ഈസി' യായി ചെയ്തു. ഇടയ്ക്കൊരു വിദ്യകൂടി കാണിച്ചു. ശരിയാണെന്നു വിശ്വാസമുണ്ടായിരുന്ന കണക്കുകൾ ഒരു പ്രാവശ്യം കൂടി ചെയ്തുവച്ചു! കണക്കു വിഷമമുള്ളതുകൊണ്ടു് എനിക്കു് കണക്കു സാറന്മാരെയും പൊതുവേ ഭയങ്കര പേടിയാണു്. എങ്കിലും ഞാനങ്ങിനെ ചെയ്തു. അതിനൊരു കാരണമുണ്ടു്. അരഡസ്സൻ കുട്ടികളിൽ കൂട്ടത്തിലുള്ള കുറുപ്പുസാറിനു് സ്വസ്ഥമായിരുന്നു് പേപ്പർനോക്കാൻ സാധിച്ചെന്നു വരില്ല. ശരിയുത്തരം കാണുമ്പോൾ അറിയാതെ മാർക്കിട്ടപോകുമെന്നു ഞാനൂഹിച്ചു. അങ്ങനെ കണക്കുപരീക്ഷ കഴിഞ്ഞപ്പോൾ എനിക്കു വയറുനിറച്ചു ചോറുണ്ട പ്രതീതിയാണുണ്ടായതു്. കണക്കു പരീക്ഷകഴിഞ്ഞു് പുറത്തിറങ്ങിയതിനു ശേഷം 'ഉത്തരംനോക്കുക' എന്നൊരു പരിപാടിയുണ്ടല്ലോ. എനിക്കതില്ല. ചന്ദ്രകഞ്ഞിന്റെ ജാതകം നോക്കിയിട്ടുള്ളഫലം എന്ന പ്രമാണത്തിൽ ഞാൻ വിശ്വസിക്കുന്നു.

സീബ്രാകളുടെ വരകൾ



ഒരേ അച്ഛനമ്മമാരിൽ നിന്നു പിറന്നതാണെങ്കിൽത്തന്നെയും ഒരിക്കലും രണ്ടു സീബ്രാകൾക്കു ഒരുപോലെയുള്ളവരകൾ ഉണ്ടായിരിക്കുകയില്ലെന്നാണവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നതു്. അതുപോലെതന്നെ കുറുത്തവരകളോടു കൂടിയ വെളുത്ത മൃഗങ്ങളാണവയെന്നും പറയപ്പെടുന്നു.

എന്നാൽ ആപ്രവൃത്തികൊണ്ടു് ഞാനെന്റെ ശനിദശയെ മാലയിട്ടു സ്വീകരിക്കയാണെന്നെനിക്കു മനസ്സിലായില്ലായിരുന്നു. ഓണം അവധികഴിഞ്ഞു സ്കൂൾ തുറന്നു. ഓരോന്നിന്റേയും പേപ്പർ കാണിക്കുവാൻ തുടങ്ങി. കണക്കിന്റെ കാര്യത്തിൽ അല്പം പേടിയുണ്ടായിരുന്നതുകൊണ്ടു് അതിന്റെ പേപ്പർ കാണിക്കുമെന്നു സംശയമുണ്ടായിരുന്ന ഒന്നുരണ്ടു ദിവസം ഞാൻ ക്ലാസ്സിൽ കയറിയില്ല. ഒടുവിൽ പോകാതിരിക്കാൻ തരമല്ലാതെ വന്നു. എനിക്കു് ഏഴേമുക്കാൽ ശനിയായിരുന്നതുകൊണ്ടു് അന്നാണു് കണക്കിന്റെ പേപ്പർ കാണിച്ചതും! കുറുപ്പുസാറു് ഓരോരുത്തരുടെ മാർക്കുകൾ പറഞ്ഞു തുടങ്ങി.

''ജേയിംസ്സു് മാത്യു''. സാറെന്റെ പേപ്പർ കയ്യിലെടുത്തുകൊണ്ടു് അല്പം ഗൗരവത്തിൽ വിളിച്ചു. ഞാൻ ഞെട്ടിപ്പോയി. ഈശ്വരാ രക്ഷതു! എന്നുമനസ്സിൽ വിചാരിച്ചുകൊണ്ടു് ഞാനെണീറ്റു നിന്നു.

''എടോ താൻ രണ്ടാമത്തേയും, നാലാമത്തേയും കണക്കു് എത്ര പ്രാവശ്യം ചെയ്തിട്ടുണ്ടു്.?''

''അയ്യോ സാറെ ഒരു പ്രാവശ്യം.'' ഞാൻ സംഭ്രമത്തിൽ സത്യം മറച്ചുവച്ചുകൊണ്ടു് പറഞ്ഞു.

''അറിയാതെ ചെയ്തുപോയതായിരിക്കും സാറെ'' കണക്കിനു് എന്നെപ്പോലെ 'സമർത്ഥ'നായിട്ടുള്ള ഒരു വിദ്യാനോടു് ഞാൻ നേരത്തെ ശട്ടം കെട്ടിയിരുന്നതനുസരിച്ചവൻ എന്റെ ഭാഗം ചേർന്നു പറഞ്ഞു.

''തന്നോടഭിപ്രായം ചോദിച്ചില്ല'' സാറിനു ദേഷ്യമുണ്ടായി. എന്നിട്ടു് എന്റെ പേപ്പർ കുട്ടികളെ ഉയർത്തിക്കാണിച്ചുകൊണ്ടു് പലതരം ഭാഷാപ്രയോഗങ്ങളിൽ എന്നെ ശകാരിച്ചു കഴിഞ്ഞപ്പോൾ കുറുപ്പു് സാറിനു് എന്തോ ആശ്വാസമുണ്ടായതുപോലെ തോന്നി. ''എടോ, ഒരു കണക്കായിരുന്നെങ്കിൽ സമ്മതിക്കാമായിരുന്നു. ഇതു് രണ്ടുകണക്കു താനെങ്ങനെ അറിയാതെ ചെയ്യും?'' ഉത്തരമില്ലാത്ത ചോദ്യം. ഞാൻ വിയർത്തു. സാറു തുടർന്നു. ''നീ ആളു് ഇതുയേ ഉള്ളല്ലോടോ. എന്നിട്ടു് ഈ സൂത്രമൊക്കെ എവിടെന്നു പഠിച്ചെടോ?'' ഞാൻ എണീറ്റു നിന്നാൽ ഡസ്കിനേക്കാൾ അല്പം ഉയരമേ എനിക്കുള്ളു. അങ്ങനെ എനിക്കു പ്രായത്തിനനുസരിച്ചു് പൊക്കമില്ലാത്തതുകൊണ്ടായിരിക്കണം സാറങ്ങനെ പറഞ്ഞതു്. ''അവിടെയിരിക്കു്. നിന്റെ പേപ്പർ ഞാൻ ഹെഡ്മാസ്റ്ററിനെ ഒന്നു കാണിക്കുന്നുണ്ടു്'' എന്നു പറഞ്ഞുകൊണ്ടു് സാറതു മേശപ്പുറത്തുവച്ചു. ഞാനിരുന്നു. ''ഈശ്വരോ രക്ഷതു'' ഞാൻ കരളുരുകി പ്രാർത്ഥിച്ചു.

ചിരിക്കാൻ

ജോയി ജോർജ്ജ് തേക്കുംകാട്ടിൽ 2257

അദ്ധ്യാപകൻ– എന്തിനാകുട്ടി അടുത്തിരിക്കുന്ന ആളിന്റെ പരീക്ഷകടലാസ്സിൽ നോക്കുന്നതു്?

കുട്ടി– ആ കുട്ടി ഞാൻ എഴുതിയതു് കോപ്പിചെയ്തിട്ടുണ്ടോ എന്നു് നോക്കുകയായിരുന്നു സാർ

V V V

പോലീസ്സുകാരൻ– എടാ, എന്തിനാടാ കുട്ടിയെ തല്ലുന്നതു്

കള്ളൻ– സാർ ഞാൻ കുട്ടിയല്ല. കുട്ടിയപ്പൻ ഇങ്ങെടുത്തുനോ ഉള്ളു

കൊച്ചുകഥ

കൊലക്കേസ്

തങ്കമ്മജോസഫ് പനയത്തിൽ 5280

മഞ്ഞുപെയ്യുന്ന ഒരു രാത്രി. അരണ്ട നിലാവെളിച്ചം തണുത്ത മഞ്ഞിലൂടെ അരിച്ചിറങ്ങുന്നു. ഒരു തണുത്ത കാറ്റ് തിക്കൊണ്ടിരുന്നു. സ്റ്റേഷനിലെ മണി പന്ത്രണ്ടു പ്രാവശ്യം വലിഞ്ഞടിച്ചു. ഹോ! എന്തൊരു കൊതുക്. ഇവറ്റയ്ക്കുമില്ലേ? മൂളിപ്പാട്ടും പാടി മനുഷ്യനെ ഉറക്കാത്ത പരിഷകൾ! ജെയിലിനുള്ളിൽ കിടന്ന് എത്രനാൾ കള്ളപ്പുള്ളികൾ ഉറക്കപ്പിച്ചു പറയുകയാണ്. പകലത്തെ പീഡനങ്ങൾ അവരുടെയെല്ലാം മനസ്സിൽ പേടി സ്വപ്നങ്ങളുടെ കൊട്ടകാറഴിച്ചുവിട്ടു. "ഹോ. പാവങ്ങൾ!" ഇൻസ്പെക്ടർക്ക് ഒരു നിമിഷം സഹതാപംതോന്നി. അടുത്തക്ഷണം അതു മാറിപ്പോയി.

ഇൻസ്പെക്ടർക്ക് ഇനിയും ഉറക്കം വരുന്നില്ല. മുറിയിൽ ഒരു കിടക്ക വിരിച്ചു കിടന്നുനോക്കി. ഫലമില്ല. മൂട്ടയും കൊതുകും ഒന്നിച്ചാക്രമിക്കുന്നു. മനുഷ്യന്റെ ചോരകുടിക്കുന്ന ബൂഷ്വാകൾ. അയാൾക്കെന്തെന്നില്ലാത്ത അരിശംതോന്നി. സ്റ്റേഷന്റെ വരാന്തയിലൂടെ ബൂട്ട്സിന്റെ "ടപ്പ് ടപ്പ്" ശബ്ദം കേൾക്കാം. ഗാർഡാണല്ലോ. മുതുപാതിരാത്രിയും ആ സ്റ്റേഷന്റെ മുമ്പിൽ കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്ന വൈദ്യുത ദീപത്തിനുമുമ്പിൽ ഒരു മനുഷ്യജീവി ഇനിയും അങ്ങിനെ തോക്കും പിടിച്ചു ലാത്തുകയാണ്, കള്ളന്മാരെയും, കൊള്ളക്കാരേയും ഉൾക്കൊള്ളുന്ന ആ സ്റ്റേഷൻ കാത്തുസൂക്ഷിക്കുവാൻ വീട്ടിൽ സുഖമായി സുഷുപ്തി കൊള്ളുന്ന ഭാര്യക്കും കുട്ടികൾക്കും വേണ്ടി പാവം ഉറക്കമൊഴിക്കയാണ്.

"എടോ 301" ഇൻസ്പെക്ടർ പെട്ടെന്നു വിളിച്ചു.

"ഏമാൻ!" അയാൾ കിടപ്പുറയുടെ വാതുക്കൽ വന്നുനിന്നു. താൻ ഉറക്കം തൂങ്ങുന്നുണ്ടോ എന്നറിയാനായിരിക്കും വിളിച്ചത്" ഉറക്കം തൂങ്ങുന്നില്ലെന്ന് ഏമാനറിയട്ടെ. അയാൾ ഒന്നുകൂടി വിളിച്ചുപറഞ്ഞു. "ഏമാൻ!"

"ഒ! താൻ പോയിക്കിടന്നുറങ്ങിക്കോളൂ"

ആ പോലീസുദ്യോഗസ്ഥൻ സ്തംഭിച്ചുപോയി. രാത്രിയിൽ കണ്ണിൽ എണ്ണയൊഴിച്ചു നില്ക്കേണ്ട താൻ പോയി ഉറങ്ങിക്കൊള്ളുവാനോ? എന്തൊരു വിരോധാഭാസം!

"ഏമാൻ!" അയാൾ ഒന്നുകൂടി വിളിച്ചു തിരിഞ്ഞുനടന്നു. ഉറക്കം നിന്നു അയാളുടെ കൺപോളകൾക്കു കനംകൂടിയിരുന്നു. സ്റ്റേഷന്റെ വരാന്തയിൽ' അരമതിലിന്റെ തൂണിന്റെ കടയ്ക്കൽ തലയും വച്ചു അയാൾ കിടന്നു.

സ്റ്റേഷന്റെ മുൻവശത്തെ ഇരുട്ടുമുഴുവനും ആ ആലക്തികദീപം വിഴുങ്ങിയിരിക്കുകയാണ്... പോലീസിനെ ഭയന്നു ദൂരെ മാറിനില്ക്കുന്ന കള്ളന്മാരെപ്പോലെ ആ ബൾബിനെ പേടിച്ചു് ഇരുട്ടു ദൂരെമാറിനില്ക്കുന്നു. കൊതുകുകൾ മുണ്ടിൽ മൂളിപ്പാട്ടുമായി വിളക്കിനെ വട്ടമിട്ടു പറക്കുകയാണ്. ഒരു കോട്ടുവായിട്ട് ആ പോലീസുകാരൻ ചരിഞ്ഞുകിടന്നു.

കവലയിൽ ചന്തപ്പിള്ളേർ കൂകുവിളിക്കുന്നതുകേൾക്കാം ഇവന്മാക്കൊക്കെ മിണ്ടാതിരുന്നുകൂടെ? പകലാണെങ്കിൽ തല്ലുവെട്ടം കണ്ടാലുടനെ അവരെല്ലാം ഓടിപ്പോയ്ക്കളയും. രാത്രിയിൽ അവരുടെ നാടാണുവിടം.

തണുപ്പരിച്ചരിച്ചു കയറി. പുതപ്പു വലിച്ചിട്ട് ചുരുണ്ടുകൂടി ഇൻസ്പെക്ടർ അനങ്ങാതെ കിടന്നു. രാത്രിയിൽകാത്തു കണ്ണുകഴച്ചിരിക്കുന്ന ഭാര്യയുടെ രൂപം അയാളുടെ മനസ്സിൽ തെളിഞ്ഞുവന്നു. ഉറക്കം നിന്നകൺപോളകളും സ്വപ്നം ഊറുന്നപാതിയടഞ്ഞ കണ്ണുകളുമായി അവൾ കാത്തിരിക്കുകയാവാം. നേരത്തെ, വീട്ടിൽ വരികയില്ലെന്ന വിവരത്തിനാളപറഞ്ഞയയ്ക്കാൻ കഴിഞ്ഞില്ല. പെട്ടെന്നാണ് ഡി. എസ്സ്. പിയുടെ ഓർഡർ കിട്ടിയതു്. "ഇന്നു രാത്രി സ്റ്റേഷനിലുണ്ടായിരിക്കണമെന്നു!" എന്തായിരിക്കാം കാര്യം? ഏതായാലും വീണ്ടുമൊരു ഓർഡർ കിട്ടിയില്ല.

അപ്പോഴേയ്ക്കും ഒരാൾ ഓടിക്കിതച്ചു സ്റ്റേഷന്റെ വരാന്തയിൽവന്നുനിന്നു. അയാൾ വന്നപാടെ പറഞ്ഞു.

"ഏമാനെ, ഒരു കൊലക്കേസ്സു!"



വിടരാത്ത പുഞ്ചിരി.



അമ്മാവൻ

ശേഷം പിന്നാലെ

കഥ കേൾക്കാനിഷ്ടമുള്ള അനന്തരവർ അല്പമൊന്നുമല്ലുവരുവിൻ. അമ്മാവനു് കള്ളക്കഥയോടുത്തു കോളല്ല. നടന്ന കഥകളിലിഞ്ഞിട്ടുവേണമല്ലൊ കള്ളക്കഥ മെനഞ്ഞുണ്ടാക്കുവാൻ. താഴെപ്പറയുന്നതു് വാസ്തവത്തിൽ നടന്ന കഥയാണു്.

എന്റെ അപ്പുപ്പൻ ഒരു വൈദ്യനായിരുന്നു. അദ്ദേഹം ഒരു പ്രാവശ്യം ചികിത്സിച്ചിട്ടില്ലവർ രണ്ടാമതുവന്നു കണ്ടിട്ടില്ല. രോഗം ഭേദമായതോ അത്യധികം കൂടിയതോ അതിനുകാരണമെന്നു തീർച്ചയാക്കുന്നതെങ്ങനെ? രോഗി രണ്ടാമതൊന്നു കൂടി വന്നു് വിവരം അറിയിക്കാതെ ഒന്നും തീരുമാനിക്കാൻ വയ്യല്ലൊ. കാരണമേതായാലും ശരി, വൈദ്യനു പ്രതിഫലം കിട്ടുക വളരെ ദുർല്ലഭമായിരുന്നു. എങ്കിലും തങ്ങളുടെ ജോലിയിൽ മിടുക്കു പോരാത്തവരേയും ചിലപ്പോൾ ഭാഗ്യം അനുഗ്രഹിക്കാറുണ്ടു്. അപ്പുപ്പനു് ഒന്നാന്തരം രണ്ടു മൂന്നു കേസ്സുകൾ കിട്ടി. ഭാഗ്യത്തിനു് പലരുടേയും ചികിത്സകൊണ്ടു ഭേദമാകാത്ത ആകേസ്സുകൾ അപ്പുപ്പന്റെ ചികിത്സയ്ക്കു വഴങ്ങി കൊടുത്തു. ഈ വകയിൽ ആയിരം രൂപയാണു് അപ്പുപ്പനു കിട്ടിയതു്.

അന്നു് ആയിരം രൂപയെന്നു പറഞ്ഞാൽ ചില്ലറത്തുകയൊന്നുമല്ല. ചെലവാക്കാൻ വിഷമിക്കത്തക്കവണ്ണം വലിയൊരു തുകയാണു്. ഇന്നത്തെപ്പോലെ മുട്ടിനു മുട്ടിനു ബാങ്കുകളും അന്നില്ല പണം നിക്ഷേപിക്കാൻ, അപ്പുപ്പൻ ഒരു വിദ്യകണ്ടുപിടിച്ചു– സ്വർണ്ണപ്പണയത്തിന്മേൽ പണം കടം കൊടുക്കുക. രൂപയ്ക്കു് മാസം കാലണയേ പലിശയുള്ളു. എത്ര ശതമാനമെന്നു നിങ്ങൾ പിന്നീടു് കണക്കു കൂട്ടിയാൽ മതി.

അപ്പുപ്പന്റെ ഇടപാടുകാരിൽ, അമ്പതു രൂപ കൊണ്ടുപോയ വറീതു മാത്രം രണ്ടു കൊല്ലമായിട്ടും പണയമെടുക്കാൻ വന്നില്ല. മുതൽ പലിശയുൾപ്പെടെ 69 കയായി. അപ്പുപ്പൻ പരിഭ്രമിച്ചു. സ്വർണ്ണപ്പണ്ടമെടുത്തു പരിശോധിച്ചു. കഷ്ടിച്ചു മുതലിനു മാത്രമുണ്ടു്. എന്താണിനി പോംവഴി?

അപ്പുപ്പൻ അയൽക്കാരനായ കൊച്ചുഞ്ഞുപിള്ളയോടു് കാര്യമെല്ലാം ധരിപ്പിച്ചു. "ഞാൻ പറഞ്ഞുനോക്കാം, വൈദ്യരേ"– കൊച്ചുഞ്ഞുപിള്ള ഉറപ്പുകൊടുത്തു.

കൊച്ചുഞ്ഞുപിള്ള പിന്നീടു് പതിവായി ചന്തസ്ഥലത്തുപോകും. അക്കാലത്തു് ആരെയും കണ്ടുമുട്ടാൻ ഏറ്റവും സൗകര്യമുള്ള സ്ഥലം ചന്തയാണു്. ഒരു ദിവസം പിള്ള വറീതിനെക്കണ്ടുമുട്ടി.

"എന്താപിള്ളേച്ചാ, വളരെ നാളായിട്ടാണല്ലൊ കാണുന്നതു്, എത്രുണ്ടുവിശേഷം?"– വറീതു് കുശലപ്രശ്നമാരംഭിച്ചു.

"വിശേഷമൊന്നുമില്ല വറീതേ. കഴിഞ്ഞ ചന്തയ്ക്കു്, നമ്മുടെ വൈദ്യനുണ്ടല്ലൊ ..."

"മരിച്ചു പോയോ?"

"ഇല്ല, വൈദ്യന്മാർ അത്രപെട്ടെന്നു മരിക്കുമോ?– അങ്ങേരുടെ കുറച്ചു പണ്ടം ഞാൻ വിറ്റിരുന്നു കഴിഞ്ഞ ചന്തയ്ക്കു്. ആക്കാ, ആ പുനലൂർക്കാടനു്. പണം അന്നു കിട്ടിയില്ല. ഈ ചന്തയ്ക്കുതരാമെന്നു പറഞ്ഞിരുന്നു. അതുവാങ്ങിക്കാൻ വന്നതാ."

"എന്നിട്ടു കിട്ടിയോ? പുനലൂർക്കാടൻ പക്കാപ്പുള്ളിയാ."

"കൊച്ചുഞ്ഞുപിള്ളയോടു പറയുകേല്ല വറീതേ. എങ്കിലും അമ്പതാറു രൂപയിൽ നാല്പതേ ഇന്നു തന്നുള്ളു. ബാക്കി അടുത്ത ചന്തയ്ക്കുതരും."

"എന്തൊക്കെയായിരുന്നു പിള്ളേച്ചാ പണ്ടങ്ങൾ?"

"ഒരു കുട്ടിക്കാപ്പും രണ്ടു കമ്മലും"

"എന്നാൽ ചതിച്ചല്ലൊ പിള്ളേച്ചാ; പണ്ടം എന്റേതാ. നാളെ മറന്നാൽ എടുക്കണമെന്നു കരുതിയിരുന്നതാ. മൂത്ത ചെക്കൻ ഇയിടെ കെട്ടിക്കൊണ്ടു വരുവാ."

"അതിനെന്താ, വൈദ്യൻ തനിക്കു പണ്ടത്തിന്റെ വിലതരും."

"എനിക്കു വിലപോരാ, പണ്ടം തന്നെ വേണം."

"അതു് വൈദ്യനുമായിത്തക്കിച്ചോളൂ."

"പിള്ളേച്ചൻ സാക്ഷി നില്ക്കുമോ?"

"സത്യമായിട്ടുള്ളതിനൊക്കെ ഞാൻ സാക്ഷി പറയാം."

"അതു മതി"

അങ്ങനെ അവർ പിരിഞ്ഞു. വറീതു നേരേ പോയതു് പുനലൂർക്കാടന്റെ സ്വർണ്ണക്കടയിലേയ്ക്കാണു്. പണ്ടം വിറ്റതുതന്നെ പോലീസ്സുകാരൻ കണ്ണുരുന്നു. കണ്ണിലൊരു പുളിപ്പു്!

"എന്താടോ?" അടക്കിയ അമർഷത്തിൽ അയാൾ വിളിച്ചുചോദിച്ചു.

"ഒരു കൊലക്കേസ്സു്! വേഗം വരണം. ഇപ്പോ വാക്കത്തികൊണ്ടു വെട്ടി. അവനെ പിടിച്ചുകെട്ടിയിട്ടുണ്ടു്. വേഗം വരണം..." അയാൾ തിടുക്കത്തിൽ പറഞ്ഞുനിർത്തി.

ഉറക്കപ്പിച്ചോടെ ഇൻസ്പെക്ടറും രണ്ടു കോൺസ്റ്റബിൾമാരും അയാളെ പിന്തുടർന്നു. ഇൻസ്പെക്ടർ ലാത്തിയും കഴറ്റി മുമ്പിൽ നടന്നപ്പോൾ ആരോടെന്നില്ലാത്ത ഒരമർഷം തോന്നി. ടൗണിൽനിന്നും തിരിയുന്ന ഇടവഴിയിലൂടെ അര ഫർലോംഗ് നടന്നുചെന്നു. ഒരാലിന്റെ ചുവട്ടിൽ ഒരു വാഴക്കുലയും വച്ചു ഒരുവനെ കെട്ടിനിർത്തിയിരിക്കുന്നു. കൂടെപ്പേർ ചുറ്റും കൂടിയിട്ടുണ്ടു്.

"എവിടാടോ വെട്ടിക്കൊന്നതു്?" തികഞ്ഞ ഗൗരവഭാവത്തോടെ ഇൻസ്പെക്ടർ തന്നെ വിളിച്ചുകൊണ്ടു വന്നവനോടു ചോദിച്ചു.

"ഒന്നാന്തരമൊരു പൂവൻ കുലയാ അങ്ങുന്നേ ഈ പഹയൻ വെട്ടിയതു" അയാൾ പറഞ്ഞു നിർത്തി.. പാതിയായ ഉറക്കം അപ്പോഴും ഇൻസ്പെക്ടരുടെ കണ്ണുകളിൽ തങ്ങിനിന്നിരുന്നു.



ബാലസഖ്യത്തിലെ അനിയത്തിമാർക്കും അനിയന്മാർക്കും എന്റെ വിദൂര നമസ്കാരം

ചെറുകഥ

നാളെവരുമോ?

(തോമസ് പനയ്ക്കൽ എറണാകുളം)

ഗോപു കാലുവച്ചു നടക്കുവാൻ പഠിച്ച കാലം മുതൽ അമ്മ അവനോടു പറയാറുണ്ട്: "ഗോപു, നീ റോഡരികിൽ ചെന്നുനില്ക്കരുതു്. വല്ല അപകടവും നേരിട്ടാലോ? കാറും ബസ്സും എപ്പോഴും അവിടെക്കൂടെ പോകുന്നതല്ലെ?"

ഗോപുവിനു് ആ വാക്കുകൾ കേൾക്കുന്നതുതന്നെ ഇഷ്ടമില്ല. ഗെയിറ്റും ചാരി നിന്നാൽ അവനു് കൗതുകം നിറഞ്ഞ പല കാഴ്ചകളും കാണാമെന്നറിയാം. ബസ്സും കാറും പോകുന്നതു കാണുവാൻ അവനു വളരെ പ്രിയമാണു്. ചില ദിവസം കൂലപ്പണിക്കാർ അതിലെ മധുരമായി ഊതിക്കൊണ്ടുപോകും. ആ കുഴൽ ഒന്നു കിട്ടിയാൽ എന്തു രസമായിരിക്കും! പല വർണ്ണത്തിലുള്ള അവരുടെ നീളൻ കുപ്പായം കാണുമ്പോൾ അവൻ സന്തോഷംകൊണ്ടുള്ളം. റോഡിൽകൂടി കടന്നുപോകുന്ന മനുഷ്യരോടു എന്തെങ്കിലും വർത്തമാനം പറയണമെന്നു് ആഗ്രഹം ഉണ്ടായിട്ടുണ്ടു്. അവരോടു് എന്തെങ്കിലും കാര്യം ചോദിക്കുവാൻ ഗോപു ശ്രമിക്കും. ആ വഴിയെ ദിവസവും മിഠായിക്കാരൻ വണ്ടിയുമുന്തി പോകും. അതിൽ നീല, ചുവപ്പു്, പച്ച എന്നിങ്ങനെ പല നിറത്തിലുള്ള മിഠായികൾ അവൻ കണ്ടിട്ടുണ്ടു്. അതു കാണുമ്പോൾ അവന്റെ വായിൽ വെള്ളമൂറും.

ഒരു ദിവസം കാലത്തു് പതിവുപോലെ ഗോപു ഗെയിറ്റും ചാരി റോഡരികിൽ നില്ക്കുകയായിരുന്നു. കിഴക്കെ വീട്ടിലെ രാമുവും, മണിയും, കമലവും സഞ്ചിയും, കുടയും പിടിച്ചുകൊണ്ടു പല വർത്തമാനങ്ങളും പറഞ്ഞു് പള്ളിക്കൂടത്തിൽ പോകുന്നതു കണ്ടപ്പോൾ അവനും അവരുടെകൂടെ പോകണമെന്നു തോന്നി. അവൻ ഓടിവന്നു അമ്മയോടു ചോദിച്ചു. "അമ്മാ എനിച്ചും സ്കൂളി പോണം" "വേണ്ട മോനെ കുഞ്ഞിനു നാലല്ലേ വയസ്സുള്ളൂ, കുറച്ചുകാലംകൂടി കഴിഞ്ഞിട്ടു ഞാൻ മോനെ സ്കൂളിൽ കൊണ്ടുപോകാം" ഗോപുവീണ്ടും വീണ്ടും ചോദിച്ചുനോക്കി. അമ്മ അവനെ അനുവദിക്കുന്നില്ല. അവൻ കരയുവാൻ തുടങ്ങി. അതാണു് എല്ലാ വിഷമഘട്ടങ്ങളിലും അവനുണ്ടായിരുന്ന അവസാനത്തെ അഭയം. വിഷണ്ണനായിത്തീർന്ന ഗോപു വീണ്ടും റോഡരികിൽ തന്നെ വന്നു നില്പായി.

റോഡിൽ ആരുമില്ല. എല്ലാം നിശ്ചലമായിരിക്കുന്നു. ദൂരെ നിന്നു ഒരാൾ മാത്രം അവൻറടുത്തേയ്ക്കു വരുന്നതുകണ്ടു. കണ്ണിൽ കുത്ത കണ്ണടയും മറുമുള്ള അയാൾ അടുത്തുവന്നപ്പോൾ അവനു വളരെ സന്തോഷമുണ്ടായി. അവൻ അയാളെ നോക്കിച്ചിരിച്ചു. തന്നെ പള്ളിക്കൂടത്തിൽ കൊണ്ടുപോകുവാൻ വരികയാണെന്നു തോന്നിപ്പോയിട്ടുണ്ടാവും. അയാൾ ചുറ്റുപാടും നോക്കി. എല്ലാം നിശ്ശബ്ദമായിരിക്കുകയാണു്. അയാൾ ചിരിച്ചുകൊണ്ടു് രണ്ടു ചുവപ്പു മിഠായികൾ ഗോപുവിനു കൊടുത്തു. അലിഞ്ഞലിഞ്ഞു പോകുന്ന ആ മിഠായിക്കു് നല്ലമധുരം. അയാൾ ഗോപുവിൻറെ കഴുത്തിനും, നെഞ്ചത്തും തടവി. അമ്മ ഓമനിക്കുന്നതുപോലെ അവനു് അനുഭവപ്പെട്ടു. അവനു് അയാളോടു കൂടുതൽ സ്നേഹമായി. വീണ്ടും ഒരു ചുവപ്പു മിഠായികൂടി ചോദിക്കണമെന്നു തോന്നി. "എന്നെ പ്പൂളീ കൊണ്ടുപോമോ"?അവൻ ഒരു വിധത്തിൽ അവസാനം ചോദിച്ചു "നാളെ വരാം' എന്നുമാത്രം പറഞ്ഞുകൊണ്ടു് അയാൾ പെട്ടെന്നു അപ്രത്യക്ഷനായി. കണ്ണിൽനിന്നു മറയുന്ന അയാളോടു "നാളെ വരുമാ'? എന്നു ചോദിച്ചുകൊണ്ടു ഗോപു അകത്തേയ്ക്കുപോന്നു.

സന്തോഷം കൊണ്ടു അവൻ അമ്മയുടെ അടുത്തേയ്ക്കു ഓടിക്കിതച്ചുചെന്നു. അലിഞ്ഞലിഞ്ഞു പോകുന്ന മിഠായി അവൻ അമ്മയെ കാണിച്ചുകൊണ്ടു പറഞ്ഞു "അമ്മാ ആ കുത്ത കണ്ണട ഉള്ള ... ആൾ നാളെന്നെ ... പ്പൂളീ ... കൊണ്ടുപോം"

ഏതു "കുത്ത കണ്ണടയുള്ള ആൾ"? അമ്മ അവനെ ഗൗരവത്തോടെ സപ്രമേരം നോക്കിനിന്നു. "അല്ലാ കുഞ്ഞിൻറെ കഴുത്തിലെ മാല എവിടെ?" അവൻറെ അമ്മ ആശ്ചര്യത്തോടെ ചോദിച്ചു.

"ആ... ആ മനുഷ്യൻ കൊണ്ടുപോയതാരിക്കും" എന്നു നിർവ്വികാരമായിട്ടാണു് ഗോപുവിൻറെ ചുണ്ടിൽനിന്നു് ഈ മറുപടി പൊഴിഞ്ഞതു്!

യാണോ എന്നറിയണമല്ലൊ. കൊച്ചു ഞുപിള്ളയ്ക്കു് നിസ്സാരമായ മണ്ടത്തരം പറ്റാറില്ല. പുനലൂർക്കാടൻറെ മുഖപടി നോക്കുക: "ആ കള്ളപ്പിള്ള ഒരു കട്ടിക്കാപ്പും രണ്ടു കമ്മലും ഇവിടെക്കൊണ്ടു വന്നിരുന്നു. അതിനകത്തെ വെള്ളി കളയാൻ വന്ന പാട്ടു്! നാല്പതു രൂപാ വല്ലതുമാക്കട്ടെന്നു വച്ചുകൊടുത്തു. പുള്ളി ബാക്കിക്കു നടക്കും. ബാക്കിയൊക്കെ അത്രതന്നെയാവരീതേ."

പിറേറദിവസം, മുതൽ പലിശയുൾപ്പെടെ 69 ക. യുമായി വരീതു് വൈദ്യനെച്ചെന്നകണ്ടു.

"പണയമെട്ടെക്കാൻ വന്നതാ."

"ഏതു പണയം? രാവിലെ ഒപ്പിക്കാൻ വന്നിരിക്കുന്നോ?"

വരീതും വൈദ്യനും തമ്മിൽ പറഞ്ഞു പറഞ്ഞു് അടി വീഴുമെന മട്ടായപ്പോൾ കൊച്ചുഞുപിള്ള കയറി വന്നു.

"എന്താ വരീതേ തർക്കം"

"പിള്ളേച്ചാ, പിള്ളേച്ചൻ തന്നെ പറയണം, ഞാൻ ഇവിടെ കുറെ പണ്ടം പണയം വച്ചിരുന്നു. ഈയിടെ ചില അക്കിടിയിലൊക്കെയായിരുന്നതുകൊണ്ടു് എടുക്കാൻ പറ്റിയില്ല. ഇപ്പോളിതാ മകൻ ചെക്കൻ കെട്ടാൻ പോകുന്നു. കുറെ പണം കിട്ടിട്ടുണ്ടു്. വൈദ്യക്കു് എട്ടപ്പത്തു പലിശ കിട്ടിയാൽ പോരേ? ഇതാ പിടിച്ചോ. പിള്ളേച്ചാ 69 ക. എൻറെ പണ്ടം തിരികെ വാങ്ങിത്തന്നാട്ടെ."

പണം കൈയിൽ വാങ്ങിയിട്ടു് കൊച്ചുഞുപിള്ള: "എന്തെല്ലാമായിരുന്നു വരീതേ പണ്ടങ്ങൾ?"

"ഒരു കട്ടിക്കാപ്പും രണ്ടു കമ്മലും."

പിള്ള അപ്പുപ്പൻറെ നേരേ തിരിഞ്ഞു. "എന്തിനാ വൈദ്യരേ പാവം വരീതിനെയിട്ടു കളിപ്പിക്കുന്നതു്? നിവൃത്തികേടുകൊണ്ടല്ലേ അയാൾ ഇത്രയും നാൾ താമസിച്ചതു്? ഒന്നുകിൽ പണ്ടം അല്ലെങ്കിൽ അതിൻറെ വില വരീതിനു് അവകാശപ്പെട്ടതാണു്. കൊടുത്തേ മതിയാവൂ."

"അതേ, പിള്ളേച്ചൻ പറയുന്നതുപോലെ ഞാൻ സമ്മതിച്ചു." –വരീതിനു് ഉത്സാഹമായി.

പിള്ള: "വരീതേ എത്രവിലയുണ്ടായിരുന്ന പണ്ടം? ഒള്ളതേ പറയാവൂ. വൈദ്യരേ നഷ്ടപ്പെട്ടത്തിട്ടു നമുക്കൊന്നും വേണ്ട."

"കുറഞ്ഞതു് 500 ക. യ്ക്കുണ്ടായിരുന്നു പിള്ളേച്ചാ."

"ശരി, വൈദ്യരേ ഒന്നുകിൽ 69ക. പറഞ്ഞുകൊണ്ടു് പണ്ടം, അല്ലെങ്കിൽ അതിൻറെ വിലയായ 500ക.– ഏതെങ്കിലുമൊന്നു് ഉടനേ കൊടുത്തേ മതിയാവൂ. അതാണു ന്യായം."

"അതേ, അതാണു ന്യായം."– വരീതും സമ്മതിച്ചു.

അപ്പുപ്പൻ പതുക്കെ അകത്തേയ്ക്കുപോയി ഒരു പൊതി എടുത്തുകൊണ്ടു വന്നു് കൊച്ചുഞുപിള്ളയുടെ കൈയിൽ കൊടുത്തു. പിള്ള പൊതിയഴിച്ചു നോക്കീട്ടു പറഞ്ഞു: "അല്ല, ഇതിനാണോ ഈ പുകിലൊക്കെ? വരീതേ, താൻ ഭാഗ്യമുള്ളവനാ. ഇതാ തൻറെ പണ്ടം തന്നെ തിരികെക്കിട്ടിയിരിക്കുന്നു. ഇതാ വൈദ്യരേ നിങ്ങളുടെ 69 ക. ആക്കുമാക്കും ചേതമില്ലാതെ കയ്യും തിന്നല്ലൊ."

വരീതു് പണ്ടവും വാങ്ങി തിരികെപ്പോയപ്പോഴത്തെ മുഖഭാവം അനന്തരവന്മാർ ഊഹിച്ചുകൊണ്ടാൽ മതി.

ഇതാണു കഥ. നിങ്ങൾക്കു രസിച്ചുവോ? ഏതായാലും അമ്മാവൻ ഇത്രയുമെഴുതിയതു് ഒരു ഉദ്ദേശത്തോടുകൂടിയാണു്. എന്തെന്നുവച്ചാൽ കഥകളെഴുതണമെന്നു് ആഗ്രഹിക്കുന്നവർ ഈ കഥയിൽനിന്നു് ഒരു പാഠം പഠിക്കണമെന്നു് ഉദ്ദേശിച്ചിട്ടാണു്.

മെന്ന് ആഗ്രഹമുണ്ടായിട്ടും അതിനതക്ക പ്ലോട്ട് കിട്ടാതെ പല അനന്തരവരും വിഷമിക്കുന്നതായി അമ്മാവൻ മനസ്സിലാക്കുന്നു. പ്ലോട്ട് മെനഞ്ഞെടുക്കുവാൻ പ്രയാസമുള്ളവർ സ്വന്തം അനുഭവത്തിൽപ്പെട്ട ഏതെങ്കിലുമൊരു സംഭവം രസം പിടിപ്പിച്ചെഴുതിയാലും നല്ല കഥയായിക്കൊള്ളും. കൗതുകമുള്ളവർ ഒന്നു പരീക്ഷിച്ചുനോക്കുക. കഥകളെഴുതുന്നവർ ‹‹അമ്മാവൻ, ദീപിക, കോട്ടയം›› എന്ന വിലാസത്തിൽ അവ അയച്ചുതന്നാൽ ഏറ്റവും നല്ലതിനൊരു സമ്മാനം തരാം. നല്ലതെല്ലാം മാസികയിൽ പ്രസിദ്ധീകരിക്കയും ചെയ്യാം. ജനുവരി 30-നു മുമ്പ് വരെ അവധി തന്നിരിക്കുന്ന കടലാസ്സിന്റെ ഒരു പേജിൽ മാത്രം വൃത്തിയായി എഴുതിയിരിക്കണം. കഥയ്ക്ക് ആകെ നീളമെന്തായിരിക്കണമെന്ന് അമ്മാവൻ നിയമിക്കുന്നില്ല. ചുരുങ്ങിയിരിക്കുന്നതാണു നന്ന്. മാസികയിൽ അച്ചടിച്ചാൽ മൂന്നു കോളത്തിൽ നില്ക്കുന്ന നീളം ധാരാളമതിയാകും.

ഇനി, ഏതാനും അനന്തരവരുടെ കേസ്സുകൾ വിചാരണയ്ക്കെടുക്കട്ടെ,

(1) രണ്ടാനമ്മ (ചെറുകഥ)-ബേബി വർഗ്ഗീസ് മേലൂർക്കാരൻ. 3039

ഒരു രണ്ടാനമ്മയ്ക്കു കിട്ടിയ ശിക്ഷപത്തിരുപത്തഞ്ചു കൊല്ലത്തെ സംഭവങ്ങളിൽ കൂടി സംഗ്രഹിച്ചിരിക്കുന്ന ഈ കൊച്ചു നോവലിൽ. പെട്ടെന്ന് ഓടിച്ചു കാണിക്കാവുന്ന സിനിമയ്ക്കു പറ്റിയതാണ് ബേബി, ഈ കഥ. ഫിലിം കമ്പനിക്കു് അയച്ചു കൊടുത്താൽ നല്ല വില കിട്ടും. ചെറുകഥയ്ക്ക് ഒരു സംഭവം മതി. അതു് ക്ലിപ്പിച്ച് വായനക്കാരുടെ മനസ്സിൽ കടത്തി വിടണമെന്നേയുള്ള.

(2) വേദനയും കണ്ണുനീരും (ചെറുകഥ)- പ്രേം കനി, തൊടുപുഴ.

ചോതിയുടെ പെണ്ണാളായ ചിരുത പനിപിടിച്ച് മൂന്നുമാസം കിടപ്പിലായി. തമ്പുരാൻ കോപിച്ച് വേലയ്ക്ക് മറ്റാളെയാക്കി. ചോതിയും ചിരുതയും ദുരിതത്തിലായി. ഓണക്കാഴ്ച കൊടുത്തില്ലെങ്കിൽ മാടം പൊളിച്ചു മാറുമെന്ന് തമ്പുരാൻ അന്ത്യശാസനം കൊടുത്തു. ചോതി അമാന്തിച്ചില്ല. രാത്രി താഴ്വരപ്പെടെയുള്ള സ്ഥാവരജംഗമ വസ്തുക്കളടക്കം മാടത്തിനു തീകൊളുത്തി. ഇങ്ങനെ ഏതാനും സംഭവങ്ങൾ പറഞ്ഞു പോകുന്നുണ്ട് പ്രേം കനി. ഒന്നും സംഭവ്യമായി നമ്മുടെ ബുദ്ധിയിൽ പതിയുന്നില്ല. കുറെ സംഭവങ്ങളുടേതോ, പ്രേം കനിയുടേതോ, വായനക്കാരുടേതോ? നിഷ്പക്ഷമായിപ്പറഞ്ഞേക്കാം, മൂന്നു കൂട്ടരുടേതുമാണ് കുറെ.

(3) കൊച്ചുനക്ഷത്രി (കവിത); (4) നവമാലിന്യം (കവിത)- പുലിക്കുട്ടിശ്ശേരി. (5) പൊൻകിനാവ് (കവിത)- തോമസ്സ് പാറയ്ക്കൽ, കുറോപ്പട, 573. (6) സ്മരണകൾ (കവിത)- വി. വി. ഇഞ്ചത്താനം, 1480.

ഈ നാലു കവിതകളെപ്പറ്റിയും അമ്മാവനു് ഒരഭിപ്രായമേയുള്ളൂ. എല്ലാം ശ്രദ്ധിക്കുമായി ഇഴഞ്ഞു നീങ്ങുന്നു. ‹‹ഇയാൾക്ക് ഗദ്യത്തിൽ അങ്ങ് എഴുതിക്കൂടേ?›› എന്നു വായനക്കാരെക്കൊണ്ട് പറയിക്കരുത് പദ്യമെഴുത്തുകാർ.

(7) കെട്ടിപ്പൂട്ടാത്ത ആശാസൗധം (ചെറുകഥ)- ജോയി, പി. പടമാട്ടുമ്മൽ, 10240

ജോയി കെട്ടിപ്പൂട്ടാത്ത ആശാസൗധം തട്ടിത്തകർക്കുവാൻ അമ്മാവനു മടിയുണ്ട്. എങ്കിലും മൂന്നു കേന്ദ്രങ്ങളുള്ള ഒരു സാധാരണ പ്രേമകഥയായ ഇതിന് ഒരു റിപ്പോർട്ടിൽ കവിഞ്ഞ ഭംഗിയൊന്നും കാണ്മാനില്ലെന്നു പറയാതെ വയ്യ.

(9) തെരുവിന്റെ മകൾ(ചെറുകഥ) -ആലീസ് തോമസ് ഗണപതിപ്ലാക്കൽ, 9829.

ബസ് സ്റ്റാൻഡിൽ ഭിക്ഷയാചിക്കുന്ന ബാബുവിന് ബസ്സിൽ നിന്ന് ഒരു ബാഗ് കിട്ടി. അവൻ അതിലെ രൂപ എടുത്തില്ല. ഉടമസ്ഥൻ അന്വേഷിച്ചു വന്നപ്പോൾ ബാബു ബാഗ് തിരികെക്കൊടുത്തു. ഉടമസ്ഥൻ സന്തോഷിച്ച് ബാബുവിനു് ഒരു രൂപകൊടുത്തു ചായകുടിക്കാൻ, ഈ പത്രറിപ്പോർട്ടാണ് ആലീസ് ചെറുകഥ എന്നു പേരുകൊടുത്ത് അയച്ചുതന്നിരിക്കുന്നത്.

(10) ഇണപ്രാവുകൾ (കഥ)- എ. ജി. ഗോപാലപിള്ള, നീലൂർ അറയ്ക്കൽ, 10209

രവിയുടേയും രാധയുടേയും ശൈശവം മുതലുള്ള സംഭവബഹുലമായ ജീവിതം സംഗ്രഹിച്ചിരിക്കയാണ്. ഏതോ സിനിമയുടെ കഥ മുറിക്കിപ്പറഞ്ഞിരിക്കയാണെന്നു തോന്നും. ചെറുകഥയെപ്പറ്റി ഈ പംക്തിയിൽ ആവർത്തിച്ചു പറയാറുള്ളതു് ഗോപാലപിള്ള വായിക്കുന്നില്ലേ?

(11) പൂവാലൻ (ലഘുപന്യാസം)- സി. ഡി. ജോർജ്ജ് കൊച്ചുപ്ലാക്കൽ.

സാഹിത്യത്തിലെ വലിയമ്മാവന്മാർ മാത്രം ധൈര്യപൂർവ്വം കൈവയ്ക്കുന്നൊരു സാഹിത്യശാഖയിലാണ് ജോർജ്ജ് കൈവച്ചിരിക്കുന്നത്- അതായതു് ചെറിയൊരു സംഗതി വിസ്തരിച്ച് ഒന്നാംതരം സാഹിത്യശില്പമാക്കിത്തീർക്കുന്ന സാഹിത്യശാഖയിൽ. ജോർജ്ജ് ഈ ഉപന്യാസത്തിൽ ഒരു അണ്ണാനെപ്പിടിച്ച സംഗതി വിവരിക്കുന്നു. അണ്ണാൻകുഞ്ഞു തന്നാലായതു ചെയ്യുവച്ചു എന്ന് അമ്മാവനു തോന്നി. ഇങ്ങനെ ഒരു പത്തിരുപതെണ്ണം എഴുതിശ്ശീലിച്ചതിനുശേഷം ആലോചിച്ചാൽ മതി പ്രസിദ്ധീകരിക്കുന്നകാര്യം. എന്നാൽ എഴുതുന്നതൊന്നും അമ്മാവനയച്ചുതരാൻ മടിക്കേണ്ട. (അമ്മാവന്റെ ശരിയായ മേൽവിലാസം വേണമെന്ന് ദൈര്യത്തിൽ ജോർജ്ജ് ആവശ്യപ്പെടുന്നു. ഇപ്പോൾ എഴുതുന്ന മേൽവിലാസത്തിൽ അമ്മാവന് എഴുത്തുകൾ കിട്ടുന്നുണ്ട്. ജോർജ്ജ് കുറച്കൂടി വ്യത്തിയായ അക്ഷരത്തിലെഴുതിയാൽ കൊള്ളാം. ദീപികയിലെ ‹കുമ്മാവൻ› ആരാണെന്നാണു പോസ്റ്റ്മാൻ ചോദിച്ചത്. ശരിക്കുള്ള മേൽവിലാസം തന്നാൽ ഒരു ദോഷമുണ്ട്. ജോർജ്ജ് നടന്നിങ്ങുവരും അമ്മാവന്റെ വീട്ടിലേക്ക്. പ്ലാശനാൽ നിന്ന് വരെ അകലത്തൊന്നുമല്ല സ്നേഹിതാ അമ്മാവൻ.)

(12) കൽപ്രതിമ (ചെറുകഥ)- ഉ

ദേശസഞ്ചാരം

തങ്കമ്മ ജോൺ തത്തമ്പള്ളി 120

ഭാരതീയർ പലരും ദേശസഞ്ചാരത്തിൽ താല്പര്യംകാണിക്കുന്നില്ല. അയൽഗ്രാമങ്ങളോ ഒരു പട്ടണം പോലുമോ കണ്ടിട്ടില്ലാത്തവരാണ് ഇൻഡ്യയിലെ ഭൂരിപക്ഷം ജനങ്ങളും എന്നുപറയാം. പണക്കുറവ്, മതപരമായചില പ്രതിബന്ധങ്ങൾ, ഭാഷാസംബന്ധമായ വിഷമതകൾ ഇവയാണ് ഇൻഡ്യയിലെ ജനങ്ങളെ ദേശസഞ്ചാരത്തിനു താല്പര്യമില്ലാത്തവരാക്കിത്തീക്കുന്നതു്.

വിദ്യാർത്ഥികൾക്കും ദേശസഞ്ചാരത്തിനും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. വിദ്യാഭ്യാസം പൂർണ്ണമാകണമെങ്കിൽ ദേശസഞ്ചാരം ചെയ്യണം. വിദ്യാലയത്തിൽ നിന്നും ലഭിക്കുന്ന അറിവുകൊണ്ട് വിദ്യാഭ്യാസത്തിനു പൂർണ്ണത ലഭിക്കുന്നില്ല. മാത്രമല്ല ദേശസഞ്ചാരം മൂലമേ നാം സംസ്കാരസമ്പന്നരാവുകയുള്ളൂ. മറ്റുള്ളവരോടു എപ്രകാരമാണു പെരുമാറേണ്ടതെന്നു പഠിക്കുവാനും അതു നമ്മെ സഹായിക്കും. ചുരുക്കത്തിൽ നമ്മുടേയും, നമ്മുടെ സമുദായത്തിന്റെയും കുറവുകൾ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു ദേശസഞ്ചാരം ഉപകരിക്കുന്നു.

ആത്മവിശ്വാസവും, സ്വാഭിമാനവും ദേശസഞ്ചാരംമൂലം ലഭ്യമാകുന്ന മറ്റു രണ്ടു ഗുണങ്ങളാണ്. അനേകം ആളുകളുമായി ഇടപെടുവാൻ സൗകര്യം ലഭിച്ചിട്ടുള്ള ഒരു ദേശസഞ്ചാരി സ്വന്തം പ്രാപ്തിയിലും ബുദ്ധിശക്തിയിലും വേണ്ടവിശ്വാസത്തോടും ആത്മധൈര്യത്തോടും കൂടെ തന്റെ കാര്യങ്ങൾ നിർവ്വഹിക്കുവാൻ സന്നദ്ധനായിരിക്കും.

ജയ് ഹിന്ദ്



യൂറോപ്യൻ രാജ്യങ്ങളിൽ 'മെയ്മാസ ഘോഷയാത്ര' എന്നൊരു ചടങ്ങുണ്ട്. അതിനായി ഒരുങ്ങി നില്ക്കുന്ന ഒരനിയത്തി. മേൽവിലാസം– Elizabeth Loughlin 10 Yarrow Rd., Chorley, Lancs, England.

ങ്ങനാട്ട് ജോസ്. 23

ഒരു കെട്ടുണ്ടല്ലോ ജോസ് ഈ കെട്ടുകഥ. പത്തു മുപ്പതു കുട്ടികൾക്കെങ്കിലും സ്ഥലം കൊടുക്കേണ്ട ഈ കൊച്ചുമാസികയിൽ വലിയകഥകൾ പ്രസിദ്ധീകരിക്കണമെന്നു നിർബന്ധിക്കരുത്. അതിൽ ഭേദം മാസിക വാരികയാക്കാൻ നിർബന്ധിക്കയാണ്.

(13) വസന്തം വന്നിട്ടും പൂക്കൾ വിരിഞ്ഞില്ല. (ചെറുകഥ)– ദേവസ്യാ ഡി. കീരഞ്ചിറ. 2275

വിധവയായ നാണിക്കു രോഗം. പതിനേഴുകാരി മകൾ ഷീല അമ്മയേയും കുഞ്ഞനിയനേയും പുലർത്താൻ തെരുവുതോറും തെണ്ടുന്നു. ഒരു ദിവസം ഷീല മടങ്ങിവരുന്നില്ല. അന്നു നാണി മരിക്കുന്നു. കർട്ടൻ.

(14) അറസ്റ്റ് വാറണ്ട് (വിനോദഭാവന) –തോമസ് പീലിയാനിക്കൽ, 2301 ജോലി അന്വേഷിച്ചാണെന്നു പറഞ്ഞ് ബസ്സ് പിക്കറ്റു ചെയ്യാൻ പോയ മകനു അറസ്റ്റു വാറണ്ടു കിട്ടിയെന്നു് അവന്റെ ഒരു കൂട്ടുകാരൻ പറഞ്ഞതുകേട്ട് കോരച്ചേട്ടൻ കുറച്ചൊന്നു പൊങ്ങിയ കഥയാണിത്. ആളുകളെ ഇങ്ങനെ മരമണ്ടന്മാരാക്കുന്നതിൽ കുട്ടികൾ ഇത്ര വിനോദം കാണുന്നത് ഒരു വിനോദമാണു്. വിശ്വസിക്കാവുന്ന തരത്തിൽ സരസമായൊരു കഥ പറയാമോ തോമസ്?

(15) "സിലിമാകണ്ട!" (വിനോദഭാവന)– ചാക്കോ മാടപ്പള്ളി, പൂഞ്ഞാർ.

"അന്നിന്നത്തെപ്പോലെ ഈ നാടകോം സിലിമായുമൊന്നും ഇല്ലാന്നു കണ്ടോ. ഇന്നല്ലേ കുടിതോറും കുട്ടമ്മം തോറുമൊക്കെ സിലിമാ കൊട്ടകയൊണ്ടായെ." ആദ്യന്തം ഇത്തരം ഭാഷയിലെഴുതപ്പെട്ട ഈ നീണ്ട ഭാവന മുഷിപ്പനായി. നല്ല ഭാഷയിൽ തന്നെ ഒരു വിനോദഭാവന എഴുതി നോക്കൂ മാടപ്പള്ളി. ശേഷം പിന്നാലെ.

കവിത.

പൂവും തുമ്പിയും

എൻ. ജെ. സെബാസ്റ്റ്യൻ തലയോലപ്പറമ്പ് 8/50

തുമ്പിക്കുരുന്നേ! നിൻ പുഞ്ചിരികാണുവാ–
നൻപിനോടെൻ മനം വെമ്പലാൻ.
ഓരോതളിരില മോടിക്കളിച്ചുനീ–
യോരുനത്താരിതിൽ വന്നിരുന്നു.
തുമ്പഹാസം ചൊരിഞ്ഞു, മലരിതാ
തുവെള്ളിത്താലം നിവത്തിവെച്ചു.
പൂന്തേൻ പകർന്നുകൊടുത്തു, മതിവന്ന
തുമ്പിയും തുള്ളിക്കളിച്ചു നിന്നു.
ആതിഥ്യ മെങ്കിലിതുമട്ട വേണമെ–
ന്നാവണം വെണ്മലരിന്റെ വേദം.

-0-

ചിരിക്കാൻ

(ഫിലോമിനാ തോമസ്
കൈപ്പൻ പ്ലാക്കൽ 3949)

ജഡ്ജ്: പ്രതിയോട്:– ആറു പേരുണ്ടു് നിങ്ങൾ മോഷ്ടിക്കുന്നതു് കണ്ടവർ. എന്നിട്ടും നിങ്ങൾ നിർദ്ദോഷിയാണെന്നാണോ ഭാവം?

പ്രതി:– അതുകാണാത്ത അറുപതു പേരെ ഞാൻ കൊണ്ടുവരാമല്ലോ!

v v v

ഭാര്യ:– നാളയല്ലേ നമ്മുടെ വിവാഹത്തിന്റെ 25–ാം വാർഷികം. നമ്മുടെ ആ പൂവൻ കോഴിയെ കൊല്ലാൻ ഞാൻ തീരുമാനിച്ചിരിക്കുകയാ.

ഭർത്താവ്:– ഇരുപത്തഞ്ചു കൊല്ലം മുമ്പു പാവമായ ആ തെറിനു് പാവം ആ പൂവൻ എന്തു പിഴച്ചു?

ചെറുകഥ.

വിഫലമായ ആഗ്രഹം

[ശേഷൻ മൂന്നാർ 11707]

"സാർ,സാർ ഇന്നു ഞാൻ മണിയടിക്കാം. ഒരു ദിവസം മാത്രം അനുവദിക്കണം സാർ" ഗോപി അന്നും ചോദിച്ചു.

"എന്തിനിങ്ങനെ തിടുക്കം കൂട്ടുന്നു? സമയമാകട്ടെ" ഹെഡ്മാസ്റ്റർ മറുപടി നല്കി.

ഗോപി മണി പത്താകാൻ അക്ഷമനായി കാത്തുനിന്നു. "ഈ നാശം പിടിച്ച ടൈംപീസ് പത്താകുന്നുമില്ല. ഇനിയുംകിടക്കുന്നു പത്തുമിനിറ്റ്!" അവൻ ഉള്ളിൽ ചിന്തിച്ചു. അല്പസമയം കഴിഞ്ഞപ്പോൾ ഹെഡ്മാസ്റ്റർ വന്നു "സോമൻ" എന്നു വിളിച്ചു. എല്ലാവരും ഹെഡ്മാസ്റ്ററെ നോക്കി. പക്ഷേ ഗോപി നോക്കിയതു് ടൈംപീസിലാണു്. മണി പത്തു്! അവനു് കായ്യം മനസ്സിലായി. ഇന്നു് സാർ അവനെ മണിയടിക്കുവാൻ അനുവദിക്കുകയില്ല. ആ ഭാഗ്യം സോമനാണു് വിധിച്ചതു്. ഗോപി നിറഞ്ഞ കണ്ണുകളോടെ ഹെഡ്മാസ്റ്ററെ നോക്കി. പക്ഷേ, അദ്ദേഹം അവനെ ശ്രദ്ധിച്ചില്ല.

ടൈംപീസിലെ ചെറിയ സൂചി നാലിൽ എത്തി. സ്കൂൾ വിട്ടു. ഗോപിയും വീട്ടിലേയ്ക്കു തിരിച്ചു.

ഗോപി ആ പ്രൈമറി സ്കൂളിലെ അഞ്ചാം ക്ലാസ്സിലാണു് പഠിക്കുന്നതു്. അടുത്തകൊല്ലം അവൻ പട്ടണത്തിലെ ഹൈസ്കൂളിൽ പഠിക്കാൻ പോകും. ഗോപിയ്ക്കു് പ്രൈമറിസ്കൂളിൽ ഒരു കാര്യം മാത്രം സാധിച്ചുകിട്ടണം. അതു മാത്രമേ അവനു് ഒരാഗ്രഹമുള്ളു. മണിയടിക്കണം. ഒരു ദിവസത്തെ ഒൻപതു പ്രാവശ്യത്തെയും മണി അടിക്കണം. പ്രൈമറിസ്കൂളിൽ പുതിയ ക്ലാസ്സുകൾ ഇല്ല. അഞ്ചാം ക്ലാസ്സ് കുട്ടികളാണു് മണി അടിക്കുന്നതു്. കാലത്തു് പത്തുമണിക്കു് അടിക്കുന്നവനാണു് അന്നത്തെ ബാക്കി മണിയും അടിക്കുന്നതു്. "എനിക്കു മണി അടിക്കുവാനുള്ള ഭാഗ്യം കിട്ടുമോ?" ഈ വിചാരം തന്നെയാണു് ഗോപിയെ നിത്യമുഖനാക്കുന്നതു്. അവൻ എന്നും ഹെഡ്മാസ്റ്ററെ തന്റെ ആഗ്രഹം അറിയിക്കും പക്ഷേ ഫലമുണ്ടായില്ല.

ആ സ്കൂൾ വർഷം അവസാനിക്കാൻ പോകുന്നു. മാർച്ച് മാസം സമാഗതമായി.

പരീക്ഷ കഴിഞ്ഞു. ഗോപി ജയിക്കും, തീച്ച്. അവൻ ക്ലാസ്സിൽ ഒന്നാമനാണു്. പക്ഷേ അവന്റെ മുഖത്തു് ഒരു മ്ലാനത നിഴലിച്ചിരുന്നു.

പരീക്ഷ കഴിഞ്ഞു് ഒരു ദിവസം എല്ലാവരും സ്കൂളിൽ വരണം. അന്നു് യാതൊന്നും പഠിപ്പിക്കുകയില്ല. ഫാജർ വിളിച്ചശേഷം എല്ലാവരെയും വിട്ടയ്ക്കും. അന്നു് ഒരു പ്രാവശ്യമേ മണി അടിക്കയുള്ളു.

ഗോപിക്കു് ആശ നശിച്ചു. അവന്റെ ആ പിഞ്ചുനെഞ്ചിലെ നിരാശ ക്രോധാഗ്നിയായി മാറി. അന്നു് എട്ടു മണിക്കുതന്നെ ഗോപി ഒരു ബ്ലെയ്ഡുമായി സ്കൂളിൽ വന്നു. ക്ലിപ്പുകാരിപോലും വന്നിട്ടില്ല! അവൻ മന്ദം മന്ദം മണിയുടെ സമീപത്തേയ്ക്കു നടന്നു. കയ്യിലുണ്ടായിരുന്ന ബ്ലെയ്ഡു് മണി കെട്ടിയിരുന്ന കയറിൽ വച്ചു. ബ്ലെയ്ഡു് പതുക്കെ ചലിച്ചുതുടങ്ങി. കൂടെ കൂടെ ചിന്തകളും ഉയർന്നു: "തൊട്ടാൽ വീഴുന്ന വിധത്തിൽ ഞാൻ ഈ കയർ മുറിക്കുവാൻ പോകുന്നു. ഇന്നു് മണിയടിക്കുന്നവന്റെ കാലിൽ വീണു് അവന്റെ കാൽ ചതയട്ടെ!" പെട്ടെന്നു് വേറൊരു ചിന്തയായി: "ഇന്നു് എന്നോടു് അടിക്കാൻ പറഞ്ഞാൽ? അതും മാറി. ഛെ! എന്തായോ? ഒരിക്കലുമില്ല. അദ്ദേഹം മറ്റുള്ളവരെ മാത്രമേ മണിയടിക്കാൻ അനുവദിക്കുകയുള്ളു. എന്നെ അനുവദിക്കുകയില്ല. ഇന്നു് അടിക്കുന്നവൻ ഇതുവീണു് നരകവേദന അനുഭവിക്കണം"

മണി ഒൻപതേ മുക്കാൽ. എല്ലാവരും വന്നു. ഹെഡ്മാസ്റ്റർ ആജ്ഞാപിച്ചു: "ഗോപി മണിഅടിക്കു്, ഇഷ്ടം പോലെ"

ഗോപിയുടെ മനസ്സിൽ ഒരു മിന്നൽ മിന്നി മറഞ്ഞു. അവൻ നിശ്ചലനായി. "എന്റെ കാലിൽ വീണു് ഞാൻ തന്നെ നരകവേദന അനുഭവിക്കണോ!"? അവന്റെ തലചുറ്റി അവൻ ഒന്നു ചിന്തിച്ചുനോക്കി:-

"ഞാൻ ചെന്നു് മണി അടിച്ചു! ബ്ധീം! മണി എന്റെ കാലിൽ വീണു! അയ്യോ! അമ്മേ ഞാൻ ചത്തേ! ഞാൻ അലറി. എന്നെ ആസ്പത്രിയിൽ കൊണ്ടുപോയി" അതിനുമേൽ അവനു ചിന്തിക്കാൻ കഴിഞ്ഞില്ല.

ഗോപി അനങ്ങാതിരിക്കുന്നതുകണ്ടു ഹെഡ്മാസ്റ്റർ ചോദിച്ചു:-"എന്താ അടിക്കണ്ടേ? എന്നും ആഗ്രഹിക്കുമല്ലോ!'

"അല്ല..സാർ... ക ... യ... ർ... മു...'' ശബ്ദം പുറത്തുവന്നില്ല. സാർ ചെന്നു പരിശോധിച്ചു.

"ഇതെങ്ങനെ മുറിഞ്ഞു? ഓ... സാരമില്ല: ആ കമ്പി ഇങ്ങുതന്നു''സാർ കമ്പി വാങ്ങി കയർ രണ്ടും കൂട്ടിപ്പിടിച്ചു് ആഞ്ഞു് രണ്ടടി അടിച്ചു. മണി തെറിച്ചു് മുൻവശത്തെ മണ്ണിൽ വീണു. അതു കണ്ടുനിന്ന ഗോപി തല താഴ്ത്തി.

അവന്റെ ആ ചെറിയ ആഗ്രഹം അവൻ തന്നെ നിഷ്ഫലമാക്കിയല്ലൊ.



നൃത്തകലാലയം, തൊട്ടപുഴ

കുട്ടനാടിന്റെ കവർച്ച

തോമസ് വി കെ വടക്കൽ പൂഞ്ഞാർ 821

ഇന്നത്തെ ജനങ്ങളിൽ ഈ ഹീനരീപക്ഷവും വിശ്വസിച്ചു പോരുന്നതു് കുട്ടനാടാണു് കേരളത്തിന്റെ നെല്ലറയെന്നതു്. വാസ്തവം അങ്ങനെയായിരുന്നോ? തീർച്ചയായും അല്ല. മലനാട്ടിൽ കിടന്നു് എല്ലുമുറിയെ പണിയെടുത്താൽ കിട്ടുന്നതെന്താണു്? ചിലപ്പോൾ കപ്പയുടെ വേരും മുട്ടിയും, അല്ലെങ്കിൽ നെല്ലിന്റെ പതിരു്. ബാക്കി ഈ പണിയെടുക്കുന്നതു് എവിടെപ്പോകുന്നു? കുട്ടനാടു് കവർച്ച ചെയ്യുന്നു. എങ്ങനെ കവർച്ച ചെയ്യുന്നു? ഒരു മഴ: ഭൂമിയിൽ ഇട്ടിരിക്കുന്ന വളമെല്ലാം തുള്ളുകൂട്ടി ആറ്റിൽ ചാടിപ്പു് ഒടിച്ചു് കുട്ടനാട്ടിൽ എത്തിക്കുന്നു. ഇങ്ങനെ കവർച്ച ചെയ്തിട്ടാണു് കുട്ടനാട്ടുകാർ പറയുന്നതു് ഞങ്ങളാണു് കേരളത്തിന്റെ നെല്ലറയെന്നു്. വാസ്തവമാലോചിച്ചാൽ മലനാടാണു് കേരളത്തിന്റെ നെല്ലറ. മലനാട്ടിനെ ചൂഷണം ചെയ്തിട്ടു് കുട്ടനാട്ടുകാരാണെന്നു് വീമ്പിളക്കി നടക്കയാണു് ഞങ്ങളുടെ പടിഞ്ഞാറൻ സഹോദരന്മാർ കേരളത്തിന്റെ നെല്ലറയെന്നു്. കുട്ടനാടൻ പ്രദേശക്കാക്കു് ഒറ്റച്ചുറ അരിയുടെ ചോറാണു് ഒരുനേരത്തേക്കു്. എന്നിട്ടു് അവരുടെ തടിയും വയറും കാണേണ്ടതു തന്നെയാണു്. മലനാട്ടുകാരോ? അവക്കു കണക്കിനുമാത്രം മുഴുപ്പുണ്ടു്, അവരെ കണ്ടാൽത്തന്നെ പറയും "ഇവരാണു് മനുഷ്യർ" എന്നു.

മഴകൊണ്ടു് പോരാത്ത അവസരത്തിൽ ഈ കുട്ടനാട്ടുകാർ ചെയ്യുന്ന വേറൊരു പണിയുണ്ടു്. "ഉരുൾ" എന്നു പറയുമ്പോൾ വളരെ നിസ്സാരമാണെന്നു തോന്നും. എന്നാൽ വാസ്തവം അങ്ങനെയല്ല.ഇതു് എത്ര ക്രൂരമാണെന്നോ? "ഉരുൾ" പൊട്ടൽ എത്രയെത്ര പേരുടെ മരണത്തിനിടയാക്കി, എത്രയെത്ര പേരുടെ വീടുകൾ നശിപ്പിച്ചു,എത്രയെത്ര പേരെ അനാഥരാക്കി, എത്രയെത്ര പേരുടെ പുരയിടങ്ങൾ നശിപ്പിച്ചു.? എന്തെല്ലാം കാട്ടാളപ്പണിയാണു് ഞങ്ങളുടെ ഈ മലനാട്ടുകളിൽ നിങ്ങൾ വരുത്തിക്കൂട്ടി വയ്ക്കുന്നതു്? ഒറ്റ ഉരുളിനു് എല്ലാം കുട്ടനാട്ടിലെത്തിക്കും. എപ്പോഴാണു് ഈ ഉരുളപൊട്ടിക്കുന്നതെന്നറിയാമോ? കുട്ടനാട്ടിൽ ആവശ്യത്തിനു് വളം പോരാതെ വരുമ്പോൾ. അങ്ങനെ കുട്ടനാട്ടു് ഞങ്ങളെ ചൂഷണം ചെയ്തു് നെല്ലറക്കാർ എന്ന സ്ഥാനം പിടിച്ചെടുക്കയാണു്. നിങ്ങൾ ഒന്നുനോക്കുവിൻ ആപെരുങ്ങളുത്തെയ്തു്. എന്തെല്ലാം നാശനഷ്ടങ്ങൾ വരുത്തിക്കൂട്ടിയെന്നു് നിങ്ങൾ ആകവർച്ച നടത്തിയതു്. ഇത്ര ഭീകരന്മാരാണോ കുട്ടനാടന്മാർ? കവർച്ചനടത്തി സ്ഥാനം പിടിച്ചെടുക്കുവാൻ നിങ്ങൾക്കു നാണമില്ലേ? തെളിഞ്ഞുനിന്നു പറയുകയാണു് "ഞങ്ങളാണു് കേരളത്തിന്റെ നെല്ലറക്കാർ" എന്നു! നിങ്ങൾക്കു് അഭിമാനപൂർവ്വം ഇങ്ങനെ പറയാൻ നാണമില്ലേ? മര്യാദയ്ക്കു് നെല്ലറ എന്ന സ്ഥാനം ഞങ്ങളുടെ മലനാടിനു വിട്ടതിനുക്കയാടയും നല്ലതു്.

നെല്ലു നിങ്ങളാണുണ്ടാക്കുന്നതു്, സ്ഥാനമെങ്കിലും ഞങ്ങൾക്കിരിക്കട്ടെ. എന്താ ഈ ഒത്തുതീർപ്പിനു സമ്മതമുണ്ടോ? അല്ലെങ്കിൽ നിരാഹാരം മുതലായിട്ടുള്ള നമ്മുടെ പരിപാടികൾ ഓരോന്നായി.



അഞ്ചൂറ്റിമംഗലം

ദീപികാബാലസഖ്യശാഖയുടെ ഒരു യോഗം 2-11-58 ഞായറാഴ്ച 2 മണിക്കു് സ്ഥലം സ്കൂൾ ഹാളിൽവച്ചു് രാഷ്ട്രോപദേഷ്ടാവു് ശ്രീ ഇ. വി. ആൻഡ്രൂസിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ലീഡർ എ. കെ. മാത്യുവിന്റെ സ്വാഗതപ്രസംഗത്തിനു ശേഷം എ. എസ്. ആൻഡ്രൂസ്, എ. കെ. ജോസഫ്, പി. എസ്. മാത്യു എന്നിവർ പ്രസംഗിച്ചു. കെ. പി. മത്തായിയുടെ സംഗീതവും, ററി. ററി. മാത്യു, ററി. എം. മൈക്കിൾ ഇവരുടെ ചെറുകഥയും, കുമാരി മോനിയുടെ ഡാൻസും സദസ്യരെ ആനന്ദിപ്പിച്ചു. ദേശീയഗാനാലാപത്തോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു. സിക്രട്ടറി

ഉപ്പുതറ

ഉപ്പുതറ ദീപികാബാലസഖ്യത്തിന്റെ ഒരു സാധാരണയോഗം11-ാംനു റവ ഫാദർ ജോസഫ് തൂങ്കുഴിയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. മാസ്റ്റർ കെ. ശശിധരന്റെ പ്രസംഗവും മിസ് വനജകുമാരിയുടെ പ്രഭാഷണവും, ലിസ്സിക്കുട്ടി അഗസ്റ്റിൻ, അച്ചാമ്മഅലക്സാണ്ടർ എന്നിവരുടെ ഡാൻസും, കെ. എ. ഫിലോമിനായുടെ സംഗീതവും യോഗത്തെ മോടിപിടിപ്പിച്ചു. ഭാവിപരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ടു് യോഗം പര്യവസാനിച്ചു സിക്രട്ടറി

കാഞ്ഞിരപ്പള്ളി

കാഞ്ഞിരപ്പള്ളി ദീപികാബാലസഖ്യശാഖയുടെ ആഭിമുഖ്യത്തിൽ 11-ാംനു 4 മണിക്കു് സെൻറ് ഡോമിനിക് സ്കൂൾ ഹാളിൽവച്ചു് വിവിധ പരിപാടികളോടുകൂടി ശിശുദിനം ആഘോഷിച്ചിരിക്കുന്നു.

മാസ്റ്റർ ഈപ്പൻജേക്കബ് സ്വാഗതം ആശംസിച്ചു. അനന്തരം കുഞ്ഞിരപ്പള്ളി എൻ. ഈ. എസ്സു് ബ്ലോക്കു് ഡവലപ്മെന്റ് ഓഫീസർ ശ്രീ വി. സുഗതൻ ശിശുദിനപരിപാടികൾ ഉദ്ഘാടനംചെയ്തുകൊണ്ടു് ദീർഘമായി പ്രസംഗിച്ചു. യോഗത്തിൽ മാസ്റ്റർ ജോസഫ് മാത്യു പൊൻകുന്നം അദ്ധ്യക്ഷത വഹിച്ചു. അദ്ധ്യക്ഷൻ തന്റെ ഉപക്രമപ്രസംഗത്തിൽ ശിശുദിനത്തിന്റെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു.

പിന്നീടു് ശ്രീ. പി. സി. ജേക്കബ് കെ. കെ. ചെല്ലപ്പഗണകൻ, കെ. ജെ. മാത്യു എന്നിവരും പ്രസംഗിച്ചു. എം. വി തോമസ്, കെ. സി. സെബാസ്റ്റ്യൻ, റൈസിഎബ്രാഹം എന്നിവരുടെ സംഗീതവും, ആലീസുതോമസ് ആൻഡ്പാർട്ടിയുടെ ഡാൻസും സദസ്യരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു് പാത്രീഭൂതമായി.

അനന്തരം ജോസഫ് ജേക്കബ് കൃതജ്ഞത പറഞ്ഞു.

സെക്രട്ടറി ജോസഫ്ജേക്കബ്

കുരോപ്പട

സ്ഥലം ദീപികാബാലസഖ്യംഗങ്ങളുടെ ഒരു യോഗം നവംബർ 23-ാംനു ഞായറാഴ്ച പകൽ 3 മണിക്കു് ററി. ജെ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടി. തദവസരത്തിൽ ററി. ജെ. ജോസഫ് "മദ്യവർജ്ജനം പാടില്ല" എന്ന വിഷയത്തെപ്പറ്റി ഒരു പ്രമേയം അവതരിപ്പിക്കയും സി. ററി. ലൂക്കാ, ററി. എസ്. ജോയി എന്നിവർ അനുകൂലിച്ചു് സംസാരിക്കുകയും ചെയ്തു. മദ്യവർജ്ജനം വേണം എന്ന എതിർ

പ്രമേയം പി. എ. ചെറിയാൻ അവതരിപ്പിക്കയും പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് തോമസ് പാറയ്ക്കൽ, പി. എം. സേവ്യർ, പി. സി. ജോസഫ് എന്നിവർ പ്രസംഗിക്കയും ചെയ്തു. തുടർന്ന് പ്രമേയങ്ങൾ രണ്ടും വോട്ടിനിട്ടതിൽ "മദ്യവർജ്ജനം വേണം" എന്ന പി. എ. ചെറിയാന്റെ പ്രമേയം ബഹു ഭൂരിപക്ഷത്തോടെ പാസ്സായി.

ലീഡർ

ചിറ്റാർ

ദീപികാബാലസഖ്യം ചിറ്റാർ ശാഖയുടെ ഒരു യോഗം 23-11-58 ഞായറാഴ്ച പകൽ ഒരു മണിക്ക് സ്ഥലം സ്കൂളിൽ വച്ച് ലീഡറിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. തദവസരത്തിൽ ശ്രീ. എം. റവി. തോമസ് മണ്ണഞ്ചേരുവിൽ, ശ്രീ. എം. സി. ജോസഫ് മൂലക്കുന്നേൽ, ശ്രീ. കുരുവിള ഔസേഫ് മണിമലക്കുന്നേൽ എന്നിവരെ ഉപദേഷ്ടാക്കളായി തിരഞ്ഞെടുത്തു. യോഗം ഏകദേശം 3 മണിയോടുകൂടി പര്യവസാനിച്ചു.

സെക്രട്ടറി

തോട്ടയ്ക്കാട്ട്

തോട്ടയ്ക്കാട്ട് ദീപികാബാലസഖ്യംശാഖയുടെ 16-ാമതു സമ്മേളനവും ശിശുദിനാഘോഷവും, സ്ഥലം ഇരവുചിറ സ്കൂൾ ഹാളിൽവച്ച് 16-ാംതീ ശ്രീ. ജോസ് ജോസഫിന്റെ മഹനീയാദ്ധ്യക്ഷതയിൽ കൂടി. സമ്മേളനത്തിൽ ശ്രീമാന്മാരായ ജേക്കബ് ജോസഫ്, ജോർജ്ജ് തോമസ്, ബാബു ജേക്കബ്, കെ. കെ. പ്രഭാകരൻ കെ. എൻ. ഗോവിന്ദൻ എന്നിവരും, ശ്രീമതി കെ. കെ. മറിയാമ്മയും പ്രസംഗിച്ചു. ഈ യോഗത്തോടനുബന്ധിച്ചു നടത്തിയ, എം. കെ. ഗോപിദാസ്, എം. വി. വറുഗീസ് മറിയാമ്മ വിൻസെന്റ്, പി. വി. കാത്ത്യായനിഎന്നിവരുടെസംഗീതം, ഡാൻസ്, മുതലായ കലാപരിപാടികൾ സമ്മേളനത്തെ മോടി പിടിപ്പിച്ചു. ഉദ്ദേശം 3-30ന് യോഗം മംഗളമായി പര്യവസാനിച്ചു.

സെക്രട്ടറി

തീക്കോയി

ദീപികാബാലസംഖ്യം തീക്കോയിശാഖയുടെ ആഭിമുഖ്യത്തിൽ സ്ഥലം സെൻറ് മേരീസ് ഹൈസ്കൂൾ ഹാളിൽവച്ച് ശിശുദിനവും ചാച്ചാനെഹ്രുവിന്റെ 69-ാമതു ജന്മദിനവും കൊണ്ടാടുന്നതിനുവേണ്ടി റവ: ഫാ: അലക്സാണ്ടർ നീരാക്കലിന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയുണ്ടായി.

യോഗത്തിൽ വി. സി. ഇമ്മാനുവൽ ചാർലിതോമസ്, സോമി വള്ളിക്കാപ്പൻ റവി. റവി. മേരി, കെ. സി. ചിന്നമ്മ എന്നിവർ ഓരോ പ്രസംഗ ചെയ്തു. എൽ. സി. ഏലിക്കുട്ടി, എം. ജെ. തങ്കമ്മ എന്നിവരുടെ സംഗീതം, ഡാൻസ് മുതലായ കലാപരിപാടികളും ഉണ്ടായിരുന്നു.

സെക്രട്ടറി.

പൊൻകുന്നം

ദീപികാ ബാലസഖ്യം പൊൻകുന്നം ശാഖയുടെ ആഭിമുഖ്യത്തിൽ ശിശുദിനവും ചാച്ചാനെഹ്രുവിന്റെ ജന്മ ദിനവുമായ നവ:14-ാംതിയതി വിവിധ പരിപാടികളോടുകൂടി ആഘോഷിക്കപ്പെട്ടു.

കൃത്യം മൂന്നരമണിക്ക് ആരംഭിച്ച റാലിയിൽ നൂറുകണക്കിനു ബാലികാബാലന്മാർ സംബന്ധിച്ചു. റാലി ടൗൺ ചുറ്റി യോഗസ്ഥലമായ സ്കൂൾ മൈതാനത്തിൽ എത്തിയ ഉടൻതന്നെ പൊൻകുന്നം ഗവ: ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.വി.ജെ.എബ്രാഹം B.Sc.B.T. അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗമാരംഭിച്ചു. ലീഡർ എം കെ.മാത്യു സദസ്സിനു സ്വാഗതമരുളി. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിൽ ദേശീയ ശിശുദിനത്തെപ്പറ്റിയും, ചാച്ചാനെഹ്രുവിനു ശിശുക്കളോടുള്ള വാത്സല്യത്തെക്കുറിച്ചും, അദ്ദേഹത്തിന്റെ ഗുണങ്ങൾ കുട്ടികൾ പകർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സരസമായി പ്രതിപാദിച്ചു.

പിന്നീട് ശ്രീ. വി. വി. ഇട്ടിയവിരാ, സഹിത്യ വിശാരദ്, ജി. നാരായണൻ നായർ, ഫിലിപ്പ് മാത്യു, ബി. എ. എന്നിവർ പ്രസംഗിക്കുകയുണ്ടായി. യോഗത്തിൽ ഇടയ്ക്കിടയ്ക്ക് ബാലികാ ബാലന്മാരുടെ കലാപരിപാടികളും, യോഗാനന്തരം മധുരപലഹാരവിതരണവും ഉണ്ടായിരുന്നു.

ലീഡർ എം. കെ. മാത്യു,

പാതാമ്പുഴ

ഈ ശാഖയുടെ ഒരു അസാധാരണ സമ്മേളനം 23-11-58 ഞായറാഴ്ച പകൽ 11 മണിക്ക് റവ; ഫാ: ജോസഫ് പാറേൽ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടന്നു. അസി: ലീഡർ വി. ഇ. ജോസഫ് സദസ്സിനു സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ തന്റെ ഉപക്രമപ്രസംഗത്തിൽ ഈ സംഘടനയുടെ ഉദ്ദേശ്യം, ഗുണങ്ങൾ എന്നിവ ശ്രോതാക്കളെ സരസമായി പറഞ്ഞു ധരിപ്പിച്ചു,

ശ്രീമാന്മാർ വി. കെ. ജോസഫ്, എ. സി. ചാക്കോ, സി. കെ. ശ്രീധരൻ, സോമി വള്ളിക്കാപ്പൻ, കെ. കെ. സുകുമാരൻ, കെ. എം. ജോസ്, വി. സി. ഇമ്മാനുവൽ (തീക്കോയി ശാഖാലീഡർ), പൂഞ്ഞാർ പ്രതിനിധി തുടങ്ങിയവർ പ്രസംഗിച്ചു.

ഇടയ്ക്കിടെ കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു. അദ്ധ്യക്ഷന്റെ ഉപസംഹാരത്തിനു ശേഷം സെക്രട്ടറി കുമാരി സി. ബി. വിജയലക്ഷ്മിയമ്മ കൃതജ്ഞത പ്രകാശിപ്പിച്ചു. ദേശീയ ഗാനാലാപത്തോടുകൂടി ഉദ്ദേശം 3 മണിക്ക് യോഗം പര്യവസാനിച്ചു.

–സെക്രട്ടറി.

ഫാത്തിമാപുരം

ദീപികാ ബാലസഖ്യം ഫാത്തിമാപുരം ശാഖയുടെ മരച്ചീനി മഹോത്സവം കൊണ്ടാടുന്നതിനായി 15-11-58 ശനിയാഴ്ച വൈകിട്ട് 4 മണിയ്ക്ക്, ശാഖാലീഡർ ശ്രീ. തോമസ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നു. ബാലസഖ്യംഗങ്ങളുടേയും പൊതുജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ നടന്ന പ്രസ്തുത യോഗത്തിൽ ബാലികാബാലന്മാരുടെ വിവിധ കലാപരിപാടികളും, മരച്ചീനിവിഭവ വിതരണം, കാപ്പി സൽക്കാരം എന്നിവയും ഉണ്ടായിരുന്നു. യോഗം ഏകദേശം 6 മണിയോടുകൂടി അവസാനിച്ചു.

16-ാംതു രാവിലെ 9 മണിയ്ക്ക് സാഹിത്യസമാജ യോഗം. മാസ്റ്റർ, വി, വി. വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടി. സെക്രട്ടറിയുടെ റിപ്പോർട്ട് ഭേദഗതികൂടാതെ പാസാക്കപ്പെട്ടു. ഈ യോഗത്തിൽ സന്ദർശകനായ ശ്രീ. വി, വി. ജേക്കബ് സംബന്ധിക്കുകയും ശാഖാപ്രവർത്തനങ്ങളെപ്പറ്റി അന്വേഷിച്ച് വിവരം രേഖപ്പെടുത്തുകയുംചെയ്തു. ലീഡർ തോമസ് ജോസഫിന്റെ കൃതജ്ഞതാപ്രകടനത്തോടുകൂടി സമ്മേളനം അവസാനിച്ചു. യോഗത്തിൽ ശാഖയിലെ ഭൂരിപക്ഷം സഖ്യംഗങ്ങളും സംബന്ധിച്ചിരുന്നു.

സ്റ്റേറിയാ ജോസഫ്

മണ്ണയ്ക്കനാട്

മണ്ണയ്ക്കനാട് ദീപികാബാലസഖ്യത്തിന്റെ ഒരു യോഗം 1958 ഒക്ടോബർ 12-ാംതീയതി ശ്രീ. ഇ. ഡി. കുര്യാക്കോസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. അനന്തരം കെ. എസ്സ്. തങ്കമ്മ ഒരു ഉപന്യാസം വായിച്ചു. തുടർന്ന് വി. എം. ദേവസ്യാ, ജോർജ്ജ് ജോസഫ്, എ. എം. മേരി, കെ ജെ. കുര്യാക്കോസ് എന്നിവർ പ്രസംഗങ്ങളും മാസ്റ്റർ പി. മാത്യു ഒരു തമിഴ് പ്രഭാഷണവും നടത്തി. യോഗത്തിൽ ഇടയ്ക്കിടയ്ക്ക് വെവ്വേറെ കഥ, സംഗീതം തുടങ്ങിയ കലാപരിപാടികൾ ഉണ്ടായിരുന്നു. മാസ്റ്റർ എ. പി യോഹന്നാൻ ആൻഡ് പാർട്ടിയുടെ വില്ലടിച്ചാൻ പാട്ടും സദസ്യരെ ഹഠാദാകർഷിച്ചു.

കെ. ജെ. കുര്യാക്കോസ്

മുളംകുന്നു

ചാച്ചാനെഹ്രുവിന്റെ ജന്മദിനം ആഘോഷിക്കുന്നതിനായി 15-ാംതു വെള്ളിയാഴ്ച മൂന്നു മണിക്ക് സ്ഥലം ശാഖാഓഫീസിൽ വച്ചു ശ്രീ. കെ. എം. സെബാസ്റ്റ്യൻ കണയങ്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയുണ്ടായി. പി. ഒ. ബ്രിജിറ്റ്, പി. ഒ. അന്നമ്മ, ത്രേസ്യാമ്മ ജോൺ, റവി. ഒ. എബ്രാഹം കെ. എസ്സ്. അന്നക്കുട്ടി, റവി. ഒ. മേരി, എ. വി. ജോർജ്ജ് എന്നിവരുടെ കലാപരിപാടികൾ യോഗത്തിനു മകുടം ചാർത്തി. റവി. ജെ. വർക്കി, കെ, ജെ. മാത്യു, സഖറിയാസെബാസ്റ്റ്യൻ കൊടിയംപ്ലാക്കൽ, തോമസ്. ജെ. പരുവനാനി എന്നിവരുടെ പ്രസംഗങ്ങൾക്കുശേഷം ദേശീയ ഗാനവും മിഠായി വിതരണവും

കഴിഞ്ഞു് യോഗം അഞ്ചരമണിയോടു കൂടി സമംഗളം സമാപിച്ചു.

സെക്രട്ടറി

മുളംകുന്നു്സൗത്തു്

ദീപികാബാലസഖ്യം കാഞ്ഞിരപ്പള്ളി മേഖലാകമ്മിറ്റിയിൽപ്പെട്ട എ. ജെ. ഫ്റാൻസീസു്, എം. എ. ചാക്കോ വി. വി. മാത്യു എന്നിവർ 30-ാംനു ഞായറാഴ്ച 5 മണിക്കു് ഈ ശാഖ സന്ദർശിച്ചു. തദവസരത്തിൽ ശ്രീ. വി. വി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി.

യോഗത്തിൽ എ. ജെ. ഫ്റാൻസീസു്, എം. എ. ചാക്കോ, വി. എ. ജോസഫു് എന്നിവർ പ്രസംഗിച്ചു. കെ. ജെ. ജോസു്, എം. സി. ഏലിയാമ്മ എന്നിവരുടെ സംഗീതം, വി. എ. മാത്യു ആൻഡു് പാർട്ടിയുടെ സമൂഹഗാനം, സി തോമസു്, ഒ. ജെ. മാത്യു തുടങ്ങിയവരുടെ കോമിക്കു്, ഒ. ജെ. ചിന്നമ്മ ആൻഡു് പാർട്ടിയുടെ സംഭാഷണം, എൻ. റ്റി. ദേവസ്യായുടെ ചെറുകഥ എന്നിവ സമ്മേളനത്തിനു മോടി കൂട്ടി. തോമസു് ജോൺ സദസ്സിനു കൃതജ്ഞത ആശംസിച്ചു.

സെക്രട്ടറി- തോമസു് ജോൺ

വാഴപ്പള്ളി (ബോയ്സു്)

വാഴപ്പള്ളി ദീപികാബാലസഖ്യത്തിന്റെ ഒരു യോഗം 23-11-58 ഞായറാഴ്ച പകൽ 10 മണിക്കു് തങ്കച്ചൻഎബ്രാഹത്തിന്റെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ പല കലാപരിപാടികളും ഉണ്ടായിരുന്നു. കൃത്യം 11മണിക്കു് ജനഗണമനയോടു കൂടി യോഗം അവസാനിച്ചു.

സെക്രട്ടറി കെ. സി. തോമസു്.

വാഴപ്പള്ളി (ചങ്ങനാശ്ശേരി)

ശിശുദിനസ്മാരകമായി വാഴപ്പള്ളി ഗേൾസു് ശാഖയുടെ ഒരു യോഗം 15-ാംനു ശനിയാഴ്ച ഉച്ചകഴിഞ്ഞു് 2മണിക്കു കുമാരി ഏലിയാമ്മ കുറിയാക്കോസിന്റെ അദ്ധ്യക്ഷതയിൽ കൂടി. ഈശ്വരപ്രാർത്ഥന ഉപക്രമപ്രസംഗം, എന്നിവയ്ക്കുശേഷം. കുമാരി പത്മം ആൻഡു് മീറാ, വത്സമ്മ, ലത എന്നിവരുടെ ഡാൻസും തങ്കമ്മ ആൻഡു് പാർട്ടിയുടെ ഏകാങ്കവും, ബ്രിജീറ്റിന്റെ പാട്ടും സദസ്യരെ ആനന്ദിപ്പിച്ചു. സെക്രട്ടറിയുടെ കൃതജ്ഞതാപ്രകടനത്തിനു ശേഷം ദേശിയ ഗാനാലാപത്തോടുകൂടി യോഗം അവസാനിച്ചു.

ലീലാമ്മ തെങ്ങുംമുട്ടിൽ.

വാഴപ്പള്ളി (മൂവാറ്റുപുഴ.)

വാഴപ്പള്ളി ദീപികാ ബാലസഖ്യത്തിന്റെ ഒരു സാധാരണയോഗം 1958 നവംബർ 16-ാംനു ഡി. സി.എൽ. ആർട്ട്സു് ക്ലബ്ബിൽ വച്ചു് ശ്രീ. എ. പി. പോൾ ബി. എ.യുടെ മഹനീയാദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

ഈശ്വര പ്രാർത്ഥനയ്ക്കുശേഷം ദീപിക ബാലജനസഖ്യത്തിന്റെ നേട്ടങ്ങളെ വിശദീകരിച്ചുകൊണ്ടു് അദ്ധ്യക്ഷൻ സരസഗംഭീരമായൊരു പ്രസംഗം ചെയ്തു. അതിനുശേഷം റവ. അബ്രാഹം, അച്ചാമ്മ കെ. പി, മേഴ്സി ആൻറണി, റവ പി. ജോയി എന്നിവർ ഓരോ പ്രസംഗം ചെയ്കയുണ്ടായി.

കെ. പി. ജോസഫു്, ആനി എന്നിവരുടെ സംഗീതം, ലിസി കിഴക്കേഭാഗം സാലി നടുക്കുടി, മുതലായവരുടെ ഡാൻസു് ജോസു്. ജെ. തട്ടാറുകുന്നിന്റെ ചെറുകഥ എന്നിവയ്ക്കു ശേഷം അഞ്ചര മണിയോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു.

യോഗാനന്തരം ശാഖാലീഡർ കെ. പി. ജോസഫു് "മാമ്പഴം" എന്ന കഥയെ ആസ്പദമാക്കിക്കൊണ്ടു് ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

ലീഡർ, കെ. പി. ജോസഫു്

വേളൂർ.

വേളൂർ ദീപികാബാലസഖ്യത്തിന്റെ ഒരു യോഗം ശാഖാഓഫീസിൽവച്ചു് 23-11-58 ഞായറാഴ്ച ലീഡർ റവ. എൻ. മാധവൻ നായരുടെ അദ്ധ്യക്ഷതയിൽ കൂടി. കനകേശ്വരിയമ്മ, വിശ്വൻ പുളിക്കൽ, ശശികുമാർ, രാജേശ്വരിയമ്മ, സതിമണിയമ്മ എന്നിവർ ഓരോ പ്രസംഗങ്ങൾ ചെയ്തു. ഇ. വി. അംബികാ, ലൈലാ കുമാരി, വത്സല തുമ്പേൽ, വി. എസു്. ലളിതാംബിക മുതലായവരുടെ ഗാനാലാപത്തിനു ശേഷം അദ്ധ്യക്ഷന്റെ ഉപസംഹാരത്തോടും ദേശിയഗാനത്തോടും കൂടി യോഗം സമംഗളം പര്യവസാനിച്ചു.

കയ്യെഴുത്തുമാസികകൾ

വേളൂർ

വേളൂർ ദീപികാ ബാലജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ "ബാലകൈരളി" എന്നൊരു കയ്യെഴുത്തുമാസിക പ്രസിദ്ധീകരിക്കുന്നുണ്ടു്. ചെറുകഥകൾ, ലേഖനങ്ങൾ, കവിതകൾ, വിനോദഭാവനകൾ മുതലായവ ക്ഷണിച്ചുകൊള്ളുന്നു. നല്ലവയ്ക്കു് സമ്മാനം കൊടുക്കുന്നതാണു്. താഴെക്കാണുന്ന വിലാസത്തിൽ അയയ്ക്കുക.

സെക്രട്ടറി
ദീപികാ, ബാലസഖ്യം വേളൂർ;
കോട്ടയം പി. ഒ.

വാഴപ്പിള്ളി (മൂവാറ്റുപുഴ)

ദീപികാ ബാലസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഒരു കയ്യെഴുത്തു മാസിക ആരംഭിച്ചിരിക്കുന്നു.

സഖ്യാംഗങ്ങളിൽ നിന്നും ചെറുകഥ, ലേഖനം, കവിത, വിനോദഭാവന മുതലായവ ക്ഷണിച്ചുകൊള്ളുന്നു.

പത്രാധിപർ:
കെ. പി. ജോസഫു്
കിഴക്കേഭാഗം
വാഴപ്പിള്ളി, മൂവാറ്റുപുഴ.


ചെറുവാണ്ടൂർ

ദീപികാബാലസഖ്യം ചെറുവാണ്ടൂർശാഖയുടെ വകയായി പ്രസിദ്ധീകരിക്കുന്ന 'കല' എന്ന കൈയ്യെഴുത്തു മാസികയുടെ, ജനുവരിയിലിറങ്ങുന്ന വിശേഷാൽ പ്രതിയിലേയ്ക്കു് കവിതകൾ, ലേഖനങ്ങൾ മുതലായവ ക്ഷണിച്ചുകൊള്ളുന്നു.

പത്രാധിപർ,
അലക്സു് വാണിശ്ശേരി
ചെറുവാണ്ടൂർ
ഏറുമാന്നൂർ- P. O.



ആനിജോൺ,
എലിസബത്തു് മാത്യു



എൻ, പുഷ്കരൻ, കൊല്ലം